(ii) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ട്

ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ: സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ 5-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

[Deputy Speaker in the Chair]

III ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതു ചർച്ച— (തുടർച്ച)

ഡോക്ടർ കെ. ജി. അടിയോടി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ആണ്ട് ഏറ്റവും അധികം സാമ്പത്തിക ഭദ്രതയുള്ള ഒരു വർഷമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അവിടെ ഞങ്ങൾ ഉറച്ച് നിൽക്കുന്നു. ഇത് അലാവുദ്ദീന്റെ അത്ഭുതവിളക്കുപോലെ ഏതാനും നിമിഷംകൊണ്ട് ഉണ്ടാക്കിയതൊന്നുമല്ല. 6-ാം ധനകാര്യ കമ്മീഷന്റെയും 7-ാം ധനകാര്യ കമ്മീഷന്റേയും ശുപാർശകൾ കണക്കിലെടുത്തുകൊണ്ട് ഭീമമായ നേട്ടം ഈ രാജ്യത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ 1970 നുശേഷം കുത്തഴിഞ്ഞുകിടന്ന, തകർച്ചയിൽ മാത്രം കുടുങ്ങികിടന്ന ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഒരു പരിധിവരെ വളർത്തി എടുത്തിട്ടുണ്ട്. 1970 നു ശേഷമുള്ള ഓരോ കാലഘട്ടത്തിലും പ്രത്യുൽപ്പാദനപരമായ രംഗത്ത് അതായത് പ്ലാൻ രംഗത്ത് ഓവർ ഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ റിസർവ്വ് ബാങ്ക് ഈ സംസ്ഥാനത്തിന് പണം നൽകാതിരുന്നിട്ടും ഓരോ വർഷവും കൂടുതൽ തുക പ്ലാനിനുവേണ്ടി 40 ശതമാനംവരെ ഇവിടെ ചെലവാക്കിയിട്ടുണ്ട്. ഒരു തരത്തിലും പ്രത്യുൽപ്പാദനരംഗം തളർത്താൻ ആ കാലഘട്ടത്തിൽ മന്ത്രിസഭ അനുവദിച്ചിട്ടില്ല. ആ കാലഘട്ടത്തിൽ നല്ലൊരു പ്ലാനിംഗ് ബോർഡ് ഇവിടെ പ്രവർത്തിച്ചിരുന്നു. ഈ രാജ്യത്തിന്റെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ ചോർന്നുകൊണ്ടിരുന്ന നികുതി തട്ടിപ്പ് മാറ്റി ഇന്ന് നിലവിലുള്ള നികുതി കൂട്ടാതെതന്നെ വർദ്ധനവ് ഇല്ലാതെതന്നെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാൻ പ്രവർത്തിച്ചിട്ടുണ്ട്. പല ദുർചെലവുകളും കർശനമായി നേരിട്ടതിന്റെ ഫലമായി ആണ് ഈ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ ശമ്പളം കൊടുക്കാൻ കഴിഞ്ഞത്. അത് ഇൻഡ്യയിൽ അങ്ങോളമിങ്ങോളമുള്ള മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്നതായ ഒന്നായിരുന്നു. ആ കാലഘട്ടത്തിലാണ് അത്ര ചെലവും നടത്തിയതെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾ പറഞ്ഞു, എന്നാൽ ആ കാലഘട്ടത്തിൽ 40 ശതമാനമാണ് പ്ലാൻ പ്രവർത്തനത്തിനു വേണ്ടി ഈ രാജ്യത്ത് കൂടുതൽ ചെലവാക്കിയത്. ഇത് അത്രയും ഉണ്ടായിട്ടും ഇന്ന് 125 കോടി രൂപയോളം കേന്ദ്രത്തിൽനിന്നും സഹായം കിട്ടിയിട്ടുണ്ട്. ചിലത് എഴുതിത്തള്ളുകയും മററുതരത്തിലുള്ള വിഭജനങ്ങൾകൊണ്ടുള്ള മെച്ചംകൊണ്ടും അതോടൊപ്പം സെയിൽസ് ടാക്സിൽ വന്നിട്ടുള്ള ബൃഹത്തായ വർദ്ധനവുകൊണ്ടും ആണ് ഇത്. ഈ വർദ്ധനവ് ഗുലാത്തി കമ്മിററി റിപ്പോർട്ടിന്റെ ചില നടപടികൾ നടപ്പിലാക്കിയതിന്റെ ഫലമായി ആണ്. ഇനിയും ധാരാളം നടപടികൾ വേഗത്തിൽ എടുക്കേണ്ടതുണ്ട്. അതൊന്നും ഈ ഗവൺമെൻറ് ശ്രദ്ധി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടില്ല. ഈ കഴിഞ്ഞ ആണ്ടിൽ എപ്പോഴെങ്കിലും ഇവിടത്തെ പ്ലാനിംഗ് ബോർഡ് ഈ രാജ്യത്തിന്റെ സാമ്പത്തിക നിലയെപ്പററിയോ തൊഴിലില്ലായ്മയെപ്പററിയോ മററ് ഏതെങ്കിലും കാരണങ്ങളോ ചർച്ചചെയ്യാൻ കൂടിയിട്ടുണ്ടോയെന്നുള്ള കാര്യം സംശയമാണ്. അതിന് സൗകര്യമുള്ള ഒരു ഏർപ്പാട് ഇവിടെ ഉണ്ടായിട്ടില്ല. പല ആളുകളേയും സംഘടിപ്പിച്ചുകൊണ്ട് ഇവിടെ ഒരു പ്ലാനിംഗ് ബോർഡ് ഉണ്ടെന്നാണ് കേൾവി. അവരുടെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടുകൾ നിരവധി ഇവിടെ ഉണ്ട്. ചെറിയൊരു ഉദാഹരണം ഞാൻ ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ആഗ്രഹിക്കുകയാണ്. 1970.71 മുതൽ 77 വരെയുള്ള കാലഘട്ടത്തിൽ പബ്ലിക് സെക്ടറിലും പ്രൈവററ് സെക്ടറിലും ഉണ്ടായിട്ടുള്ള തൊഴിൽ വർദ്ധനവനുസരിച്ച് 71.മാർച്ച് 31 ന് 33,3250 പേർക്ക് പബ്ലിക്ക് സെക്ടറിൽ ജോലി ഉണ്ടായിരുന്നു. അതേയവസരത്തിൽ പ്രൈവററ് സെക്ടറിൽ 405000ൽ പരം പേർക്ക് തൊഴിൽ ഉണ്ടായിരുന്നു. എന്നാൽ അത് 31.12.77 ൽ 456607 ആയി വർദ്ധിച്ചു. അതുപോലെതന്നെ പബ്ലിക്സെക്ടറിലും 5 ലക്ഷത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് നോക്കിയാൽ 71 മുതൽ സ്ഥിരമായി ഓരോ ആണ്ടിലും തൊഴിൽ വർദ്ധനവ് പബ്ലിക് സെക്ടറിലും പ്രൈവററ് സെക്ടറിലും കാണാൻ കഴിയും. ആ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്ത് നിരവധി പേർക്ക് തൊഴിൽ കിട്ടിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഒറീസ്സാ കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനമാണ് ദാരിദ്ര്യ രേഖയ്ക്കു താഴെ ഉള്ളവർ ഏററവും കൂടുതലുള്ളത്. 63 ശതമാനത്തോളം ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ള ആളുകളാണ്. എന്നാൽ ഈ കാര്യങ്ങളൊന്നും കണക്കിലെടുക്കാതെ ഭീമമായ സാമ്പത്തിക വർദ്ധനവ് ഉണ്ടായിട്ട് ഒരു നാടൻ കാരണവരെപ്പോലെ, പിശുക്കനും ക്രൂരനുമായ കാരണവരെ പോലെ ആണ് ധനകാര്യമന്ത്രി ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നത്. ധാരാളം പറമ്പും പാടവുമുണ്ട്. നാളികേരം, നെല്ല് എന്നിവയും ഉണ്ട്. മടിശ്ശീലയിൽ ധാരാളം പണം വരവുണ്ട്. പക്ഷേ കുടുംബം എല്ലാം പട്ടിണിയിലാണ്. ചോർന്ന് ഒലിച്ച പുരയാണ്. അതിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. എന്റെ സാമ്പത്തികനില ഭദ്രമാണ്. എന്റെ മടിശ്ശീലയിൽ പണം ഉണ്ടെന്ന് ക്രൂരനും പിശുക്കനും ആയ കാരണവർ പറയുന്നതുപോലെ ഇവിടെ ബഡ്ജററ് അവതരിപ്പിച്ചിരിക്കുകയാണ്. ദീർഘവീക്ഷണത്തോടുകൂടിയ യാതൊന്നും തന്നെ ഇതിൽ കാണാനില്ല. നാം ഏറെറടുത്ത കുട്ടനാടൻ ഡെവലപ്പ്മെന്റ് പദ്ധതിയെപ്പററി എന്താണ് ഒന്നും മിണ്ടാത്തത്? മൂന്നു പഞ്ചസാര മില്ലുകൾ ഈ രാജ്യത്ത് തുടങ്ങാൻ തീരുമാനിച്ചതാണ്. അതുപോലെ തന്നെ ടാപ്പിയോക്ക സ്ററാർച്ച് ഫാക്ടറി 90 എണ്ണം മലപ്പുറത്ത് പ്രവർത്തിക്കുന്നുണ്ട്. അതിന് താങ്ങുവിലയും മററും വാഗ്ദാനം ചെയ്തതാണ്. അതെല്ലാം പൂട്ടിക്കിടക്കുകയാണ്. ഈ രാജ്യത്ത് പർച്ചേസ് ടാക്സ് ആവശ്യമുള്ള സ്ഥലങ്ങളിൽനിന്നും പിരിച്ചെടുക്കാൻ കഴിയുന്നില്ല. ഇല്ലാത്ത സ്ഥലങ്ങളിൽ ആ സ്ഥാപനങ്ങളെ നശിപ്പിക്കാൻ വേണ്ടിയുള്ള ഏർപ്പാടുകളാണ് ചെയ്യുന്നത്. ഗുലാത്തി കമ്മിററി റിപ്പോർട്ടിൽ മററ് വൻകിട ഉടമകളുടെ കൈയിൽ ഉള്ള ഭൂമി സർവെ ചെയ്യുകയാണെങ്കിൽ എത്രയോ ഇരട്ടി അവരുടെ കൈയിൽ ഉണ്ടെന്ന് കാണാൻ സാധിക്കും. ചില പരിശോധനകൾ അതിനെപ്പററി നടത്തിയിട്ട് മാററിവച്ചു. അതിനുള്ള നടപടികൾ എടുക്കണം. അതുപോലെ അഗ്രിക്കൾച്ചറൽ ടാക്സും പ്ലാന്റേഷൻ ടാക്സും ഉണ്ട്. അത് അത്രയും അവർ ഗവൺമെന്റിന് തരുകയില്ല. അതുപോലെ റബ്ബർ ബോർഡിന്റേയും റബ്ബർ ബിസിനസ്സ് നടത്തുന്ന ആളുകളു

ടേയും കൊള്ളയടികൊണ്ട് ബോർഡിന് കോടിക്കണക്കിന് രൂപ നഷ്ടം ഉണ്ടാകുന്നുണ്ട്. അവിടെ ഒരു വിജിലൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ കഥയെന്താണ്? ടിമ്പർ, എക്സൈസ് തുടങ്ങിയ കാര്യങ്ങളിൽ വെട്ടിപ്പ് നടക്കുമ്പോൾ അത് കണ്ടുപിടിക്കാനും കോൺഫിസ്ക്കേററ് ചെയ്യാനും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഒരു വണ്ടിപോലും കോൺഫിസ്ക്കേററ് ചെയ്തിട്ടുള്ളതായി അറിയില്ല. കാഷ്യൂ രംഗത്തും പല നടപടികളും എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിയമങ്ങൾ ധാരാളം പാസ്സാക്കിയിട്ടുണ്ട്. ഇതുപോലെ ഈ രാജ്യത്തിന്റെ നികുതികൾ ചോർന്നു പോകുന്നത് കാണാനുള്ള സൻമനസില്ല. അതിൽ നടപടി എടുക്കാൻ തയ്യാറല്ല, പ്ലാനിംഗ് ബോർഡ് മുമ്പോട്ട് വച്ചിട്ടുള്ളതായ പരിപാടികൾ നടപ്പിലാക്കാൻ തയ്യാറല്ല, പണ്ടത്തെ വാഗ്ദാനങ്ങൾ ഒററ എണ്ണം പോലും ഈ രാജ്യത്ത് നടപ്പിലാക്കാൻ അവർ മുതിർന്നിട്ടില്ല. ആളുകളെ പലതരത്തിൽ കബളിപ്പിച്ചുകൊണ്ട് തികച്ചും വഞ്ചന നിറഞ്ഞ ദീർഘമായ പ്രവചനങ്ങളും പ്രഖ്യാപനങ്ങളും നടത്തുകയല്ലാതെ അപ്പുറത്തിരുന്നുകൊണ്ട് ഈ രാജ്യത്തിന്റെ സമ്പത്താകെ തകർക്കുന്ന കാഴ്ചയാണ് നമുക്ക് ഈ ബഡ്ജററിൽ കാണാൻ സാധിക്കുന്നത്. അത് അവസാനിപ്പിക്കാൻ അവർ തയ്യാറാകണം. ഈ സംസ്ഥാനം മററ് ഏത് സംസ്ഥാനത്തെക്കാളും കൂടുതൽ വിദേശനാണ്യം സംഭരിക്കാൻ കഴിയുന്ന രാജ്യമാണ്. 400 കോടി രൂപയോളം ആ ഇനത്തിൽ ഈ രാജ്യത്ത് വരുന്നുണ്ടെന്നാണ് കണക്കുകൾകൊണ്ട് കാണുന്നത്. അത് ആററിങ്ങൽ മാത്രം ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇവിടെ മോട്ടോർ വെഹിക്കിൾസ് അതായത് അമ്പാസഡർ കാർ മാത്രം, 100 കാർ ഒരു മാസം ആററിങ്ങൽ മാത്രം ആവശ്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെ വരുന്ന പണത്തിന്റെ തോത് ഒരു തരത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. അത് ന്യായമായ രീതിയിൽ നമ്മുടെ പ്രത്യുൽപ്പാദനപരമായ രംഗത്ത് നിക്ഷേപിക്കുകയാണെങ്കിൽ ഈ രാജ്യത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ സാധിക്കും.

പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങളുണ്ട്. കളക്ററീവ് ഫാം നമ്മൾ ആരംഭിച്ചതാണ്. അവിടെ ആയിരക്കണക്കിന് തെങ്ങിൻ തൈകൾ കുലച്ച് ഭംഗിയായി മുമ്പോട്ടുപോവുകയാണ്. എന്നാൽ അത് ഇനി കാട്കയറി തീ പിടിച്ച് നശിച്ചുപോകാനുള്ള അവസ്ഥാവിശേഷമാണ് ഉണ്ടാകാൻ പോകുന്നത്. ഇതിന്റെ ഫിലിം എടുത്ത് ഇൻഡ്യയിൽ മാതൃകാകൃഷിത്തോട്ടം ഉണ്ടാക്കിയിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് റഷ്യയിലും മററുംപോയി വീമ്പിളക്കിയവരാണ്. അത് നശിക്കാതിരിക്കുവാൻ വേണ്ടി എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി മെമ്മോറാണ്ടങ്ങൾ ഗവൺമെൻറിന് നൽകിയിട്ട് അതിൻമേൽ ഒരു മറുപടി പറയുവാനുള്ള സൻമനസ്സുപോലും ഗവൺമെൻറ് കാണിച്ചിട്ടില്ല. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നു. അതിനെ ഞങ്ങൾ ആരുംതന്നെ എതിർക്കുന്നില്ല. ഈ രാജ്യത്ത് എന്തെങ്കിലും തരത്തിലുള്ള തൊഴിലുകൾ ഉണ്ടാക്കി ഈ രാജ്യത്തുള്ള ജനങ്ങളുടെ നിത്യജീവിതത്തിന് ഏതെങ്കിലും തരത്തിൽ അവരുടേതായ സമ്പാദ്യം വർദ്ധിപ്പിച്ചുകൊണ്ട് മററ് സ്റേററുകളോടൊപ്പം വളർത്തി എടുക്കുവാനുള്ള എന്തെങ്കിലും പരിപാടി, വിവിധ പരിപാടികൾ പ്ലാനിംഗ് ബോർഡും പ്രഗൽഭൻമാരായ ഉദ്യോഗസ്ഥൻമാരും നിങ്ങളുടെ മുമ്പിൽ വച്ചാൽ അത് നോക്കാൻപോലും സൻമനസ് കാണിക്കാത്ത ഈ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. ഹേമചന്ദ്രൻ: സർ, ഞാൻ ഈ ബഡ്ജററിനെ സസന്തോഷം സ്വാഗതം ചെയ്യുകയാണ്. ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നത് ഭരണകക്ഷിയിലെ ഒരു അംഗമെന്നുള്ള നിലയ്ക്ക് മാത്രമല്ല. അതുപോലെതന്നെ മിച്ച ബഡ്ജററ് ആണെന്നുള്ള നിലയ്ക്കു മല്ല. ഒരു കമ്മി ബഡ്ജററ് ആയിരുന്നാലും ആ ബഡ്ജററ് നല്ലതാണെങ്കിൽ സ്വാഗതം ചെയ്യുകതന്നെ ചെയ്യും. കമ്മി ബഡ്ജററ് അവതരിപ്പിക്കേണ്ട അവസരവും ഉണ്ടാകുമെന്ന വിശ്വാസക്കാരനാണ് ഞാൻ. ധനകാര്യകമ്മീഷന്റെ അവാർഡിനെ പ്രതീക്ഷിച്ചിരിക്കുന്ന സന്ദർഭത്തിൽ കമ്മി ബഡ്ജററ് അവതരിപ്പിച്ചാൽ അത് നമുക്ക് അനുകൂലമായിരിക്കും. മിച്ചബഡ്ജററ് ആണെന്നുവരികിൽ അത് ധനകാര്യക്കമ്മീഷന്റെ മുമ്പാകെ നമുക്കെതിരായി വാദിക്കുന്നവർക്ക് ഒരു മൂർച്ചയേറിയ ആയുധമായിരിക്കും. അതുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ അനുകൂലിക്കുന്നത് മററു ചില കാരണങ്ങളാലാണ്. ഈ ബഡ്ജററ് വസ്തുനിഷ്ഠമായ ഒരു ബഡ്ജററാണ്. അർഹിക്കുന്ന മുൻഗണന കൊടുക്കേണ്ട കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തിട്ടുണ്ട്. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് മുൻതൂക്കം കൊടുത്തിട്ടുണ്ട്. സർവ്വോപരി ജീവകാരുണ്യപരമായ ഒരു ബഡ്ജററാണിത്. ഇങ്ങനെയുള്ള കാരണങ്ങളാലാണ് ഞാൻ ഈ ബഡ്ജററിനെ അനുകൂലിക്കുന്നത്. ഈ ബഡ്ജററ് ഈ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ അതിന്റെ പകർപ്പ് വിതരണം ചെയ്യുന്നതിനു മുൻപുതന്നെ പ്രതിപക്ഷത്തിന്റെ പ്രതികരണം എന്താണെന്നാരാഞ്ഞപ്പോൾ, അവർക്ക് അതിനെക്കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള വ്യഗ്രത കണ്ടപ്പോൾ—ഇത് കുടിയൻമാരുടെ ബഡ്ജററ് ആണ്, മടിയൻമാരുടെ ബഡ്ജററ് ആണ്, മുടിക്കുവാനുണ്ടായ ബഡ്ജററ് ആണ്, ബുർഷ്വാ ബഡ്ജററ് ആണ്, പട്ടിണികിടക്കുന്ന പശുവിന്റെ കയർ ഊരി നല്ലതുപോലെ കൃഷി ചെയ്തുകിടക്കുന്ന വിളഭൂമിയിലേക്ക് വിട്ടപ്പോൾ മണ്ടകടിച്ചുപോയ തോന്നലാണ് എനിക്ക് ഉണ്ടായത്. അന്ന് ഒന്നും ഇതിന്റെ ഉള്ളടക്കത്തിലേക്ക് ആരും തന്നെ കടന്നുനോക്കിയില്ല. അതിനുശേഷം രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ഇവിടെ നടന്ന ചർച്ചയിൽനിന്നും മനസ്സിലായി ആ ബഡ്ജററിനകത്ത് എന്തോ കഴമ്പുണ്ടെന്ന്. സർ, ഉറങ്ങുന്നവനെ ഉണർത്താം. അതേസമയത്ത് കള്ള ഉറക്കം നടിച്ചുകിടക്കുന്നവനെ ഉണർത്തുവാൻ വളരെ പ്രയാസമാണ്. ഏത് നിഷ്പക്ഷമതികളും ഈ ബഡ്ജററ് ഒരു നല്ല ബഡ്ജററ് ആണെന്ന് അംഗീകരിക്കും. പിന്നെ പ്രതിപക്ഷത്ത് ഇരിക്കുന്നതുകൊണ്ട് എന്തിനേയും വിമർശിക്കേണ്ടത് ആവശ്യമാണെന്നുള്ളതുകൊണ്ട് കള്ളയുറക്കം നടിക്കുന്നതുപോലുള്ള വിമർശനമാണ് ഇവിടെ നടത്തിയത്.

നമ്മുടെ സാമ്പത്തികനിലയെക്കുറിച്ച് ഇവിടെ പലരും പറഞ്ഞുകേട്ടു. സാമ്പത്തിക ഭദ്രത കൈവരിക്കുന്നത് മററാരുടേയോ നേട്ടംകൊണ്ടാണെന്നു സ്ഥാപിക്കുവാൻവേണ്ടി ഇവിടെ ഒരു ശ്രമം നടത്തി. 1977-78-ൽ ഇവിടെ ബഡ്ജററ് അവതരിപ്പിച്ചത് മുൻഗവൺമെൻറ് തയ്യാറാക്കിയ ബഡ്ജററ് ആയിരുന്നു. അതിനുശേഷം തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പുതിയ ഗവൺമെൻറ് വാഗ്ദാനം ചെയ്ത കാര്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി പത്തൊൻപതു കോടി രൂപയുടെ ഉപധനാഭ്യർത്ഥന കൊണ്ടുവന്നപ്പോൾ അതിന് അംഗീകാരം വാങ്ങുന്നതിനുവേണ്ടി പ്ലാനിംഗ്കമ്മീഷന്റെ അടുക്കൽ ചെന്നപ്പോൾ,

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയും സാധ്യമല്ല, ഇതിൽനിന്നും പത്ത് കോടി രൂപയോളം കട്ട് ചെയ്യണം എന്നു പറഞ്ഞപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ.എ.കെ. ആൻറണി പറഞ്ഞു അത് സാധ്യമല്ലാ; ഞങ്ങൾ അതിൻെറ പണി തുടങ്ങിക്കഴിഞ്ഞു എന്ന്. അതിനുശേഷം അന്നത്തെ കേന്ദ്ര ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. എച്ച്.എം. പട്ടീലിൻെറ അടുത്ത് ചെന്ന് ഈ കാര്യം പറഞ്ഞപ്പോൾ യാതൊരു സങ്കോചവും കൂടാതെ, നട്ടെല്ലുവളയ്ക്കാതെ അവിടെനിന്നുകൊണ്ട് പത്തുകോടി രൂപ വെട്ടിച്ചുരുക്കാതെ അത് കൂടി ചേർത്തുകൊണ്ട് അന്നത്തെ പ്ലാനിൽ ഉൾപ്പെടുത്തി ഇവിടെ ചെലവാക്കിയ കാര്യം പ്രതിപക്ഷാംഗങ്ങൾക്ക് അറിയാമോ? അഞ്ചാം പഞ്ചവൽസരപദ്ധതി തുടങ്ങുമ്പോൾ നാലാം പഞ്ചവൽസരപദ്ധതിയുടെ ബാക്കിയായി 30 കോടി രൂപ ഉണ്ടായിരുന്നുവെന്നുള്ളതിനെ സംബന്ധിച്ച് ആർക്കും അറിവുള്ളതാണ്. ആ 30 കോടി രൂപ തുടർച്ചയായി കൂടിക്കൂടിവരുന്ന സമയത്താണ് പഞ്ചവൽസരപദ്ധതിയിൽ ഓരോ കൊല്ലവും പ്ലാൻ തുക കൂട്ടിക്കൂട്ടി വയ്ക്കേണ്ടതായി വന്നത്. 136 കോടി രൂപ 158 കോടി രൂപയായി. അതിൻെറ അടുത്തകൊല്ലവും കോടിക്കണക്കിന് രൂപ കൂടുന്നു. ഇതിനെല്ലാം പുറമേ മററൊരുകാര്യം കൂടിയുണ്ട്. റിസർവ്വ്ബാങ്കിൽനിന്നും ആഴ്ചതോറും കമ്പിസന്ദേശം വരികയാണ്. അതായത് നിങ്ങളുടെ ഓവർഡ്രാഫ്ററ് ഉടനേ തിരിച്ചടച്ചില്ലെങ്കിൽ വെയ്സ് ആൻറ് മീൻസ് അഡ്വാൻസ് നിറുത്തിക്കളയുമെന്ന്. ഈ ഭീഷണിയൊക്കെ മുഴക്കിയ ആ കാലഘട്ടത്തിൽ അതിനെയെല്ലാം അവഗണിച്ചുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾക്ക് യാതൊരു കോട്ടവും കൂടാതെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുള്ളത് ആരുടെ നേട്ടം കൊണ്ടാണ്? 1977-78-ൽ 45 കോടിയിൽ കൂടുമെന്ന് കേന്ദ്രഗവൺമെൻറ് പറഞ്ഞിരുന്നു. അതായത് 45 കോടിവരെ പോകാം. ഗവൺമെൻറ് ഉദ്ദേശിച്ചിരുന്നത് 32 കോടി രൂപയോളം വരും എന്നായിരുന്നു. എന്നാൽ എത്ര കോടി രൂപയാണ് വന്നത്? വെറും 15 കോടി മാത്രം. 15 കോടി ഉണ്ടായസാഹചര്യം എന്താണ്? ചെലവുചുരുക്കൽ പദ്ധതി നല്ലതുപോലെ നടത്തി. പിരിച്ചെടുക്കുവാനുള്ളത് പിരിച്ചു എടുത്തിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം ശരിയായി പാലിച്ചു. അങ്ങനെയുള്ള കാര്യങ്ങൾകൊണ്ട് കേന്ദ്രത്തിൽ പോയി വാദിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ സാമ്പത്തികഭദ്രത കൊണ്ടുവന്നത് ഈ ഗവൺമെൻറ് ആണെന്നു പറയുമ്പോൾ, അതല്ല ഞങ്ങളാണെന്നു പറഞ്ഞുകൊണ്ടു ഈ ഗവൺമെൻറിൻെറ തൊപ്പിയിൽ കുത്തേണ്ട തൂവൽ വലിച്ച് തൻെറ തൊപ്പിയിൽ കുത്താൻ ശ്രമിക്കുന്ന പ്രതിപക്ഷത്തോട് എന്താണ് പറയേണ്ടത്? അവരുടെ ഈ ശ്രമം വിഫലമാണെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഈ ബഡ്ജററിൽ ചില സവിശേഷതകളുണ്ട്. ഉയർന്ന മുൻഗണന അർഹിക്കുന്ന കാര്യങ്ങളിൽ, വികസനപരിപാടികളിൽ യാതൊരു ഊനവും തട്ടിയിട്ടില്ല. വ്യവസായങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ പൊതു മേഖലാവ്യവസായങ്ങൾ പലതും ഇന്നു നഷ്ടത്തിലാണ് നടക്കുന്നത്. സ്വകാര്യമേഖലയിലും വ്യവസായങ്ങളുണ്ട്. അങ്ങനെയുള്ള വ്യവസായങ്ങൾ കേരളത്തിന് പുറത്തേയ്ക്കു കൊണ്ടുപോകുന്നുവെന്നുള്ളത് ഒരു പരമാർത്ഥമാണ്. എന്തുകൊണ്ട് അവ പുറത്തേയ്ക്ക് കൊണ്ടുപോകുന്നുവെന്നുള്ളതിനെക്കുറിച്ച് പഠനം നടത്തുവാനും അങ്ങനെ പോകാതിരിക്കുവാനുമുള്ള സംവിധാനത്തെക്കുറിച്ച് ഈ ബഡ്ജററിൽ പറയുന്നുണ്ട്. വ്യാവസായികരംഗത്തും കാർഷികരംഗത്തും സഹകരണരംഗത്തും അങ്ങനെ ഓരോ രംഗത്തും മുൻഗണനകൊടുക്കേണ്ട കാര്യത്തിൽ അർഹിക്കുന്ന മുൻഗണന കൊടുത്തുകൊണ്ടുള്ള ഒരു ബഡ്ജററാണിത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ജീവകാരുണ്യപരം എന്നു പറഞ്ഞതും മറെറാന്നുകൊണ്ടുമല്ല. പെൻഷൻകാരുടെ പ്രശ്നങ്ങളെക്കുറിച്ച് ആരുംതന്നെ ഒന്നും മിണ്ടുന്നില്ല. ജനക്ഷേമകരങ്ങളായ പല നല്ലകാര്യങ്ങളെക്കുറിച്ചും ഇവിടെ ആക്ഷേപിച്ചുകേട്ടു. കുട്ടികൾക്ക് കഞ്ഞികൊടുക്കുന്നത് മോശമാണെന്നു കൊയിലാണ്ടി മെമ്പർ ശ്രീ. നാരായണൻ നായർ പറയുകയുണ്ടായി. അതൊന്നും വലിയ കാര്യമല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഒന്നു ചോദിക്കട്ടെ—അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു പൊതുയോഗത്തിൽവച്ച് കുട്ടികൾക്ക് കഞ്ഞികൊടുക്കുന്ന കാര്യം ചെറുതാണെന്നു പറയുവാൻ ധൈര്യമുണ്ടോ? കഴിഞ്ഞ ബഡ്ജററിനകത്ത് പറഞ്ഞിരുന്ന ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി പല ജില്ലകളിലും ചെന്നപ്പോൾ പ്രതിപക്ഷത്തുള്ള പല മെമ്പർമാരും വാനോളം പുകഴ്ത്തി പ്രസംഗിച്ചത് ഞാൻ കേട്ടിട്ടുണ്ട്. അപ്പോൾ പൊതുജനങ്ങളുടെയിടയിൽ ഒരു താപ്പ്, ഇവിടെ വന്നുനിന്നുകൊണ്ട് ബഡ്ജററിനെക്കുറിച്ച് സംസാരിക്കുമ്പോൾ മറെറാരു താപ്പ്. അങ്ങനെ ഇരട്ടത്താപ്പ് നടത്തുന്ന പലയാളുകളും ഇവിടെയുണ്ട്.

പെൻഷൻകാരുടെ പ്രശ്നങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. കറവപ്പശുക്കൾക്ക് പാല് കറന്നുകൊണ്ടിരിക്കുമ്പോൾ തീററികൊടുക്കുന്ന ചില സമ്പ്രദായമുണ്ട്. ഒരേതൊഴുത്തിനകത്ത് തന്നെയുള്ള കറവപ്പശുവിന് ഒ.കെ.യും മിൻറിഫൂ എല്ലാം കൊടുക്കുമ്പോൾ ആ തൊഴുത്തിൽത്തന്നെ കറവ വററി നിൽക്കുന്ന പശു തലവട്ടമിട്ട് കറക്കിയാൽപോലും ഒന്നും കൊടുക്കാതിരിക്കുന്ന ഏർപ്പാടു നമ്മുടെ നാട്ടിലുണ്ട്. അതുപോലെയാണ് സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് സ്പെഷ്യൽ അലവൻസും ഡി.എ.യും എല്ലാം കൊടുക്കുമ്പോൾ ഒരുകാലത്ത് ചോരയും നീരുംകൊടുത്ത് സേവനം ചെയ്ത ശേഷം പെൻഷൻ പററിക്കഴിഞ്ഞവർക്ക് ഒന്നും കൊടുക്കേണ്ടതില്ലേ? അവർ തലയിട്ട് വട്ടംകറക്കിയാലും പ്രകടനം നടത്തിയാലും ആരും കണ്ടഭാവം നടിക്കാറില്ല. എന്നാൽ അങ്ങനെയുള്ള ആളുകളെ നോക്കാൻ കഴിയുന്ന ഒരു ബഡ്ജററാണിത്.

പെൻഷൻകാർക്ക് ഈ ബഡ്ജററിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. ഏററവും കുറഞ്ഞ പെൻഷൻ 70 രൂപയിൽനിന്ന് 100 രൂപയായി ഉയർത്തിയിട്ടുണ്ട്. ഇത് ചെറിയ കാര്യമൊന്നുമല്ല. അതുപോലെതന്നെ സ്വാതന്ത്ര്യസമരഭടൻമാരുടെ പെൻഷനും വികലാംഗർക്കുള്ള പെൻഷനും വർദ്ധിപ്പിച്ചു. ഇതൊന്നും കാണാൻ ആരും തയ്യാറല്ല. ഞങ്ങൾ ഇതിനെയൊന്നും കുററപ്പെടുത്തുന്നില്ല. വിമർശിക്കാൻ ഒന്നുമില്ലാത്തതുകൊണ്ടാണ് വിമർശിക്കാത്തതെന്ന് ബാലൻ പറഞ്ഞു. ഇതുപോലുള്ള നല്ലകാര്യങ്ങളുണ്ടെന്ന് ശ്രീ. കുര്യന് പറഞ്ഞുകൂടേ? ഇന്നയിന്ന കാര്യങ്ങൾ ഇതിനകത്തുണ്ടെന്ന് ശ്രീ. ബാലന് പറഞ്ഞുകൂടേ? അതെക്കുറിച്ച് പറയാനും വിമർശിക്കാനും ഒന്നുമില്ലെന്ന് പറഞ്ഞുകൊണ്ടുപോകുന്നത് ശരിയല്ല. തെങ്ങുകയററത്തൊഴിലാളികൾക്കുകൂടി ആനുകൂല്യം നൽകണം. നയപ്രഖ്യാപന പ്രസംഗത്തിൽ അത് സൂചിപ്പിച്ചിട്ടുണ്ട്. അതിനുംകൂടി ഈ ബഡ്ജററിൽ തുക വകയിരുത്തണം. ലക്ഷക്കണക്കിന് ആളുകൾ ഉണ്ടെങ്കിലും വളരെ ചുരുക്കംചില ആളുകൾക്കാണ് ഇതുപോലുള്ള അപകടമരണം ഉണ്ടാകുന്നത്. ചെത്തുതൊഴിലാളിക്ക് അപകടമരണം ഉണ്ടായാൽ അതിന് വേറെ ക്ഷേമനിധിയുണ്ട്. മരംകയററത്തൊഴിലാളികൾ മരത്തിൽനിന്ന് വീണ് അപകടമുണ്ടായാൽ മരണമടഞ്ഞാൽ അവരുടെ കുടുംബത്തിന് ധനസഹായം കൊടുക്കുന്നതിനുള്ള ഏർപ്പാട് ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജററിൽ ഉണ്ടാകണം. വിമുക്തഭടൻമാരെപ്പററി ഇതിനുമുന്നത്തെ രണ്ട് ബഡ്ജററിലും പറഞ്ഞിട്ടുണ്ടായിരുന്നു. ഒരേസമയത്ത് മൂന്ന് വിമുക്തഭടൻമാർ മന്ത്രിമാരായിട്ടുണ്ടായിരുന്നു. രണ്ട് എക്സ സർവ്വീസ്മാൻ എക്സ് മന്ത്രിമാരായിട്ട് ഇപ്പോഴുണ്ട്. ഈ ബഡ്ജററിലും കഴിഞ്ഞ ബഡ്ജററിൽ പറഞ്ഞിരുന്നതുപോലെയുള്ള ആനുകൂല്യങ്ങറം നൽകണമായിരുന്നു. ആറ് ഏഴ് ലക്ഷം വിമുക്തഭടൻമാരുണ്ട്. മുപ്പത്തിയഞ്ചും നാൽപ്പത്തിയെട്ടും വയസ്സ് പ്രായമാകുമ്പോറം ചോരയും നീരും നല്ലതുപോലെയുള്ളപ്പോറംതന്നെ ഇവിടെ വരുന്നവരുടെ കാര്യശേഷി സംസ്ഥാനത്തിന് ക്രിയാത്മകമായി എന്തെങ്കിലും ചെയ്യുന്ന രീതിയിലുള്ള ഏർപ്പാട് ഉണ്ടാക്കണം. ഈ ബഡ്ജററിൽ അതിനുംകൂടി തുക കൊള്ളിക്കണം.

ഈ ബഡ്ജററിൽ എടുത്തുപറഞ്ഞിട്ടുള്ള കാര്യമാണ് ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമതയെപ്പററി. ബഡ്ജററിനകത്ത് പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഏത് പദ്ധതി ഉണ്ടായാലും കാലതാമസം ഉണ്ടാകുന്നു. കുതിരയെപിടിച്ച് പുഴവക്കത്ത് കൊണ്ടുപോകാം വെള്ളം കുടിപ്പിക്കാൻ സാധ്യമല്ലെന്ന് പറഞ്ഞതുപോലെ സ്പെല്ലിംഗ് മിസ്റേറക്കു മാററാൻ പേന മാററിക്കൊടുത്താൽ പോര അക്ഷരം പഠിപ്പിക്കണം, കാലത്തിനനുസരണമായി ജനക്ഷേമകരമായ പരിപാടികറം നടപ്പാക്കുന്നതിന് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. ഈ ബഡ്ജററിനകത്ത് അതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. വികസനപ്രവർത്തനങ്ങറം കുന്നുകൂടാതെ വോട്ട് ഓൺ അക്കൗണ്ടു പാസ്സാകുമ്പോറം പദ്ധതിപ്രവർത്തനത്തിനുള്ള പ്രാരംഭം കുറിക്കാൻ ഉതകുമാറ് ഉദ്യോഗസ്ഥൻമാരുടെ കാര്യശേഷി വർദ്ധിപ്പിക്കണം. ഇത്രയും നല്ല ബഡ്ജററ് അവതരിപ്പിക്കാൻ കഴിഞ്ഞ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയേയും അതുപോലെതന്നെ ഈ ഗവൺമെൻറിനേയും ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് എൻെറ വാക്കുകറം അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. മാണി: സർ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ സ്വാഗതം ചെയ്യുകയാണ്. പലതുകൊണ്ടും ഇൻഡ്യയ്ക്ക് മാതൃകയായ കേരളം, സാമൂഹ്യക്ഷേമപരിപാടികളും നിയമനിർമ്മാണങ്ങളുംകൊണ്ട് ഇൻഡ്യയ്ക്ക് മാതൃകയായ കേരളം 1979-80-ലെ ബഡ്ജററ് അവതരണംകൊണ്ട് വീണ്ടും ഇൻഡ്യയ്ക്കാകെ ഒരു മാതൃകയായിത്തീർന്നിരിക്കുകയാണ്. ബഡ്ജററിനെ വിമർശിക്കുന്നത് പ്രതിപക്ഷത്തിൻെറ സ്വഭാവമാണ്. ശ്രീ. ഹേമചന്ദ്രൻ പറഞ്ഞതുപോലെ ഈ ബഡ്ജററിനെ ആക്ഷേപിക്കുന്നതിനുവേണ്ടി മാത്രം പ്രതിപക്ഷം എതിർക്കുകയാണ് ചെയ്തത്. ഈ ബഡ്ജററിൽ ക്ഷേമപ്രവർത്തനങ്ങറക്കും മററുമായി നിരവധികോടി രൂപ ഉറംക്കൊള്ളിച്ചുകൊണ്ട് യാതൊരുവിധ നികുതിയുമില്ലാതെ ഈ രാജ്യത്ത് ഒരു കമ്മിയില്ലാത്ത മിച്ച ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നത് ഇൻഡ്യക്ക് മാതൃകയാണ്. ഈ ബഡ്ജററിൻെറ ചർച്ചാവേളയിൽ ബാലകൃഷ്ണപിള്ള മിച്ച ബഡ്ജററാണെങ്കിലും കമ്മിവരുമെന്ന് കണക്കുകറം ഉദ്ധരിച്ചുകൊണ്ട് പറയുകയുണ്ടായി. ബഡ്ജററിൽ എക്സൈസ് വരുമാനം അമ്പതുകോടി രൂപയാണ് പ്രതീക്ഷിക്കുന്നതെങ്കിലും എക്സൈസിൻെറ യഥാർത്ഥ വരുമാനം അമ്പത്തിയഞ്ചുകോടി രൂപ കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം നൽകിയിട്ടുണ്ട്. രണ്ടുകോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലായി എക്സൈസിൽനിന്ന് വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. റവന്യൂവരുമാനത്തിൽതന്നെ ഏഴുകോടിയോളം രൂപ കൂടുതലായി പ്രതീക്ഷിക്കുന്ന ഈ ബഡ്ജററ് സാമ്പത്തികവർഷാവസാനത്തിൽ കമ്മി വരികയില്ല, മിച്ചമായിതന്നെ ഈ ബഡ്ജററിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും, ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ രാജ്യത്തെ മൗലികമായ പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് ഈ രാജ്യത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട ഊന്നൽകൊടുത്തുകൊണ്ടാണ് ഈ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ പ്രശ്നങ്ങൾ പ്രധാനമായും പരിഹരിക്കണമെങ്കിൽ കാർഷികമേഖല അഭിവൃദ്ധിപ്പെടണം. ഈ രാജ്യത്തെ എൺപത്തിയഞ്ചു ലക്ഷത്തോളംവരുന്ന ജനങ്ങൾക്ക് പ്രത്യേകമായ തൊഴിൽ അവസരമുള്ളതും വരുമാനമാർഗ്ഗമുള്ളതും കാർഷികമേഖലയാണ്. കാർഷികമേഖല മെച്ചപ്പെടുത്തേണ്ടതാവശ്യമാണെന്ന് കരുതി അതിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതി നാണ്യവിളകൾ വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പരിപാടി ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യമുള്ള വ്യവസായസംരംഭത്തിനുവേണ്ടിയുള്ള തീവ്രയത്ന പരിപാടിയും ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഈ രാജ്യത്തെ കാർഷിക മേഖലയെപ്പററി പറയുമ്പോൾ നാണ്യവിളകൾക്കു വളരെയധികം മുൻതൂക്കം കൊടുക്കേണ്ടിയിരിക്കുന്നു. നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും നാണ്യവിളകളിൽനിന്ന് കിട്ടുന്നതാണ്. സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനം തന്നെ നാണ്യവിളകളാണ്. നാണ്യവിളകൾക്ക് മുൻതൂക്കം കൊടുക്കുകയും ഭൂമിയിൽ പരമാവധി ജലസേചനം നടത്തിക്കൊണ്ട് ഈ രാജ്യത്തെ നാണ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും കഴിയുകയുള്ളു. ഈ രാജ്യത്തിന്റെ ജനസമ്പത്ത് പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ രാജ്യത്തെ നാണ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. പുതിയ കണ്ടുപിടുത്തത്തിന്റെ ഫലമായി റബ്ബറിന് മുപ്പതുശതമാനത്തോളം വർദ്ധനവ് ഉൽപ്പാദനത്തിൽ കിട്ടുമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. കപ്പയ്ക്കും നെല്ലിനും താങ്ങുവില പ്രഖ്യാപിച്ചു. ഈ രാജ്യത്തെ നാണ്യവിളകൾക്കു കൂടി ഈ സ്ഥിതിവിശേഷം ഉണ്ടായാൽ തീർച്ചയായും നമ്മുടെ സാമ്പത്തികസ്ഥിതിയിൽ മുപ്പതു ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പരമ്പരാഗത കയററുമതി സാധനങ്ങളാണ് കുരുമുളക്, ഇഞ്ചി, ഏലം. ഇഞ്ചികൃഷിക്കാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞവർഷം വളരെ ശോചനീയമായ സ്ഥിതിയാണുണ്ടായിരുന്നത്. ഇതിനുമുമ്പൊന്നും ഇങ്ങനെയൊരു സ്ഥിതി ഉണ്ടായിട്ടില്ല. വിദേശത്ത് വളരെയധികം ഡിമാൻറുള്ള സാധനമായിരുന്നു. ഈ രാജ്യത്തെ പത്തുസെൻറുവരെയുള്ളവർക്ക് കൃഷി ചെയ്യാൻ കഴിയുന്ന നല്ല ആദായമുള്ള കൃഷിയാണ് ഇഞ്ചികൃഷി. ഈ കൃഷിയിൽനിന്ന് 1978-79-ൽ ഇരുപതുകോടിരൂപയുടെ വിദേശനാണ്യം കിട്ടിയിട്ടുണ്ട്. കഴിഞ്ഞ തവണ ഉണ്ടായ വിലയിടിവുമൂലം ഇഞ്ചികൃഷിക്കാർ വളരെയധികം യാതന സഹിക്കുന്നുണ്ട്. ഇന്ന് ഇഞ്ചിക്ക് വില കിട്ടുന്നില്ല. അത് കയററി അയക്കുന്ന കുത്തകക്കാർ കൃഷിക്കാർക്ക് സഹായകമായ വില കൊടുക്കുന്നില്ല. അവരുടെ കാര്യം പരിഹരിക്കുന്നതിന് ഗവൺമെൻറ് അടിയന്തിരമായ നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെൻറുമായി ആലോചിച്ച് ഈ കാര്യത്തിനുവേണ്ട നടപടി സ്വീകരിക്കണം. കാർഷികമേഖല പരിപോഷിപ്പിക്കുമ്പോൾ ബഡ്ജററിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ള മണ്ണൊലിപ്പ് തടയേണ്ടതാവശ്യമാണ്. ഇടുക്കിജില്ല പോലുള്ള പ്രദേശങ്ങളിൽ മലയോര പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടഞ്ഞില്ലെങ്കിൽ ഈ രാജ്യത്തിന്റെ ഭാവിക്കു ദൂരവ്യാപകമായ ദോഷം ഉണ്ടാകുമെന്ന് അറിയാം. അത് പരിഹരിക്കുന്നതിനുവേണ്ടി ഒന്നര ക്കോടിരൂപ ബഡ്ജററിൽ വക കൊള്ളിച്ചിട്ടുണ്ട്. ഈ തുക മണ്ണൊലിപ്പു തടയുന്നതിന് അപര്യാപ്തമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മുടെ പരിമിതമായ സാമ്പത്തിക പരിതഃസ്ഥിതി പരിശോധിക്കുമ്പോൾ ഇതിൽക്കൂടുതലായി വകകൊള്ളിക്കാൻ പററുകയില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളുമായി ആലോചിച്ചു കൊണ്ട് ദീർഘകാല പദ്ധതി നടപ്പാക്കണം. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഈ രാജ്യത്തെ കാർഷികമേഖല പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും സാധിക്കും.

10 a.m.] സർ, ഈ രാജ്യത്തിലെ കർഷകർക്ക് സഹകരണസംഘങ്ങളിൽനിന്നു എടുക്കുന്ന വായ്പക്ക് പലിശ മൂന്നു ശതമാനം ഇളവ് ചെയ്തത് ഇൻഡ്യയിൽ ആദ്യമായിട്ടാണ്. ഈ രാജ്യത്തിലെ കർഷകർക്ക് മൂന്നു ശതമാനം പലിശയിളവാണ് കൊടുത്തിട്ടുള്ളത്. അതുനല്ല കാര്യമാണ്. കൃഷിക്കാർ അതു അംഗീകരിച്ചിട്ടുണ്ട്. ഈ രാജ്യത്തിലെ കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയുള്ള ഈ നടപടി തീർച്ചയായും അങ്ങേയററം പ്രശംസനീയമാണ്. പക്ഷേ മൂന്നു ശതമാനം ഇളവ് രണ്ടു ശതമാനംകൂടി കൂട്ടി ആറു ശതമാനത്തിൽ കൂടാത്ത രീതിയിൽ പലിശയിളവ് വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് നൽകുകയാണെങ്കിൽ അത് ഈ രാജ്യത്തിലെ കൃഷിക്കാരോട് ചെയ്യുന്ന വലിയൊരു നീതിയായിരിക്കും. ബഡ്ജററിൽ അതിനു വേണ്ടി നീക്കിവച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ സ്ഥാനത്ത് കുറച്ചു കൂടി തുക കൂട്ടി പലിശയിളവ് അഞ്ചു ശതമാനമായി വർദ്ധിപ്പിച്ചുകൊണ്ട് ആറു ശതമാനത്തിൽ കവിയാത്ത രീതിയിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ ഈ രാജ്യത്ത് കാർഷിക മേഖലയ്ക്ക് വളരെയധികം ഊന്നൽ കൊടുക്കുന്ന ഈ സന്ദർഭത്തിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെ ടേൺഓവർ പതിനായിരം രൂപയിൽനിന്നു പന്തീരായിരം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിരവധി ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള തുക ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഇന്നു ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആ ബാലവാടികൾവഴി കൊച്ചുകുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. അവർ ഫീഡിംഗ് സെൻററുകൾ നടത്തുന്നുണ്ട്. അഞ്ചു വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് ഒരു നേരത്തെ ആഹാരം കൊടുക്കുന്നതിന് ആവശ്യമായ തുക ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ അവസരത്തിൽ എനിക്ക് ഒരു കാര്യം പറയാനുള്ളത്, ബാലവാടികളിലെ അദ്ധ്യാപകർക്ക് ഇന്നു കൊടുക്കുന്ന ശമ്പളം വളരെ കുറവാണെന്നുള്ളതാണ്. തീർച്ചയായും നിരവധി ക്ഷേമപ്രവർത്തനങ്ങൾക്ക് വക കൊള്ളിച്ചിട്ടുള്ള ഈ ബഡ്ജററിൽ അവർക്ക് എന്തെങ്കിലും ഒരു സഹായം നൽകുന്നതിന്, അവർക്ക് ഇന്നു നൽകുന്ന ചെറിയ അലവൻസ് കൂട്ടിക്കൊടുക്കുന്നതിന് ആവശ്യമായ തുകകൂടി ഉൾക്കൊള്ളിക്കുന്നതിന് ധനകാര്യമന്ത്രി തയ്യാറാകണമെന്നു വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ വ്യവസായമേഖലയെ സംബന്ധിച്ചു നോക്കുമ്പോൾ കഴിഞ്ഞ ദിവസം അസംബ്ലിയിൽ ഒരു ചോദ്യത്തിന് ഉത്തരമായി വ്യവസായമന്ത്രി പറഞ്ഞത്, നമ്മുടെ രാജ്യത്ത് പതിമൂവായിരത്തിൽപ്പരം ചെറുകിട വ്യവസായ യൂണിററുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ്. അതിന്റെ ആകെ മുതൽമുടക്ക് ഏതാണ്ട് 97 കോടി രൂപയും അതിൽനിന്നു ഏകദേശം രണ്ടരലക്ഷത്തോളം ആളുകൾക്ക് ജോലി കിട്ടുന്നുണ്ടെന്നുമാണ് കണക്കാക്കിയിട്ടുള്ളതെന്നു പറഞ്ഞു. ഇതു നോക്കുമ്പോൾ നമ്മുടെ രാജ്യത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കൂടുതൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതാണ് നല്ലതെന്നു മനസ്സിലാകും. നമ്മുടെ ബഡ്ജററിൽ പറഞ്ഞിരിക്കുന്നതുപോലെ ഏതാണ്ട് പത്തര ലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിലില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭരണകക്ഷി പ്രതിപക്ഷ കക്ഷി ഭേദമെന്യേ എല്ലാവരും ഒത്തു ശ്രമിച്ചാൽ എളുപ്പം പരിഹരിക്കാവുന്ന ഒരു കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ രാജ്യത്ത് ഇൻഡ്യയിൽ എങ്ങുമില്ലാത്ത രീതിയിൽ വിദ്യുച്ഛക്തി സുലഭമായുണ്ട്. വിദ്യാസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരായ ചെറുപ്പക്കാരുണ്ട്. നമുക്ക് ഇന്ന് ആവശ്യമായ അസംസ്കൃതസാധനങ്ങളുണ്ട്. മൂലധനം മുടക്കാൻ സൗകര്യമുണ്ട്. പക്ഷേ നമ്മുടെ ബഡ്ജററിൽ സൂചിപ്പിച്ചതുപോലെ അയൽ സംസ്ഥാനങ്ങളിലെ കൂലിക്കുറവുകൊണ്ട് ഇവിടെ വ്യവസായം തുടങ്ങാൻ ആളുകൾ മുന്നോട്ടുവരുന്നില്ല; വ്യവസായം തുടങ്ങുന്നതിന് ഇത്രയും കാര്യമായ അനുകൂല സാഹചര്യം ഉണ്ടായിട്ടുപോലും ഇവിടെ വ്യവസായങ്ങൾ കൂടുതൽ സ്ഥാപിക്കുന്നതിനോ അതുവഴി ഈ രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനോ സാധിക്കുന്നില്ല. ഈ കാര്യം വളരെ ഗൗരവപൂർവ്വം ഈ രാജ്യത്തിലെ എല്ലാ വിഭാഗം ആളുകളും, എല്ലാ രാഷ്ട്രീയ കക്ഷികളും പ്രതിപക്ഷ ഭരണപക്ഷ ഭേദമെന്യേ ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യത്തെ ഈ അനുകൂലമായ പരിതഃസ്ഥിതി നാം വേണ്ട വിധത്തിൽ ചൂഷണം ചെയ്തില്ലെങ്കിൽ നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ വ്യവസായങ്ങൾ വളരുകയും നാം അതു നോക്കിക്കൊണ്ടിരിക്കുകയും ചെയ്യേണ്ട സ്ഥിതിവരും. നമ്മുടെ പരമ്പര ഗത വ്യവസായങ്ങൾതന്നെ നിരവധി മററു സംസ്ഥാനങ്ങളിൽ പോയിരിക്കുകയാണ്. കയർ, കശുവണ്ടി, ബീഡി തുടങ്ങിയ വ്യവസായങ്ങളെ സംബന്ധിച്ച് ഇവിടെ വിശദമായ ചർച്ച നടന്നിട്ടുള്ളതാണ്. ഈ വ്യവസായങ്ങൾ പലതും തമിഴ്നാട്ടിലും കർണ്ണാടകത്തിലും ആന്ധ്രായിലുമായി മാറിക്കൊണ്ടിരിക്കുകയാണ്. പുതിയ വ്യവസായങ്ങളൊന്നും ഇവിടെ ആരംഭിക്കുന്നതിന് ആരും മുന്നോട്ടു വരുന്നില്ല. മിനിമംകൂലി അയൽ സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയിട്ടില്ലാത്ത പരിതഃസ്ഥിതിയിൽ ഈ കാര്യത്തിന്റെ ഗൗരവം ഇവിടത്തെ ഭരണകക്ഷിയും പ്രതിപക്ഷവും മാത്രമല്ല പ്രത്യേകിച്ച് ട്രേഡ്യൂണിയൻ പ്രസ്ഥാനവും മനസ്സിലാക്കി ആ രീതിയിൽ പ്രവർത്തിക്കണമെന്നു ഞാൻ പറയുകയാണ്. ഈ രാജ്യത്ത് വൻകിട വ്യവസായങ്ങൾ ഉണ്ടാക്കുന്നതിന് ശ്രമിക്കേണ്ട. ചെറുകിട വ്യവസായങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് അതു പരിപോഷിപ്പിക്കുകയാണെങ്കിൽ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറി ഉണ്ടാക്കിയാൽത്തന്നെ മൂവായിരമോ നാലായിരമോ ആളുകൾക്കേ ജോലി കിട്ടുകയുള്ളു. അതേ സമയം 97 കോടി രൂപ മുതൽ മുടക്കുള്ള ചെറുകിട വ്യവസായങ്ങളിൽകൂടി ഈ രാജ്യത്ത് ഏതാണ്ട് രണ്ടര ലക്ഷത്തോളം പേർക്ക് ജോലി കിട്ടുന്നുണ്ടെന്നുള്ളതു മനസ്സിലാക്കുമ്പോൾ ചെറുകിട വ്യവസായങ്ങൾക്ക

LIBRARY ARCHIVES Kerala Legislative Assembly

നാം എന്തുമാത്രം പ്രാധാന്യം കൊടുക്കേണ്ടതാണെന്നു വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. ആയതുകൊണ്ട് നമ്മുടെ രാജ്യത്തിലെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാർഷികമേഖലയെ സമ്പുഷ്ടമാക്കുന്നതിനും ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ മുതൽ മുടക്കിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഭരണകക്ഷി പ്രതിപക്ഷ കക്ഷി ഭേദമെന്യേ ഒത്തൊരുമിച്ചു പ്രയത്നിച്ചാൽ ഈ സംസ്ഥാനം പഞ്ചാബ് പോലെ വളരെ മുന്നോക്ക സംസ്ഥാനമായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനു ഇടവരട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന വളരെ ക്ഷേമപ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഈ ബഡ്ജററിനെ പ്രശംസിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഇതിനെ പിൻതാങ്ങുന്നു.

<u>ശ്രീ. പി.പി.വി. മൂസ:</u> സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. അപ്പുറത്തിരിക്കുന്ന ഭരണകക്ഷി അംഗങ്ങൾക്ക് കുറെയൊക്കെ കൈകൊട്ടി ആരവത്തോടുകൂടി സംസാരിക്കാൻ ഏതാനും റൊട്ടിക്കഷണങ്ങൾ എറിഞ്ഞു കൊടുത്തു. ഈ സംസ്ഥാനത്തെ ജനങ്ങളുടെ നീറുന്ന പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ ഒന്നും ഏർപ്പെടുത്തിയിട്ടില്ലാത്ത ഒരു ബഡ്ജററാണ് ഇത്. ഇത് ഈ ഗവൺമെൻറിൻെറ വർഗ്ഗസ്വഭാവം തന്നെയാണ്. ഈ ഗവൺമെൻറ് നയപ്രഖ്യാപനം നടത്തുമ്പോഴും ബഡ്ജററ് അവതരിപ്പിക്കുമ്പോഴുമൊക്കെ ജനങ്ങളുടെ മുമ്പിൽ പ്രചരണായുധമായി ഉപയോഗിക്കാറുള്ള കുറെ കാര്യങ്ങൾ പറയും. മുമ്പൊക്കെ നയപ്രഖ്യാപനത്തിന് ലക്ഷംവീടുപദ്ധതി, അതുപോലെ പഞ്ചായത്തുകളിൽ വ്യവസായ സ്ഥാപനങ്ങൾ ഇങ്ങനെ ഒരുപാട് നേട്ടങ്ങളുടെ ഘോഷയാത്ര ഉണ്ടായിരുന്നു. അതെല്ലാം ഇന്ന് എവിടെ പോയി? ഒന്നും പൂർത്തിയാക്കാൻ ഈ ഗവൺമെൻറിനു സാധിച്ചിട്ടില്ല. മിനി ഇൻഡസ്ട്രിയൽ എസ്റേററുകൾ ഇപ്പോൾ ഉണ്ടോ? എവിടെയെങ്കിലും പ്രവർത്തിക്കുന്നുണ്ടോ? പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റേററുകളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഇപ്പോൾ വിററഴിക്കപ്പെടുന്നുണ്ടോ? പല പദ്ധതികളും പ്രചരണത്തിനുവേണ്ടി ഈ ഗവൺമെൻറ് ആവിഷ്ക്കരിക്കാറുണ്ട്. എല്ലാ പഞ്ചായത്തുകളിലും 25,000 രൂപ കെട്ടിവച്ചാൽ ഹൈസ്ക്കൂൾ അനുവദിക്കുമെന്നു പറഞ്ഞു. നാട്ടുകാർ കാതിലെ ചിററ് തുടങ്ങിയവ വിററ് കിട്ടിയ 25,000 രൂപ കെട്ടിവച്ച് പള്ളിക്കൂടം ആവശ്യപ്പെട്ടു. വളരെ ആവേശത്തോടുകൂടി പള്ളിക്കൂടം ഉൽഘാടനം ചെയ്യപ്പെട്ടു. ഒരൊററ പള്ളിക്കൂടത്തിൻെറയും കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ലെന്നു മാത്രമല്ല ഈ പള്ളിക്കൂടങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ താൽക്കാലിക ഷെഡ്ഡുകൾ നശിച്ച് കുട്ടികൾ മരിക്കാൻ ഇടവരാവുന്ന അപകടാവസ്ഥയിൽ ആയിരിക്കുകയാണ്. വ്യവസായത്തിൻെറ കാര്യത്തിലായാലും, സ്ക്കൂളുകൾ അനുവദിക്കുന്ന കാര്യത്തിലായാലും, ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യത്തിലായാലും ഇത്തരത്തിലുള്ള പ്രചരണങ്ങൾ അഴിച്ചുവിടുകയെന്നത് ഒഴിച്ചാൽ വേറെ യാതൊന്നും തന്നെ ഈ ഗവൺമെൻറ് ചെയ്തിട്ടില്ലെന്നുള്ളതാണ് സത്യം. ഈ ബഡ്ജററിലും ഗവൺമെൻറ് ചെയ്തതു അതു തന്നെയാണ്. പുതിയ കോർപ്പറേഷനുകളും, ബോർഡുകളും രൂപീകരിക്കുമെന്ന് ഈ ബഡ്ജററിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭരണകക്ഷിയിലെ അംഗങ്ങൾക്ക് ചെയർമാൻമാരാകനും പുറത്തു നിൽക്കുന്ന കൈമണിയടിക്കുന്ന ഭരണകക്ഷിയിലെ പ്രവർത്തകൻമാർക്ക് അനൗദ്യോഗികാംഗങ്ങളായി പ്രവർത്തിക്കാനും, വരുമാനം ഉണ്ടാക്കാനും കഴിയും. ഈ കോർപ്പറേഷനുകൾ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം എങ്ങനെ നടക്കുന്നുവെന്ന് വ്യക്തമായി ഇവിടെ പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. എല്ലാം ഭീമമായ നഷ്ടത്തിലാണ് നടക്കുന്നത്. ഫിഷറീസ് കോർപ്പറേഷനായാലും ട്രാൻസ്പോർട്ട് കോർപ്പറേഷനായാലും ഭീമമായ നഷ്ടത്തിലാണ് നടക്കുന്നത്. ആ നഷ്ടം പരിഹരിക്കാൻ വേണ്ടിയുള്ള ക്രിയാത്മകമായ ഏതെങ്കിലും നിർദ്ദേശം ഈ ബഡ്ജററിൽ ഉന്നയിച്ചിരുന്നുവെങ്കിൽ സ്വാഗതം ചെയ്യാമായിരുന്നു, അത് ഉണ്ടായിട്ടില്ല. നിലവിലിരിക്കുന്ന സംവിധാനങ്ങളിൽകൂടി നടന്നുകൊണ്ടിരിക്കുന്ന വ്യവസായങ്ങളിലും കോർപ്പറേഷനുകളിലും, ബോർഡുകളിലും ഉള്ള ഭീമമായ നഷ്ടം നികത്തിക്കൊണ്ട് അവ കാര്യക്ഷമമാക്കാനുള്ള യാതൊരു ക്രിയാത്മകമായ നിർദ്ദേശവുമില്ലാതെ പുതിയ കോർപ്പറേഷനുകൾ രൂപീകരിക്കുക എന്നത് ''മുടിഞ്ഞാൽ മുടിയട്ടെ, ഏതായാലും ഈ ഗവൺമെൻറിനു ആയുസ്സ് അധികമില്ല'' എന്നു കരുതിക്കൊണ്ട് മനപ്പൂർവ്വം ചെയ്യുന്ന ഒരു പാതകമാണ് എന്നു ഞാൻ ആക്ഷേപിക്കുകയാണ്.

നികുതിയില്ലാത്ത ഒരു ബഡ്ജററാണ് ഇതെന്നാണ് പറയുന്നത്. നികുതിയില്ലാത്ത ബഡ്ജററാണോ ഇത്? ഒരിക്കലുമല്ല കാരണം കഴിഞ്ഞ ബഡ്ജററ് അവതരിപ്പിച്ചതിനു ശേഷമാണ് വിൽപ്പനനികുതിയിനത്തിൽ സർചാർജ് ചുമത്തിയത്. ബഡ്ജററ് അവതരിപ്പിക്കുമ്പോൾ പത്രങ്ങൾ വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് നികുതിയില്ലാത്ത ബഡ്ജററെന്നു പറയും. അത് ഒരു പ്രചരണായുധമായി കൊണ്ടു നടക്കാൻ സാധിക്കും. ഈ സഭ പിരിഞ്ഞു കഴിഞ്ഞാൽ ഏതാനും മാസങ്ങളും ആഴ്ചകളും കഴിഞ്ഞാൽ പുതിയ നികുതികൾ ഈ സർക്കാർ ഓർഡിനൻസ് മുഖേന കൊണ്ടുവരും. അങ്ങനെയല്ലേ സർചാർജ്ജ് ചുമത്തിയത്. 145 കോടി ഉറുപ്പിക വിൽപ്പന നികുതിയിനത്തിലുണ്ടാക്കുന്ന ഈ ഗവൺമെൻറ്, വ്യാപാര സംഘത്തിൻെറ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം എടുത്തിരിക്കുന്ന നിലപാട് എന്താണ്? അവർ എത്ര നിവേദനങ്ങൾ ഈ ഗവൺമെൻറിൻെറ മുമ്പിൽ കൊണ്ടുവന്നിട്ടുണ്ട്, സമരങ്ങൾ നടത്തി. അവരോട് ഈ ഗവൺമെൻറിൻെറ സമീപനമെന്താണ്? പൊൻമുട്ടയിടുന്ന താറാവിനെ ഞെക്കിക്കൊല്ലുന്ന നയമാണ് ഈ ഗവൺമെൻറ് വ്യാപാരി സംഘത്തോട് കാണിക്കുന്നത് എന്നതല്ലേ സത്യം. 145 കോടി രൂപ വിൽപ്പന നികുതി ചുമത്തി. ആ സർചാർജ്ജ് ഇതുവരെയെടുത്തു കളഞ്ഞിട്ടില്ല. താൽക്കാലികമാണെന്നാണ് സർചാർജ്ജ് ചുമത്തിയപ്പോൾ പറഞ്ഞത്. ഈ ബഡ്ജററിൽ അത് തുടരുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. നികുതി തുടരുമെന്നു മാത്രമല്ല ഈ നിയമസഭ പിരിഞ്ഞു കഴിഞ്ഞാൽ ആവശ്യമായ സംഖ്യക്ക് വീണ്ടും നികുതി കൊണ്ടുവരുകയും ചെയ്യും. അതാണ് ഈ ഗവൺമെൻറിൻെറ നയം. അതുകൊണ്ടാണ് സാധാരണക്കാരോട് നീതി പുലർത്തുന്ന ബഡ്ജററല്ല ഇതെന്നു ഞാൻ പറയുന്നത്.

വിധവകളുടെ കുട്ടികളെ വിവാഹം കഴിപ്പിക്കാൻവേണ്ടി സഹായം കൊടുക്കുന്നത് നല്ലതുതന്നെ, ഞാൻ ആക്ഷേപിക്കുന്നില്ല. അഗതികൾക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുന്നു, അതല്ലെങ്കിൽ അനാഥർക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിരിക്കുന്നു. എല്ലാം നല്ലതു തന്നെ. പക്ഷെ അവ എളുപ്പം കിട്ടാനുള്ള മാർഗ്ഗങ്ങൾ ചട്ടത്തിൽ ഉണ്ടോ? ഈ ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ? പെൺകുട്ടികളെ കെട്ടിക്കാനുള്ള ധനസഹായത്തിനുള്ള അപേക്ഷ ഒരു മാസവും രണ്ടുമാസവും മുമ്പ് കൊടുത്താൽ അപേക്ഷയിൻമേൽ അന്വേഷണം നടത്തി കൊടുക്കാൻ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

പ്രാപ്താക്കുന്നതിന്റെ തലേദിവസം കല്യാണം കഴിഞ്ഞു പോയെങ്കിൽ അർഹയായ പെൺകുട്ടിക്ക് ആ സാമ്പത്തിക സഹായം നിഷേധിക്കുകയാണ്. ഊരാകുടുക്കുകളാണ് നിയമങ്ങളിലും, ചട്ടങ്ങളിലും ഈ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റ് സൃഷ്ടിക്കുന്നതെന്നു ഞാൻ ആക്ഷേപിക്കുകയാണ്. ആ ഊരാക്കുടുക്ക് ഉപേക്ഷിക്കാൻ തയ്യാറാകണം. ഈ ഊരാക്കുടുക്കിൽനിന്ന് അവരെ രക്ഷിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് ഏർപ്പെടുത്തണം.

കാതിൽ ചിററും, കല്യാണത്താലിയും, പുരയിടവും പണയംവച്ച് കേന്ദ്ര ഗവൺമെന്റിന്റെ ഇമിഗ്രേഷൻ കുടുക്കുകളിൽനിന്ന് രക്ഷപ്പെട്ട് അക്കരകടന്ന് പണം സമ്പാദിച്ച് ഇവിടെ വരുന്ന ഗൾഫ് നാട്ടിലെ മലയാളികളെ ആക്ഷേപിക്കുന്ന തരത്തിൽ പറഞ്ഞിരിക്കുകയാണ് ഈ ബഡ്ജററിൽ. 400 കോടി ഉറുപ്പിക കേരളത്തിൽ വരുന്നുവെന്ന്. ഇനി ഇങ്ങനെ വരാതിരിക്കാൻ വേണ്ടിയാണ് ഈ പ്രഖ്യാപനമെന്നാണ് എനിക്കു തോന്നുന്നത്. എന്തിനു സർ, അവരോട് ഇത്ര അസൂയ? അവർക്ക് നൽകാൻ തൊഴിൽ ഇവിടെയില്ല. പത്തു ലക്ഷത്തോളം തൊഴിൽരഹിതരായി കിടക്കുന്ന ഈ രാജ്യത്തുനിന്നും എങ്ങനെയോ കുറെ ആളുകൾ അക്കരെ കടന്നുപോയി. അവരെകൂടി ദ്രോഹിക്കാനല്ലേ ഈ പരിപാടി? പത്തു ലക്ഷം തൊഴിൽ രഹിതരായ ആളുകൾക്ക് ഒരു വ്യവസായമെങ്കിലും ഈ ബഡ്ജററിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ഗവൺമെന്റ് ഇതൊക്കെ പറഞ്ഞിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഈ നയം അപലപനീയമാണെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ എതിർക്കുന്നു.

ശ്രീ. കെ. ററി. കുമാരൻ: സർ, ഇവിടെ ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിനെ ഞാൻ അഭിമാനത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. നമ്മുടെ ഈ ബഡ്ജററ് ഒരു മിച്ച ബഡ്ജററാണ്. പുതിയ നികുതികളൊന്നുമില്ലാത്ത ഒരു ബഡ്ജററായതുകൊണ്ടല്ല ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്. ഈ രാജ്യത്തെ പട്ടിണിപ്പാവങ്ങളെ സഹായിക്കുന്ന ഒരു ബഡ്ജററാണ് ഈ ബഡ്ജററ്. പുതിയ നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ നമ്മൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ള 1979-80-ലെ വാർഷിക ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അത്രത്തോളം വരുന്ന ഒരു തുകയാണ് കേന്ദ്ര സർക്കാർ നികുതിയായി കൊണ്ടുവന്നിട്ടുള്ളത്. 665 കോടി രൂപയാണ് പുതിയ നികുതിയായി അവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ അധികം നികുതിയുടെ ഫലമായിട്ട് ഈ രാജ്യത്തുള്ള സാധാരണ പട്ടിണി പാവങ്ങളാണ് കഷ്ടത അനുഭവിക്കുന്നത്. ആ ജനവിഭാഗത്തിന്റെ മേൽ ഒരിക്കൽകൂടി നികുതി കൂട്ടിക്കൊണ്ട് വിഷമിപ്പിക്കുന്നതിന് ഈ സർക്കാർ തയ്യാറില്ല. ഈ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ നമ്മുടെ പ്രതിപക്ഷ നേതാവ് കരുണാകരൻ അദ്ദേഹത്തിന്റെ പ്രതികരണം പത്രക്കാരോടു പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു കള്ള് കുടിപ്പിച്ചുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള പണമാണ് ഈ ബഡ്ജററിലുള്ളത് എന്ന്. കരുണാകരന് ഉണ്ടായിട്ടുള്ള ഈ പുതിയ മനംമാററം ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. മദ്യം ഇന്ന് ഉണ്ടായതല്ല. എത്ര വർഷങ്ങളായി കള്ളു വ്യവസായം ഈ രാജ്യത്ത് നടക്കുന്നുണ്ട്? അതിൽനിന്ന് ഒട്ടേറെ വരുമാനം ഗവൺമെന്റിന് ലഭിക്കുന്നുണ്ട്. ആ വരുമാനംവച്ചുകൊണ്ട് രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പിന്നെ എന്തുകൊണ്ടാണ് കരുണാകരന് ഇങ്ങനെ തോന്നിയത്? കരുണാകരന്റെ ഈ മനംമാററത്തെ സംബന്ധിച്ചിടത്തോളം നമുക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷെ മററൊരു

2/459—11

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവായിട്ടുള്ള എന്റെ സ്നേഹിതൻ ശ്രീ. എം. വി. രാഘവൻ പത്രക്കാരോടു പറയുകയുണ്ടായി; ഇവിടെ കൂടുതൽ പോലീസിനെ അഴിച്ചുവിട്ട് തൊഴിൽ സമരങ്ങൾ അടിച്ചമർത്തുന്നതിനുവേണ്ടി ഒരു പോലീസ് രാജ് ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഈ ബഡ്ജററ് എന്ന്. എനിക്ക് അതു കേട്ടപ്പോൾ ചിരിയാണു വന്നത്. ഈ രാജ്യത്തെ സമാധാനപാലനത്തിനുവേണ്ടി കുറച്ചു പോലീസുകാരെ ഉണ്ടാക്കുന്നതിൽ എന്താണ് തെററ്? കഴിഞ്ഞ 1977-നു ശേഷം ഇങ്ങോട്ട്, എമർജൻസിക്കുശേഷം ഇങ്ങോട്ട് ഈ രാജ്യത്തിന്റെ ചരിത്രം എടുത്തു പരിശോധിച്ചാൽ അങ്ങിങ്ങ് ഒററപ്പെട്ട ചില സംഭവങ്ങൾ ഒഴിച്ചാൽ അസന്നിഗ്ദ്ധമായി പോലീസ് രാജ് ഇവിടെ ഉണ്ടായിരുന്നുവെന്നു ശ്രീ. രാഘവന് പറയാൻ കഴിയുമോ? പശ്ചിമബംഗാളിലും ത്രിപുരയിലും ഒക്കെ കളിമൺ പാവകളാണോ ഈ പോലീസെന്നു പറയുന്നത്. അവിടെയെല്ലാം ഇതു നടക്കുന്നില്ലേ? ഒരു ദിവസം ആവശ്യമാണെങ്കിൽ ഒരു മന്ത്രം ജപിച്ചാൽ അല്ലെങ്കിൽ ഒരു മന്ത്രവടി തിരിച്ചാൽ പോലീസുകാർ ആവിർഭവിക്കുകയും ജീവൻ വയ്ക്കുകയും രാജ്യം ഭരിക്കുന്നവരെ അവർ സഹായിക്കുകയും ചെയ്യുന്ന രൂപത്തിലാണോ ത്രിപുരയിലും പശ്ചിമബംഗാളിലും ഉള്ള പോലീസ്? അവിടെ ഇതെല്ലാം നടക്കുന്നില്ലേ? അടിസ്ഥാനപരമായി അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിലെ നല്ല വശങ്ങൾ സ്വാഗതം ചെയ്യുന്നതിന് പകരം, അതേപ്പററി യാതൊന്നും പറയാതെ വല്ലതും പറഞ്ഞു രക്ഷപ്പെടാൻ മാത്രമാണ് ഈ നേതാക്കൻമാർ ഉദ്ദേശിച്ചിട്ടുള്ളത്. ദീർഘവീക്ഷണത്തോടുകൂടിയാണോ ഈ ബഡ്ജററ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്ന് പലരും ചോദിച്ചു. ബഹുമാനപ്പെട്ട അടിയോടി പറഞ്ഞത് യാതൊരു ദീർഘവീക്ഷണവുമില്ലാതെയാണ് ബഡ്ജററ് അവതരിപ്പിച്ചതെന്നാണ്. തന്നെയോ? പ്രത്യുൽപ്പാദനപരമായ രംഗത്ത് യാതൊന്നും ചെയ്യാൻ സാധിക്കാത്ത ഒരു ബഡ്ജററാണോ ഇത്? 37 കോടി രൂപയോളം കാർഷിക രംഗത്ത് വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതുകൊണ്ട് ഒന്നുരണ്ട് വർഷം കൊണ്ട് നമുക്ക് ഈ രാജ്യത്തെ കാർഷിക സമ്പദ് വ്യവസ്ഥയിൽ എന്തെന്ത് മാററങ്ങൾ ഉണ്ടാക്കാമെന്നാലോചിച്ചുകൊണ്ടാണോ ശ്രീ. അടിയോടി ഇത് പറഞ്ഞത്? ചെറുകിട ജലസേചന പദ്ധതിക്കുവേണ്ടി 6 കോടി രൂപ ഇവിടെ നീക്കിവച്ചു. ഒന്നുരണ്ടു വർഷംകൊണ്ട് നമ്മുടെ ചെറുകിട കൃഷിക്കാർക്കിടയിൽ മാററം ഉണ്ടാക്കാൻ കഴിയുകയില്ലെന്നാണോ നമ്മുടെ മൂസാ സാഹിബ് പറയുന്നത്? മൂസാ സാഹിബ് പറയുന്നതുപോലെ യാതൊന്നും ഇല്ലാത്ത ഭരണകക്ഷിക്കാർക്ക് കടിക്കാൻ മാത്രമുള്ള വെറും ചില എല്ലിൻ കഷണങ്ങളാണോ ഇതിൽ പറഞ്ഞിട്ടുള്ളതെന്ന് പരിശോധിക്കണം. ആയിരക്കണക്കിനേക്കർ സ്ഥലത്ത് റബർ കൃഷി ചെയ്യുന്നതിനും, ഏലം കൃഷി ചെയ്യുന്നതിനും മററ് തോട്ടവിളകൾ ഉണ്ടാക്കുന്നതിനും വേണ്ടി ഗവൺമെൻറ് ഉദ്ദേശിക്കുന്നു. അതിന്റെ ഫലമായി അരലക്ഷത്തിലധികം പേർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന, പ്രത്യുൽപ്പാദനപരമായിട്ടുള്ള കഴിവുകൾ നമുക്കു സമ്പാദിക്കാൻ കഴിയുന്നു. എന്നിട്ട് യാതൊന്നും ഇതിൽ ഇല്ലെന്നാണോ മൂസാ സാഹിബ് പറയുന്നത്? ഈ നാട്ടിലെ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള സംവിധാനം ധാരാളം ഈ ബഡ്ജററിലുണ്ട്, നമ്മുടെ കേന്ദ്ര ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള ബഡ്ജററിനെതിരായി, നികുതി നിർദ്ദേശത്തിനെതിരായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പലജാതിക്കാരും പല വേഷക്കാരുമായിട്ടുള്ള 5 ലക്ഷത്തിൽപ്പരം കാർഷിക തൊഴിലാളികൾ പ്രകടനം നടത്തുകയുണ്ടായി. ന്യായമായ ആവശ്യങ്ങൾ നേടി എടുക്കുന്നതിനുവേണ്ടി, അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമികൾ പിടിച്ചെടുക്കുന്നതിനെതിരായി, ഹരിജനങ്ങളെയും, കർഷക തൊഴിലാളികളേയും കൂട്ടക്കൊല നടത്തുന്നതിനെതിരായി, അവരെ തീവച്ച് നശിപ്പിക്കുന്നതിനെതിരായി, സർവ്വോപരി ഈ രാജ്യത്ത് കൊണ്ടുവന്നിട്ടുള്ള അധികനികുതിക്കെതിരായി, പാവപ്പെട്ട ആളുകളെ ഞെക്കിപ്പിഴിഞ്ഞ് നട്ടെല്ലു പൊട്ടിക്കുന്ന നികുതിക്കെതിരായി, ഇന്നലെ പാർലമെന്റ് മന്ദിരം വളഞ്ഞ സംഭവമുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സംഭവം ഉണ്ടാക്കാൻ ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല, പുതിയ നികുതികൾ കൊണ്ടു വന്ന്.

മറെറാരു കാര്യം എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം നിരവധി നിരവധി ആനുകൂല്യങ്ങൾ ഈ ബഡ്ജററിൽകൂടി നൽകിക്കൊണ്ട് മുന്നോട്ടു പോകാൻ ശ്രമിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം വന്നതോടുകൂടി ലക്ഷക്കണക്കിനുള്ള കർഷകത്തൊഴിലാളികൾക്ക് സ്വന്തമായി ഭൂമി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള ആളുകൾക്ക് കാർഷികരംഗത്തുള്ള സഹായങ്ങൾമാത്രമല്ല സ്വന്തമായി വീടുകൊടുക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഹരിജനങ്ങൾക്ക് കോളനികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹരിജനങ്ങൾക്ക് വിദ്യുച്ഛക്തിയും ശുദ്ധജലവും എത്തിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം 1970 നുശേഷം സ്പെഷ്യൽ റിക്രൂട്ട്മെൻറിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ മറെറാരു സംസ്ഥാനത്തും ഉണ്ടായിട്ടില്ലാത്തവിധം പുരോഗതി ഉണ്ടായിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടപ്പിൽ വരുത്തിയതിന്റെ ഫലമായി അയ്യായിരത്തോളം നോൺഗസററഡ് ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ സാധിച്ചിട്ടുണ്ട്. ആയിരത്തോളം ഗസററഡ് റാങ്കിലുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. പത്തു ശതമാനത്തിന്റെ അടിസ്ഥാനത്തിൽ റിസർവേഷൻ നൽകി വളരെ വേഗം എല്ലാ ഒഴിവുകളും നികത്താനുള്ള സംരംഭവുമായി ഗവൺമെൻറ് മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. റിസർവേഷനെക്കുറിച്ചു പറയുമ്പോൾ കോർപ്പറേഷനുകളിലും അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലും റിസർവേഷൻ സമ്പ്രദായം തുടർന്നു നടപ്പിൽ വരുത്തുന്നതിനുള്ള കർശനമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കണം. സ്വകാര്യ സ്ഥാപനങ്ങളിലും ഗവൺമെൻറുടമയിലുള്ള സ്ഥാപനങ്ങളിലും പതിനായിരക്കണക്കിനുള്ള തൊഴിലാളികളെ റിക്രൂട്ടുചെയ്യുന്ന അവസരത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അവരുടേതായ റിസർവേഷൻ കിട്ടണം, അതു കിട്ടിയിട്ടില്ല എന്ന് എനിക്കൊരു പരാതിയുണ്ട്.

അതുപോലെതന്നെ വിദേശത്തുപോയിട്ടുള്ള സ്നേഹിതൻമാരെ സംബന്ധിച്ചിടത്തോളം അവർ സമ്പന്നൻമാരാണെന്ന ഗവൺമെൻറിന്റെ അഭിപ്രായത്തെ മൂസാ സാഹിബ് ആക്ഷേപിക്കുകയുണ്ടായി. ഒരു തരത്തിലും ഗവൺമെൻറ് അവരെ ആക്ഷേപിക്കുന്നതല്ല. നേരെ മറിച്ച് അവർ കൊണ്ടുവരുന്ന പണം യഥാർത്ഥത്തിൽ ഈ രാജ്യത്ത് എങ്ങനെ ഉപയോഗപ്പെടുത്താമെന്നുള്ളതിനെ സംബന്ധിച്ചാണ് അഭിപ്രായമുള്ളത്. നമുക്കറിയാം 1800 കോടി രൂപയാണ് ഇന്ന് വിദേശങ്ങളിൽ നിന്നും ഇൻഡ്യയിലേക്കു വന്നുകൊണ്ടിരിക്കുന്നത്. ഇതിൽ 400 കോടി രൂപ നമ്മുടെ സംസ്ഥാനത്തുനിന്നാണ്. 400 കോടി രൂപ ഇവിടെ വരികയെന്നു പറഞ്ഞാൽ നമ്മുടെ ബഡ്ജററിന്റെ അത്രതന്നെ സംഖ്യയാണെന്ന് നാം മറക്കരുത്. ഈ സംഖ്യ സംസ്ഥാനത്ത് യഥാർത്ഥത്തിൽ എന്തെന്തു വിഷമങ്ങൾ ഉണ്ടാക്കുന്നു എന്ന കാര്യവും നാം ആലോചി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം സാധനങ്ങളുടെ വില വർദ്ധിക്കുമെന്നുള്ളതിൽ സംശയമില്ല.—ഭൂമിയെ സംബന്ധിച്ചിടത്തോളമാണ് ഏററവും വലിയ വിഷമം. ഭൂമിയുടെ വില വളരെയധികം വർദ്ധിച്ചിരിക്കുന്നു, മററുസാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതല്ലേ? അത്രയും സംഖ്യ വിദേശത്തുനിന്നു വരുന്നുണ്ടെങ്കിൽപ്പോലും. സമ്പദ്വ്യവസ്ഥയിൽ കുറേയേറെ വിഷമങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിൽപോലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിദേശങ്ങളിൽപ്പോയി ജോലിചെയ്യുന്നതിനുള്ള സഹായം ഉണ്ടാക്കുന്നതിന് ഗവൺമെൻറ് ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. കെ.കെ. കുമാരപിള്ള: സർ, കഴിഞ്ഞ രണ്ടുദിവസമായി ഇവിടെ രണ്ടു ഭാഗത്തുനിന്നും ഉണ്ടായ ചർച്ചകൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. ഈ ബഡ്ജററ് ആകെയൊന്നു പരിശോധിച്ചതിനു ശേഷവും ഭാരതത്തിലെ ഏതെങ്കിലുമൊരു സംസ്ഥാനത്തിൽ ഒരു ബഡ്ജററ് അവതരിപ്പിക്കുന്നതിലൂടെ ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന സോഷ്യോ എക്കണോമിക് ഇംപാക്ട് ഏതെങ്കിലും ഒരു സ്റേററ് ഗവൺമെൻറിന് ഉണ്ടാക്കാൻ കഴിയുമോ എന്ന ശങ്കയിലാണ് ഞാനിപ്പോൾ. കാരണം നമ്മുടെ രാജ്യത്തെ സാമ്പത്തിക സംവിധാനവും ഭരണസംവിധാനവും അതിലെ സാമ്പത്തിക രാഷ്ട്രീയ അധികാരങ്ങളിലെ സ്ഥിതിയും പരിശോധിച്ചാൽ എത്ര സംശുദ്ധിയോടുകൂടിയും ഈ നാട്ടിലെ, ഏതു നാട്ടിലെ ആയാലും അയൽ സംസ്ഥാനങ്ങളിലെ ആയാലും സാമാന്യ ജനങ്ങളുടെയും പാവപ്പെട്ടവരുടെയും ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള ലക്ഷ്യത്തോടുകൂടിയും സംസ്ഥാനഗവൺമെൻറുകൾ ഏതെല്ലാം പരിപാടികൾ ആവിഷ്കരിച്ചാലും അവയെല്ലാം നടപ്പാക്കിക്കഴിയുമ്പോൾ അതിൽനിന്ന് ഉദ്ദേശിക്കുന്ന സോഷ്യോ എക്കണോമിക് ഇംപാക്ട് അവിടെ ഉണ്ടാകാതെ പോകുന്ന രീതിയിലാണ് നമ്മുടെ രാജ്യത്താകെയുള്ള സാമ്പത്തിക രാഷ്ട്രീയസ്ഥിതിയുള്ളത്. ഒരു സംസ്ഥാനത്തിനും കേന്ദ്രഗവൺമെൻറിൻെറ സാമ്പത്തിക സമീപനം എന്നു പറയുന്ന നീരാളിപ്പിടുത്തത്തിൽനിന്നും മാറിനിന്നുകൊണ്ട് അതിൽനിന്ന് മോചനം നേടിക്കൊണ്ട് ഒരു സാമ്പത്തിക പദ്ധതി ആവിഷ്കരണം എന്ന സമീപനം സാദ്ധ്യമല്ല. ആ പശ്ചാത്തലത്തിലല്ലാതെ അതിൽനിന്നു വിട്ടുമാറി ഏതെങ്കിലും ഒരു സംസ്ഥാനത്തെ ബഡ്ജററുകൊണ്ട് അവിടെ ഉണ്ടാകാൻ പോകുന്ന കാര്യങ്ങളുടെ മേൻമകളെക്കുറിച്ചൊക്കെ നാം ദിവാസ്വപ്നം കാണുന്നതിൽ വലിയ അർത്ഥമുണ്ടോ എന്ന് എനിക്ക് പലപ്പോഴും ശങ്ക തോന്നാറുണ്ട്. 1952-ലാണ് ഞാൻ ആദ്യമായി ഈ സഭയിലേക്ക് കടന്നു വന്നത്. അന്ന് സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള അധികാരങ്ങളുടെ വീതംവയ്പിൽനിന്നും 1978-79 ആയപ്പോഴേക്കുള്ള സ്ഥിതി പരിശോധിച്ചാൽ 52-ൽ ഉണ്ടായിരുന്നതിൽനിന്ന് എത്രയോ കുറഞ്ഞ അവകാശ അധികാരങ്ങൾ മാത്രമാണ് ഈ സാമ്പത്തിക മണ്ഡലത്തിൽ സംസ്ഥാനങ്ങൾക്കുള്ളതെന്നു പറയാതെ കടന്നുപോവുകതരമില്ല. ഇന്ന് കേന്ദ്ര ഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് അല്ല ഈ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെപ്പററിമാത്രമാണ് ചർച്ച ചെയ്യേണ്ടതെന്ന ബോധം ഇല്ലാതെയല്ല ഞാൻ സംസാരിക്കുന്നത്. പക്ഷേ കേന്ദ്രഗവൺമെൻറ് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററും അത് വിഭാവനം ചെയ്തിരിക്കുന്ന സമീപനവും ആ സമീപനത്തിൽനിന്നും വ്യത്യസ്തമായ ഒരു ഫലം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്ന മൂഢസ്വർഗ്ഗത്തിൽ ജീവിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

വിസമ്മതംകൊണ്ടുമാത്രമാണ് അതേപ്പററി അറിയാതെ സംസാരിച്ചു പോകുന്നത്. വ്യാവസായിക വളർച്ചയുടെ പ്രാരംഭദശപോലും കടന്നു പോയിട്ടുണ്ട് നമ്മുടെ രാജ്യം എന്നു പറയാൻ ഞാനൊരുക്കമല്ല. നമ്മുടെ കേരളത്തിലും ഭാരതത്തിലുമുള്ള വ്യവസായ ശൃംഖല അതിന്റെ വണ്ണവും അതിന്റെ വലിപ്പവും അതുനൽകുന്ന തൊഴിൽ സൗകര്യങ്ങളുടെ വലിപ്പവുമെല്ലാം എത്രകണ്ട് കൊട്ടിഘോഷിച്ചാൽപോലും ഈ ലോകം ഓരോ ദിവസം കഴിയുംതോറും ചുരുങ്ങിച്ചുരുങ്ങി വരികയാണ്. ചുരുങ്ങി വരുന്ന ലോകം എന്നു പറയുന്നത് സാമ്പത്തികമായി പരസ്പരാശ്രയത്തിലും പരസ്പര ബന്ധത്തിലും നിൽക്കുകയല്ലാതെ സ്വതന്ത്രമായ നിലനിൽപ്പ് ലോക രാഷ്ട്രങ്ങൾക്കുപോലും അസാദ്ധ്യമായിത്തീർന്നിട്ടുള്ള ഒരു കാലഘട്ടമാണ്. വ്യത്യസ്തമായ സാമ്പത്തിക ഘടനയുള്ള, സാമ്പത്തിക വീക്ഷണവും സാമൂഹ്യബോധവും രാഷ്ട്രീയ വീക്ഷണവുമുള്ള റഷ്യയും ചൈനയും അമേരിക്കയും ഒക്കെപ്പോലും സാമ്പത്തിക രംഗത്ത് കൂടുതൽ കൂടുതൽ സഹകരിക്കുകയും പരസ്പരം ആശ്രയിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം. ഈ ലോകത്ത് ഒരു താരതമ്യപഠനം നടത്തിനോക്കിയാൽ നമ്മുടെ രാജ്യം സാങ്കേതിക ജ്ഞാനത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും ശൈശവാവസ്ഥ കടന്നുപോയി എന്നു പറയാൻ കഴിയുകയില്ല. ആ രാജ്യത്ത് ഒരു കൃഷിക്കാരന്റെ ബഡ്ജററ് എന്നു പറഞ്ഞ് ഈ രാജ്യത്തെ ധനിക കൃഷിക്കാരന്റേയും കർഷകമുതലാളിമാരുടെയും പ്രതിനിധിയായ ധനകാര്യമന്ത്രി അവതരിപ്പിച്ച ഒരു ബഡ്ജററിൽ കാർഷിക ഉപകരണങ്ങൾ ഇറക്കുമതി ചെയ്യാനുള്ള വ്യവസ്ഥയാണുള്ളത്. നമ്മുടെ നാട്ടിലെ വ്യവസായങ്ങൾക്കു സ്വന്തമായി നിലനിൽക്കാൻ കഴിയുകയില്ലെങ്കിൽ അതന്വേഷിച്ചു പോകുന്നതിൽ വലിയ ദുഃഖമൊന്നുമുള്ളവനല്ല ഞാൻ. പക്ഷേ നമ്മുടെ നാട്ടിലെ വ്യവസായങ്ങളെ സ്വയം നിലനിറുത്താനുള്ള സഹായം ഉണ്ടാക്കികൊടുക്കേണ്ട കടമ ആ ബാദ്ധ്യത നമ്മുടെ ഭരണകൂടം നടപ്പാക്കിയോ എന്നു പരിശോധിക്കേണ്ട ബാദ്ധ്യതയുണ്ട്.

കാർഷിക വിപ്ലവവും, വ്യാവസായിക വിപ്ലവവും വാതോരാതെ സംസാരിക്കുന്ന ഒരു രാജ്യമാണ് ഇത്. ആ സേതു ഹിമാചലം അതിന്റെ അലയടികളും ഇന്നും അടങ്ങാതെ അവശേഷിക്കുന്നുണ്ട്. കാർഷിക രംഗത്തായാലും വ്യാവസായികരംഗത്തായാലും വികസനത്തിനാവശ്യമായ അടിസ്ഥാനപരമായ ഇൻഫ്രാസ്ട്രക്ച്ചർ എന്നുപറയുന്നതു ഭാരതത്തിലായാലും കേരളത്തിലായാലും എല്ലാക്കാലത്തും എപ്പോഴും അവഗണിക്കപ്പെട്ടിരുന്നു എന്നുള്ള അതിദയനീയമായ ചിത്രം അതുമറക്കാനും മറയ്ക്കാനും ശ്രമിക്കുന്നതു ശരിയല്ല. ഈ രാജ്യത്തുവ്യവസായികൾക്ക് സംരക്ഷണം ആവശ്യമാണ്. ആ സംരക്ഷണം നൽകാതെയുള്ള സമീപനം വ്യവസായവൽക്കരണത്തിനെതിരായി നമ്മുടെ കേന്ദ്രഗവൺമെന്റു സ്വീകരിച്ചിരിക്കുന്ന സാമ്പത്തിക സമീപനത്തിന്റെ പ്രത്യക്ഷമായ ലക്ഷണമാണ്. എനിക്ക് അതിന് അവരോടുപരാതിയില്ല. കാരണം സത്യസന്ധമായി കാര്യങ്ങൾ പറയാനുള്ള ആത്മാർത്ഥത ജനതാ ഗവൺമെന്റുകാണിച്ചുവെന്നു വിശ്വസിക്കുന്നവനാണു ഞാൻ. മഹാത്മാഗാന്ധിയുടെ അഭിപ്രായത്തിൽ പണക്കാരൻ പാവപ്പെട്ടവനുവേണ്ടി സമ്പത്തു സൂക്ഷിക്കുന്നവനാണെന്ന സിദ്ധാന്തത്തിൽ—ചെറുകിടവ്യവസായങ്ങളിലും കുടിൽ വ്യവാസയങ്ങളിലുംകൂടി മാത്രമേ നാട്ടിൽ സാമ്പത്തിക ഭദ്രത കൈവരിക്കാൻ കഴിയൂ എന്ന് പുരമുകളിൽ കയറിയിരുന്ന് നെഞ്ചത്തുകൈവച്ചു ഉറക്കെപ്പറയാൻ തയ്യാറാകുന്ന അവരോടു എനിക്കു സഹതപിക്കാനല്ലാതെ പരിഭവിക്കാൻ കഴിയുകയില്ല. ഞാൻ അവരോടു വിയോജിക്കുന്നുണ്ടെങ്കിൽ കൂടിയും

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ സത്യസന്ധതയിൽ എനിക്ക് അഭിമാനമുണ്ട്. ഇതിനുമുൻപുണ്ടായിരുന്ന ഭരണകൂടങ്ങൾ പലതും പഞ്ചവൽസരപദ്ധതി കാർഷിക പദ്ധതിയെന്നും വ്യാവസായിക പദ്ധതിയെന്നും ഇങ്ങനെ മാറിമാറി പദ്ധതികളുടെ സ്വഭാവത്തിലും രൂപത്തിലും മാററംവരുത്തി സമീകൃതമായ ഒരു സാമ്പത്തിക സമീപനത്തിന്റെ അഭാവംമൂലം ഭരണപരമായ പരാജയത്തിൽ ഈ പദ്ധതികളെല്ലാം കലാശിച്ച ചരിത്രം, ചിത്രം, മാത്രം അവതരിപ്പിക്കാൻ കഴിഞ്ഞവരാണ്. അവരെല്ലാം വ്യവസായവൽക്കരണത്തെക്കുറിച്ചോ ശാസ്ത്രസാങ്കേതികജ്ഞാനവും ബോധവും പരമാവധി പ്രയോജനപ്പെടുത്തുന്നതിനെപ്പററിയോ ഗിരിപ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഇന്നും ഊന്നുന്ന തോണിയും കാളവലിക്കുന്ന വണ്ടിയും; അതിൽക്കൂടിയുള്ള ഗതാഗതവും ചരക്കുകൈമാററവും നടക്കുന്ന ഒരു രാജ്യമായി ഭാരതം അവശേഷിക്കുകയാണ്. അവിടെനിന്നുകൊണ്ടു സത്യം പറയാൻ തയ്യാറാകുന്നുണ്ടെങ്കിൽ എനിക്കു പരാതിയില്ല. പക്ഷേ അവരോടു വിയോജിക്കാതിരിക്കാൻ നിവൃത്തിയില്ല. കാരണം ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ ചുരുങ്ങിവരുന്ന ലോകത്തിന്റെ പരിധിക്കുള്ളിൽ, ആ സമ്പദ്ഘടനയുടെ ഭാഗമായ ഒരു സമ്പദ്ഘടനയിൽ നിന്നുകൊണ്ടു ജീവിക്കാൻ ബാദ്ധ്യസ്ഥമായ രാജ്യത്തു ഇവിടെ നടക്കുന്ന കാര്യങ്ങൾ കണ്ണടച്ചിരുട്ടായികാണാതെ സ്വന്തമായി കൂടുനെയ്തെടുത്തു അതിനുള്ളിൽ തപസ്സനുഷ്ഠിക്കാൻ ഒരു രാജ്യത്തിലെ ജനതയ്ക്കും സാദ്ധ്യമല്ല. സാമ്പത്തിക രംഗത്ത് ആ നിലയിലുള്ള ഒരു സമീപനം സ്വീകരിച്ചാൽ അതിന്റെ ഫലം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തു പുറകോട്ടുപോകുന്ന കുഴിയാനയുടെ അനുഭവമാണ് ഉണ്ടാവുക. പുറകോട്ടുമാത്രം ഇഴയാൻ കഴിയുന്ന ഒരു ജന്തുവാണ് കുഴിയാന. ആനയെന്ന പേർ ആരിട്ടുവെന്ന് എനിക്കറിയില്ല. ഏതായാലും അതിനേയും ആനയെന്നാണു വിളിക്കുക. അതൊരുചെറിയ ജീവിയാണ്. അതുമാതിരി സാമ്പത്തിക രംഗത്തും രാഷ്ട്രീയ രംഗത്തും പുറകോട്ടു പോകുന്ന സമീപനമാണ് ഇന്നു ഭാരതത്തിൽ നടന്നിട്ടുള്ളത്. ഞാൻ അതേക്കുറിച്ചു വിശദമായി സംസാരിക്കാൻ ശ്രമിക്കുന്നില്ല.

സർ, ഈ ബഡ്ജററിനെക്കുറിച്ചു ഇവിടെ ആകെ ഉയർന്നു കേട്ട രണ്ടുമൂന്നു വിമർശനപരമായ അഭിപ്രായങ്ങൾ, ഇവിടെ എന്തോ പുതിയ നികുതി കൊണ്ടുവന്നു എന്നുള്ളതാണ്. ആ പുതിയ നികുതിയെപ്പററി പറഞ്ഞ എന്റെ സ്നേഹിതൻ എസ്തോസ് നികുതിചുമത്താനുള്ള വ്യഗ്രതകാണിക്കുന്നതുകണ്ടപ്പോൾ അദ്ദേഹത്തോടു എന്താണു പറയേണ്ടതെന്നു രണ്ടുദിവസം ആലോചിച്ചിട്ടും ഒരു ഉത്തരവും കണ്ടുപിടിക്കാൻ എനിക്കുകഴിഞ്ഞിട്ടില്ല. ധനകാര്യമന്ത്രി നികുതിയില്ലാത്ത ഒരു ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ബഡ്ജററിൽ നികുതി കൂടിയേതീരൂ എന്നുശഠിക്കുന്ന ആളുകൾക്ക് എന്തെങ്കിലും തരത്തിലുള്ള നികുതിയുണ്ടെന്നു പറയാതെതരമില്ല. സർ, പ്രതിപക്ഷം നികുതി ചുമത്താൻ വ്യഗ്രത കാണിക്കുന്ന ഒരു സാഹചര്യമുണ്ട്. ഏതായാലും ഞാൻ അതേപ്പററി കൂടുതൽ പറയുന്നില്ല. ഈ ബഡ്ജററ് നമ്മുടെ രാജ്യത്തെ പ്രത്യുൽപ്പാദനപരവും സമൂഹ്യക്ഷേമപരവുമായ രംഗങ്ങളിൽ സമീകൃതമായ ഒരു സമീപനം സ്വീകരിക്കുന്നതിന്റെ തുടക്കമാണ്. നേരത്തെ പല അവസരങ്ങളിലും അതുകഴിയാതെ പോയിട്ടുണ്ട്. അതുകഴിയാതെ പോയതിൽ എനിക്കു പരാതിയുമില്ല. കാരണം ഞാൻ നേരത്തെ പറഞ്ഞ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ അതി·ു ആരേയും പഴിച്ചിട്ടുകാര്യമില്ല. ഈ ബഡ്ജററിലുള്ള ഒരു നല്ല ലക്ഷണം പ്രത്യുൽപ്പാദനപരമായ കാര്യങ്ങളിലും സാമൂഹ്യക്ഷേമപ..രമായ കാര്യങ്ങളിലും തുല്യമായ ഊന്നൽ

കൊടുത്തുകൊണ്ടുള്ള ഒരു കാഴ്ചപ്പാട് ഉണ്ടെന്നുള്ളതാണ്. ഞാൻ ഈ ബഡ്ജററിന്റെ കണക്കുകളെക്കുറിച്ചും ലക്ഷങ്ങളെക്കുറിച്ചും കോടികളെക്കുറിച്ചും ഒന്നും ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. സർ, നമ്മുടെ വ്യാവസായിക കാർഷിക മേഖല എല്ലാ അവസരങ്ങളിലും ഈ സമീകൃത സമീപനത്തിന്റെ കുറവുമൂലം കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്. അതിൽ ഒരുമാററം ഇന്നുണ്ട്. എഴാം ധനകാര്യകമ്മീഷൻ നമ്മുടെ അവകാശങ്ങളിൽ ചിലത് അംഗീകരിച്ചിട്ടുള്ളതിൽ ധനകാര്യമന്ത്രി അവരെ അഭിനന്ദിച്ചിട്ടുണ്ട്. ഈ രാജ്യം എക്കാലവും പൊതുജനാരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും അതിന്റെ മൊത്തമുള്ള ചെലവിന്റെ സിംഹഭാഗവും ചെലവഴിച്ചിട്ടുള്ള ഒരു രാജ്യമാണ്. അതു ചെലവഴിച്ചിട്ടുള്ളതുകൊണ്ടു ഈരാജ്യത്തിനാകെ സമ്പാദ്യം ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതിന്റെ ഒരു അംഗീകാരമാണ് ധനകാര്യകമ്മീഷന്റെ സമീപനത്തിൽ എനിക്കുകാണാൻ കഴിയുന്നത്. ആ പാരമ്പര്യം തുടർന്നുപോകാൻ ഈ ബഡ്ജററ് പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ഇതിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാകാര്യങ്ങളും അതു കാർഷിക മേഖലയെ ഉദ്ദേശിച്ചുകൊണ്ടായാലും വ്യാവസായിക മേഖലയെ ഉദ്ദേശിച്ചുകൊണ്ടായാലും നമ്മുടെ കാര്യങ്ങളെല്ലാം സാധാരണ അവതാളത്തിലാകുന്നത് നല്ല ഉദ്ദേശങ്ങളുടേയോ, നല്ല വീക്ഷണഗതിയുടേയോ, നല്ലകാഴ്ചപ്പാടിന്റേയോ, നല്ല ആസൂത്രണത്തിന്റേയോ, പോരായ്മകൊണ്ടല്ല. കഴിഞ്ഞ ദിവസം എന്റെ സ്നേഹിതൻ ത്യാഗരാജൻ ചൂണ്ടിക്കാണിച്ചതുപോലെ നാം നടപ്പിലാക്കാൻ ശ്രമിക്കുന്ന ഏതുകാര്യവും നടപ്പിലാക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്. ആ സംവിധാനം പ്രതിപക്ഷത്തിലെ എല്ലാ ആളുകളും ഭരണകക്ഷിയിലുള്ള പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ പാകത്തിനു സജ്ജീകരിച്ചിട്ടുള്ളത് അല്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ ശ്രമിക്കണം. അതുമനസ്സിലാക്കാൻശ്രമിക്കുമ്പോൾ ഒരു സംഘടിത വിഭാഗത്തിനെതിരായി എന്തെങ്കിലും ചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ടു അതു തൊടാൻ അറയ്ക്കുന്ന സമീപനം ഈ രാജ്യത്തു വളരെക്കാലമായി തുടർന്നു വരുന്നുണ്ട്. ഇവിടെ ഭരണാധികാരം കയ്യാളാൻ കഴിയാത്ത കക്ഷികൾ ഏതെങ്കിലും ഉണ്ടോയെന്നു സംശയമാണ്. ഉണ്ടെങ്കിലും അടുത്തകാലത്ത് എങ്ങോട്ടെങ്കിലും മാറി പുതിയതായി രൂപീകരിച്ച ആളുകൾ ഒഴികെ ബാക്കി എല്ലാ കക്ഷികളും ഈ രാജ്യത്ത് ഭരണാധികാരം കയ്യാളിയിട്ടുണ്ട്. പക്ഷെ ഈ ഭരണ നിർവ്വഹണത്തിൽ കാര്യക്ഷമത മെച്ചപ്പെടുത്താനുള്ള സംവിധാനം ഉണ്ടായിട്ടില്ല. ശ്രീ. ത്യാഗരാജൻ പറഞ്ഞപോലെ നമ്മുടെ സംസ്ഥാനത്തെ ഭരണം നിയന്ത്രിക്കുന്ന സെക്രട്ടേറിയററിൽ 95 ശതമാനം ഫയലുകൾ ഉദ്യോഗസ്ഥൻമാരുടെ പ്രമോഷനും ഗ്രേഡേഷനും പരാതികളും സംബന്ധിക്കുന്നതു മാത്രമാണ്. 1967-ൽ ഈ സഭയിൽ സഖാവ് വാമദേവൻ ഉന്നയിച്ച ഒരു ആവശ്യമുണ്ടായിരുന്നു. ആ ആവശ്യം ബഹുമാനപ്പെട്ട വരദരാജൻ നായർ അംഗീകരിച്ചുകാണുന്നതിൽ ഞാൻ സന്തുഷ്ടനാണ്. നമ്മുടെ ഭരണാധികാരികളുടെ സമയം സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ആവലാതികളും പരാതികളും ആവശ്യങ്ങളും കേട്ടുമാത്രം ചെലവഴിക്കുന്നതിനുപകരം അതിനുവേണ്ടി ഒരു ട്രിബ്യൂണലുണ്ടാക്കി അതു സ്വതന്ത്രമാക്കി മാററിവയ്ക്കാനുള്ള ഒരു തീരുമാനം സ്വീകരിക്കുന്നതിൽ ഞാൻ മററു പല കാര്യങ്ങളിലും അദ്ദേഹത്തെ അഭിനന്ദിക്കുന്നതിനേക്കാൾ അനുമോദിക്കുകയാണ്. ഇവിടെ എല്ലാപേരും പറഞ്ഞു കുഞ്ഞുങ്ങളോടുള്ള അദ്ദേഹത്തിന്റെ സ്നേഹം, ദരിദ്രജനവിഭാഗങ്ങളോടുള്ള അദ്ദേഹത്തിന്റെ സ്നേഹം— സർ, ഈ ബഡ്ജററിനെ സംബന്ധിച്ചു പൊതുവേ പറഞ്ഞാൽ ഇതിൽ ഒരു ബിംബപ്രതിബിംബ

LIBRARY ARCHIVES Kerala Legislative Assembly

ഭാവമുണ്ട്. ഇന്നു 62 വയസ്സായെന്നു അവകാശപ്പെടുന്ന ശ്രീ. വരദരാജൻ നായർ അദ്ദേഹത്തിന്റെ 40 കൊല്ലം മുൻപുള്ള സുന്ദരമായ സൗകുമാര്യത്തിന്റേയും ഹൃദയ നൈർമല്യത്തിന്റേയും ഒരു ബിംബ പ്രതിബിംബഭാവം ഈ ബഡ്ജററിൽ ഏതായാലും ഉണ്ട്. അതുകൊണ്ട് ഇതിനെ എതിർക്കാൻ ആർക്കെങ്കിലും കഴിയുമോയെന്നു എനിക്കു സംശയമുണ്ട്. എന്റെ ഗുരുനാഥനായ ധനകാര്യരാഷ്ട്രതന്ത്ര വിചക്ഷണനായ സഖാവ് നമ്പൂതിരിപ്പാടുപോലും ഈ ബഡ്ജററിനെ.............

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഇതിൽ ഇപ്പോഠം ബിംബമാണോ, പ്രതിബിംബമാണോ ഉള്ളത്?

ശ്രീ. കെ.കെ. കുമാരപിള്ള: ബിംബം ഇവിടേയും പ്രതിബിംബം നമ്മുടെയെല്ലാം മനസ്സിലും. തൃപ്പൂണിത്തുറക്കാരനായതുകൊണ്ടു അങ്ങയ്ക്ക് കുറേക്കൂടി മലയാളം അറിയാമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്നാലും അദ്ദേഹംപോലും ഈ ബഡ്ജററിനെ എതിർക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ ബഡ്ജററിൽ ഉഠക്കൊള്ളിച്ചിരിക്കുന്ന നല്ലകാര്യങ്ങഠം നടപ്പിലാക്കാൻപാകത്തിൽ ഈ രാജ്യത്തെ ഭരണ സംവിധാനം ആകെ അഴിച്ചു പണിയാനുള്ള ധീരത ഗവൺമെൻറു കാണിക്കണമേയെന്നുള്ള ഒരു അഭ്യർത്ഥനയാണ് എനിക്കുള്ളത്. മററു പല അവസരങ്ങളിലും ഭരണപരിഷ്ക്കാരത്തെ സംബന്ധിച്ചുള്ള ചർച്ചകഠം ഈ വേദിയിൽ നടന്നിട്ടുണ്ട്. അന്നെല്ലാം ഈ ഭരണപരിഷ്ക്കാരങ്ങളെ സംബന്ധിച്ച് ഒരു ശാസ്ത്രീയമായ സമീപനം സ്വീകരിക്കണമെന്നു പറഞ്ഞ ആളുകളുണ്ട്. പക്ഷെ എന്തിനാണു എല്ലാപേരേയും പിണക്കാൻ പോകുന്നതെന്ന ചോദ്യമാണ് അവരിൽനിന്നും കേഠക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ, നമ്മഠം ആസൂത്രണം ചെയ്യുന്ന കാര്യങ്ങഠം നാം ചെയ്തു തീർക്കാൻ ശ്രമിക്കുന്ന കാര്യങ്ങഠം ഫലപ്രദമായും കാര്യക്ഷമമായും ചെയ്യാൻ കഴിയുന്ന രീതിയിൽ ഈ സെക്രട്ടേറിയററുമുതൽ താഴെ വില്ലേജാഫീസുവരെയുള്ള നമ്മുടെ ഭരണ സംവിധാനം ഒന്നു അഴിച്ചുപണിയാൻവേണ്ടി പുനഃസംവിധാനം ചെയ്യാനും പുനരാവിഷ്ക്കരിക്കാനും തയ്യാറാകണം. അതിനുള്ള ചില നിർദ്ദേശങ്ങഠം ഇതിലുണ്ട്. ഇതുനടപ്പിലാക്കുമ്പോഠം ഒരു ഉദ്യോഗസ്ഥന്റെയോ ഒരു ഭരണകർത്താവിന്റെയോ കാഴ്ചപ്പാടിൽകൂടിയായിരിക്കണം നടപ്പിലാക്കേണ്ടത്. നമ്മുടെ ഭരണകൂടം ടോപ് ഹെവിയാണെന്നു ആരും ഒരിക്കലും പറയാൻ മടിക്കാത്തതാണ്. ഈ രാജ്യത്തെ ബ്യൂറോക്രസിയിൽ ഏററവും വലിയ ബ്യൂറോക്രസിയെന്നു പറയാൻ മടിക്കാത്ത നമ്മുടെ ഭരണ സംവിധാനം ടോപ്ഹെവി ആണെന്നപരാതി ജനങ്ങഠക്കുണ്ടെന്നറിയാനും അവരുടെ വികാരങ്ങളുടെ ചൂട് ഉഠക്കൊള്ളാനും അവരുടെ ചിന്താഗതിയുടെ ലോജിക് മനസ്സിലാക്കാനും കഴിയുന്ന ആളുകളെ ഉഠപ്പെടുത്തിക്കൊണ്ട് പുനഃസംവിധാനത്തിനു തയ്യാറാകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജററിനെ ഹൃദയംഗമമായി പിൻതാങ്ങുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സർ, ഈ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം വച്ചു നോക്കുമ്പോഠം ഈ ബഡ്ജററിനെ സ്വാഗതം ചെയ്യാൻ നിവൃത്തിയില്ല. സർ, ഈ സംസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട പ്രശ്നം ഈ സംസ്ഥാനത്തിലെ തൊഴിൽരഹിതരായ യുവജനങ്ങളുടെ പ്രശ്നമാണ്. ഈ പ്രശ്നം കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നമെങ്കിൽ പുതിയ തൊഴിൽത്തുറകൾ ഉണ്ടാകണം, തൊഴിൽസാധ്യ
തകൾ ഉണ്ടാകണം. തൊഴിലില്ലായ്മ പടിപടിയായി ഭാഗികമായെങ്കിലും
പരിഹരിക്കപ്പെടണം. ഈ ബഡ്ജററ് പരിശോധിച്ചതിൽ ഞാൻ ഭയപ്പെ
ടുന്നു സർ, ഈ സംസ്ഥാനത്തിലെ തൊഴിലില്ലായ്മ വർദ്ധിക്കുവാനാണ്
ഇട. അനുകൂലമായ സാമ്പത്തികസ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തു
നടപ്പു വർഷത്തേക്കു ഉണ്ടെങ്കിൽക്കൂടി അതു കുറേയേറെ പ്രയോഗത്തിൽ
ഉപയോഗിക്കുവാനായി ഈ ബഡ്ജററ് പരാജയപ്പെട്ടിരിക്കുകയാണ്.
മുൻധനകാര്യകമ്മീഷനുകളെ അപേക്ഷിച്ച് നിസ്സംശയം പറയാൻ
സാധിക്കുന്ന ഒരു കാര്യമുണ്ട്. ഈ ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിൽ
(അവാർഡിൽ) എന്തെല്ലാം വീഴ്ചകളുണ്ടായാലും വേണ്ടില്ല. ആ വീഴ്ച
കളിൽ പ്രധാനപ്പെട്ടത് ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട് അതെല്ലാം
കഴിച്ചാലും വലുതായ ഒരു തുക ഈ സംസ്ഥാനത്തിനു ഗ്രാൻറായും
എയിഡ് ആയും ഈ അവാർഡ് പ്രകാരം കിട്ടിയിട്ടുണ്ടെന്നുള്ള വസ്തുത
നമുക്കു വിസ്മരിക്കുവാൻ നിവൃത്തിയില്ല. അതു ഈ ബഡ്ജററിലെ
നികുതികാര്യങ്ങൾ പരിശോധിക്കുമ്പോൾ കുറേയേറെ മനസ്സിലാ
ക്കുവാൻ കഴിയും. കേന്ദ്രനികുതിയിനത്തിലും ഈ സംസ്ഥാനത്തിന്
ആകെയുള്ള നികുതിയിനങ്ങളിലും കൂടി 1975-76-ൽ കിട്ടിയിട്ടുള്ളത്
ആകെയുള്ള നികുതിയിനം നൂറാണെങ്കിൽ കേന്ദ്രത്തിൽനിന്നും കിട്ടി
യിട്ടുള്ളത് 27.9 ആണ്. 1976-77-ൽ 25.83 ആയി, 1977-78-ൽ അതു
24.45 ആയി, 1978-79-ൽ അതു റിവൈസ്ഡ് എസ്ററിമേററു പ്രകാരം
24.05 ആയി, 1979-80-ൽ അതു 35.04 ആണ്. ഇതു വലുതായ ഒരു
വ്യത്യാസം നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയിട്ടുണ്ട്. അതു
കൊണ്ടുതന്നെ ഈ സംസ്ഥാനത്തുനിന്നും പിരിച്ചെടുക്കേണ്ടതായ നികുതി
കൾ പടിപടിയായി കുറഞ്ഞിട്ടുണ്ട്. ജനസംഖ്യാനുപാതികമായി വർദ്ധി
ച്ചിട്ടില്ല. ആ വഴി നോക്കുകയാണെങ്കിൽ കുറഞ്ഞിരിക്കുകയാണ്. ഈ
സംസ്ഥാനത്തിലുണ്ടായിരുന്നതായ ദശാംശകണക്കുപ്രകാരം 74.17 രൂപ
ഇവിടെനിന്നും ഉണ്ടാക്കേണ്ടതായ നികുതി 64.36 ആയി കുറഞ്ഞിട്ടുണ്ട്.
ഇന്നിവിടെ വർദ്ധിച്ചിട്ടുള്ളതായ നികുതിയിനങ്ങളിൽ എല്ലാംതന്നെ
പ്രധാനമായും നികുതിയിനത്തിൽകൂടുതലായി വർദ്ധിച്ചിട്ടുള്ളതു
എക്സൈസ് ഡ്യൂട്ടിയാണ്. എക്സൈസ് ഡ്യൂട്ടിയുടെ കാര്യം പറയു
കയാണെങ്കിൽ 1957-58-ൽ വെറും 2 കോടി രൂപയായിരുന്നു നമുക്കു
കിട്ടിയിരുന്നത്. ഇത് 1970-71 ആകുമ്പോൾ പത്തു കോടിയായി.
1975-76-ൽ 21 കോടിയായി, 1976-77-ൽ 31 കോടിയായി. 1977-78-ൽ
39 കോടിയായി, 1978-79-ൽ റിവൈസ്ഡ് എസ്ററിമേററ് പ്രകാരം
41 കോടിയായി. 1979-80-ലെ ബഡ്ജററിൽ 50 കോടി. ഇന്നലെ
നടന്നിട്ടുള്ളതായ ലേലത്തിന്റെ കണക്കു പ്രകാരം 2 കോടി കൂടി കിട്ടിയി
ട്ടുണ്ട്. അപ്പോൾ 52 കോടി രൂപയായി. ഈ വർദ്ധനവുകൊണ്ട് ഈ
രാജ്യത്തെ മുഴുവൻ ജനങ്ങളെയും കുടിപ്പിച്ചുകൊണ്ട് എക്സൈസ്
വരുമാനം വർദ്ധിപ്പിച്ചു എന്ന അഭിപ്രായം ഞാൻ കൊണ്ടുവരുന്നില്ല.
അതു ഭാഗികമായി ശരിയായിരിക്കാം. പരിപൂർണ്ണമായും ഏതായാലും
ശരിയല്ല. കാരണം എക്സൈസ് ഡ്യൂട്ടി ലെവിചെയ്യുന്ന റേററിൽ
വളരെയധികം വർദ്ധനവു വന്നിട്ടുണ്ട്. ആ വർദ്ധനവ് ഇതിലും
കാണുന്നുണ്ട്. ഈ സംസ്ഥാനത്തെസംബന്ധിച്ചിടത്തോളം അനിവാര്യ
മായ, ഒഴിവാക്കാൻ സാധിക്കാത്തതായ ഒരു റവന്യൂ ഇനമാണ് എക്സൈസ്
ഡ്യൂട്ടീസ്. ആ എക്സൈസ് ഡ്യൂട്ടീസ് ക്രമാതീതമായി വർദ്ധിക്കു
ന്നുണ്ടെങ്കിൽ നിയന്ത്രിക്കണം. ഈ സംസ്ഥാനത്തിനു സെയിൽസ്
ടാക്സ് ഇനത്തിൽ വലുതായ വരുമാനമുണ്ട്. കഴിഞ്ഞകൊല്ലം
നിശ്ചയിച്ചിട്ടുള്ളതായ 10 ശതമാനം സർച്ചാർജ് പ്രകാരം ചുരുങ്ങിയത്

2/459—12

20.22 കോടി രൂപ കിട്ടിയിട്ടുണ്ടാകും. സംസ്ഥാനത്ത് ആകമാനമുള്ളതായ നികുതിയിനവും ഡ്യൂട്ടീസും എല്ലാംകൂടി സാരമായ വർദ്ധനവു കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് ഇക്കൊല്ലത്തിൽ ഇല്ലെന്നുള്ളതാണ് പരമാർത്ഥം. അതു വേണ്ടിവരാതിരിക്കുവാനുള്ള പ്രധാന കാരണം കേന്ദ്ര ഇനത്തിൽ കൊടുത്തിട്ടുള്ളതായ നികുതിഭാഗം വളരെ വർദ്ധിച്ചു എന്നുള്ളതാണ്. പക്ഷേ അതു എങ്ങനെയാണ് നിങ്ങൾ ചെലവാക്കുന്നതെന്നുള്ളതിന്റെ ഒരു ചെറിയ ഉദാഹരണം മാത്രമേ ഞാൻ ഇവിടെ ഉദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുള്ളു. എനിക്കു കൂടുതൽ സമയമില്ല. എക്കണോമിക് ഡവലപ്പുമെന്റ് സർവ്വീസിൽ വളരെ പ്രധാനപ്പെട്ടതായ ജലസേചനം, പൊതുമരാമത്ത്, വനം, ഗതാഗതം, കമ്മ്യൂണിക്കേഷൻസ് എന്നീ ഇനങ്ങളിൽ സർ, 1977-78-ൽ നീക്കിവച്ചിരുന്നത് 5140 ലക്ഷം രൂപയായിരുന്നു. 1978-79-ൽ റിവൈസ്ഡ് എസ്റ്റിമേററ് പ്രകാരം 6149 ലക്ഷം രൂപയാണ്. 1979-80-ൽ ഇതിനു നീക്കിവച്ചിട്ടുള്ളത് 5105 ലക്ഷം രൂപയാണ്. 1977-78-ലെ ബഡ്ജററിനെക്കാൾ കുറവാണ്. 1978-79-ലെ റിവൈസ്ഡ് എസ്ററിമേററ് പ്രകാരമുള്ള തുകയെക്കാൾ വളരെ കുറവാണ്. ഇതാണ് എക്കണോമിക് ഡവലപ്പ്മെന്റ് സർവ്വീസ്സിനു ഈ സംസ്ഥാനത്തുള്ളത്. ഈ സംസ്ഥാനത്തെ ജലസേചനം, പൊതുമരാമത്ത്, വനം (വനത്തിൽ പല കാര്യങ്ങളും ഉൾപ്പെടുന്നുണ്ട്) ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻസ് ഇതിനെല്ലാം വേണ്ടി നീക്കിവച്ചിട്ടുള്ള തുക വളരെയധികം കുറഞ്ഞുപോയിരിക്കുന്നു. അതിന്റെ പ്രധാനമായ ഒരു കാരണം വികസനേതര ചെലവുകൾ കാലാകാലം കൈയ്യും കണക്കുമില്ലാതെ വർദ്ധിച്ചുവരുന്നു എന്നുള്ളതാണ്. 1978-79-ലെ റിവൈസ്ഡ് എസ്ററിമേററിനേക്കാൾ 1979-80-ൽ 449 ലക്ഷം രൂപ വർദ്ധനവ്, അതായത് 3.47 ശതമാനമാണ് ബഡ്ജററ് പ്രകാരം വർദ്ധനവു കാണുന്നത്. സർ, ഈ സംസ്ഥാനം പ്രശ്നസംസ്ഥാനം അല്ലാതെ മാററണമെങ്കിൽ തീർച്ചയായും ഈ സംസ്ഥാനത്തു വ്യവസായവൽക്കരണം വേണം. അഖിലേന്ത്യാനിലവാരത്തിൽ വളരെയധികം കാർഷിക പ്രാധാന്യമുള്ളതായ ഒരു സമ്പദ്‌വ്യവസ്ഥ ഉണ്ടാക്കാനാണ് ഇന്നു ശ്രമം നടക്കുന്നത്. പക്ഷേ ഈ സംസ്ഥാനത്തെ കാർഷിക വിഭവങ്ങൾ വർദ്ധിപ്പിക്കുകയെന്നുള്ളതു വളരെയേറെ സാധ്യമല്ല. മററു തരത്തിലുള്ള വിളകളും ഇന്നത്തേക്കാൾ കൂടുതൽ വർദ്ധിക്കുകയെന്നുള്ളതു സാധ്യമല്ല. ഇതുരണ്ടും ചെയ്താലും ഈ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുകയെന്നുള്ളത് അതുകൊണ്ടു സാധ്യമല്ല. അങ്ങനെയാണെങ്കിൽ ഇവിടെ വ്യവസായവൽക്കരണം ഉണ്ടാകേണ്ടതുണ്ട്, ധാരാളം ചെറുകിട വ്യവസായങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഖാദിക്ക് ഇന്നുള്ളതിനേക്കാൾ എത്രയോ കൂടുതൽ പ്രോൽസാഹനം നൽകണം. ഇന്നുള്ള ഗവൺമെന്റ് കമ്പനികളുടെ പ്രവർത്തനം തൃപ്തികരമല്ല. കേരളാ സ്റേറററ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിററഡിന്റെ സബ്സിഡിയറി കമ്പനികളെല്ലാംതന്നെ നഷ്ടത്തിലാണ്. സിറാമിക്സ് 52 ലക്ഷം, ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസ് 42 ലക്ഷം, സോപ്സ് ആൻറ് ഓയിൽസ് 16 ലക്ഷം, പ്ലൈവുഡ് ഇൻഡസ്ട്രീസ് 10 ലക്ഷം, തിരുവനന്തപുരം റബ്ബർ വർക്സ് 59 ലക്ഷം ഇങ്ങനെ എല്ലാം നഷ്ടത്തിലാണ്. ഇതിന്റെയെല്ലാം ദൌർഭാഗ്യക്കണക്കുണ്ട്. ഇൻസ്റ്റാൾഡ് കപ്പാസിററിയുടെ ഏതാണ്ട് 20 ശതമാനം മുതൽ 50 ശതമാനംവരെ മാത്രമേ ഇതിലെല്ലാം ഉൽപ്പാദനമുള്ളു.

തീർച്ചയായും ഈ കമ്പനികളുടെ കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ആ കോർപ്പറേഷനുകളുടെ കാര്യത്തിലേക്കു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കടക്കുന്നില്ല. എല്ലാത്തിന്റേയും കണക്കു കാലാകാലം നമുക്കു കിട്ടുന്നുണ്ട്. എല്ലാ കോർപ്പറേഷനുകളും സാമ്പത്തികച്ചുമതല നിർവ്വഹിക്കേണ്ടതായിട്ടുള്ള എല്ലാ കോർപ്പറേഷനുകളും വലുതായിട്ടുള്ള നഷ്ടത്തിലാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെന്റേഴ്സ് പ്രവർത്തനം തുടങ്ങിയിട്ടില്ല. സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് സർ, ഈ സംസ്ഥാനത്ത് ഇല്ലാതാകുകയാണ്. ഹാൻഡ്‌ലൂം സെക്ടർ നോക്കുകയാണെങ്കിൽ 293 ലക്ഷം മീററർ ക്ലോത്ത് ഉൽപ്പാദനം നടത്തിയിരുന്നത് 193 ലക്ഷമായി കഴിഞ്ഞതിന്റെ മുമ്പിലത്തെ കൊല്ലം കുറഞ്ഞു. കഴിഞ്ഞകൊല്ലം അത് 180 ലക്ഷം മീററായി കുറഞ്ഞു. സ്മാൾ സ്കെയിൽ യൂണിററുകൾ 1815 ഉണ്ടായിരുന്നത് 1172 ആയി കുറഞ്ഞു; കഴിഞ്ഞവർഷത്തിനു മുമ്പിലത്തെക്കൊല്ലം. ഇപ്പോൾ അത് ഏതാണ്ട് ആയിരത്തിൽ അൽപ്പം കൂടുതൽ മാത്രമായി കുറഞ്ഞിരിക്കുകയാണ്. കയർ എക്സ്പോർട്ട് കൊല്ലംകൊല്ലം കുറഞ്ഞുവരികയാണ്. കാഷ്യൂവിന്റെകാര്യം പറയേണ്ടതില്ല സർ. ഈ നിലയിലാണ് നമ്മുടെ പരമ്പരാഗതമായിട്ടുള്ള വ്യവസായങ്ങളും മററു വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും മുന്നോട്ടുപോകുന്നതെങ്കിൽ വളരെയധികം പരിതാപകരമായ ഒരു സ്ഥിതിവിശേഷം ഈ സംസ്ഥാനത്ത് ഉണ്ടാകാൻ പോവുകയാണ്.

സർ, ഈ സംസ്ഥാനത്ത് ഇന്നുള്ള മഹത്തായ ഒരു പ്രോജക്ടാണ് വെള്ളൂർ ന്യൂസ്പ്രിന്റ് പ്രോജക്ട്. ആ പ്രോജക്ട് 1978 ഒക്ടോബറിൽ ഉൽപ്പാദനം തുടങ്ങേണ്ടതാണ്. ഇന്ന് ഈ ബഡ്ജററിൽ പറയുന്നു 1980 ജൂണിൽ ഒരു സമയം തുടങ്ങിയെന്നുവന്നേക്കാം. പ്രധാനമായിട്ടുള്ള കാരണം അവിടെ നടക്കുന്നതായിട്ടുള്ള തൊഴിൽത്തർക്കമാണ്. ആ തൊഴിൽത്തർക്കം പരിഹരിക്കാനായിട്ടുള്ള ഒരു മെഷിനറി അവിടെ നിലവിൽ വരുത്തുന്നതിൽ ഈ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണ്.

സർ, സെയിൽസ് ടാക്സിന്റെകാര്യം പറയുകയാണെങ്കിൽ ഈ സംസ്ഥാനത്തിലെ വിദ്യാർത്ഥികൾക്ക് വലുതായിട്ടുള്ള പരാതിയുണ്ട്. ടെക്സ്ററ് ബുക്കുകളും നോട്ടുബുക്കുകളും അതിനുള്ള സെയിൽസ് ടാക്സ് തുടർന്നു പോരുന്നു. അവർക്കു കിട്ടേണ്ടതായിട്ടുള്ള ടെക്സ്ററ് ബുക്കുകളും നോട്ടുബുക്കുകളും സഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യപ്പെടുന്നില്ലെന്നുള്ള കാര്യത്തിൽ വലുതായ ബുദ്ധിമുട്ടുകൾ അവർക്കു അനുഭവപ്പെടുന്നുണ്ടെന്നുള്ള പരാതി ഈ സംസ്ഥാനത്തിന്റെ പലഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

സർ, ഈ സംസ്ഥാനത്തിന് വളരെയധികം ആവശ്യമായിട്ടുള്ള, ഏതൊരു സംസ്ഥാനത്തിനും ആവശ്യമായിട്ടുള്ള ഒരു സർവ്വീസ് ആണ് ഹോസ്പിററൽ സർവ്വീസ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്ലാനിംഗിന്റെ കാര്യത്തിലും മററു പല കാര്യങ്ങളിലും അസന്തുലിതാവസ്ഥ നിലനിൽക്കുന്നുവെന്ന് കുറച്ചുമാസങ്ങളായി പരാതിപ്പെടുന്നതായി ഞാൻ കേൾക്കുന്നു. സർ, ഈ ആശുപത്രികളുടെ കാര്യത്തിൽ ഈ സംസ്ഥാനത്തെ ജില്ലകൾ തമ്മിലുള്ള അന്തരം അവസാനിച്ചിട്ടില്ലെങ്കിൽ സർ, പല ജില്ലകളിലും ഉള്ളതായിട്ടുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ സംവിധാനത്തിൽ പോരായ്മകളുണ്ട്. ആ പോരായ്മകൾ കൊണ്ടുള്ള ദുഃഖസ്ഥിതി ഈ സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കേണ്ടതായിട്ടുവരും. സർ, തിരുവനന്തപുരത്ത് ഒരു ലക്ഷം ജനസംഖ്യയ്ക്ക് 200 ബഡ്ഡുകൾ ഉണ്ട്. ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

150 ബെഡ്ഡുകൾ വീതം തൃശ്ശൂരിൽ 100 ബെഡ്ഡ്. ഇടുക്കിയിൽ 39 ബെഡ്ഡ്. മലപ്പുറത്ത് 39 ബെഡ്ഡ്. കണ്ണൂരിൽ 86 ബെഡ്ഡ്. സർ, ഈ സ്ഥിതിവിശേഷം എങ്ങനെയാണ് ഇല്ലാതാക്കാൻപോകുന്നത്? ഇതിൽ ഉള്ളതായിട്ടുള്ള ഡിസ്പാരിററി എത്രയും വേഗം എങ്ങനെ അവസാനിപ്പിക്കും എന്നുള്ളതിനെസംബന്ധിച്ച ഒരു സൂചനപോലും ഈ ബഡ്ജററിൽ ഉൾക്കൊള്ളുന്നില്ല.

സർ, ഈ ബഡ്ജററ് ഒരു മിച്ചബഡ്ജററ് ആണെന്നുള്ള നിലയിൽ പലരും സന്തോഷം പ്രകടിപ്പിക്കുന്നതായി കേട്ടു. സർ, എന്നെ സംബന്ധിച്ചിടത്തോളം ഞാൻ വ്യക്തമാക്കാനുദ്ദേശിക്കുകയാണ്, ഞാൻ സന്തുഷ്ടനല്ല. ഒരു ഡവലപ്പ്മെൻറൽ ഇക്കണോമിയിൽ ഡഫിസിററ് ഫിനാൻസിംഗ് ആവശ്യമാണ്. ആ തരത്തിലുള്ള ഡെഫിസിററ് ഫിനാൻസിംഗ് കൊണ്ടു മാത്രമേ സമ്പദ്‌വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുത്താൻ സാധിക്കുകയുള്ളു. ഇന്ന് ഈ സംസ്ഥാനത്തു എന്താണ് കാണുന്നത്? 10.74 കോടി ഡെഫിസിററ് ആയിരുന്നത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കു ഉദാരമായി സംഭാവന ഏർപ്പെടുത്തിക്കൊടുത്തതിനുശേഷം 12.50 കോടിയായി മാറി. അതുപോലെതന്നെ നികുതിയില്ലെന്നു പറയുന്നതു ശരിയല്ല. പുതിയ നികുതിയാണ് സെയിൽസ് ടാക്സ് സർച്ചാർജ്ജ്. ഒരൊററകൊല്ലത്തേക്കു മാത്രമാണ് കഴിഞ്ഞ കൊല്ലം ഈ സഭ അനുവാദം കൊടുത്തത്. അത് ഈ കൊല്ലവും തുടരുമെന്നു പറഞ്ഞിരിക്കുകയാണ്. അപ്പോൾ ആ പുതിയ നികുതിയുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 22 കോടി രൂപ വരും. ഇതു രണ്ടും കൂടി വച്ചു കഴിഞ്ഞാൽ 10 കോടി രൂപാ സർപ്ലസ് ആണെന്നുള്ള നിലവരും.

സർ, ഈ സംസ്ഥാനത്തിൽ ചെലവാക്കേണ്ടതായിട്ടുള്ള സംഖ്യകൾ ചെലവാക്കാതെ ഈ സംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി, ഈ സംസ്ഥാനത്തിൻെറ വ്യവസായവൽക്കരണത്തിനുവേണ്ടി യാതൊന്നുംതന്നെ പുതുതായിട്ടു ചെലവു ചെയ്യാതെ, ബഡ്ജററിൽ കൊള്ളിക്കാതെ ഈ സംസ്ഥാനത്തെ സ്തംഭനാവസ്ഥയിൽനിന്നും സ്തംഭനാവസ്ഥയിലേക്കു നീക്കുന്നതായിട്ടുള്ള ഒരു ബഡ്ജററായിട്ടാണ് ഈ ബഡ്ജററിനെ കാണാൻ സാധിക്കുന്നത്.

സർ, അവസാനമായി ഒരു വാക്കുകൂടി. 170 കോടിരൂപയുടെ പ്ലാൻ ഈ ബഡ്ജററിൻെറ ഭാഗമായിട്ടു പറഞ്ഞിരിക്കുകയാണ്. എന്നാൽ ബഡ്ജററ് പ്രസംഗത്തിൻെറ അവസാനത്തിൽ 233 കോടി രൂപയാണ് പദ്ധതിക്കുവേണ്ടി ഉദ്ദേശിക്കുന്നതെന്നും അവസാനഭാഗത്തു പറയുന്നുണ്ട്. ആ 233 കോടി രൂപയുടെ പ്ലാനാണ് ഇവിടെ നടപ്പാക്കാൻ പോകുന്നതെങ്കിൽ സർ ഈ ബഡ്ജററ് പ്രസംഗത്തിൽ ഒരു സൂചന പോലുമില്ല. അതിനുള്ളതായിട്ടുള്ള വിഭവസമാഹരണത്തെപ്പററി. ഈ വിഭവസമാഹരണമില്ലാത്തനിലയിൽ എങ്ങനെയാണ് 233 കോടി രൂപ കാണാൻ പോകുന്നത്? അത് എന്ത് ആവശ്യത്തിനുവേണ്ടിയാണ് ചെലവാക്കാൻ പോകുന്നത്. ഇത്തരത്തിലുള്ള യാതൊരു സൂചനയും കൂടാതെ 170 കോടി രൂപയുടെ പ്ലാനാണെങ്കിലും 233 കോടി രൂപയുടെ പ്ലാനാണ് ഈ സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്നതെന്നുള്ളത് രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി മാത്രമാണ് ഈ ബഡ്ജററ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്നു പറഞ്ഞുകൊണ്ടു ഞാൻ ഈ ബഡ്ജററിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: മി. ഡെപ്യൂട്ടി സ്പീക്കർ സർ, സവിശേഷമായ സാമൂഹ്യബോധം പുലർത്തുകയും സ്വന്തം നൻമകളെക്കുറിച്ചു സ്വയം സംസാരിക്കുകയും ചെയ്യുന്ന ഒരു ബഡ്ജററിനു
11 A. M.] രൂപം കൊടുത്ത ഗവൺമെൻറിനെയും അതവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെയും ഞാൻ അഭിമാനപൂർവ്വം അനുമോദിക്കുകയാണ്. ജനനിബിഡവും പ്രശ്നനിബിഡവും ആയ കേരളത്തിലെ സാമൂഹ്യസാമ്പത്തികപ്രശ്നങ്ങൾക്കു സമർത്ഥവും ശാസ്ത്രീയവുമായ പ്രതിവിധികൾ ഈ ബഡ്ജററിലുൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെൻറിനേയും മററു പല സംസ്ഥാനഗവൺമെൻറുകളെയും അമ്പരപ്പിക്കുന്നവിധത്തിലുള്ള സാമൂഹ്യക്ഷേമോൻമുഖമായ ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അങ്ങനെയുള്ള ഒരു ബഡ്ജററിനെപ്പോലും എതിർക്കാൻ, രാഷ്ട്രീയപ്രതികാരബോധംകൊണ്ടുമാത്രം മുഖംനോക്കാതെ വിമർശിക്കാൻ നിർബന്ധിതരായ പ്രതിപക്ഷത്തുള്ള എൻെറ ചില സ്നേഹിതൻമാരുടെ ജീർണ്ണമായ സമീപനരീതിയിലും മാനസികമായ അടിമത്തത്തിലും ഞാൻ സഹതപിക്കുകയാണ്.

സ്വാതന്ത്ര്യസമ്പാദനാനന്തരമുള്ള ഇൻഡ്യയുടെ സാമ്പത്തികസ്ഥിതി വിശകലനം ചെയ്യുന്ന ഒരാളിനുമാത്രമേ കേരളംപോലുള്ള പ്രശ്നനിബിഡമായ ഒരു സംസ്ഥാനത്തിൽ അവതരിപ്പിച്ച ഇത്തരമൊരു ബഡ്ജററിൻെറ മെച്ചംകാണാൻ സാധിക്കുകയുള്ളു. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഇന്നുവരെയുള്ള സാമ്പത്തികസ്ഥിതി വിശകലനം ചെയ്യുമ്പോൾ അത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം നിശ്ചേതനവും നിഷേധാത്മകവുമായ ഒന്നാണെന്നു കാണാം. ജാക്കിയുടെമേൽ കയററിവച്ച് ഓൺചെയ്ത ഒരു കാറിനെപ്പോലെയാണ് ഇൻഡ്യയുടെ സാമ്പത്തികസ്ഥിതി. ചക്രങ്ങൾ കറങ്ങുകയും എണ്ണ എരിയുകയും ചെയ്തിട്ടും ഒട്ടുംദൂരം താണ്ടാൻ സാധിച്ചിട്ടില്ല. നമ്മുടെ ഭരണകർത്താക്കൾ മുപ്പതുകൊല്ലം ചെയ്തതെന്താണ്? ജീർണ്ണിച്ച മരുമക്കത്തായ തറവാട്ടിലെ മുടിയനായ കാരണവരെപ്പോലെയാണവർ ഭരിച്ചത്. ഭാവിയെപ്പററി ഒരു ബോധവുമില്ലാതെ, നാട്ടിൻെറ വിഭവങ്ങൾ മുറിച്ചെടുത്തും പറിച്ചെടുത്തും പണയപ്പെടുത്തിയും ഈ രാജ്യത്തെ സാധാരണക്കാരുടെമേൽ വമ്പിച്ച നികുതിഭാരം കയററിവച്ചും അവർ രാജ്യം ഭരിച്ചു. അങ്ങനെ രാജ്യത്തൊരു സാമ്പത്തിക അരാജകത്വവും സൃഷ്ടിച്ചു. സാധാരണക്കാർക്ക് ഭാവിയെസംബന്ധിച്ച മോഹനസങ്കൽപ്പങ്ങളും മിഴിവുള്ള മുദ്രാവാക്യങ്ങളും നൽകി മയക്കിക്കിടത്തി. എന്നിട്ട് സ്വന്തം ശിങ്കിടികളെയും സിൽബന്ധികളെയും ഉയർത്തിക്കൊണ്ടുവരികയാണു ചെയ്തത്.

ഇത് കോൺഗ്രസ്സിൻെറ മാത്രം പ്രവർത്തനശൈലിയാണെന്നായിരുന്നു നമ്മളെല്ലാം പറഞ്ഞതും പഴിച്ചതും. കോൺഗ്രസ്സിനുശേഷം അധികാരമേററ ജനതാപാർട്ടിയിൽനിന്നും ഞങ്ങൾ പലതും പ്രതീക്ഷിച്ചുപോയി. ജനതാപാർട്ടി ജനിച്ചുവീണപ്പോൾത്തന്നെ ബാലാരിഷ്ടതയായിരുന്നു. അത് എഴുന്നേററു നടക്കാൻ തുടങ്ങിയപ്പോൾ വികൃതിത്തരങ്ങളേ കാട്ടിക്കൂട്ടിയുള്ളു. അവരുടെ അന്തഃച്ഛിദ്രം കണ്ടും അടുക്കളശകാരങ്ങൾ കേട്ടും മനംമടുത്ത ഇൻഡ്യൻ ജനതയ്ക്കു ഗാന്ധിയനായ, ഈ രാജ്യത്തെ സാധാരണക്കാരുടെ പ്രതിനിധിയാണെന്നു സ്വയം അവകാശപ്പെടുന്ന ചരൺസിംഗ് തൻെറ രാഷ്ട്രീയ ശിക്ഷാവിധിക്കു ശേഷം ഒരു ബഡ്ജററുമായി രംഗപ്രവേശംചെയ്യുന്നതാണു കാണാൻ സാധിച്ചത്. ആ ബഡ്ജററിൽ എന്താണു സർ, നമുക്കു കാണാൻ സാധിക്കുന്നത്? കഴിഞ്ഞകൊല്ലത്തെ നികുതികൊണ്ടു വീർപ്പുമുട്ടിയ ഈ രാജ്യത്തെ സാധാരണക്കാരുടെമേൽ ഉപ്പുതൊട്ടുകർപ്പൂരം വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾക്കു നികുതിചുമത്തിക്കൊണ്ട് കൂടുതൽ സാമ്പത്തികഭാരം കയറ്റിവയ്ക്കുകയാണു ചെയ്തത്. അതുതന്നെയും ഒരു കമ്മിബഡ്ജറ്റായിരുന്നു. അങ്ങനെയുള്ള ഒരു ബഡ്ജറ്റിന്റെ കനത്ത ആഘാതമേററ ജനങ്ങൾക്ക് ഈ സഭയിലവതരിപ്പിച്ച ബഡ്ജറ്റ് തികച്ചും ആശ്വാസകരമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അശരണരും അബലരുമായ ആളുകൾക്കു സഹായം നൽകുന്ന ഒരു ബഡ്ജറ്റാണിത്. ഇവിടത്തെ പാവപ്പെട്ട പിഞ്ചുകുഞ്ഞുങ്ങൾക്ക് ഒരുനേരത്തെ ഊണിനു വകനൽകുന്ന, ഒരു പുരുഷായുസ്സു മുഴുവൻ ഗവൺമെന്റിനെ സേവിച്ച് ജീവിതത്തിന്റെ സായാഹ്നകാലത്തു സാമ്പത്തികദുരിതമനുഭവിക്കുന്ന പെൻഷൻകാർക്ക് കുറച്ചെന്തെങ്കിലും ആനുകൂല്യം നൽകുന്ന, അനാഥരും അബലരുമായ സഹോദരിമാരുടെ വിവാഹത്തിനുസഹായധനം നൽകുന്ന, കാർഷികകടംവായ്പ വാങ്ങിയ ആളുകൾക്ക് പലിശ ഇളവുചെയ്യുന്ന, കടലിനോടു മല്ലടിക്കുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്കു സഹായംനൽകുന്ന ഈ ബഡ്ജറ്റിനെ വിമർശിക്കാൻവേണ്ടി പ്രതിപക്ഷത്തുള്ള സ്നേഹിതൻമാർ എന്തുംപറയാൻ തയ്യാറായതു് കഷ്ടമായിപ്പോയി. ചരൺസിംഗിന്റെ ബഡ്ജറ്റ് എന്ന ഉൽക്കടപ്രഭാവോഗ്രമായ ഒരു കൊടുങ്കാറ്റിനുശേഷം മനസ്സിനു കുളുർമ്മ നൽകുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട വരദരാജൻ നായർ ഇവിടെ അവതരിപ്പിച്ചത്. ''after a storm comes a calm'' എന്നു പറഞ്ഞതുപോലെ ആ കൊടുങ്കാറ്റിനുശേഷം വളരെയധികം കുളുർമ്മയുണ്ടാക്കാൻ ഈ ബഡ്ജറ്റിനു സാധിച്ചു.

ഇവിടത്തെ സാമ്പത്തികവും സാമൂഹ്യവും കാർഷികവും വ്യാവസായികവുമായ മേഖലകളെ സംയോജിപ്പിച്ച് സമഗ്രമായ ഒരു പദ്ധതി വിഭാവനംചെയ്യുന്ന ഈ ബഡ്ജറ്റിനെ കേരളത്തിന്റെ മാഗ്നാകാർട്ടാ എന്നു വിളിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പരിമിതമായ വരുമാനമാർഗ്ഗങ്ങളുടെയും പരിധിവിട്ട സാമൂഹ്യക്ഷേമ പരിപാടികളുടെയും മുൻപിൽ ഒരു ഗവൺമെന്റിനും ഇതിനേക്കാൾ നല്ല ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധ്യമല്ല. എന്റെ സ്നേഹിതൻ ചന്ദ്രശേഖരൻ നോൺപ്ലാൻ എക്സ്പെൻറിച്ചറിനെക്കുറിച്ചു പരാമർശിച്ചു. ബഡ്ജറ്റ് പ്രസംഗത്തിന്റെ പത്താംപേജിലേക്ക് ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിക്കുകയാണ്. "1978-79-ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ നോൺപ്ലാൻ ചെലവിൽ 31 കോടി രൂപയാണ് വർദ്ധനവുള്ളത്. ഇക്കൊല്ലത്തെ പദ്ധതിച്ചെലവിന്റെ ഒരു ഭാഗം നോൺപ്ലാൻ ഇനത്തിലേക്കു മാറ്റുന്നതുകൊണ്ട് വന്ന അധികച്ചെലവാണ് ഈ വർദ്ധനവിനു പ്രധാനകാരണം. വിദ്യാഭ്യാസം, വൈദ്യസഹായം, പെൻഷൻ, സാമൂഹ്യക്ഷേമം മുതലായ ഇനങ്ങളിലാണ് മുഖ്യമായും വർദ്ധനവുണ്ടായിട്ടുള്ളത്'' എന്ന് ധനകാര്യമന്ത്രി പറഞ്ഞിട്ടുണ്ട്. അപ്പോൾ, നോൺപ്ലാൻ എക്സ്പെൻറിച്ചർ എന്നുപറയുന്നത് പാഴ്ചെലവല്ല സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ചെലവാണ് എന്നു കാണാൻ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഒരുങ്ങുമെന്നു ഞാനാഗ്രഹിക്കുകയാണ്. ഇന്ത്യയിൽ സാമ്പത്തികമായി ഏററവും മുന്നാക്കം നിൽക്കുന്ന അഞ്ചു സംസ്ഥാനങ്ങളുണ്ട്—പഞ്ചാബ്, ഹര്യാന, മഹാരാഷ്ട്രാ, ഗുജറാത്ത്, കർണ്ണാടകം. ഈ ഓരോ സംസ്ഥാനങ്ങളെയും എടുത്തുനോക്കിയാൽ അവിടെ പ്രതിശീർഷം ഈടാക്കുന്ന നികുതിയും സാമൂഹ്യക്ഷേമത്തിനുവേണ്ടി പ്രതിശീർഷം ചെലവാക്കുന്ന തുകയും എത്രയാണെന്നു കാണാം. ആ കണക്കുകളെല്ലാം ശരിക്കൊന്നു വിശകലനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുനോക്കിയാൽ മാത്രമേ കേരള ഗവൺമെൻറ് എത്രമാത്രം മുന്നോട്ടു പോയിട്ടുണ്ടെന്നു മനസ്സിലാകുകയുള്ളു. പഞ്ചാബിലെ ഗവൺമെൻറ് പ്രതിശീർഷം ഈടാക്കുന്ന നികുതി 153 രൂപ 94 പൈസയാണ്. ഇത് 1978-79-ലെ കണക്കാണ്. പഞ്ചാബിലെ ഗവൺമെൻറ് ഒരാരംക്കു സാമൂഹ്യക്ഷേമപ്രവർത്തനത്തിനുവേണ്ടി ചെലവാക്കുന്നത് 96 രൂപ 72 പൈസയാണ്. ഹര്യാനയിലും മഹാരാഷ്ട്രയിലും ഗുജറാത്തിലും കർണ്ണാടകത്തിലുമെല്ലാം ഇതിനേക്കാളും വളരെ കുറവാണ്. എന്നാൽ കേരളത്തിന്റെ സ്ഥിതിയെന്താണ്? ഇവിടെ പ്രതിശീർഷം ഈടാക്കുന്ന നികുതി 87 രൂപ 64 പൈസയാണ്. എന്നാൽ പ്രതിശീർഷം സാമൂഹ്യക്ഷേമത്തിനുവേണ്ടി ചെലവാക്കുന്നത് 102 രൂപ 96 പൈസയാണ്. അങ്ങനെയുള്ള ഈ ബഡ്ജററ് തെററാണെന്നും രാഷ്ട്രീയ സ്ററണ്ടാണെന്നും പറയുന്നത് ഹൃദയശൂന്യതയായിപ്പോയി. എന്താണു കേന്ദ്ര ബഡ്ജററിന്റെ സ്ഥിതി? അതിന്റെ ഗുണദോഷങ്ങൾ വിശകലനം ചെയ്യാതെ കേരളത്തിന്റെ ബഡ്ജററിനെക്കുറിച്ച് എന്തെങ്കിലും അപശ്രദ്ധം നടത്തുന്നതു ശരിയല്ലെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരനെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. കേന്ദ്രഗവൺമെൻറിന്റെ ബഡ്ജററിൽകൂടി ശ്രീ. ചരൺസിംഗ് നടത്തിയത് ഒരു 'ഹൈജംബാ'യിരുന്നു. താൽക്കാലികമായ ഒരു ഇരച്ചുകയററം. വീണിടംകൊണ്ടു തന്നെ അതവസാനിക്കുകയാണ് ചെയ്തത്. എന്നാൽ കേരളത്തിലെ ബഡ്ജററ് ഒരു ''ലോംഗ്ജമ്പാണ്''. ധാരാളം ദൂരം താണ്ടാൻ നമുക്കു സാധിച്ചിട്ടുണ്ട്. എല്ലാ വിഭാഗം ആളുകൾക്കും വിശിഷ്യാ സമൂഹത്തിലെ ദുർബലരായ ആളുകൾക്ക് ധാരാളം നൻമചെയ്യാൻ ഈ ബഡ്ജററു കൊണ്ടു സാധിച്ചിട്ടുണ്ട്.

എന്റെ മാന്യസ്നേഹിതൻ ഡോ. അടിയോടി പറഞ്ഞു ഈ ഗവൺമെൻറിന് ഈ നേട്ടങ്ങളെല്ലാമുണ്ടായത് ഈ ഗവൺമെൻറിനെക്കൊണ്ടല്ല മുൻ ഗവൺമെൻറുകളെക്കൊണ്ടാണ് എന്ന്. അദ്ദേഹത്തിന് അങ്ങനെയെങ്കിലും ആശ്വസിക്കാൻ കഴിഞ്ഞതിൽ ഞാൻ ആഹ്ലാദിക്കുകയാണ്. ഈ ഗവൺമെൻറിന്റെ ബഡ്ജററ് നിർദ്ദേശങ്ങളെ വിമർശിക്കുന്നവരോട് എനിക്കൊന്നേ പറയാനുള്ളു. സ്വന്തം കുഞ്ഞിനു മുലപ്പാൽകൊടുക്കുന്നതും ഓമനിക്കുന്നതുംപോലും വഴിവക്കിലുള്ള ആളുകളെ മാടിവിളിക്കുന്ന വേശ്യയുടെ സൂത്രമാണെന്നു വ്യാഖ്യാനിക്കുന്നതുപോലെയുള്ള ഹൃദയശൂന്യതയാണ് നിങ്ങൾ കാണിച്ചത്. ഈ രാജ്യത്തെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസംപകരുന്ന, പിഞ്ചുകുഞ്ഞുങ്ങൾക്ക് ഒരുനേരത്തെ ആഹാരത്തിനു വകനൽകുന്ന ഒരു ബഡ്ജററിനെ ഇങ്ങനെ രാഷ്ട്രീയവിരോധംകൊണ്ടുമാത്രം എതിർക്കുമ്പോൾ എനിക്കോർമ്മ വരുന്നത് ഈ വർഷത്തെ സാഹിത്യ അക്കാഡമി അവാർഡിനർഹമായ സുഗതകുമാരിയുടെ ''രാത്രിമഴ'' എന്ന കൃതിയിലെ വരികളാണ്: ''ആരോപറഞ്ഞു മുറിച്ചുമാററാൻ കേടുബാധിച്ചോരവയവം; പക്ഷേ കൊടും കേടുബാധിച്ച പാവം മനസ്സോ?'' എന്നുപറഞ്ഞതുപോലെ രാഷ്ട്രീയമായി കേടുബാധിച്ച മനസ്സിനെ ഒരിക്കലുംതന്നെ മാററാൻ സാധിക്കുകയില്ലെന്നാണെന്റെ അഭിപ്രായം. ആധുനിക വൈദ്യശാസ്ത്രം അവിടെ പരാജയപ്പെടുകയേ ഉള്ളൂ.

സർ, ഒന്നുരണ്ടു കാര്യങ്ങൾകൂടി ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുന്നു. അഡ്മിനിസ്ട്രേററീവ് ട്രൈബ്യൂണലിനെസംബന്ധിച്ച് എന്റെ മാന്യസ്നേഹിതൻ കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. അഡ്മിനിസ്ട്രേററീവ് ട്രൈബ്യൂണലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ കേന്ദ്രം ഒരു തീരുമാനമെടുത്തതായി കാണുന്നു. 42-ാം ഭരണഘടനാഭേദഗതിയിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ ഇൻഡ്യാ ഗവൺമെൻറ് ആദ്യം എതിർത്തെങ്കിലും 45-ാം ഭരണഘടനാഭേദഗതിയിൽ അതു നിലനിറുത്തിക്കൊണ്ട്, അതു വേണമെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്നാണ് പുതിയ പത്ര റിപ്പോർട്ടുകളിൽനിന്നും മനസ്സിലാകുന്നത്. മാത്രവുമല്ല, ഇൻഡ്യാ ഗവൺമെൻറ് ഡൽഹിയിലെന്നപോലെ സംസ്ഥാനതലസ്ഥാനങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നതായി അറിയുന്നു. കേരള ഗവൺമെൻറിൻെറ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ട്രൈബ്യൂണൽ കേരള ഗവൺമെൻറുതന്നെ ഏർപ്പെടുത്തുന്നതായിരിക്കും നല്ലത്. എന്നിരുന്നാലും ഇൻഡ്യാഗവൺമെൻറ് ഈ കാര്യത്തിൽ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ കേരളഗവൺമെൻറ് സജീവമായി പരിഗണിക്കുകയും പഠിക്കുകയും ചെയ്യുമെന്നു ഞാനാഗ്രഹിക്കുന്നു. ഈ രാജ്യത്തെ ഉദ്യോഗസ്ഥൻമാരുടെ ഫയലുകൾ, പ്രൊമോഷൻ അതുപോലെയുള്ള മററു കാര്യങ്ങൾ ഇവയ്ക്കുവേണ്ടി ഭരണപരമായ ഒട്ടേറെ സമയം വ്യയംചെയ്യുന്നത് ഒഴിവാക്കാൻ ഈ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽകൊണ്ടു സാധിക്കുമെന്നു ഞാനാഗ്രഹിക്കുകയാണ്.

മറെറാരുകാര്യം ഗൾഫ് നാടുകളിൽനിന്നു വരുന്ന 400 കോടി രൂപയെ പ്പററിയുള്ള പരാമർശമാണ്. ബഹുമാനപ്പെട്ട യു. എ. ബീരാൻ ഇന്നലെ ഈ സഭയിൽ അതിനെക്കുറിച്ചു പരാമർശിക്കുകയുണ്ടായി. കുറേക്കാലമായി ഇതിനെപ്പററി പറഞ്ഞുകേൾക്കുന്നു: ഒരു ഡവലപ്പ്മെൻറ് ഫണ്ട് രൂപീകരിക്കുന്ന കാര്യം. ഒരു ഡവലപ്പ്മെൻറ് ഫണ്ട് രൂപവത്കരിക്കുകയും ഗൾഫ് നാടുകളിൽനിന്നും മററും വരുന്ന പണം സമാഹരിച്ച് ക്ഷേമാത്മകപദ്ധതികൾക്ക് ചെലവഴിക്കുകയും ചെയ്യുന്ന കാര്യം. എന്തുകൊണ്ട് ഈ ഗൾഫ് പണവും മററും സമാഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചുകൂടാ ? മററു സംസ്ഥാനങ്ങളിൽ രൂപവത്കരിച്ചതുപോലെ ഷെഡ്യൂൾഡ് ബാങ്ക് രൂപവത്കരിക്കാം. ഫണ്ട് ഉണ്ടാക്കുന്നതിൽ റിസർവ് ബാങ്കിനു പ്രത്യേകമായ എതിർപ്പുണ്ടെങ്കിൽ ബാങ്ക് ഓഫ് കേരളാ എന്ന പേരിൽ 51 ശതമാനം ഗവൺമെൻറ് ഷെയറും 49 ശതമാനം മററു ഷെയറുകളും എടുത്തുകൊണ്ട് "ബാങ്ക് ഓഫ് കേരളാ" രൂപവത്കരിക്കുകയും അങ്ങനെ ഗൾഫ് നാടുകളിൽനിന്നു വരുന്ന പണം സമാഹരിച്ച് വികസനപരമായ പദ്ധതികൾക്ക് ചെലവഴിക്കാനാലോചിക്കുകയും ചെയ്യുന്ന പരിപാടിക്കു രൂപംകൊടുക്കാൻ എന്തുകൊണ്ട് ശ്രമിച്ചുകൂടാ ? ഗൾഫ് മലയാളികളിൽനിന്നു വരുന്ന പണത്തെപ്പററി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പരാമർശിച്ചു. വീടുവയ്ക്കാനാണ് ആ പണം ഉപയോഗിക്കുന്നതെന്നു പറഞ്ഞു. ശരിയാണ്. ഇവിടെ ഹൗസിംഗ് ബോർഡ് ഗൾഫ് നാടുകളിൽനിന്നു വരുന്നവർക്കായി പ്രത്യേകം ഭവനനിർമ്മാണത്തിനുവേണ്ടിയുള്ള സമഗ്രമായ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ അതു കുറയ്ക്കാൻ സാധിക്കും. ജീവിതത്തിൽ വളരെക്കാലം കഷ്ടപ്പെട്ട് അത്യുഷ്ണവും അതിശൈത്യവും സഹിച്ച് നേടിയെടുക്കുന്ന സമ്പത്ത് സ്വന്തം കുടുംബത്തിന് ഒരു കൊച്ചുവീടുവയ്ക്കണമെന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവരുന്നവരെ നമുക്കു പഴിക്കാൻ നിർവ്വാഹമില്ല.

<u>ശ്രീ. പി. ആർ. കുറുപ്പ്:</u> പാർലമെൻറിൻെറ നിയമം കൂടാതെയും റിസർവ് ബാങ്കുമായി സമ്യക്കായ ബന്ധം കൂടാതെയും ബാങ്ക് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

കേരളാ രൂപീകരിക്കാനും അതിലേക്കു ഗൾഫു രാജ്യങ്ങളിലെ പണം നിക്ഷേപിക്കാൻ നിർബന്ധിക്കാനും സാധിക്കുമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: റിസർവ്വ് ബാങ്കിന്റെയും കേന്ദ്രഗവൺമെന്റിന്റെയും മുൻപിൽ ഈ നിർദ്ദേശം വയ്ക്കണമെന്നാണു ഞാൻ പറഞ്ഞത്. അങ്ങനെ ഷെഡ്യൂൾഡ് ബാങ്ക് ഉണ്ടാക്കിയാൽത്തന്നെ മററു ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നു വ്യത്യസ്തമായ ഒന്നും സാധിക്കുമെന്നുള്ള അഭിപ്രായവും എനിക്കില്ല. പക്ഷേ ബാങ്ക് ഓഫ് കേരളാ എന്ന പേരിൽ സമാഹരിക്കുന്ന പണം സംബന്ധിച്ച് 51 ശതമാനം ഷെയറുള്ള ഗവൺമെന്റിന് കുറച്ചെല്ലാം നിയന്ത്രിക്കാൻ സാധിക്കും. അതുകൊണ്ട് ഗൾഫ് മലയാളികളെസംബന്ധിച്ച പ്രശ്നങ്ങളും ഗവൺമെന്റ് വളരെയേറെ സജീവമായി പരിഗണിക്കണം.

വീണ്ടും വീണ്ടും ഗവൺമെന്റിന്റെ മുൻപിൽ വയ്ക്കാനുള്ളത് പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം സംബന്ധിച്ച കാര്യമാണ്. ഇന്നും പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സാമുദായിക പ്രാതിനിധ്യം വേണ്ടവണ്ണം പാലിക്കുന്നില്ല. പല പൊതുമേഖല സ്ഥാപനങ്ങളിലെയും പ്രധാന എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻമാർ പബ്ലിക് സർവീസ് കമ്മീഷനെപ്പോലും മറികടന്ന് നിയമനങ്ങൾ നടത്തുന്നുണ്ട്. അങ്ങനെ നടത്തുന്ന നിയമനങ്ങൾകൊണ്ട്, അർഹമായ പ്രാതിനിധ്യം ലഭിക്കേണ്ട ഒരു വലിയ വിഭാഗം അവഗണിക്കപ്പെട്ടുപോകുകയാണ്. അങ്ങനെ അവഗണിക്കപ്പെട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്.

സജീവരാഷ്ട്രീയ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ആർ.എസ്.എസ്. നെപ്പററിയൊന്നും ഞാൻ പറയുന്നില്ല. ആർ.എസ്.എസ്. നെപ്പററി പറയാൻ ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാട് ഈ സഭയിൽ ഉള്ളതുകൊണ്ട് ഞാൻ അക്കാര്യത്തിലേക്കു കടക്കുന്നില്ല. ഞാനതദ്ദേഹത്തിനുവിടുന്നു. ആ കാര്യം ഞങ്ങൾ പറയേണ്ട ആവശ്യമില്ലാത്ത ഒരു ചുററുപാടുണ്ടായതിൽ ഞങ്ങൾക്കും മനസ്സിന് ഒരാശ്വാസമുണ്ട്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ, 1965 നുശേഷം കേരളത്തിലുണ്ടായ രാഷ്ട്രീയ സ്ഥിതിയാണ് ഇന്നുള്ളത്. അവിടെ, കേന്ദ്രത്തിൽ, ഒരു കക്ഷിക്കും പ്രത്യേകമായ ഭൂരിപക്ഷം നേടി ഭരിക്കാൻ സാധ്യമല്ലാത്ത ചുററുപാടാണ്. ഈ ചുററുപാടിൽ ഏററവും വലിയ രാഷ്ട്രീയമായ ഒരുത്തരവാദിത്വം വഹിക്കേണ്ട ഇൻഡ്യയിലെ മതന്യൂനപക്ഷങ്ങളെ ബാധിക്കുന്ന പ്രശ്നം കേരളത്തിന്റെ രാഷ്ട്രീയത്തിലും അലതല്ലുന്നുണ്ട് എന്നുമാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളു. ഈ രാജ്യത്ത് ഉത്തരവാദിത്വമുള്ള രാഷ്ട്രീയനേതാക്കൻമാർ പാർട്ടി ഏതായാലും പ്രസ്ഥാനമേതായാലും—വേണ്ടവണ്ണം അതു മനസ്സിലാക്കിയതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഗവൺമെന്റിനെ ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[Shri Vakkom Purushothaman in the chair]

ശ്രീ. വി. ടി. സെബാസ്ററ്യൻ: സർ, ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുകയാണ്. പ്രതിപക്ഷം ഈ ബഡ്ജററിനെ എതിർക്കുന്നതിനുവേണ്ടി വളരെയധികം ഇരുട്ടിൽ തപ്പുന്നത് ഇതിനോടകം [illegible]

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. ഈ സമ്മേളനമാരംഭിച്ചപ്പോൾ കൃതജ്ഞതാ പ്രമേയ ചർച്ചാവേളയിൽ ചില ആക്ഷേപങ്ങൾ പ്രതിപക്ഷത്തുനിന്നു തൊടുത്തു വിടാൻ ശ്രമിച്ചു. പക്ഷേ ഈ ചർച്ചയിൽ ആ രീതിയിലുള്ള അഭിപ്രായങ്ങൾപോലും പ്രകടിപ്പിക്കാൻ പ്രതിപക്ഷത്തിനു കഴിഞ്ഞില്ല. കഴിഞ്ഞ ദിവസങ്ങളിൽ സംസാരിച്ചത് ശരിയായില്ല എന്നുള്ള കുററബോധമാണ് അതാവർത്തിക്കാതിരിക്കാൻ അവരെ പ്രേരിപ്പിച്ചത് എന്ന ബോധ്യം എനിക്കുണ്ട്. ഈ ബഡ്ജററിലെ നല്ലകാര്യങ്ങളിലേക്കു കടന്നു ചിന്തിക്കാനോ അവയെപ്പററി പരാമർശിക്കാനോ പോരായ്മകൾ ചൂണ്ടിക്കാണിക്കാനോ ഉള്ള മനോഭാവം പ്രതിപക്ഷഭാഗത്തുനിന്നുണ്ടായില്ല. വെറുമൊരു നിഴൽ യുദ്ധമ ണ് പ്രതിപക്ഷത്തുനിന്നു നടത്തിയത് എന്നു പറയാതിരിക്കാൻ സാധിക്കുകയില്ല. ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി, കാർഷികമേഖല വികസിപ്പിക്കുന്നതിനുവേണ്ടി, എന്നുവേണ്ട ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒന്നും ഈ ബഡ്ജററിൽ ഇല്ലെന്നു പ്രതിപക്ഷം പറഞ്ഞപ്പോൾ അവർ വായിച്ചു നോക്കിയ ബഡ്ജററ് നമ്മുടെ കേരള നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജററാണോ മറേറതെങ്കിലും നിയമസഭയിലവതരിപ്പിച്ചതാണോ എന്നുവരെ എനിക്കു സംശയം തോന്നിയിട്ടുണ്ട്. കാർഷികമേഖലയ്ക്ക് ഇത്രയും മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു ബഡ്ജററ് ഇതിനുമുൻപ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ രാജ്യത്തെ നാണ്യവിളകളുൽപ്പാദിപ്പിക്കുന്ന മലയോരപ്രദേശത്തെ കൃഷിക്കാർ കാലാവസ്ഥയെ മാത്രമാശ്രയിച്ചു കൃഷിചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് ചിലവർഷങ്ങളിൽ ഉൽപാദനം കുറയുകയും ചില വർഷങ്ങളിൽ കൂടുകയും ചെയ്യും. അങ്ങനെയുള്ള ഏററക്കുറവുകൾ കാരണം ബുദ്ധിമുട്ടുന്ന കൃഷിക്കാരന് കാലാവസ്ഥയെ ആശ്രയിക്കാതെതന്നെ സ്ഥിരമായ അവന്റെ കാർഷികവിളവുകൾ മെച്ചപ്പെടുത്താൻ വേണ്ട ഒരു തുടക്കം ഈ ബഡ്ജററിൽ ആരംഭിച്ചിട്ടുണ്ട് എന്നുള്ളത് കർഷകരെ സംബന്ധിച്ചിടത്തോളം വളരെയധികം ആശ്വാസപ്രദമായ ഒരു കാര്യമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ''ഭൂമി, വെള്ളം, തൊഴിൽശക്തി, വൈദ്യുതി എന്നീ വിഭവങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ബൃഹത്തായ ഒരു കാർഷികവികസനപദ്ധതി ഈ കൊല്ലംതുടങ്ങി വരുന്ന അഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനത്തുടനീളം നടപ്പിലാക്കുവാനുദ്ദേശിക്കുന്നു''—സർ, കാർഷികമേഖലയെ സംബന്ധിച്ച് ഇതിനേക്കാൾ മെച്ചമായ ഒരു പ്രവർത്തനം ഭാവനചെയ്യാൻ കഴിയുമോ എന്നു ഞാൻ പ്രതിപക്ഷത്തോടു ചോദിക്കുകയാണ്. കഴിഞ്ഞകാലത്ത് നമ്മുടെ രാജ്യത്ത് ഈ സമയത്തെ സ്ഥിതിയെന്തായിരുന്നു എന്ന് ആലോചിക്കണം. നാലഞ്ചു വർഷത്തിനുമുൻപ് നമ്മുടെ വികസനപ്രവർത്തനങ്ങൾ "മുഴുവൻ നിർത്തിവയ്ക്കുകയും ഉദ്യോഗസ്ഥൻമാർക്കു ശമ്പളംകൊടുക്കാൻ രാജ്യത്തെ കലാകാരൻമാരെ ആശ്രയിക്കുകയും ചെയ്ത കേരളം ഇന്നു മിച്ച ബഡ്ജററവതരിപ്പിക്കത്തക്ക തരത്തിൽ മുന്നോട്ടു പോയെങ്കിൽ ദീർഘവീക്ഷണത്തോടുകൂടി ഭരിക്കുന്ന ഒരു ഗവൺമെൻറ് നമ്മുടെ രാജ്യം ഭരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണത് എന്നുള്ളതിനു യാതൊരു സംശയവുമില്ല. കഴിഞ്ഞദിവസം ശ്രീ. എ. പി. കുര്യൻ സംസാരിച്ചപ്പോൾ ഒരു കാര്യം സൂചിപ്പിച്ചു. നെല്ലിന്റെ തറവില വളരെ പരിമിതമായിപ്പോയി, അതു മതിയെന്നു കേരള കോൺഗ്രസ്സുകാരനു പറയാൻ കഴിയുമോ എന്നദ്ദേഹം ചോദിച്ചു. നെല്ലിന്റെ തറവില കൃഷിക്കാരെ സംബന്ധിച്ചിടത്തോളം തൃപ്തികരമാണെന്ന അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷേ 90 രൂപയും 100 രൂപയും നെല്ലിനു വിലയായിട്ട് കൃഷി നഷ്ടമായിത്തീർന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിൽ നഷ്ടമാകാതിരിക്കുകയെങ്കിലും ചെയ്യട്ടെ എന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നെല്ലിനു 120 രൂപ തറവില നിശ്ചയിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്തു. കാർഷികവിഭവങ്ങളുടെ ഉൽപ്പാദനം കുറഞ്ഞിരിക്കുന്നു എന്നും ബഹുമാനപ്പെട്ട കുര്യൻ സൂചിപ്പിച്ചു. കപ്പയുടെയും നെല്ലിന്റെയും ഉൽപ്പാദനം മാത്രമേ വർദ്ധിച്ചിട്ടുള്ളു, നാളികേരത്തിന്റേയും മററു കാർഷിക വിഭവങ്ങളുടെയും ഉൽപ്പാദനം കുറഞ്ഞിരിക്കുന്നു എന്നദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. നെല്ലും കപ്പയും കൃഷിക്കാരൻ ഒരുവർഷം കഠിനാദ്ധ്വാനം ചെയ്താൽ കൂടുതലുൽപ്പാദിപ്പിക്കാൻ കഴിയുന്ന വിളവുകളാണ്. പക്ഷേ നാളികേരമോ മററു കാർഷികോൽപ്പന്നങ്ങളോ വിളയിക്കണമെങ്കിൽ കൃഷിക്കാരൻ എട്ടുപത്തുവർഷം അദ്ധ്വാനം ചെയ്തെങ്കിൽ മാത്രമേ നടപ്പാകൂ എന്നുള്ള കാര്യം വിസ്മരിക്കരുത്. നാളികേരത്തിന്റെ ഉൽപ്പാദനം കുറഞ്ഞു. അതു വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്നൊക്കെ അദ്ദേഹം ചോദിക്കുകയുണ്ടായി. 15 ലക്ഷം തെങ്ങിൻതൈകൾ ഈ വർഷം വിതരണംചെയ്യാൻ ഗവൺമെന്റു തീരുമാനിച്ചിരിക്കുന്നുവെന്നത് നാളികേരത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമല്ലേ എന്നു ചിന്തിക്കണം. അതുപോലെ ഇക്കാലമത്രയും നമ്മൾ ശ്രമിച്ചിട്ടും 50000 ഏക്കർ സ്ഥലത്തു മാത്രമേ മണ്ണൊലിപ്പു നിവാരണ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളു. ഈ വർഷം $1\frac{1}{2}$ ലക്ഷം ഹെക്ടർ സ്ഥലത്തു മണ്ണൊലിപ്പു നിവാരണപദ്ധതികൾ നടപ്പാക്കാനുള്ള പ്രാരംഭ നടപടികളാരംഭിക്കാൻ പോകുന്നുവെന്ന് പറഞ്ഞിരിക്കുന്നതു കാർഷികമേഖലയ്ക്കു മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനമല്ലേ? അതുപോലെതന്നെ കശുമാവുകൃഷി, കുരുമുളകു കൃഷി, കൊക്കോ കൃഷി എന്നിവയ്ക്കെല്ലാം വളരെയധികമാനുകൂല്യങ്ങൾ ചെയ്തുകൊടുക്കാനും സൗജന്യ നിരക്കിൽ തൈകൾ എത്തിച്ചുകൊടുക്കാനുമുള്ള നടപടികൾ ഈ ബഡ്ജററിലൂടെ ആസൂത്രണം ചെയ്തിരിക്കുന്നു എന്നുള്ളതു തീർച്ചയായും കാർഷികമേഖലയ്ക്ക് അനുഗ്രഹമാണെന്നു പറയാതിരിക്കാൻ സാധിക്കുകയില്ല.

സർ, അന്തിയുറങ്ങാൻ വീടില്ലാത്ത ആളുകൾക്കു വീടുവച്ചു കൊടുക്കാൻ, 2000 രൂപ വീതം; ദുർബ്ബല വിഭാഗങ്ങൾക്കു വീടുണ്ടാക്കാൻ 500 രൂപ വീതം ഇങ്ങനെ ഗ്രാൻറായി കൊടുക്കുന്നതു തീർച്ചയായും ദുർബലവിഭാഗങ്ങളോടുള്ള ഈ ഗവൺമെൻറിന്റെ സമീപനം പ്രതിഫലിപ്പിക്കുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. സർ, നികുതിയെ മാത്രം ആശ്രയിച്ച് നമ്മുടെ രാജ്യം മുമ്പോട്ട് പോകുന്നത് ശരിയല്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ വനവിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത് തീർച്ചയായും തൊഴിൽ വർദ്ധിപ്പിക്കാനും തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാനും കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 32000 ഹെക്ടർ സ്ഥലത്ത് പുതുതായി തേക്ക് വച്ചുപിടിപ്പിക്കാൻ ആഗ്രഹിക്കുന്നു. 1000 ഹെക്ടർ സ്ഥലത്ത് സോഫ്ററ് വുഡ്. 4000 ഹെക്ടറിൽ മററ് വൃക്ഷങ്ങൾ. 10000 ഹെക്ടറിൽ ഏലം. 800 ഹെക്ടർ സ്ഥലത്ത് കുരുമുളക്, കൊക്കോ തുടങ്ങിയവ. 9000 ഹെക്ടർ സ്ഥലത്ത് കശുമാവ്. 1200 ഹെക്ടർ സ്ഥലത്ത് കാപ്പി. 1600 ഹെക്ടർ സ്ഥലത്ത് റബ്ബർ.

LIBRARY ARCHIVES Kerala Legislative Assembly

4000 ഹെക്ടർ സ്ഥലത്ത് എണ്ണപ്പന. ഇത്രയും നമ്മുടെ ഫോറസ്റ്റ് ഏരിയായിൽ കൂടുതൽ കൃഷിചെയ്തു കാർഷിക വിളകൾ കൂടുതൽ ഉണ്ടാക്കി എടുത്ത് നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കാനുള്ള ഒരു ശ്രമം ഈ ബഡ്ജററിലൂടെ കൊണ്ടുവന്നിട്ടുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. ആ പ്രവർത്തനങ്ങളുടെ ഫലമായി 54000 ജനങ്ങൾക്ക് കൂടുതലായി തൊഴിൽ ലഭിക്കുമെന്നുള്ള കാര്യം ഗവൺമെന്റ് പറയുന്നുണ്ട്. അങ്ങനെ തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ ഉണ്ടാക്കി കൊടുക്കാനുള്ള ശ്രമം ഉണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഈ കാര്യം സൂചിപ്പിച്ചത്. നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ബഹുഭൂരിപക്ഷവും നഷ്ടത്തിലാണ് നടക്കുന്നത്. കുറെ വ്യവസായസ്ഥാപനങ്ങൾ നഷ്ടം കുറച്ചുകൊണ്ടുവരാനും അൽപ്പസ്വൽപ്പം ലാഭത്തോടുകൂടി പ്രവർത്തിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ബാക്കി വ്യവസായസ്ഥാപനങ്ങൾകൂടി ലാഭകരമായി കൊണ്ടുവരേണ്ടത് നമ്മുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വളരെയധികം ആവശ്യമാണെന്നുള്ളതിൽ സംശയമില്ല. അതിനുവേണ്ടി സമഗ്രമായ ഒരു പഠനം നടത്തി അത് എങ്ങനെ ലാഭകരമായി മുമ്പോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നുള്ള കാര്യം, കൂടുതൽ തൊഴിലാളികളെ ഉൾക്കൊള്ളാൻ കഴിയുംവിധം തൊഴിൽ മേഖല എങ്ങനെ വികസിപ്പിക്കാൻ സാധിക്കുമെന്നുള്ള കാര്യം വളരെയധികം ഗൗരവപൂർവ്വം ആലോചിക്കണമെന്നുള്ള അഭ്യർത്ഥന എനിക്കുണ്ട്. ഇന്നുള്ള ചില വ്യവസായ മേഖലകൾ പുനഃസംവിധാനം ചെയ്യാൻ നടപടികൾ ഉണ്ടാകുന്നുണ്ട്. ചില വ്യവസായസ്ഥാപനങ്ങളിൽ കുറെ ആളുകളെ കൂടി ഉൾക്കൊള്ളിക്കാനുള്ള സമീപനം നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുമാത്രം വർദ്ധിച്ചുവരുന്ന ജനങ്ങളുടെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ സാധിക്കുമെന്നുള്ള അഭിപ്രായം എനിക്കില്ല. അതിനുവേണ്ടിയുള്ള വ്യക്തമായ പരിപാടികൾ ആസൂത്രണം ചെയ്ത് പ്രവർത്തിക്കാനുള്ള തയ്യാറെടുപ്പ് നമുക്കുണ്ടാകണം. ഈ ബഡ്ജററിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി നമ്മുടെ സ്വകാര്യ മേഖലയിലുള്ള വ്യവസായങ്ങൾ അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ചു വളരെയധികം പിന്നോക്കമാണെന്ന് പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പണമുള്ള ആളുകൾ അയൽ സംസ്ഥാനങ്ങളിലേക്ക് ഇവിടെയുള്ള വ്യവസായങ്ങൾ പൂട്ടിക്കൊണ്ട് പോവുകയും അവിടെ ഉള്ളവർക്ക് തൊഴിൽ നൽകുകയും ചെയ്യുന്നതുകൊണ്ടാണ് അങ്ങനെ ആളുകൾ തൊഴിലില്ലാത്തവരായി മാറുന്നതെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. വളരെ ഗൗരവത്തോടുകൂടി നമ്മുടെ രാജ്യത്തെ ട്രേഡ് യൂണിയനുകളും രാഷ്ട്രീയപ്രസ്ഥാനങ്ങളും ആലോചിക്കേണ്ട കാര്യമാണ്. നമ്മുടെ രാജ്യത്ത് പണം മുടക്കാൻ കഴിവുള്ള ആളുകൾ പണം മുടക്കി വ്യവസായം ആരംഭിക്കാതെ അയൽ സംസ്ഥാനങ്ങളിലേക്കു പോകുന്നു എന്നുള്ളതിനെപ്പററി ആലോചിക്കുകയും നമ്മുടെ സംസ്ഥാനത്തുള്ളവർ അയൽ സംസ്ഥാനങ്ങളിലേക്ക് പോകാതിരിക്കാനും വിദേശത്തുള്ളവരോ അയൽ സംസ്ഥാനങ്ങളിലുള്ളവരോ നമ്മുടെ രാജ്യത്ത് വന്ന് കൂടുതൽ വ്യവസായങ്ങൾ ആരംഭിച്ചുകൊണ്ട് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാനുള്ള കാര്യങ്ങളെപ്പററി വളരെ ഗൗരവമായി ഗവൺമെന്റും ജനങ്ങളും പ്രതിപക്ഷത്തിരിക്കുന്നവരും ഒരുമിച്ച് ഇരുന്ന് ആലോചിച്ച് വേണ്ട പരിഹാരമാർഗ്ഗം നിർദ്ദേശിച്ചില്ലെങ്കിൽ നമ്മുടെ രാജ്യം ആരു ഭരിച്ചാലും എന്തായിരിക്കും സ്ഥിതിയെന്നുള്ള കാര്യം വളരെ ഗൗരവമായി ചിന്തിക്കണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കാർഷികമേഖലയിൽ കന്നുകാലികളെ വളർത്തുന്നതിനുവേണ്ടി വളരെയധികം ആനുകൂല്യങ്ങൾ ചെയ്യുന്നുണ്ട്. കാലിത്തീററ വിതരണത്തിനുവേണ്ടി, തീററപ്പുല്ല് കൃഷിചെയ്യുന്നതിനുവേണ്ടി, നല്ലയിനം കന്നുകാലികളെ വളർത്തുന്നതിനുവേണ്ടിയുള്ള പ്രചോദനം ഉണ്ടാക്കാൻവേണ്ടി വിവിധ ഇനങ്ങളിൽ കാർഷികമേഖലയിലെ പാവപ്പെട്ട ആളുകളുടെ സാമ്പത്തികനില ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ ഗവൺമെൻറ് ആസൂത്രണം ചെയ്തിട്ടുണ്ട്.

സർ, വികസനരംഗങ്ങളിലും ഗവൺമെൻറ് കാര്യമായി ശ്രദ്ധിച്ചിട്ടുണ്ട്. മലയോര പ്രദേശങ്ങളുടെ വികസനത്തിന്, അവർക്ക് ഇലക്ട്രിസിററി എത്തിച്ചുകൊടുക്കുന്നതിന് ഗവൺമെൻറ് വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ വികസനത്തിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ 400 കിലോമീററർ പഞ്ചായത്ത് റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറെറടുത്ത് നടത്താൻ തീരുമാനം എടുത്തിട്ടുണ്ട്. അങ്ങനെ മലയോര കർഷകരുടെ വികസനത്തിനുവേണ്ടി സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ ബഡ്ജററിലൂടെ നമുക്കു കാണാൻ സാധിക്കുന്നത്. പൊതുവിൽ നോക്കിയാൽ ഈ രാജ്യത്ത് ജീവിക്കാൻ ബുദ്ധിമുട്ടുന്ന അവശർ, ആലംബഹീനർ, തൊഴിൽരഹിതർ, വാർദ്ധക്യത്തിൽ എത്തിയവർ, പെൻഷൻ പററിയ ജീവനക്കാർ എന്നുവേണ്ട എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന ആളുകൾക്ക് നമ്മുടെ ഗവൺമെൻറിൻെറ പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് പരമാവധി ചെയ്യാൻ കഴിയുന്ന സഹായം ചെയ്യാനുള്ള തയ്യാറെടുപ്പ് ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്നുള്ളത് വളരെയധികം ആശ്വാസപ്രദമായ കാര്യമാണ്. കേന്ദ്ര ഗവൺമെൻറിൻെറ ബഡ്ജററ് നമ്മുടെ രാജ്യത്ത് ഉണ്ടാക്കിവച്ചിരിക്കുന്ന വിന എന്തുമാത്രമാണെന്ന് നാം ആലോചിക്കണം.

സർ, ചില പത്രങ്ങളിൽ കേന്ദ്രബഡ്ജററ് കാർഷികമേഖലക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ബഡ്ജററാണെന്ന് എഴുതിയിരുന്നു. ഞാൻ ചോദിക്കട്ടെ ഈ ബഡ്ജററുകൊണ്ട് കേരളത്തിലെ കൃഷിക്കാർക്ക് എന്ത് പ്രയോജനമാണുള്ളത്. അത് വൻകിട കർഷകർക്ക് പ്രയോജനം കിട്ടുന്ന ബഡ്ജററാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വളത്തിന് വില കുറച്ചിട്ടുണ്ടെന്നു പറഞ്ഞു. എന്നാൽ വളം കൃഷിസ്ഥലങ്ങളിൽ എത്തിക്കാനുള്ള പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിച്ചിരിക്കുകയാണ്. മലയോരങ്ങളിൽ താമസിക്കുന്ന രോഗികൾക്ക് അസുഖം വന്നാൽ ആശുപത്രിയിൽ എത്തിക്കണമെങ്കിൽ എന്തുമാത്രം പ്രയാസം ഇതുമൂലം ഉണ്ടാകുമെന്നുള്ള കാര്യംകൂടി ആലോചിക്കണം. ഓരോ രംഗത്തേയ്ക്കും തിരിഞ്ഞുനോക്കിയാൽ കേന്ദ്രഗവൺമെൻറിൻെറ ബഡ്ജററ് നമ്മുടെ രാജ്യത്ത് സാധാരണക്കാരൻെറ ജീവിതം സ്തംഭിപ്പിക്കുമാറ് വളരെയധികം ദോഷം ഉണ്ടാക്കത്തക്കവിധത്തിൽ ഉള്ള ഒരു ബഡ്ജററാണെന്നുള്ള കാര്യത്തിൽ ആർക്കും എതിരഭിപ്രായം ഉണ്ടാകുമെന്നു തോന്നുന്നില്ല.

സർ, ശ്രീ. ചന്ദ്രശേഖരൻ പ്രസംഗിച്ചപ്പോൾ അദ്ദേഹം കേന്ദ്ര ഗവൺമെൻറിൻെറ ഒരു വക്കീലിനെപോലെ വാദിച്ചിട്ടുള്ളത് ഈ രാജ്യത്ത് പുതുതായി നികുതി നിർദ്ദേശം കൊണ്ടുവരാത്തത് കേന്ദ്രം ഉണ്ടാക്കിയ നികുതി വർദ്ധനവിൻെറ അടിസ്ഥാനത്തിൽ; കേരളത്തിന് കിട്ടുന്ന വരുമാനത്തിൻെറ അടിസ്ഥാനത്തിലാണെന്നു പറഞ്ഞു. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത് കേരളത്തിലെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞ് കേന്ദ്രത്തിലേക്ക് കൊടുക്കുന്നതിന്റെ ചെറിയൊരു വിഹിതം കൂട്ടിയെന്നുള്ളത് ആശ്വാസത്തിന് വക നൽകുന്നതല്ലെന്നുള്ളതാണ്. കേന്ദ്രത്തിൽനിന്നുള്ള സംസ്ഥാന വിഹിതം വർദ്ധിപ്പിച്ച് തരാനുള്ള മനോഭാവം ഉണ്ടാക്കാൻ വേണ്ടി നമ്മളെല്ലാം ഒരുമിച്ചുനീങ്ങാൻ ശ്രമിക്കണമെന്ന് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ അദ്ധ്വാനം ജനങ്ങൾക്ക് ഉപകാരപ്പെടുത്തുന്നതിനു വേണ്ടി ജീവിതനിലവാരം കുറെക്കൂടി മെച്ചപ്പെടുത്തുന്നതിന് തൊഴിൽ മേഖല കുറേക്കൂടി വികസിപ്പിച്ചുകൊണ്ട് തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി സമഗ്രമായ വികസനം നമ്മുടെ രാജ്യത്ത് ഉണ്ടാക്കിക്കൊണ്ട് ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയെന്നുള്ള പ്രക്രിയ പ്രാവർത്തികമാക്കാനുള്ള ശ്രമം എല്ലാ രംഗത്തുനിന്നും ഉണ്ടാകണം; കണ്ണടച്ച് ഇരുട്ടാക്കുന്ന സമീപനം ഉപേക്ഷിക്കണം.

സർ, ശ്രീ. എ. പി. കുര്യൻ സംസാരിച്ചപ്പോൾ ഒന്നുരണ്ട് സംശയങ്ങൾ ഉന്നയിച്ചു. ഈ പ്രാവശ്യത്തെ എക്സൈസ് ലേലത്തിൽ വളരെയധികം വർദ്ധന ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞു. പക്ഷെ അത് മുഴുവൻ പിരിച്ചെടുക്കാൻ സാധിക്കുമോയെന്ന് അദ്ദേഹം സംശയം പ്രകടിപ്പിച്ചു. പിന്നീട് ഇളവ് ചെയ്യുകയില്ലേ എന്നുള്ള സംശയം അദ്ദേഹത്തിന് ഉണ്ടായി. ഇതെല്ലാം പ്രാവർത്തികമായാൽ നന്നായി എന്നുള്ള തോന്നൽ അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നും ഉണ്ടായി എന്നാണ് എന്റെ അഭിപ്രായം. എന്നാൽ എക്സൈസ് ഇനത്തിൽ ഇതുവരെ ഇളവ് ചെയ്ത അനുഭവം ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇല്ല. ഇളവ് ചെയ്യുന്ന കാര്യം അദ്ദേഹം പഴയ ഓർമ്മയിൽനിന്നും പറയുന്നതായിരിക്കും. ഏതായാലും കഴിഞ്ഞ ദിവസങ്ങളിൽ നടന്ന എക്സൈസ് ലേലത്തിൽ വളരെയധികം അഴിമതി കേരളാ കോൺഗ്രസ്സുകാർ നടത്തുന്നു, ലേലത്തുകയിൽ കുറവു ചെയ്തുകൊണ്ട് പിരിക്കാൻ പോകുന്നു എന്നുള്ള ആക്ഷേപം ഉന്നയിച്ചവരോട് ഈ വർഷം പത്തുപതിനാററ് കോടി രൂപ എക്സൈസ് ഇനത്തിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നു എന്നുള്ള കാര്യം അറിയിക്കുകയാണ്. അങ്ങനെ ഈ തുകയെല്ലാം ഗവൺമെൻറ് ഖജനാവിലേക്ക് തന്നെ വരത്തക്കവിധത്തിൽ; ഇടയ്ക്കുവച്ച് മാറിപ്പോകാത്തവിധത്തിൽ ഉള്ള പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോകുന്നതിനാലാണ് പുതിയ നികുതി നിർദ്ദേശങ്ങൾ കൂടാതെ ബഡ്ജററ് അവതരിപ്പിക്കാനും വികസനപ്രവർത്തനങ്ങൾ വെട്ടിക്കുറയ്ക്കാതെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച്, അല്ലെങ്കിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് വികസന പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകാനും സാധിച്ചത് എന്നു മാത്രം ഈ സന്ദർഭത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബഡ്ജററിനെ സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ പിന്താങ്ങുകയാണ്. കേന്ദ്രഗവൺമെൻറ് ബഡ്ജററ് ഉണ്ടാക്കിയ തമോമയമായ സാമൂഹ്യ അന്തരീക്ഷത്തിൽ കേരള സർക്കാർ തെളിയിച്ച രജതരേഖയാണ് ഈ ബഡ്ജററ് എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. സാധാരണക്കാരെ ഞെക്കിപ്പിഴിഞ്ഞുകൊണ്ട് വൻകിടജൻമിമാർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറ് ബഡ്ജററ് അവതരിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിലാണ് നികുതികൾ ഒന്നും ഇല്ലാതെതന്നെ കൂടുതൽ ആളുകൾക്ക് ആനുകൂല്യം പ്രഖ്യാപിച്ചുകൊണ്ട് നമ്മുടെ സംസ്ഥാന ഗവൺമെൻറ് ഇവിടെ ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. ഈ രണ്ടു ബഡ്ജററുകളിലും കാണുന്നത് ഈ രണ്ടു ഗവൺമെൻറുകളുടെ ജനങ്ങളുടെ പ്രശ്നങ്ങളോട് കാണിക്കുന്ന സമീപനരീതിയാണ്. സാധാരണക്കാരും ഇടത്തരക്കാരും ഒരു ഞെട്ടലോടുകൂടിയാണ് കേന്ദ്രബഡ്ജററിനെ വീക്ഷിച്ചതെങ്കിൽ നമ്മുടെ സംസ്ഥാന ഗവൺമെൻറ് അവതരിപ്പിച്ച ബഡ്ജററ് ഒരു പരിധിവരെ ആശ്വാസം നൽകുന്നതായതുകൊണ്ട് അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾക്ക് മാററ് കൂട്ടുന്നുണ്ടെന്നു വിശേഷിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ബഡ്ജററിനെക്കുറിച്ച് പ്രതിപക്ഷത്തു നിന്നും പല മെമ്പർമാരും സംസാരിച്ചുകഴിഞ്ഞു. അഗതികൾക്കും അനാഥർക്കും നിരാലംബർക്കും നിരാശ്രയർക്കും ഒക്കെ വളരെയധികം ആനുകൂല്യം നൽകുന്ന ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിച്ചതിന് ഈ ഗവൺമെൻറിനെ പ്രശംസിക്കാതിരിക്കുന്നത് ഒരു രീതിയിൽ പറഞ്ഞാൽ അതൊരു കൃത്യവിലോപമായിരിക്കും. സെമിനാറിനും മററും കാശു മാററിവയ്ക്കാതെ നിർദ്ധനരായ കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കുവാൻ വേണ്ടി കാശ് മാററിവച്ച നമ്മുടെ ധനകാര്യമന്ത്രി പ്രശംസ അർഹിക്കുന്ന ഒരാളാണ്. ഇത്തരത്തിൽ ഒരു മിച്ച ബഡ്ജററ് അവതരിപ്പിച്ചതിലൂടെ കേരളത്തിൻെറ കണ്ണിലുണ്ണിയായിത്തീർന്നിരിക്കുകയാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി. ബഡ്ജററിൽ പറഞ്ഞിട്ടുള്ള മററു കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ ഇപ്പോൾ പറയുവാൻ ആഗ്രഹിക്കുന്നില്ല. എങ്കിൽത്തന്നെയും ഒരുപ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ വളരെയധികം കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള ഒരു ബഡ്ജററാണിത്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ അടയ്ക്കാകൃഷിക്കാർക്ക് യാതൊരു വിധ ആനുകൂല്യങ്ങളും നൽകുന്നില്ല. അതുപോലെതന്നെ നശിക്കുവാൻ പോകുന്ന ആ കൃഷി ഉദ്ധരിക്കുന്നതിനുവേണ്ടിയും യാതൊരു നിർദ്ദേശവും ഈ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്.

കഴിഞ്ഞകാലഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ കോൾകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ ഒരു തീരുമാനം ഗവൺമെൻറ് എടുത്തു. അത് ഇന്നും നടപ്പിലാക്കിയിട്ടില്ലെന്നുള്ള വസ്തുത അവശേഷിക്കുകയാണ്. പമ്പിംഗ് സബ്സിഡി കൊടുക്കുന്നതിന് തീരുമാനിച്ചുകഴിഞ്ഞുവെങ്കിലും അത് ഇതേവരെ കൊടുത്തിട്ടില്ല.

കഴിഞ്ഞദിവസം ഈ ബഡ്ജററിനെക്കുറിച്ച് നടന്ന ചർച്ചാവേളയിൽ ഇന്ദിരാകോൺഗ്രസ്സിലെ ചില മെമ്പർമാർ ചില ആരോപണങ്ങളുന്നയിച്ചുകേട്ടു. എൻെറ സ്നേഹിതൻ ശ്രീ. ബാലൻ ഇവിടെ ഉന്നയിച്ചുകേട്ട ഒരു കാര്യം ഞാൻ ഓർക്കുകയാണ്. യാചകൻെറ മടിക്കുത്തിൽനിന്നും പിച്ചക്കാശ് തട്ടിയെടുത്ത് മുടിയനായ പുത്രനായ മുച്ചീട്ടുകളിക്കാരന് വീതിച്ചുകൊടുക്കുന്ന രീതിയിലുള്ള ഒരു ബഡ്ജററാണെന്ന് അദ്ദേഹം വിശേഷിപ്പിക്കുകയുണ്ടായി. അദ്ദേഹം ഈ കാര്യം പറഞ്ഞ അവസരത്തിൽ എന്ത് ഉദ്ദേശിച്ചുവെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്നാൽ അതോടൊപ്പം വേറൊരു സൂചനയും നൽകുകയുണ്ടായി. വീക്ഷണം പത്രത്തിനെതിരായും സംസാരിച്ചു കേട്ടു. അതിൻെറ പിന്നിൽ ചില കാര്യങ്ങളുണ്ട്. 'വീക്ഷണം' പത്രത്തിലൂടെ പല ആനുകൂല്യങ്ങളും പററിയിട്ടുള്ള ഒരാളാണ് ശ്രീ. ബാലൻ. അദ്ദേഹം അതിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം കമ്മീഷൻ പററിയിട്ടുണ്ട്. അദ്ദേഹം ഒരു കാര്യമെങ്കിലും ഓർക്കുന്നുണ്ടായിരിക്കും. 1977-ൽ വിദേശയാത്ര ചെയ്യുന്ന അവസരത്തിൽ രണ്ടായിരം രൂപ അദ്ദേഹം വീക്ഷണത്തിൽനിന്നു കമ്മീഷൻ വകയിൽ വാങ്ങിക്കുകയുണ്ടായി.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഏതെങ്കിലും ഒരു മെമ്പറെ സംബന്ധിച്ച് അഴിമതി ആരോപണമുന്നയിക്കണമെങ്കിൽ മുൻകൂട്ടി രേഖാമൂലം അനുവാദം വാങ്ങിയിരിക്കണം. അത് ചെയ്യാതെ സാധാരണയുള്ള നടപടിക്രമത്തിന് വിരുദ്ധമായി ഈ സഭയിലെ ഒരു മെമ്പറെപ്പററി ആരോപണമുന്നയിക്കുന്നത് ഓർഡറിലാണോ?

ശ്രീ. കെ.പി. വിശ്വനാഥൻ: ഇത് അഴിമതിയാരോപണമല്ല. ചില വസ്തുതകളാം പറയുന്നതാണ്. അദ്ദേഹം വിദേശയാത്ര നടത്തിയ അവസരത്തിൽ രണ്ടായിരം രൂപ വാങ്ങിയിരുന്നത് ഓർക്കുന്നുണ്ടായിരിക്കും. കൂടുതലൊന്നും ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. വീക്ഷണം പത്രം.......................

ശ്രീ. പി.ബാലൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. വീക്ഷണം പത്രത്തിന് പരസ്യം മേടിച്ചുകൊടുക്കാമെന്നു പറഞ്ഞുകൊണ്ട് ആരെല്ലാം കമ്മീഷൻ വാങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ശ്രീ.കെ.പി. വിശ്വനാഥൻ: അത് തെളിയിക്കുവാൻ തയ്യാറാണ്. ആ വക കാര്യങ്ങളെക്കുറിച്ച് കൂടുതൽ പറയണമെന്നു ഞാനാഗ്രഹിക്കുന്നില്ല. കമ്മീഷൻ ഒക്കെ വാങ്ങിയിട്ടുള്ളത് ഏക ഡി. സി. സി. പ്രസിഡൻറ് ബാലൻ ആണെന്നു പറയുന്നതിൽ മടിയില്ല. ഇവിടെ വളരെ ഗുരുതരമായ ആരോപണങ്ങളുന്നയിക്കുമ്പോൾ വാസ്തവത്തിൽ ബാലൻ ഒന്ന് ശ്രദ്ധിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. വീക്ഷണം പത്രത്തിനെതിരായി ആരോപണം കൊണ്ടുവന്നവർതന്നെ പറയുകയുണ്ടായി അവിടത്തെ ജോലിക്കാർക്കു പൈസ കൊടുക്കുവാൻ ഇല്ലായെന്ന്. ഈ പരിതഃസ്ഥിതിയിൽ അതു കേട്ട് വീക്ഷണം പത്രത്തെ സഹായിക്കേണ്ട ശ്രീ. ബാലൻ ഇതുപോലുള്ള നടപടിയാണ് എടുത്തിരിക്കുന്നത് എന്നു പറയുന്നതിൽ മടിയില്ല. ഇതുപോലുള്ള ആരോപണം കൊണ്ടുവരുന്നതിന് ചില കാര്യങ്ങളുണ്ട്. ബഹു: അടിയോടിയുടെ ആശ്രിതനായ എ.പി.ഐ. വാർത്താ ഏജൻസിക്ക് 500 രൂപ വീതം പ്രതിഫലം കൊടുത്തിരുന്നു. അത് ആറേഴ് മാസം മുൻപ് നിറുത്തൽ ചെയ്തു. അതുകൊണ്ട് മാത്രമാണ് ഈ പത്രത്തിനെതിരായി ആരോപണമുന്നയിക്കുന്നത്.

[Deputy Speaker in the chair]

ശ്രീ. പി.പി. എസ്തോസ്: എ.പി.ഐ.യിലെ വാർത്താ ഏജൻസി ഏത് രാഷ്ട്രീയപാർട്ടിക്കാരനാണെന്നറിയാമോ?

ശ്രീ. കെ.പി. വിശ്വനാഥൻ: ഇവിടെ ബാലൻ വേറെ പല കാര്യങ്ങളും പറഞ്ഞു. നമ്മുടെ ബഹുമാന്യനായ മന്ത്രിയായിരുന്ന ശ്രീ. ശങ്കരനാരായണൻ സംസ്ഥാന ഗവൺമെൻറിൻെറ കൊടിവച്ച കാറിൽ

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്ട് ചെന്ന അവസരത്തിൽ ശ്രീ. ബാലന് അത് കണ്ടിട്ട് ഒട്ടും സഹിച്ചില്ല. അദ്ദേഹത്തിന്റെ സ്റ്റാററസ്സിന് ഒട്ടും നിരക്കാത്തതാണെന്നു മനസ്സിലാക്കിക്കൊണ്ട് ഡി.സി.സി.യുടെ വക കാറിൽ ചുവന്നബോർഡ് എഴുതിച്ച് പിൻസീററിലിരുന്നുകൊണ്ട് തിരുവനന്തപുരത്തേക്ക് വന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതിനെക്കുറിച്ച് ഞാൻ കൂടുതലൊന്നും ഈ അവസരത്തിൽ പറയുന്നില്ല.

രാഷ്ട്രീയസദാചാരത്തെക്കുറിച്ച് ശ്രീ. മുസ്തഫ ഇവിടെ സംസാരിച്ചുകേട്ടു. ഈ സഭയിൽ ഒരാഴ്ചയ്ക്ക് മുൻപ് നടന്ന നന്ദിപ്രമേയ ചർച്ചയിൽ അദ്ദേഹത്തിന്റെ നാട്ടിൽനടന്ന കൊലപാതകത്തിലേക്ക് ഗവൺമെൻറിന്റെ ശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. കുഞ്ഞാലിയെന്നു പേരുള്ള അദ്ദേഹത്തിന്റെ ഒരു സുഹൃത്തിന് പററിയ മാരകമായ അപകടത്തെസംബന്ധിച്ചായിരുന്നു ഇവിടെ സൂചിപ്പിച്ചത്. 1974-ൽ ഡി.സി.സി. പ്രസിഡൻറ് ആയിരുന്ന ശ്രീ. മുസ്തഫ തന്റെ സ്വന്തം കൈപ്പടയിൽ സ്വന്തം ലെററർ പാഡിൽ കുഞ്ഞാലി തെമ്മാടിയാണെന്നും മററും എഴുതിക്കൊടുത്ത കഥ ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. ടി.എച്ച്. മുസ്തഫ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. കുഞ്ഞാലിയെപ്പററി ഞാൻ സ്വന്തം കൈപ്പടയിലോ അല്ലെങ്കിൽ ഞാൻ കയ്യൊപ്പിട്ടോകൊണ്ട് ഒരാക്ഷേപവും ഒരു പോലീസ് സ്റേറഷനിലും കൊടുത്തിട്ടില്ല. അപ്പോൾ ഇത്തരം സത്യവിരുദ്ധമായ ഒരു സംഗതി ഈ സഭയിൽ കൊണ്ടുവന്ന് സഭയെ തെററിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ ഒരു പോയിൻറ് ഓഫ് ഓർഡറും ഇല്ല.

ശ്രീ. ടി.എ. മജീദ്: സർ, ഞാൻ ഈ ബഡ്ജററിനെ അനുകൂലിക്കുകയാണ്. ഒട്ടേറെ ക്ഷേമപരിപാടികളും പുരോഗമന പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബഡ്ജററാണ് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ ഗ്രാമീണജനതയ്ക്ക് വിശേഷിച്ചും പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും കശുഅണ്ടിതൊഴിലാളികൾക്കും കയർത്തൊഴിലാളികൾക്കും അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്കും പല ആനുകൂല്യങ്ങളും ഈ ബഡ്ജററിൽ നൽകിയിട്ടുണ്ട്. ഈ ബഡ്ജററ് പൊതുവേ വായിച്ചാൽ ഈ ഗവൺമെൻറ് ആർക്കൊക്കെവേണ്ടി നിൽക്കുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. അവശതയനുഭവിക്കുന്ന ജനതയ്ക്കുവേണ്ടി അവരുടെ ഐശ്വര്യത്തിനുവേണ്ടി, അവരുടെ അഭിവൃദ്ധിയ്ക്കുവേണ്ടിയാണ് ഗവൺമെൻറ് നിലനിൽക്കുന്നതെന്ന് ഈ ബഡ്ജററിന്റെ ഓരോ പേജും വിളിച്ചോതുന്നുണ്ട്. ഈ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്ന സാഹചര്യത്തെകുറിച്ചൊന്നും ഇപ്പോൾ പറയേണ്ട കാര്യമില്ല. കേന്ദ്രഗവൺമെൻറിന്റെ ബഡ്ജററ് വന്നുകഴിഞ്ഞു. വളരെയേറെ കമ്മിയും ഒട്ടേറെ പുതിയ നികുതിഭാരവുംകൊണ്ട് ജനങ്ങളെ പൊറുതിമുട്ടിക്കുന്ന ബഡ്ജററാണ്. അതിനുശേഷം മിക്കവാറും എല്ലാ സംസ്ഥാനങ്ങളും കൂടുതൽ നികുതിഭാരം ഉണ്ടാക്കുന്ന ടാക്സേഷൻ ഉൾപ്പെടെയുള്ള ബഡ്ജററുകളാണ് അവതരിപ്പിച്ചിട്ടുള്ളത്. ആ സ്ഥിതിയിലാണ് കേരളത്തിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബഡ്ജററ് അവതരിപ്പിച്ചിട്ടുള്ളത്. പുതിയ ടാക്സേഷൻ ഒന്നുമില്ലാത്ത കമ്മിയില്ലാത്ത ഒരു ബഡ്ജററാണ് നമുക്കു ലഭിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കയർത്തൊഴിലാളികളും കശുഅണ്ടിത്തൊഴിലാളികളും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. അവർക്കാവശ്യമായ അസംസ്കൃത സാധനങ്ങൾ കിട്ടാത്തതിന്റെ പേരിൽ തൊഴിൽ ദിവസങ്ങൾ നഷ്ടപ്പെടുകയും തൊഴിലില്ലായ്മ പെരുകി വരികയും ചെയ്യുന്ന ഒരു കാലഘട്ടമാണ്. അതിന് പരിഹാരം ഉണ്ടാക്കാനുള്ള നടപടി ഈ ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ളത് സന്തോഷകരമായ കാര്യമാണ്. കയർത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി കൂടുതൽ സൊസൈററികൾ ഉണ്ടാക്കുന്നും കൂടുതൽ തൊഴിലാളികളെ സഹകരണ മേഖലയിൽകൊണ്ടുവരുന്നതിനുവേണ്ടി ഒന്നരക്കോടിരൂപ ഈ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ളത് സന്തോഷകരമായ നടപടിയാണ്. കശുഅണ്ടി വ്യവസായരംഗത്ത് മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം ഇന്ന് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. ഈ രണ്ട് മേഖലയിലും അസംസ്കൃതസാധനങ്ങൾ തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കാൻ ഗവൺമെൻറിന് കഴിയാത്തതിന്റെ ഫലമായിട്ടാണ് ബുദ്ധിമുട്ട് ഉണ്ടായതെന്ന് നമുക്കറിയാം. കർശനമായ നടപടി തൊണ്ടിന്റെ കാര്യത്തിലും തോട്ടണ്ടിയുടെ കാര്യത്തിലും ഉണ്ടാക്കാൻ കേരള ഗവൺമെൻറും കേന്ദ്രഗവൺമെൻറും ശ്രദ്ധിക്കണം. കർശനമായ നടപടി ആ കാര്യത്തിൽ സ്വീകരിക്കണം. ആ കാര്യത്തിൽ നടപടിയെടുക്കുന്നതിന് ഗവൺമെൻറ് നീങ്ങിത്തുടങ്ങിയിട്ടുണ്ടെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. കേന്ദ്രഗവൺമെൻറും സംസ്ഥാനഗവൺമെൻറും ചേർന്ന് ഈ നിയമങ്ങൾ അയവുവരുത്താതെ കൂടുതൽ കർക്കശമായും കർശനമായും നടപടി സ്വീകരിക്കണം.

ഈ ഗവൺമെൻറിന്റെ ഭരണച്ചെലവിനെപ്പററി ചില സൂചനകൾ നൽകുകയുണ്ടായി. സാമ്പത്തിക അച്ചടക്കംവേണമെങ്കിൽ ഭരണച്ചെലവ് കുറയ്ക്കണമെന്നും അതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ പോവുകയാണെന്നും സൂചിപ്പിക്കുകയുണ്ടായി. വളരെമുമ്പേ ചെയ്യേണ്ട കാര്യമാണെന്നാണ് എനിക്കു പറയാനുള്ളത്. എന്റെ കയ്യിൽ രണ്ടുമൂന്ന് റിപ്പോർട്ടുണ്ട്. ബഹുമാനപ്പെട്ട ഇ.എം.എസ്. അദ്ധ്യക്ഷനായിട്ടുള്ള കമ്മിററി റിപ്പോർട്ടുണ്ട്. വെള്ളോടികമ്മീഷൻ റിപ്പോർട്ടുണ്ട്. ഭരണച്ചെലവ് കുറയ്ക്കുന്ന വളരെ ഗൗരവമായും അടിയന്തിരമായും ഗവൺമെൻറ് ആലോചിക്കണം. സമയച്ചുരുക്കംകൊണ്ട് കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. സെക്രട്ടേറിയററിലെ ഡിപ്പാർട്ടുമെൻറുകൾ കുറയ്ക്കണമെന്നും താഴോട്ടും പല ആഫീസും നിർത്തലാക്കണമെന്നും പറഞ്ഞിട്ടുണ്ട്. ചില വിദഗ്ദ്ധൻമാർ പറയുന്നത് സെക്രട്ടേറിയററിൽ ഒരു വകുപ്പ് കൈകാര്യം ചെയ്യാൻ മന്ത്രിയും സെക്രട്ടറിയും ഡെപ്യൂട്ടി സെക്രട്ടറിയും ഫൈനാൻഷ്യൽ അസിസ്ററൻറും മാത്രം മതിയെന്നാണ്. അത് സാധ്യമല്ല. പി.ഡബ്ലിയു.ഡി. ചീഫ് എഞ്ജിനീയർ ഒരു പദ്ധതി തയ്യാറാക്കി സെക്രട്ടേറിയററിൽ അയച്ചാൽ സെക്രട്ടേറിയററിൽ പരിശോധിച്ച് തുടങ്ങുന്നത് എൽ.ഡി. ക്ലാർക്കാണെങ്കിൽ ആ കാര്യത്തിൽ എത്രമാത്രം കാലതാമസം ഉണ്ടാകുമെന്നുള്ളത് ആലോചിക്കേണ്ടതാണ്. എനിക്ക് അറിയാം സീനിയോറിററി പ്രശ്നത്തെസംബന്ധിച്ച് ഒരു പെററീഷൻ ഞാൻ മന്ത്രിയ്ക്ക് അയച്ചപ്പോൾ രണ്ട് വർഷം കഴിഞ്ഞാണ് മറുപടി കിട്ടിയത്. ആ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഇത് ഇങ്ങനെചെയ്യാൻ സാധ്യമല്ലെന്നാണ്. സാധ്യമല്ലെന്ന് പറയാൻ രണ്ടുവർഷം എടുക്കുന്ന സാഹചര്യം ഇന്നും തുടരുകയെന്നു പറഞ്ഞാൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം അസഹനീയമായ കാര്യമാണ്. ഈ കാര്യത്തിൽ അറച്ചുനിൽക്കാതെ ധീരമായ നടപടി കൈക്കൊള്ളണം. റവന്യൂബോർഡ് നിർത്തലാക്കണമെന്ന് ആവശ്യപ്പെടുകയാണ്. റവന്യൂബോർഡ് നിർത്തലാക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ സെക്രട്ടേറിയററിന് താഴെയോ മുകളിലോ വേറെ സെക്രട്ടേറിയേററ് ഫംഗ്ഷൻ ചെയ്യുകയാണ്. റവന്യൂ ബോർഡ് മെമ്പർമാരുണ്ട്. ഇവർക്ക് പ്രത്യേകമായ വല്ല ജോലിയുമുണ്ടോ? രണ്ട് സീനിയറായിട്ടുള്ള സ്പെഷ്യൽ സെക്രട്ടറിയുടെ ഗ്രേഡിലുള്ള ഉദ്യോഗസ്ഥൻമാർ രണ്ട് കെട്ടിടങ്ങളിലിരുന്നുകൊണ്ട് ഭരിക്കുന്ന ഈ ഏർപ്പാട് ആവശ്യമുണ്ടോയെന്ന് ആലോചിക്കേണ്ടതാണ്. ആ നിലയിൽ ചെലവുചുരുക്കാനുള്ള സംരംഭത്തിൻെറ പ്രാരംഭമായി റവന്യൂബോർഡ് നിർത്തലാക്കുകയും സെക്രട്ടേറിയററിൽ സമൂലമായ പരിവർത്തനം ഉണ്ടാക്കുന്നതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ ലക്ഷ്യത്തോടുകൂടി ചില കാര്യങ്ങൾ ചെയ്യാമെന്ന് ബഡ്ജററിൽ പറഞ്ഞിട്ടുള്ളത് കുറേക്കൂടി അടിയന്തിരമായി ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്. ഇത് സെക്രട്ടേറിയററിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട കാര്യമല്ല. ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബിൽ പാസ്സായിരിക്കുകയാണ്. ഭരണം താഴോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. ഇവിടെ കുന്നുകൂടികിടക്കാതെ സർക്കിൾ ആഫീസുകളും ഡിവിഷൻ ആഫീസുകളും കുറയ്ക്കണമെന്ന് Report ൽ പറഞ്ഞിട്ടുണ്ട്. അത് ഇംപ്ലിമെൻറ് ചെയ്യേണ്ട താമസമേയുള്ളു. അത് ഇംപ്ലിമെൻറ് ചെയ്യുന്നതിനുള്ള സത്വരമായ നടപടി സ്വീകരിക്കണം.

ഗൾഫ്രാജ്യങ്ങളിൽനിന്ന് ലഭിക്കുന്ന പണത്തെപററി ഈ ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ മലയാളികൾ ഗൾഫ്രാജ്യങ്ങളിൽ അദ്ധ്വാനം വിതച്ച് സ്വർണ്ണം കൊയ്യുന്നവരാണ്. ആ അദ്ധ്വാനവും കൊയ്ത്തുമെല്ലാം ദുരിതപൂർണ്ണമായ സാഹചര്യത്തിൽ എത്തിയിരിക്കുകയാണ്. വളരെ കഷ്ടപ്പെട്ട് വളരെ യാതന അനുഭവിച്ചാണ് അവർ കാശ് ഉണ്ടാക്കുന്നത്. ആ പൈസ ഗവൺമെൻറിൽ നിക്ഷേപിക്കാൻ വളരെയേറെ താൽപ്പര്യമുണ്ട്. ബാങ്ക് ഉണ്ടാക്കിയാലും കൊള്ളാം എന്ത് ഉണ്ടാക്കിയാലും കൊള്ളാം അവർ ആഗ്രഹിക്കുന്നത് അവർ മുടക്കുന്ന തുകയ്ക്ക് ഗവൺമെൻറ് ഉറപ്പ് നൽകണമെന്നാണ്. പലിശ കൂടുതൽ വേണമെന്ന ആഗ്രഹമില്ല. പക്ഷേ കൊടുക്കുന്ന മുതൽ തിരിച്ച് കിട്ടണമെന്ന് ആഗ്രഹമുണ്ട്. അതിനുള്ള ഏർപ്പാട് ഗവൺമെൻറ് ചെയ്യുമെങ്കിൽ ധാരാളം പണം ഗൾഫ് രാജ്യങ്ങളിൽനിന്ന് ഇവിടെ വരാനും വ്യവസായമേഖലയെ വളർത്താനും സഹായിക്കും എന്നുള്ളകാര്യത്തിൽ യാതൊരു സംശയവുമില്ല. ആ കാര്യത്തിൽ കേന്ദ്രഗവൺമെൻറിൻേറയും റിസർവ്വ് ബാങ്കിൻേറയും അനുവാദം വേണം. തടസ്സം ഉണ്ടെന്ന് എനിക്കറിയാം. ആ തടസ്സം നീക്കാൻ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ഗവൺമെൻറ് ആലോചിക്കണം.

അതുപോലെതന്നെ ഈ ബഡ്ജററ് എല്ലാവർക്കും പിന്താങ്ങാവുന്ന ബഡ്ജററാണ്. നല്ല കാര്യങ്ങളാണ് ഈ ബഡ്ജററിൽ പറഞ്ഞിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യശക്തിയെപററി നമുക്ക് ചില ധാരണകളുണ്ട്. നമ്പൂതിരിപ്പാടിനും അദ്ദേഹത്തിൻെറ പാർട്ടിയ്ക്കുമെല്ലാം വ്യക്തമായ ചില ധാരണകളുണ്ട്. ആ ധാരണകൾ എന്താണെന്ന് അറിയാമോ? ഭൂപ്രഭുത്വം അവസാനിപ്പിക്കുക, കർഷകത്തൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർക്കും സൗജന്യമായി ഭൂമി ഉറപ്പുചെയ്തുകൊണ്ടുള്ള മൗലികമായ ഭൂപരിഷ്ക്കരണനിയമം നടപ്പാക്കി ഒഴിപ്പിക്കൽ തടയുക, കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു ചെയ്യുക, കാർഷിക ഉൽപ്പാദനസാമഗ്രികൾ നൽകുക, കർഷകത്തൊഴിലാളികൾക്കു ന്യായമായ കൂലി നൽകുക, കർഷകത്തൊഴിലാളികൾക്കും നാട്ടിൻപുറത്തെ പട്ടിണിപാവങ്ങൾക്കും കുടികിടപ്പവകാശം നൽകുക, നെൽകൃഷിക്കാർക്കും മററു

LIBRARY ARCHIVES Kerala Legislative Assembly

മുള്ള കടം റദ്ദാക്കുക, കുറഞ്ഞപലിശയ്ക്ക് വായ്പ നൽകുക, വിദ്യാഭ്യാസ സൗകര്യം നൽകുക മുതലായ കാര്യങ്ങളാണ് ഇടതുപക്ഷ ജനാധിപത്യശക്തികളുടെ പരിപാടിയായി പറഞ്ഞിട്ടുള്ളത്. ആ പരിപാടിയാണ് ഈ ഗവൺമെൻറ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ പരിപാടിയാണ് ഈ ഗവൺമെൻറിന്റെ ബഡ്ജററിലുള്ളത്. ഇതുപോലെ ഇടതുപക്ഷശക്തികളുടെ പരിപാടികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നല്ല ഗവൺമെൻറിന്റെ നല്ല ബഡ്ജററിനെ ഈ പരിപാടികളോട് യോജിക്കുന്ന എല്ലാവരും അനുകൂലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണിയേയും ചേരികളേയും എല്ലാംകുറിച്ച് ഇന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. അതിന് സന്ദർഭം ഇനി വരും. ഇന്നു ഞാൻ ബഡ്ജററിനെക്കുറിച്ച് സംസാരിക്കാനാണ് ആഗ്രഹിക്കുന്നത്. ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അല്ലെങ്കിൽ ഉൾക്കൊള്ളിക്കാൻ വിട്ടുപോയിട്ടുള്ള, ഉൾക്കൊള്ളിക്കേണ്ട ചില നയങ്ങൾ പറയുന്ന അവസരത്തിൽ അത്യാവശ്യം രാഷ്ട്രീയം വന്നുവെന്നുവരും. പക്ഷേ ഇവിടെ പ്രശ്നം ഒരു ബഡ്ജററ് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്, ആ ബഡ്ജററിന് ഇന്നു വോട്ടില്ല, ബഡ്ജററിന്റെ ചർച്ചമാത്രമാണ് ഉള്ളത്. അതുകൊണ്ട് ഈ ഗവൺമെൻറിന് ഇതു അവതരിപ്പിക്കാൻ അധികാരമുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നം ഇന്നു പ്രസക്തമല്ല, നാളെ ആ പ്രസക്തി കാണും, അപ്പോൾ പറയാം. ഇന്നത്തെ പ്രശ്നം ഈ ബഡ്ജററിൽ എന്ത് ഉൾക്കൊണ്ടിട്ടുണ്ട്, അത് രാജ്യത്തെ എത്രത്തോളം ബാധിക്കുമെന്നുള്ള ചർച്ചയാണ്. ആ ചർച്ച തുടങ്ങുന്നതിനുമുൻപ് ആദ്യമായി എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, ഈ ബഡ്ജററിനെ അനുകൂലിച്ചുകൊണ്ടു ഇവിടെ സംസാരിച്ച പല സുഹൃത്തുക്കളും ഈ ബഡ്ജററിലെ രണ്ടു ഗുണങ്ങളെക്കുറിച്ച് പറഞ്ഞതിനെപ്പററിയാണ്. ഇതൊരു മിച്ച ബഡ്ജററാണ്. പുതിയ നികുതിയില്ലെന്നുള്ളതാണ്. ഇതൊരു മിച്ച ബഡ്ജററാണെന്നും പുതിയ നികുതിയില്ലെന്നുമുള്ള വാദത്തിൽ എത്രത്തോളം ശരിയുണ്ടാകുമെന്നുള്ള പ്രശ്നത്തിലേക്ക് ഇപ്പോൾ ഞാൻ കടക്കുന്നില്ല. അതേസംബന്ധിച്ച് ഇപ്പുറത്തിരിക്കുന്ന പല ബഹുമാനപ്പെട്ട മെമ്പർമാരും സംസാരിച്ചിട്ടുണ്ട്. എനിക്ക് സമയം കിട്ടിയാൽ ഞാൻ പറയാം. അതിനുമുൻപ് ബഡ്ജററ് എന്നു പറഞ്ഞാൽ എന്താണ്? കമ്മിയില്ലാതെ വരവു ചെലവു കണക്കുകൾ ഒപ്പിക്കുന്ന ഒരു ഏർപ്പാടാണോ? ബഡ്ജററിനെ സംബന്ധിച്ച് പരിശോധിക്കുന്ന അവസരത്തിൽ ആദ്യമായി പരിഗണിക്കേണ്ടത് പുതിയ നികുതികളുള്ള ബഡ്ജററാണോ, ബഡ്ജററ് കമ്മിയായിട്ടുള്ളത് മുഴുവൻ ചീത്ത ബഡ്ജററാണോ, ബഡ്ജററ് മിച്ചമായിട്ടുള്ളത് മുഴുവൻ നല്ല ബഡ്ജററാണോ, നികുതിയില്ലാത്തത് മുഴുവൻ നല്ല ബഡ്ജററാണോ, നികുതിയുള്ളതു മുഴുവൻ ചീത്തയാണോ എന്നുള്ളതാണ്. ബഡ്ജററിനെ സംബന്ധിച്ച് നോക്കുമ്പോൾ ഇതിന് രണ്ടാം സ്ഥാനമേയുള്ളു. ഞാൻ ഓർക്കുകയാണ്, മിനിഞ്ഞാന്ന് തിരുവനന്തപുരത്ത് കേന്ദ്ര ബഡ്ജററിനെക്കുറിച്ച് ഒരു സിമ്പോസിയം നടന്നു. ഞാനും അതിൽ പങ്കു കൊണ്ടിരുന്നു. അതിൽ പങ്കെടുത്ത മറെറാരു ബഹുമാനപ്പെട്ട സുഹൃത്ത് ഈ സഭയിലെ എല്ലാ മെമ്പർമാർക്കും അറിയാവുന്ന പ്രശസ്ത അർത്ഥശാസ്ത്ര പണ്ഡിതനായ ഐ.എസ്. ഗുലാത്തിയാണ്. അദ്ദേഹം തന്റെ പ്രസംഗം തുടങ്ങിയതുതന്നെ ബഡ്ജററിനെക്കുറിച്ചുള്ള ചർച്ച വരുമ്പോൾ നികുതിയുണ്ടോ എന്നു മാത്രമാണ് ആളുകൾ സാധാരണ നോക്കാറുള്ളതെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതു ശരിയായ സമീപനമല്ലെന്നു അദ്ദേഹം പറഞ്ഞു. ''Planning is an instrument of planning the Economic Development'' എന്ന നിലക്കു വേണം നോക്കാൻ എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഒരു പണ്ഡിതനായതുകൊണ്ട് ഞാൻ ഉദ്ധരിക്കുന്നതല്ല. ഞാൻ അതിനോട് യോജിക്കുന്നതുകൊണ്ട് ഉദ്ധരിക്കുകയാണ്. ഞാൻ ഈ ബഡ്ജററിനെ പരിശോധിക്കുന്നത് ഈ രാജ്യത്തിന്റെ, ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എന്തെന്നും ആ സ്ഥിതിക്ക് പുരോഗമനപരമായ ഒരു ചലനം വരുത്തുന്നതിന് ഈ ബഡ്ജററ് പ്രയോജനപ്പെടുന്നുണ്ടോ എന്നുമുള്ള ദൃഷ്ടിവച്ചാണ്. അതു പരിശോധിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ഗോപാലകൃഷ്ണൻ മുതൽ ബഹുമാനപ്പെട്ട മജീദ്‌വരെ ഭരണപക്ഷത്തു സംസാരിച്ചവർ ഓരോരുത്തരും എന്തു പറഞ്ഞാലും ശരി, ഈ ബഡ്ജററിനെ എതിർക്കുകയല്ലാതെ എനിക്ക് നിവൃത്തിയില്ല. എന്തുകൊണ്ട്? ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജററിനോടൊപ്പം വിതരണം ചെയ്തിട്ടുള്ള എക്കണോമിക്ക് റിവ്യൂവിൽ ചില വസ്തുതകൾ കാണിച്ചിട്ടുണ്ട്. ആ വസ്തുതകൾക്ക് നിരക്കുന്നതായിട്ടുള്ള ഒരു സമീപനത്തോടുകൂടിയല്ല ഈ ബഡ്ജററ് പ്രസംഗം തുടങ്ങുന്നതുതന്നെ. ബഡ്ജററ് പ്രസംഗത്തിന്റെ 'എക്കണോമിക് സീൻ കേരള' നാലേമുക്കാൽ പേജോളം ഇൻഡ്യയുടെ സാമ്പത്തികസ്ഥിതി പറഞ്ഞതിനുശേഷം കേരളത്തിന്റെ എക്കണോമിക് സീൻ സ്ഥിതി തുടങ്ങുന്നത് ഇങ്ങനെയാണ്. The general Economic situation in the State reflected a fair degree of stability in 1978. സ്ററെബിലിററി എന്നുള്ളത് നല്ല കാര്യമാണ്. ആ സ്ററെബിലിററി ഇവിടെയുണ്ടെന്നുള്ളതാണ് . സൂചന. എന്നാൽ ബഡ്ജററു പ്രസംഗത്തിൽ കുറച്ചു വന്നിട്ടുണ്ട്. എക്കണോമിക് റിവ്യൂവിൽ വിശേഷിച്ചും വന്നിട്ടുണ്ട്. എന്താണ് സ്ഥിതി? നമ്മുടെ നാഷണൽ ഇൻകത്തിന്റെ കാര്യം എടുക്കാം. നാഷണൽ ഇൻകം പറയുന്ന അവസരത്തിൽ 13-ാമത്തെ പേജിൽ 2 (7) 1 ടേബിളിൽ ഉണ്ട്. ''Percentage of population below the poverty line''. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ ശതമാനക്കണക്ക് സ്റേററ് വൈസ് സ്റേററായിട്ട് കൊടുത്തിട്ടുണ്ട്. ദാരിദ്ര്യരേഖയെന്നു പറഞ്ഞാൽ അതിനു താഴെയുള്ളവർ എങ്ങനെ ജീവിക്കുന്നു, മരിക്കാത്തതുകൊണ്ട് ജീവിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ കേരളത്തിൽ 62.25 ശതമാനമാണ്. കേരളത്തിൽ 100 ആളുകളുണ്ടെങ്കിൽ അതിൽ അറുപത്തിരണ്ടേകാൽ ആളുകൾ, 225 ലക്ഷം ആളുകളുള്ളതിൽ 130 ലക്ഷംപേർ ദാരിദ്ര്യരേഖക്ക് കീഴെയാണ്. ഇത് സ്ററെബിലൈസ് ചെയ്യണമെന്നാണോ ഗവൺമെൻറ് കണക്കാക്കുന്നത്. ഇത് സ്ററെബിലൈസ് ചെയ്യുന്നതാണോ ഇടതുപക്ഷ ജനാധിപത്യമെന്നു മജീദ് പറയുന്നത്? മററു സ്റേററുകളുടെ കാര്യം ഞാൻ പറയുന്നില്ല. ഈ സ്റേററിലെ സ്ഥിതി, ദാരിദ്ര്യരേഖക്കു കീഴെ നൂററിന് അറുപത്തിരണ്ടേകാൽ ആളുകളുണ്ടെങ്കിൽ അതു എന്തുകൊണ്ടാണെന്നു ധനകാര്യമന്ത്രി ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സർ, ബഡ്ജററ് പ്രസംഗം എന്നു പറഞ്ഞാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു ശരിയായ ചിത്രം വരച്ചു
12 Noon] കാണിച്ചിട്ട് ആ സാമ്പത്തിക സ്ഥിതിയിൽ മോശമായത് നന്നാക്കാനും നല്ലതാണെങ്കിൽ ആ നൻമ നിലനിറുത്താനുമുള്ള എന്തെല്ലാം നയങ്ങളുണ്ടോ അതു വിശദീകരിക്കുകയാണ്. ഒരു കണക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പിള്ള മാതിരി വരവും ചെലവും കാണിച്ചിട്ടുണ്ട്. അതിനുവേണ്ടിയിട്ടാണ് എക്കണോമിക് റവ്യൂ. ബഡ്ജററിന്റെകൂടെ എക്കണോമിക് റവ്യൂ കൊടുക്കണമെന്നുള്ള തീരുമാനം വന്നത്—പാർലമെന്റിൽ ബഡ്ജററിനെ എക്കണോമിക് സർവ്വേ എന്നാണ് പറയുന്നത്—അതുസംബന്ധിച്ചുള്ള ഒരു യഥാർത്ഥ ചിത്രം ജനങ്ങൾക്കു കിട്ടുന്നതിനുവേണ്ടിയാണ്. ആ ചിത്രം ഇവിടെ ഉണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിതന്നെ ഇവിടെ അവതരിപ്പിച്ചിട്ടുള്ള എക്കണോമിക് റവ്യൂവിൽ പറഞ്ഞിരിക്കുന്നു, ഇതിൽ എന്തുകൊണ്ടു പറഞ്ഞില്ല. അതുപോലെതന്നെ പ്രധാനമാണ് അൺ എംപ്ലോയ്മെന്റ്—തൊഴിലില്ലായ്മയുടെ സ്ഥിതി. തൊഴിലില്ലായ്മയുടെ സ്ഥിതി വളരെ അമ്പരപ്പുണ്ടാക്കുന്നതാണ്. അതു സംബന്ധിച്ചുള്ള കണക്കുകൾ വളരെയേറെ നമ്മെ ഇരുത്തിച്ചിന്തിപ്പിക്കുന്നതാണ്. തൊഴിലില്ലാത്തവരുടെ സ്ഥിതിയെന്നു പറഞ്ഞാൽ ഇവിടത്തെ കണക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്ററർ ചെയ്തിട്ടുള്ളവരുടെ കണക്കുമാത്രമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റററർചെയ്യാൻപോലും ധൈര്യപ്പെടാത്ത, അതിനുകഴിവില്ലാത്ത ലക്ഷക്കണക്കിനാളുകളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു കൊടുത്തിട്ടുള്ളവരുടെതന്നെ കണക്കുനോക്കിയാൽ, വിശേഷിച്ച് കൊല്ലം ഒന്ന് എടുക്കേണ്ടതാണ്. 1969 കൊല്ലത്തിന്റെ പ്രാധാന്യം ഞാൻ പറയേണ്ടല്ലോ, മജീദിന് അറിയാം. 1969-ൽ 2,01,867 ആയിരുന്നു. 1978 ആയപ്പോഴേ 10,52,652 ആയി. രണ്ടുലക്ഷമുള്ളത് 10 ലക്ഷമായി. ഗരീബി ഹഠാവോ നടന്നകാലഘട്ടം. ബഹുമാനപ്പെട്ട മജീദിന്റെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർവ്വശക്തിയോടുംകൂടി ഈ സംസ്ഥാനത്തു നിലനിന്നിരുന്ന കാലം. ആ കാലത്ത് ഈ സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ നാലിരട്ടി വർദ്ധിച്ചു. അല്ലെങ്കിൽ അഞ്ചിരട്ടിയായി വർദ്ധിച്ചു. ഒന്ന്, അഞ്ചായി. രണ്ടുലക്ഷം പത്തുലക്ഷമായി. അത് സ്റെറബിലൈസ് ചെയ്യണമെന്നാണോ ബഹുമാനപ്പെട്ട വരദരാജൻ നായർ പറയുന്നത്. ഇതാണോ സ്റെറബിലിററി. ഇത് സ്റെറബിലിററിയെന്നു പറഞ്ഞാൽ..................

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): ജനസംഖ്യ എത്ര വർദ്ധിച്ചു?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ജനസംഖ്യ അത്രവർദ്ധിച്ചിട്ടില്ല. ജനസംഖ്യ അഞ്ചിരട്ടി ആയിട്ടില്ല. അതിന്റെ കണക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ കയ്യിലുണ്ട്. എന്റെ കയ്യിലുമുണ്ട്. ജനസംഖ്യ വർദ്ധിച്ച തോതിനേ തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുള്ളൂ എന്നാണോ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുന്നത്. അതാണോ അദ്ദേഹം സൂചിപ്പിക്കുന്ന മൂന്നാംചേരി. അതാണോ ബഹുമാനപ്പെട്ട മജീദ് സൂചിപ്പിക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണി. ഈ 10 കൊല്ലത്തിനിടയ്ക്ക് എട്ടുലക്ഷം പേർ, ഈ 10 കൊല്ലം മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ട് തൊഴിലില്ലാതെ അലഞ്ഞുനടക്കുന്നുണ്ടെന്നുള്ളതിൽ യാതൊരു വിഷമവും തോന്നുന്നില്ലല്ലോ. എന്നിട്ട് പറയുകയാണ് ആളുകളോട് വലിയ സ്നേഹമാണെന്ന്. പത്രത്തിൽ വായിച്ചു, ബഹുമാനപ്പെട്ട മന്ത്രിയുടെ തൊണ്ട ഇടറിപോലും. ഈ രാജ്യത്ത് തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. തൊഴിലില്ലായ്മയുടെ ഫലമായിട്ട് ഈ രാജ്യത്ത് ഒരു പൊട്ടിത്തെറി വരാൻ പോവുകയാണ്. 10 ലക്ഷം എന്നു പറഞ്ഞാൽ എത്രയെന്നറിയാമോ? ഈ രാജ്യത്തെ ജനസംഖ്യ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടേകാൽ കോടിയാണ്. ഈ രണ്ടേകാൽ കോടിയിൽ ജോലി ചെയ്യത്തക്ക പ്രായമായിട്ടുള്ളവർ അതിന്റെ ഏതാണ്ടു പകുതിയേ വരികയുള്ളു. 130, 135 ലക്ഷംവരും. അതിൽ പത്തുലക്ഷം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്ററർ ചെയ്തിട്ട് ജോലിയില്ലാതെ നടക്കുന്നുണ്ടെന്നാണ് പറയുന്നത്. ഇതിൽ ധനകാര്യമന്ത്രിക്ക് യാതൊരു വിഷമവുമില്ല. അദ്ദേഹത്തിന് സമാധാനമാണ് ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ട്. ഇതു മാത്രമാണ് സർ. ഇതിൽ വളരെ കാര്യമായി പറഞ്ഞിരിക്കുന്നു: ഗൾഫിൽ പോകുന്നു, ജോലി കിട്ടുന്നു. എപ്പോഴാണ് തട്ടിത്തെറിപ്പിക്കുകയെന്നറിഞ്ഞുകൂടാ. ഇതുപോലെ എത്രയോ രാജ്യങ്ങളിൽ പോയിട്ടുണ്ട് നമ്മുടെ നാട്ടുകാർ. സിലോണിൽ, മലയായിൽ സിംഗപ്പൂരിൽ, ബർമ്മയിൽ, ആഫ്രിക്കൻ രാജ്യങ്ങളിൽ. ഇന്നത്തെ പത്രങ്ങളിലുണ്ട ഇറാന്റെ കാര്യം.—ഇറാന്റെ അടുത്താണ് ഗൾഫ് രാജ്യങ്ങളൊക്കെ. ഇറാനിൽനിന്നും ഗൾഫ് രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള അഭയാർത്ഥികൾക്ക് പിന്നീട് വേറെ ഏർപ്പാട് ഉണ്ടാക്കേണ്ടിവരും. ബർമ്മയിൽനിന്നും സിലോണിൽനിന്നും വന്നിട്ടുള്ള അഭയാർത്ഥികൾക്ക് ചിലതെല്ലാം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അത്രയേറെ സംഭ്രമജനകമായ ഒരു സാമ്പത്തികസ്ഥിതിയാണ് ഇവിടെ ഉള്ളതെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള എക്കണോമിക് റവ്യൂവിൽപോലും പറഞ്ഞിരിക്കുന്നു.

പിന്നെ പുതിയ വ്യവസായങ്ങളുടെ കാര്യം ഞാൻ പറയുന്നില്ല. ഏതെല്ലാം കമ്പനികൾ എത്രയേറെ ലാഭത്തിലാണ് നടക്കുന്നത്? എത്രയേറെ അഴിമതിയാണ് നടക്കുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം എന്നല്ലേ പറയുന്നത്. ഇതാണ് ഇവിടുത്തെ സ്ഥിതി. ഇതു ഞാൻ പറയുമ്പോൾ ഈ ഗവൺമെൻറിനെ ഒററതിരിച്ച് ഈ ഗവൺമെൻറിന്റെ നയങ്ങളുടെ ഫലമായിട്ട് വന്നിട്ടുള്ളതാണെന്നു ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട ചിത്തരഞ്ജനും മററും ഈ രാജ്യത്തെ കേന്ദ്രഗവൺമെൻറിന്റെ പങ്കിനെക്കുറിച്ച് വളരെ വാചാലമായി പ്രസംഗിച്ചു. അദ്ദേഹത്തോട് ഞാൻ തികച്ചും യോജിക്കുന്നു. പക്ഷേ ഞാൻ ചോദിക്കുകയാണ്, കേന്ദ്രഗവൺമെൻറിന്റെ നയങ്ങളുടെ കൊള്ളരുതായ്മകളെക്കുറിച്ചുള്ള ബോധോദയം 1977 മാർച്ചിനുശേഷമാണോ ബഹുമാനപ്പെട്ട ചിത്തരഞ്ജന് ഉണ്ടായത്. എക്കണോമിക് റവ്യൂപോലെ തന്നെ കേന്ദ്രഗവൺമെൻറിന്റെ എക്കണോമിക് സർവ്വേ പരിശോധിച്ചാൽ, അങ്ങനെ പരിശോധിച്ചപ്പോൾ എനിക്കു ചില കാര്യങ്ങൾ തോന്നിയത് മിനിഞ്ഞാന്നത്തെ സെമിനാറിൽ ഞാൻ പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറിന്റെ ബഡ്ജററിനെക്കുറിച്ചു പറയുമ്പോൾ കേന്ദ്രഗവൺമെൻറിൻേറതോ എന്ന് മററാരോടെങ്കിലും ചോദിച്ചാൽ അതു മനസ്സിലാക്കാം. എന്നോടു ചോദിക്കേണ്ട. എന്തുകൊണ്ട്? കേന്ദ്രഗവൺമെൻറ് എന്നു പറഞ്ഞാൽ ഇന്നത്തെ കേന്ദ്രഗവൺമെൻറ് അല്ല. അതിനുമുമ്പത്തെ ഗരീബി ഹഠാവോയുടെ ഗവൺമെൻറല്ല, അതിലും വലിയ മഹാസുന്ദരമായിരുന്ന സോഷ്യലിസ്ററ് ഗവൺമെൻറിന്റെ, ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെൻറിന്റെ പോലും കേന്ദ്രനയത്തെ എതിർത്തു പോന്നിട്ടുള്ള ഒരു പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. അന്നൊക്കെ കുറേക്കാലം ബഹുമാനപ്പെട്ട മജീദും, ചിത്തരഞ്ജനുമൊക്കെ എന്റെകൂടെ ഉണ്ടായിരുന്നു. ഇപ്പോൾ അവർപോയി, ഞങ്ങൾ എന്താണ് ചെയ്യുക. വീണ്ടും വരുമെന്നാണ് പറയുന്നത്. വളരെ സന്തോഷം. പക്ഷേ കാഞ്ഞവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും അറച്ചു

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുകയില്ലേ, അതൊന്ന് ഓർത്താൽ മതി. വലിയ ക്ഷണമൊക്കെ വച്ചുനീട്ടുമ്പോഴും അതൊന്ന് ഓർത്താൽ മതി. ഇതിൽ കൂടുതൽ പറയാനുള്ളതൊക്കെ നാളെ പറഞ്ഞു കൊള്ളാം.

അപ്പോൾ ഇവിടെ പ്രശ്നം ഇതാണ്. അതിഭയങ്കരമായിട്ടുള്ള ഇൻഡ്യയുടെ ആകെ സ്ഥിതിയെടുക്കുക. ഞാൻ ഒററക്കാര്യം മാത്രമേ പറയുന്നുള്ളു. 38 കൊല്ലത്തെ പ്ലാൻ കഴിഞ്ഞു. അഞ്ചു പഞ്ചവൽസര പദ്ധതിയും മൂന്നു പ്ലാൻ ഹോളിഡെയ്സും കഴിഞ്ഞു. 28 കൊല്ലം കഴിഞ്ഞു. 28 കൊല്ലം കഴിഞ്ഞിട്ട് ഇന്ന് ഇൻഡ്യയുടെ സ്ഥിതിയെന്താണ്. ഇന്ന് ഇൻഡ്യക്ക് ലോകത്തിൽ ഒരു വലിയ ബഹുമാന്യസ്ഥാനമുണ്ട്. എന്താണ് അത്, എൽ.ഡി.സി. എൽ.ഡി.സി.യെന്നു പറഞ്ഞാൽ ലോവർ ഡിവിഷൻ ക്ലാർക്ക് എന്നല്ല. Least Development Countries എന്നാണ്. അത്യുന്നതമായ ഒരു സ്ഥാനം ഇൻഡ്യക്കുണ്ട്. അയൽ രാജ്യമായ പാക്കിസ്ഥാൻ, സിലോൺ മുതലായവ അടക്കമുള്ള പല രാജ്യങ്ങളെക്കാളും കുറച്ചുമാത്രം പ്രതിശീർഷ വാർഷികവരുമാനമുള്ള ഒരു രാജ്യമാണ് ഇൻഡ്യ. അതു സ്റെറബിലൈസ് ചെയ്യണമെന്നാണോ ബഹുമാനപ്പെട്ട വരദരാജൻനായർ പറയുന്നത്. അതു സ്റെറബിലൈസ് ചെയ്തിട്ടുണ്ട്. സ്റെറബിലൈസ് ചെയ്യണമെന്നുള്ള അഭിപ്രായം കേൾക്കുമ്പോൾ എനിക്കോർമ്മ വരുന്നത് ഇൻഡ്യൻ സൊസൈററി സ്റേറബിളായി എന്നാണ് പറയുന്നത്. എന്തെല്ലാം കുഴപ്പങ്ങളും കലാപങ്ങളും വിപ്ലവങ്ങളും ലോകത്തിന്റെ മററു രാജ്യങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഇൻഡ്യയിലെ അതിപാവനമായ സംസ്ക്കാരം അതിപാവനമായ പരിഷ്കാരങ്ങൾ അഭംഗുരം നിലനിന്നിരുന്നു, സ്റേറബിൾ ആയിരുന്നു, എന്താണു ഈ സ്റേറബിലിററി? സ്റേറബിൾ എന്നു പറയുന്നത് സ്ററഗ്നേഷനാണ്. അതു സ്ററാഗ്നേഷൻ മാത്രമല്ല ഡിക്ലയിൻ കൂടിയാണ്. സ്ററബിലിററിയുടെ കാര്യം കേരളത്തെക്കുറിച്ചു മാത്രമാണോ പറയുന്നത് എന്നു ചിന്തിച്ച് ശ്രീ. വാസുദേവൻനായർ ചാടി എഴുന്നേൽക്കുന്നുണ്ട്. കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിൽ എല്ലാ സ്ഥലത്തുമുണ്ട്. കേരളം ഇൻഡ്യയുടെ ഭാഗമാണ്. ഇക്കഴിഞ്ഞ 20 കൊല്ലക്കാലത്തെ പ്ലാനിംഗിന്റെ ഫലമായി, ആ പ്ലാനിംഗ് നടത്തിയത് പണ്ഡിററ് ജവഹർലാൽ നെഹ്റു ആയാലും കൊള്ളാം അദ്ദേഹത്തിന്റെ മകളായാലും കൊള്ളാം അവരുടെ പിൻഗാമിയായ ജനതാമന്ത്രിമാർ ആയാലും കൊള്ളാം ഈ കാലത്തെല്ലാം നടന്നിട്ടുള്ള ഈ പ്ലാനിംഗ് എന്നു പറയുന്നത്, ഈ പ്ലാനിംഗിനു അടിസ്ഥാനമായ നയങ്ങൾ, ആ നയങ്ങൾ ഈ രാജ്യത്തെ പുരോഗമിപ്പിക്കുകയല്ല ചെയ്തിട്ടുള്ളത്. നേരെമറിച്ച് മുരടിച്ചു നിൽക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. അതിനെയാണ് സ്റെറബിലൈസ് ചെയ്തിട്ടുള്ളത്. ഇതാണ് ഇന്നത്തെ പ്രശ്നം. ഈ പ്രശ്നത്തെ ആസ്പദമാക്കിക്കൊണ്ടുള്ളതാണ് എന്റെ രാഷ്ട്രീയം. എനിക്കു രാഷ്ട്രീയമുണ്ട്. ഈ നയം മാറണം. ഈ നയം മാറണമെന്നു പണ്ഡിററ് നെഹ്റുവിന്റെ രണ്ടാം പഞ്ചവൽസരപദ്ധതി, അതിമഹത്തായ പദ്ധതി ഈ രാജ്യത്തിന്റെ മുന്നിൽവച്ച കാലത്തു ആ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മജീദും ബഹുമാനപ്പെട്ട വാസുദേവൻനായരും ഞങ്ങളെല്ലാം ഒരുമിച്ചായിരുന്ന ആ ഒററ പാർട്ടി പറഞ്ഞിട്ടുള്ളതാണ്. ഈ പദ്ധതി പരാജയപ്പെടാൻ പോകുകയാണ്, ഇതൊരു പൊളിഞ്ഞ പദ്ധതിയാണ്, ഈ പദ്ധതിയിൽ വളരെ ഭംഗിയായി സുന്ദരമായി പദപ്രയോഗങ്ങളുണ്ട്, സുന്ദരമോഹനങ്ങളായ വാഗ്ദാനങ്ങളുണ്ട്, അതിനു പററിയ നയപ്രഖ്യാപനങ്ങളുണ്ട്, ആ നയപ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ട നയം,

LIBRARY ARCHIVES Kerala Legislative Assembly

ആ നയം ഭൂപ്രശ്നത്തിലായാലും കൊള്ളാം വ്യവസായത്തിന്റെ പ്രശ്നത്തില യാലും കൊള്ളാം. നികുതിയുടെ കാര്യത്തിലായാലും കൊള്ളാം ആ നയങ്ങൾ മുഴുവൻ രാജ്യത്തെ ഒരു കുഴപ്പത്തിൽനിന്നും മററൊരു കുഴപ്പത്തിലേക്കു കൊണ്ടുചെന്നു ചാടിക്കുകയേ ഉള്ളൂ, അതിനുപകരം മററൊരു നയം ആവിഷ്കരിച്ചേ കഴിയൂ എന്ന് അന്നു ഞങ്ങൾ പറഞ്ഞു. അന്നല്ല ഇന്നും ഞങ്ങൾ പറയുന്നു. ബഹുമാനപ്പെട്ട വാസുദേവൻനായരും അദ്ദേഹത്തിന്റെ പാർട്ടിയും (ബഹുമാനപ്പെട്ട ബേബിജോൺ എന്നോടു ദേഷ്യപ്പെടരുത് ഞാൻ അദ്ദേഹത്തെക്കുറിച്ച് ഒന്നും പറയാത്തതിന്) ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയും ഇതിനുത്തരവാദിയാണ്. ഇതെല്ലാം വിട്ടിട്ട് ഇന്ദിരാഗാന്ധിയാണ് ഈ രാജ്യത്ത് സോഷ്യലിസം നടപ്പിലാക്കുക എന്നു പറഞ്ഞ് ഇന്ദിര നാടുഭരിച്ചു ലേ പാവങ്ങൾക്കൊരു ഗതിയുള്ളൂ എന്നു വിളിച്ചു നടന്നവർ ആണ്. ആ പേരു പറഞ്ഞിട്ടാണ് 1969-ലെ ഗവൺമെൻറിനെ അവർ മറിച്ചിട്ടത്. ആ മറിച്ചിട്ടതിൽ കരുണാകരനും ഉണ്ടായിരുന്നു. അന്നു ഞാൻ പറഞ്ഞിട്ടുള്ളതാണ് 'ദിവാകരൻ മുതൽ കരുണാകരൻ വരെ' അണിനിരന്നാണ് ആ ഗവൺമെൻറിനെ മറിച്ചിട്ടത്. അങ്ങനെ മറിച്ചിട്ടിട്ടു അവസാനം എവിടെയെത്തി? ബഹുമാനപ്പെട്ട കരുണാകരൻ നടപ്പിലാക്കിയിട്ടുള്ള മർദ്ദനക്യാമ്പുകളെപ്പോലും നിങ്ങൾ ശരിവച്ചു. ഇവിടെ ശരിവച്ചു സർ. എന്നിട്ടിപ്പോൾ പറയുന്നതു ഈ കാലഘട്ടത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി പുരോഗമനം നടപ്പിലാക്കുകയായിരുന്നു, അതുകൊണ്ടു മാർക്സിസ്ററുകാരേ നിങ്ങൾക്കു ഇത്ര വിവരമില്ലേ, ഇങ്ങോട്ടു വരിക എന്നാണ്. അതിന്റെ കാര്യങ്ങളിലേക്കു ഞാൻ നാളെ വരാം. ഇവിടെ പ്രശ്നം ഇത്തരത്തിലുള്ള ഒരു നയമുണ്ടോ എന്നുള്ളതാണ്. ഇവിടെ ചില പരാമർശനങ്ങൾ കേട്ടു. ചേരി രണ്ടാണോ മൂന്നാണോ ഇതായിരുന്നു തർക്കം. ബഹുമാനപ്പെട്ട പുരുഷോത്തമൻ വളരെ ആവേശകരമായി പറഞ്ഞു. ഇപ്പോൾ ചേരി രണ്ടേ ഉള്ളൂ, മൂന്നാമതൊരു ചേരിയില്ലെന്ന്. ഇതുകേട്ടപ്പോൾ എനിക്കു സന്തോഷംതോന്നി. 1977 മാർച്ച് വരെ ചേരി രണ്ടില്ല ഒന്നേയുള്ളൂ എന്നു പറഞ്ഞു നടന്നവർ ആണ്. ഇന്ദിരാഗാന്ധി മാത്രം ഒരൊററ ചേരി. അതിൽതന്നെ പലരും ഇപ്പോഴും നിൽക്കുന്നുണ്ട് എന്ന സൂചന ശ്രീ. നാരായണൻനായരുടെ പ്രസംഗത്തിൽനിന്നും വന്നു. ലാത്തിയും തോക്കുമൊന്നുമില്ലാതെ ഭരണം നടക്കുകയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനു സ്ററാലിനെയും മാവേ യേയും അദ്ദേഹം മുപ്പുസ ക്ഷിയ ക്കുകയും ചെയ്തു. സ്ററാലിന്റെയും മാവോയുടെയും കഥ വേറെയിരിക്കട്ടെ. അവർ ചെയ്തിട്ടുള്ള ചില തെററുകളും കുററങ്ങളും തിരുത്താൻ വേറെ ആളുകളുണ്ട്. അക്കാര്യങ്ങളും പറഞ്ഞുകൊണ്ട് ഇവിടെ തോക്കും ലാത്തിയും വീണ്ടും കൊണ്ടുവരണമെന്നുള്ളതാണോ? കോൺഗ്രസ് (ഐ) എന്നാൽ കോൺഗ്രസ് (ഇന്ദിര) എന്നായിരുന്നെങ്കിൽ എനിക്കിപ്പോൾ തോന്നുന്നത് ആ പേരു കുറേക്കൂടി മാററുമെന്നാണ്. കോൺഗ്രസ് (ഐ.എസ്) എന്ന ക്കും. ഇന്ദിരാകോൺഗ്രസ്സും സ്വരൺ കോൺഗ്രസ്സും കൂടി ഒന്നാകുമെന്നല്ല ഐ.എസ്. കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. ഒന്നാകുകയില്ലെന്നു രണ്ടുകൂട്ടരും പറഞ്ഞു കഴിഞ്ഞു. പറയുക മാത്രമല്ല, ഇവിടെതന്നെ ഇന്നും ഇന്നലെയും നമ്മൾ കണ്ടിട്ടുള്ളതാണ്. കോൺഗ്രസ് (ഐ.എസ്) എന്നാൽ കോൺഗ്രസ് (ഇന്ദിരാ-സഞ്ജയ്) എന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങനെ ഭയം വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അങ്ങനെ ഭയം വേണ്ടെന്നു പുരുഷോത്തമൻ ഇവിടെ പറയുമ്പോൾ സഞ്ജയനെ താങ്ങാൻ തയ്യാറില്ലാത്തവർ എന്റെ കോൺഗ്രസ്സിൽ ഉണ്ടാകുകയില്ലെന്നു ഇന്ദിരാ ഗാന്ധി പറഞ്ഞിരിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: അവർ അങ്ങനെ പറഞ്ഞിട്ടില്ല. സഞ്ജയൻ വരുന്ന പ്രശ്നമേയില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: പിന്നെ എന്തിനാണ് ഇത്രയും വെപ്രാളം. വെപ്രാളം ഉണ്ടോ ഇല്ലയോ എന്നുള്ളതു നാട്ടുകാർ കാണുന്നതാണ്. എന്തിനുവേണ്ടിയാണ് ഇന്ദിരാകോൺഗ്രസ്സുകാരിൽ പലരും ഇതു കടന്ന കൈ ആയിപ്പോയി എന്നു പറയുന്നത്? പറയുന്നുണ്ട്, പരസ്യമായി പറയുന്നുണ്ട്. ഇനി ഐക്യം ഇല്ലെന്നു ഇന്ദിരാ ഗാന്ധി പറയുമ്പോൾ ഉണ്ട്, ഐക്യത്തിനുവേണ്ടി ശ്രമിക്കുകയാണെന്നു അരശ് പറയുന്നത് അത്ര നിരുപദ്രവകരമാണോ? അല്ലെന്നാണ് എന്റെ അഭിപ്രായം. ഏതായാലും 1975-76-ൽ എങ്കിലും ഇന്ദിരാകോൺഗ്രസ് എന്നു പറഞ്ഞാൽ ഇന്ദിരാ-സഞ്ജയ് ധവാൻ കോൺഗ്രസ് ആയിരുന്നു എന്നു ലോകം ആകെ അറിയുന്നതാണ്.

ശ്രീ. എ. എ. റഹീം: ആന്റണിയും ഉണ്ടായിരുന്നു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആന്റണിയും ഉണ്ടായിരുന്നു. നിങ്ങൾ കോൺഗ്രസ് (ഐ) ഇപ്പോൾ മാറിയാലും ഞങ്ങൾക്കു വിരോധമൊന്നുമില്ല, കേട്ടോ. ആന്റണി മാറിയതുപോലെ കരുണാകരനും മാറിയാൽ, കരുണാകരൻ ചെയ്ത കാര്യങ്ങൾ മറക്കാൻ വിഷമമുണ്ടെങ്കിലും സഞ്ജയനെ തള്ളിപ്പറയാൻ ബഹുമാനപ്പെട്ട പുരുഷോത്തമൻ മാത്രമല്ല കരുണാകരനും തയ്യാറായാൽ സന്തോഷമുണ്ട്. അതൊന്നു സ്റ്റെബിലൈസു ചെയ്യണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏതു വ്യക്തി എന്നുള്ളതിനേക്കാൾ പ്രധാനമായിട്ടുള്ള കാര്യം ഈ സാമ്പത്തിക നയം, ഇന്നാട്ടിനെ ആകെ കുളത്തിലിറക്കുന്ന സാമ്പത്തികനയം പൊളിച്ചെഴുതാൻവേണ്ടി ഒരു പുതിയ അദ്ധ്യായം തുറക്കാൻ തയ്യാറുണ്ടോ എന്നുള്ളതാണ്. 1975-77 കാലത്തുള്ള അടിയന്തിരാവസ്ഥയുടെ അദ്ധ്യായം ശാശ്വതമായി അടച്ചുവയ്ക്കാൻ തയ്യാറുണ്ടോ?

മൂന്നാമതായി ആർ.എസ്.എസ്. പോലെയുള്ള വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾക്കെതിരായി ഉറച്ചുനിൽക്കാൻ തയ്യാറുണ്ടോ? ഇതു ഞാൻ പറയുമ്പോൾ ബഹുമാനപ്പെട്ട ഇ. അഹമ്മദ് ഇവിടെ പറഞ്ഞതു കേട്ടപ്പോൾ തന്റെ തലശ്ശേരിയുടെ കാര്യം ഓർത്തുപോയി. തലശ്ശേരിയിൽ ആർ.എസ്.എസ്.-നെ നേരിട്ടതു ഞങ്ങളാണ്. അന്നു ഞങ്ങൾ വർഗ്ഗീയ ലഹള കുത്തിപ്പൊക്കിയെന്നും ആർ.എസ്.എസ്.കാർ നിർദ്ദോഷികളാണെന്നും പറഞ്ഞുകൊണ്ടുള്ള പ്രസ്താവനയിൽ ഒപ്പിടാൻ ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദുകോയയും ഉണ്ടായിരുന്നു. അദ്ദേഹം ഇപ്പോൾ മാറിയിട്ടുള്ളതിൽ എനിക്കു സന്തോഷമുണ്ട്. ഇല്ല, മാറിയിട്ടില്ലെന്നാണോ? എങ്കിൽ അതു വേറെ കാര്യം.

ഏതായിരുന്നാലും ഈ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളുണ്ട്. ആ സാമ്പത്തിക പ്രശ്നങ്ങൾ, അലകും പിടിയും മാറാതെ രക്ഷയില്ല. അതുപോലെതന്നെ ഏകാധിപത്യത്തെ എതിർത്തുകൊണ്ട് ജനാധിപത്യം പുനഃസ്ഥാപിക്കുക, സംരക്ഷിക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള പ്രശ്നമുണ്ട്. അതുപോലെതന്നെ ഹിന്ദു റിവൈവലിസത്തിന്റെ അക്രമരാഷ്ട്രീയമുണ്ട്. അതിന്റെ പ്രശ്നമുണ്ട്. ഈ രണ്ടു മൂന്നു കാര്യങ്ങളിൽ യോജിക്കാൻ ആരൊക്കെ തയ്യാറുണ്ട്. ആ കൂട്ടത്തിൽ സഞ്ജയനെ ഞങ്ങൾ ഞങ്ങളുടെ കൂടെ കൂട്ടുന്നില്ലെന്ന് ബഹുമാനപ്പെട്ട പുരുഷോത്തമൻ പറഞ്ഞതു ശരിയാണെങ്കിൽ ആ കാര്യം പറഞ്ഞുകൊണ്ട് അവരുടെ വർക്കിംഗ് കമ്മിററിയുടെ ഒരു പ്രമേയവുമായിട്ടു വന്നാൽ നമുക്ക് സംസാരിക്കാം. നിങ്ങളുടെ വർക്കിംഗ് കമ്മിററി സഞ്ജയനെ തള്ളിപ്പറഞ്ഞുകൊണ്ട് ഒരു പ്രമേയം പാസ്സാക്കിയാൽ നമുക്ക് ആലോചിക്കാം. അപ്പോൾ ഈ ചേരി, രണ്ടു ചേരിയേ ഉള്ളൂ എന്നു പറഞ്ഞാൽ ഞാൻ ചോദിക്കുകയാണ് ആർ.എസ്.എസും ആയിട്ടു നിങ്ങൾ കൂടുമെന്നാണോ ഈ രണ്ടു ചേരിയേ ഉള്ളൂ എന്നു പറയുന്നതിന്റെ അർത്ഥം? ഞങ്ങൾ ആർ.എസ്.എസ്.-ന് എതിരാണ് ആർ.എസ്.എസ്.-ന് എതിരായിട്ടു പോരാടുന്നു ഞങ്ങൾ. മൂന്നില്ല, രണ്ടേ ഉള്ളൂ എന്നു നിങ്ങൾ പറയുകയാണെങ്കിൽ ഒന്നുകിൽ നിങ്ങൾ ആർ.എസ്.എസ്.-നോടു യോജിക്കണം അല്ലെങ്കിൽ ആർ.എസ്.എസ്. നിങ്ങളോടു യോജിക്കണം. തലശ്ശേരിയിൽ അതു കണ്ടതാണ്. ഇന്ന് ആർ.എസ്.എസ്.-കാരുടെ കത്തിക്കുത്ത് ഏററ് മരണമടയുന്നത് ഞങ്ങളാണ്. അതിൽ നിങ്ങളാണ് കൂട്ടുകൂടുന്നത്. ആർ.എസ്.എസ്സുമായി ഇന്നും കൂട്ടുകൂടുന്നത് ഇവരാണെന്നാണ് ഞാൻ ആരോപിക്കുന്നത്. ഇപ്പോൾ അതുകൊണ്ട് രണ്ടു ചേരിയേയുള്ളൂ എന്നു പറയുന്നതിൽ അർത്ഥമില്ലെന്നു പറയുന്നതോടൊപ്പം തന്നെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ മൂന്നാം ചേരി എന്നു പറയുന്നതിന്റെ പ്രസക്തി പോയിക്കഴിഞ്ഞു. മൂന്നാം ചേരിയെന്ന് ഇപ്പോഴും പറയുന്നതു കേട്ടു. പക്ഷെ, ഞാൻ ചോദിക്കുകയാണ്, ഇന്ന് മൂന്നുചേരിയാണോ ഉള്ളത്? ഇവരുടെ ഒരു ചേരി, ആർ.എസ്.എസിന്റെ ഒരു ചേരി, ഇനിപ്പോൾ നിങ്ങളുടെ ഒരു ചേരി ഉണ്ട്. നിങ്ങളുടെ ചേരിയും ഞങ്ങളുടെ ചേരിയും ഒന്നായിട്ടൊന്നുമില്ല. ഒന്നാകാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ശരി. പക്ഷെ, എന്തോ ഒരു പദപ്രയോഗം കേട്ടിട്ടു ഒന്നായി എന്നുധരിച്ചുകൊണ്ട്—അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഞാൻ നാളെ അതിനെപ്പററി പറയാം. ഇന്ന് പ്രധാനപ്പെട്ട പ്രശ്നം, മറെറല്ലാററിനേക്കാളും ഏറെ ഈ പറഞ്ഞ പത്തുകൊല്ലം കൊണ്ട് അഞ്ചിരട്ടിയായി വർദ്ധിച്ച കേരളത്തിലെ തൊഴിലില്ലായ്മ, ഇന്നും നൂറിൽ അറുപത്തിരണ്ട് ആളുകൾ ദാരിദ്രരേഖയ്ക്കു താഴെ ജീവിക്കുന്ന കേരളം, ഇതുപോലെ നിരവധി പ്രശ്നങ്ങൾ, നമ്മുടെ സമ്പത്ത്, നമ്മുടെ ജല വിഭവങ്ങൾ മററു വിഭവങ്ങൾ, ഇതെല്ലാം ഉപയോഗിക്കാൻ കഴിയുന്നില്ല.

ഈ ബഡ്ജററു പ്രസംഗത്തിൽതന്നെ മിച്ചമായിട്ടുള്ളതിന്റെ കാരണം പറഞ്ഞിട്ടുണ്ട്. ഇലക്ട്രിസിററി ബോർഡ് ഇലക്ട്രിസിററി മററു സ്റേററുകൾക്കു കൊടുത്തിട്ടു കാശു കിട്ടിയെന്നാണ് പറയുന്നത്. എന്തിനാണ് കൊടുത്തത്. ഇവിടെ ഇലക്ട്രിസിററി ആവശ്യമില്ലാഞ്ഞിട്ടാണോ? അല്ല, കൊടുക്കാൻവേണ്ട ഏർപ്പാടില്ല. ഇന്ന് ഞാൻ ഒരു സെമിനാറിൽ പങ്കെടുത്തു. ഇലക്ട്രിസിററിയുടെ കാര്യത്തിൽ, മററു സയൻസുകളുടെ കാര്യത്തിൽ എല്ലാം വിദഗ്ദ്ധന്മാർ തമ്മിൽ ഈ സൈലൻറുവാലിയെ സംബന്ധിച്ചു അഭിപ്രായവ്യത്യാസമുണ്ട്. പക്ഷെ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും രണ്ട് അഭിപ്രായക്കാരും പറഞ്ഞു, കേരളത്തിൽ ആവശ്യമുള്ളത്, കേരളത്തിനു ഉപയോഗിക്കാവുന്നത്, കേരളത്തിന്റെ വ്യവസായവൽക്കരണത്തിനും കേരളത്തിന്റെ ലിഫ്ററ് ഇറിഗേഷനും ഉപയോഗിക്കാവുന്ന ഇലക്ട്രിസിററി കേരളത്തി

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ട് വിൽക്കുകയാണ്. ആവശ്യം കഴിഞ്ഞു കൊടുക്കുകയല്ല. ഇതുപോലെ എത്രയോ എത്രയോ പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണത്തക്ക നിലയിൽ ഈ രാജ്യത്തുള്ള എല്ലാ ജനസ്നേഹികളായിട്ടുള്ളവരുമായും യോജിക്കാം. ആ യോജിപ്പിന്റെ അടിസ്ഥാന ഘടകങ്ങളായി ഈ അടിയന്തിരാവസ്ഥക്കാലത്തെ അതിക്രമം, ആ അതിക്രമം നടത്തിയവർക്കെതിരായിട്ട് നടപടിയെടുക്കുക,—ഇന്ന് രാജ്യസഭയിൽ ഒരു ബില്ല് വരുന്നു, അവരെ ശിക്ഷിക്കാൻ വേണ്ടിയിട്ട്. ആ ബിൽ പാസ്സാക്കാതിരിക്കാൻ എന്താണ് വഴിയെന്നാണ് ഇവർ നോക്കുന്നത്. ബില്ലു പാസ്സാക്കിയാൽ ഇവർക്കു ബുദ്ധിമുട്ടുണ്ട്. ശരിയാണ്. ഇത്തരത്തിൽ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതുപോലെ ഈ. ആർ.എസ്.എസ്. പോലുള്ളതായ വർഗ്ഗീയ പിൻതിരിപ്പൻ ശക്തികൾക്കെതിരായിട്ട് ഇതിലെല്ലാം യോജിക്കുക എന്നുള്ളതാണ് ഞാൻ പറയുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഇതു സംഭവിക്കുന്ന അവസരത്തിൽ ചേരി മൂന്നെന്നല്ല എത്ര ഉണ്ടാകുന്നു എന്നു പറയാൻ പററുകയില്ല. ചേരിയുടെ വളർച്ചയെ ആർക്കും തടയാൻ കഴിയുകയില്ല. ഈ സന്ദർഭത്തിൽ ഏതു ചേരിയിൽപ്പെട്ടവരായാലും കൊള്ളാം ചില അടിസ്ഥാന തത്വങ്ങൾ, അവയെ ആസ്പദമാക്കിക്കൊണ്ടുള്ള യോജിക്കാനുള്ള മുന്നണി എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അതിനു വളരെ വളരെ പ്രസക്തിയുണ്ടെന്നാണ് ഈ ബഡ്ജററു പ്രസംഗവും ബഡ്ജററു പ്രസംഗത്തോടൊപ്പം വിതരണംചെയ്തിട്ടുള്ള ഇക്കണോമിക് റിവ്യൂവും അതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രം അവതരിപ്പിച്ചിട്ടുള്ള ബഡ്ജററും കേന്ദ്ര ഗവൺമെൻറ് തയ്യാറാക്കിയിട്ടുള്ള ഇക്കണോമിക് സർവ്വേയും തെളിയിക്കുന്നതെന്ന് പറഞ്ഞുകൊണ്ടു എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കരുണാകരൻ:</u> സർ, ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് ഈ ബഡ്ജററിനെക്കുറിച്ചുള്ള വിമർശനത്തിൽ ഗവൺമെൻറ് ഈ ബഡ്ജററ് അവതരിപ്പിക്കാനുണ്ടായ കാരണങ്ങളെയും സാഹചര്യങ്ങളെയും കുറിച്ച് മറെറാരവസരത്തിൽ സംസാരിക്കാമെന്നു പറഞ്ഞു മാററി വച്ചിരിക്കുകയാണ്. അതുകൊണ്ട് ഞാനും ഇന്ന് ആ വിഷയത്തിലേക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല.

സർ, ഈ ബഡ്ജററിനെക്കുറിച്ച് ഇവിടെ നടന്ന ചർച്ചകളും അഭിപ്രായപ്രകടനങ്ങളും ഒക്കെത്തന്നെ ഈ ബഡ്ജററിനെ അതിന്റെ യഥാർത്ഥ രൂപത്തിൽ മനസ്സിലാക്കിയിട്ടല്ല നടത്തിയതെന്ന് ഞാൻ കരുതുന്നില്ല. കാരണം അംഗങ്ങളെല്ലാം ബുദ്ധിമാൻമാരാണ്. മനസ്സിലാക്കിയിട്ടും പ്രചരണത്തിനുവേണ്ടി യാഥാർത്ഥ്യബോധമില്ലാതെ ഇതിനെ സമീപിച്ചു എന്നുള്ളതാണ്. മറിച്ച് ആളുകളെ വിശ്വസിപ്പിക്കത്തക്കവിധത്തിൽ വിദഗ്ദ്ധമായിട്ടാണ് ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഈ ബഡ്ജററിന് ആവശ്യമായ പശ്ചാത്തലം തയ്യാറാക്കിയിട്ടുള്ളത് എന്നും ഞാൻ കാണുകയാണ്. സർ, ഈ ബഡ്ജററിന്റെ ഉള്ളിലേക്ക് കടന്നു നോക്കുമ്പോൾ ഇതൊരു കമ്മി ബഡ്ജററാണ്. ഈ ബഡ്ജററിൽ ജനോപകാരപ്രദങ്ങളായ ഒട്ടേറെ കാര്യങ്ങളുണ്ട്, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക്, പാവപ്പെട്ടവർക്ക്, ദുർബ്ബലവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന കാര്യങ്ങളൊക്കെ ഉണ്ടെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. സർ, ഈ ബഡ്ജററിനെ വിലയിരുത്തുമ്പോൾ കഴിഞ്ഞ വർഷം അവതരിപ്പിച്ച ബഡ്ജററിനെക്കുറിച്ച് നാം നടത്തിയ പരാമർശന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലേയ്ക്ക് ഞാൻ ഈ സഭയിലെ അംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കഴിഞ്ഞ വർഷവും ഇവിടെ ഒരു ബഡ്ജററു കൊണ്ടുവന്നു. വളരെ ജനോപകാരപ്രദമാണ്, വിശേഷിച്ചും കാർഷികമേഖലയിൽ വിപ്ലവകരമായ മാററങ്ങൾ വരുത്തുന്ന ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള ഒരു ബഡ്ജററാണ് എന്നൊക്കെ അപ്പുറത്തിരിക്കുന്ന അംഗങ്ങൾ വിശേഷിപ്പിച്ചതാണ്. അതിലൊന്നാണ് താങ്ങുവില, നെല്ലിനും കപ്പയ്ക്കും ഉള്ള താങ്ങുവില. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടു പറഞ്ഞതുപോലെ ദാരിദ്രരേഖയ്ക്കു താഴെ നിൽക്കുന്ന 62 ശതമാനത്തോളം ആളുകൾ ജീവിക്കുന്ന കേരളത്തെസംബന്ധിച്ചിടത്തോളം യുവാക്കളുടെ തൊഴിലില്ലായ്മ വേതന പരിപാടി എന്തായി എന്ന് നമുക്കറിയാം. യുവത്വത്തിന്റെ പ്രതീകമായ എ. കെ. ആൻറണി മുഖ്യമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന പദ്ധതിയെന്നു പറഞ്ഞ് കൈ അടിച്ച ആളുകളാണ് അപ്പുറത്തിരിക്കുന്നത്. എന്നാൽ ഇന്നത്തെ ധനകാര്യമന്ത്രി അത് ഉപേക്ഷിച്ചിരിക്കുകയാണ്. അന്ന് കൈ അടിച്ചവർ ഇന്ന് കൈ മടക്കി അടിക്കുമോ? ഉപേക്ഷിച്ചു എന്നു പറഞ്ഞാൽ ഇന്ന് ആ പദ്ധതി വേറൊരു രൂപത്തിൽ കൊണ്ടുവരുന്നു എന്നാണ്. അതുതന്നെയാണ് യാഥാർത്ഥ്യബോധമില്ലാത്ത ഒരു സമീപനമാണ് അന്ന് ഈ കാര്യത്തിൽ സ്വീകരിച്ചതെന്ന് ഞങ്ങൾ പറഞ്ഞത്. ഒരു ക്ഷേമരാഷ്ട്രം വിഭാവന ചെയ്യുന്ന ആളുകളാണ് നാം. ആ ക്ഷേമരാഷ്ട്രത്തിൽ എത്തിച്ചേരാൻ എത്രയോ ദൂരം സഞ്ചരിക്കാനുണ്ട്. താണ്ടേണ്ടതായ ബുദ്ധിമുട്ടുകളും വൈതരണികളും താണ്ടി വേണം മുന്നോട്ടു പോകാൻ. എന്തുകൊണ്ടാണ് ഇത്തരത്തിൽ ഒരു ബഡ്ജററ് അവതരിപ്പിക്കാൻ ഈ ഗവൺമെൻറിനു സാധിച്ചത്? ഈ ഗവൺമെൻറിനു കിട്ടിയിട്ടുള്ള ആനുകൂല്യങ്ങൾ കണക്കിലെടുത്തുനോക്കിയാൽ ഇത്രയും പാപ്പരായ ഒരു ബഡ്ജററ് അവതരിപ്പിക്കാനില്ലെന്നാണ് എനിക്കു പറയാനുള്ളത്.

ഇവിടെ ചില ആളുകൾ സംസാരിച്ച അവസരത്തിൽ മാന്ത്രികന്റെ ജാലവിദ്യകൊണ്ട്, ഉണ്ടാക്കിയ ഒരു ബഡ്ജററാണ് 'ഇതെന്നു' വിശേഷിപ്പിച്ചതിനെ അപ്പുറത്തിരിക്കുന്ന ആളുകൾ വിമർശിച്ചു. യഥാർത്ഥത്തിൽ ചെപ്പടിവിദ്യക്കാരന്റെ ചെപ്പടി വിദ്യയാണ് ഈ ബഡ്ജററിൽ കാണിച്ചിട്ടുള്ളത്. എത്രയാണ് കേന്ദ്ര ധനകാര്യകമ്മീഷന്റെ സഹായം നമുക്കു കിട്ടിയിട്ടുള്ളത്. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വരുന്ന 5 കൊല്ലക്കാലത്തേക്ക് നമുക്കു കേന്ദ്ര വായ്പ തിരിച്ചടക്കേണ്ട വകയിൽ ഉദ്ദേശം 115 കോടി രൂപയുടെ ആശ്വാസം ലഭിക്കുന്നതാണ്. ഈ കടം തിരിച്ചടയ്ക്കേണ്ട വകയിൽ ആശ്വാസം ലഭിക്കുമ്പോൾ ഓരോ കൊല്ലവും അതിനായി ഉൾക്കൊള്ളിക്കുന്ന പണം മാത്രമല്ല അതിന്റെ പലിശ ഉൾപ്പെടെയുള്ള ആശ്വാസം ഇതുകൊണ്ട് നമുക്കു കിട്ടുന്നു. ചില പ്രത്യേക തരം വായ്പകൾ ഒഴിച്ച്, 31-3-1979-ൽ ബാക്കി നിൽക്കുന്ന കേന്ദ്രവായ്പയുടെ 25 ശതമാനം എഴുതിത്തള്ളുന്നതാണ്. ഇപ്രകാരം എഴുതിത്തള്ളുന്ന തുക ഏതാണ്ട് 125 കോടി രൂപ വരുമെന്ന് കണക്കാക്കപ്പെടുന്നു. ഈ 125 കോടി രൂപ നമ്മുടെ പഴയ ബാദ്ധ്യതയിൽനിന്ന് എഴുതിത്തള്ളുമ്പോൾ സർ, ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കാതലായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതി എന്താണ് ഇവിടെ ആവിഷ്കരിച്ചിട്ടുള്ളത്. ഇന്നത്തെ തൊഴിലില്ലായ്മാ വേതനത്തിനു പകരം മറെറാരു പ്രോഗ്രാം നടപ്പാക്കുമെന്നു പറയുന്നു. സർ, ഒരു പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ അതിന് ഒരു പശ്ചാത്തലം ഉണ്ടാക്കണം. അതു പ്രഖ്യാപിക്കുന്ന ആൾക്ക് അത് എന്താണെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിനെപ്പററി ഒരു ധാരണ മനസ്സിൽ ഉണ്ടാകണം. കഴിഞ്ഞ വർഷം താങ്ങുവില പ്രഖ്യാപിച്ച അവസരത്തിൽ എന്തടിസ്ഥാനത്തിലാണ് താങ്ങുവില നിശ്ചയിക്കാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചു. താങ്ങുവില നിശ്ചയിച്ചു ഒരു വർഷം കഴിഞ്ഞപ്പോഴാണ് കപ്പയ്ക്കു താങ്ങുവില നിശ്ചയിച്ചത്. കിലോയ്ക്ക് 90-ഉം 95-ഉം പൈസ ഉണ്ടായ കപ്പയ്ക്ക് ഉള്ളപ്പോൾ ഗവൺമെൻറ് ഇവിടെ 30 പൈസ പ്രഖ്യാപിച്ചു. ഇതാണോ സമീപനം. അതുപോലെതന്നെ തൊഴിലില്ലായ്മ വേതനം കൊടുക്കുമെന്നു പ്രഖ്യാപിച്ചപ്പോൾ ഞങ്ങൾ ചോദിച്ചു ഇത് എങ്ങനെ കൊടുക്കാൻ പോകുന്നുവെന്ന്. ഇതുപോലുള്ള നിരവധി ആനുകൂല്യങ്ങളെപ്പററി പറയാനുണ്ട്. വിശദമായി കടക്കാൻ സമയമില്ല, അതുകൊണ്ട് ഞാൻ അതിലേക്കു കടക്കുന്നില്ല.

സർ, മിച്ചമുണ്ടാക്കിയെന്നു പറയുന്നു. മിച്ചമുണ്ടാക്കിയതു വികസന പ്രവർത്തനങ്ങൾക്കുള്ള സംഖ്യ യാതൊന്നും വെട്ടിക്കുറയ്ക്കാതെയാണെന്നു പറയുന്നു. എന്തിന് ജനങ്ങളെ ഇങ്ങനെ കബളിപ്പിക്കണം. കഴിഞ്ഞകൊല്ലം സർ, താങ്ങുവില നൽകാൻ വേണ്ടി ഉൾക്കൊള്ളിച്ചത് 5 കോടി രൂപയാണ്. യുവാക്കൻമാർക്ക് തൊഴിലില്ലായ്മാ വേതനം കൊടുക്കാൻവേണ്ടി ഉൾക്കൊള്ളിച്ചത് 10 കോടി രൂപയാണ്. അങ്ങനെ മൊത്തം 15 കോടി രൂപ കഴിഞ്ഞ വർഷം ഉൾക്കൊള്ളിച്ചതിൽ ചെലവാക്കിയത് 3 കോടി രൂപയാണ്. ബാക്കി 12 കോടി രൂപ എവിടെ പോയി? ചെലവു ചുരുക്കിയെന്നു പറയാതിരുന്നാൽ മതിയായിരുന്നു. 12 കോടി രൂപ ഈ ഇനത്തിൽ മാത്രം തട്ടി എടുത്തതിനു ശേഷം വികസന പ്രവർത്തനങ്ങളുടെ ചെലവു ചുരുക്കാതെ ഭരണ രംഗത്തു നിയന്ത്രണം ഏർപ്പെടുത്തിയെന്നാണ് പറയുന്നത്. എന്തു നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു? ഇവിടെ പലരും സൂചിപ്പിച്ചു, ഏതൊക്കെ ഉദ്യോഗ തസ്തികകളാണ് സൃഷ്ടിച്ചത്. എന്നിട്ട് കണിശമായി ചെലവു ചുരുക്കിയെന്നാണ് പറയുന്നത്. ഇതിൽനിന്ന് ഒരു സംഗതി വ്യക്തമാകുന്നു. യാഥാർത്ഥ്യബോധത്തോടുകൂടിയല്ല ഈ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്നത്. വെറും ചെപ്പടി വിദ്യയാണ്.

സർ, കഴിഞ്ഞ വർഷം ഈ സഭയ്ക്ക് തന്ന ഉറപ്പ് ''The Government proposes to raise an amount of Rs. 10 crores by way of additional taxation; till the date of effect of the award of the Seventh Finance Commission''. ആ തീയതിവരെയാണ് i.e., till the date of effect of the award of the Seventh Finance Commission. ''On this basis, additional salestax at the rate of 10% of the current rates will be realised for the sales during 1978-79. Government expect that it will not be necessary to continue this levy from 1978-80 onwards as by that time the award of the VII Finance Commission will be in operation'' എന്നിട്ട് യാതൊരു മടിയും കൂടാതെ ഇതു തുടരും, തുടരുമെന്നു പറയുകയാണ്. എന്നിട്ട് കയ്യടിച്ചു പറയുകയാണ് ഒരു പൈസപോലും നികുതി ഏർപ്പെടുത്തിയിട്ടില്ലെന്ന്. അപ്പോൾ ഗവൺമെൻറ് ഈ കാര്യത്തിൽ ഒരു ചെപ്പടി വിദ്യ കാണിച്ച് ഇതൊരു നല്ല ബഡ്ജററാണെന്നു വരുത്തിത്തീർത്തിരിക്കുകയാണ്.

അതുപോലെ തന്നെ ഈ കൊടുത്ത ആനുകൂല്യങ്ങളുടെ കാര്യവും, പെൻഷൻ കൂട്ടിക്കൊടുക്കുന്നതും നല്ല കാര്യമാണ്. പക്ഷെ ഇത്

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായിട്ടുള്ള കാര്യമാണോ? എപ്പോഴെല്ലാം ശമ്പളപരിഷ്ക്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ, അപ്പോഴെല്ലാം പെൻഷൻ വർദ്ധനവ് ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. അതിന്റെ തോതിൽ വ്യത്യാസമുണ്ടാകാം. സർ, കഴിഞ്ഞ ശമ്പളപരിഷ്ക്കാരം ഏർപ്പെടുത്തിയപ്പോഴം പെൻഷൻ വർദ്ധിപ്പിച്ചു കൊടുക്കുകയുണ്ടായിട്ടില്ലേ? അത് പേ കമ്മീഷന്റെ ശുപാർശയോടൊപ്പം പ്രഖ്യാപിക്കാത്തതുകൊണ്ട് ഒരത് ഈ ഗവൺമെൻറിന്റെ വമ്പിച്ച നേട്ടമായി പറയുകയാണ്. അതിലും കബളിപ്പിച്ച ആളുകളുടെ ഗതികേടിൽ ഞാൻ സഹതപിക്കുകയാണ്.

അതുപോലെതന്നെ ഈ മെച്ചം, പാവപ്പെട്ട ആളുകൾക്കു കൊടുത്ത ആനുകൂല്യങ്ങളെ സംബന്ധിച്ച പട്ടിക വച്ചു പറയുകയാണ്. എന്തെല്ലാം ആനുകൂല്യങ്ങളാണ്. അഗതികൾക്കുള്ള പെൻഷൻ, അച്ഛനമ്മമാരില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു സഹായം, നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള ആയിരം രൂപ സഹായധനം ഇപ്പോഴം നിലവിലുണ്ട്. ഈ സഹായധനം അച്ഛനമ്മമാരില്ലാത്ത നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനും ലഭ്യമാകും. അഗതികളുടെ പെൻഷൻ ഇനത്തിലുള്ള 50 ലക്ഷം രൂ.യും സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുന്ന ഇനത്തിലുള്ള 30 ലക്ഷം രൂപയും കൂടുതലായി വരുന്നത് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ അച്ഛനമ്മമാരില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിന് ഒരു പൈസയും പറഞ്ഞിട്ടില്ല. കാരണം പുതിയ ആനുകൂല്യം കൊടുത്താൽ ആർക്കും അതിൽ ചെലവില്ല. എന്താണ് അതിന്റെ രഹസ്യമെന്നറിയണം. അച്ഛനമ്മമാർ ഇല്ലാത്ത കുട്ടികൾ എന്നു പറയുന്നത് ഭർത്താവ് ഇല്ലാതാകുമ്പോൾ അച്ഛനില്ല. അച്ഛൻമരിച്ചതിന്റെ പേരിലാണ് വിധവയാകുന്നത്. അമ്മ മരിച്ചാലും വിധവയുടെ മകൾ തന്നെയാണ് ഈ കുട്ടി. അപ്പോൾ വിധവയുടെ കുട്ടികൾക്കു കൊടുക്കുകയെന്നു പറഞ്ഞാൽ അച്ഛനമ്മമാർ ഇല്ലാത്തവരാണ്. അല്ലാതെ ആദ്യം ധരിച്ചമാതിരി അല്ല. അതു ഒരു പുതിയ കാര്യമായിട്ടാകുകയാണ്! പുതിയ പുതിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു!

ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു: അച്ഛൻ ജീവിച്ചിരിക്കെ അമ്മ മരിച്ചുപോയ കുട്ടികൾക്കും ഈ ആനുകൂല്യം കിട്ടുമെന്നാണ്.

ശ്രീ. കെ. കരുണാകരൻ: അങ്ങനെയല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. അച്ഛനമ്മമാർ ഇല്ലാത്ത നിർദ്ധനരായ പെൺകുട്ടികൾ എന്നാണ്. അപ്പോൾ അതിനും ചെലവില്ല, മററുള്ളതിനെല്ലാം അഡീഷണൽ എക്സ്പെൻറിച്ചർ കൊള്ളിച്ചിട്ടുണ്ട്. ഇതിൽ അതില്ല, അതാണ് ഞാൻ പറഞ്ഞത് നല്ല കാര്യം വകുപ്പിലുണ്ട് ചെപ്പടി വിദ്യക്കാരന്റെ പന്തുകളി നടത്താൻ പററിയ ഉദ്യോഗസ്ഥൻമാർ ആ കളി ഇതിൽ നടത്തിയിരിക്കുന്നത്, അത് ഭംഗിയായി അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.

അതുപോലെ തന്നെ ഈ ബഡ്ജററിന്റെ, മററു വശങ്ങളിലേയ്ക്കും ഒന്നു കടന്നു നോക്കണം. ചുരുങ്ങിയത് ഏതാണ്ട് പത്ത്, എഴുപതു ലക്ഷം കുട്ടികളെങ്കിലും അഞ്ചുവയസ്സിനു താഴെ നമ്മുടെ സ്റേററിൽ ഉണ്ടാകും. ആ 5 വയസ്സിനു താഴെയുള്ള കുട്ടികളെല്ലാം നിർദ്ധനരാണ്. അവർക്കെല്ലാംകൂടി ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചിരിക്കുകയാണ്. 2 കോടി രൂപ അഡീഷണലായി നീക്കി വച്ചു. ഇതൊക്കെ കൊട്ടിഘോഷിച്ച് അങ്ങേപ്പുറത്തിരിക്കുന്ന ആളുകൾ ധരിക്കേണ്ട ഈ ഗവൺമെൻറ് ഇതെല്ലാം ചെയ്യാൻ പോവുകയാണെന്ന്. പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെൻറിന് കഴിവില്ലെന്നുള്ളതാണ് കഴിഞ്ഞകാലാനുഭവം. താങ്ങുവില ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കിയെന്നു നിങ്ങൾ അവകാശപ്പെട്ടാലും ഈ സംസ്ഥാനത്തെ ഏതെങ്കിലും ഒരു കർഷകൻ ഈ താങ്ങുവിലയിൽ സംതൃപ്തനാണോ? അവന് ആശ്വാസം കിട്ടുന്നുണ്ടോ? കപ്പയായാലും ശരി, നെല്ലായാലും ശരി അപ്പോൾ ഈ പദ്ധതികൾ ആവിഷ്ക്കരിച്ചു അതിനെക്കുറിച്ച് പ്രഖ്യാപനങ്ങൾ നടത്തുന്നു. എന്നാൽ ഈ ബഡ്ജററു പ്രസംഗം ഒന്നു വായിച്ചു നോക്കിയാൽ തുടരും, വീണ്ടും തുടരും, ഇനിയും തുടരും എന്നാണ് എല്ലാ സ്ഥലത്തും കാണുന്നത്.

ശ്രീ. കെ.ററി. കുമാരൻ: ഈ പരിപാടികൾ നടപ്പാക്കാൻ ഇങ്ങേപ്പുറം വരാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അതിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല അതിനെക്കുറിച്ച് മറെറാരവസരത്തിൽ പറയാമെന്നു ഞാൻ പറഞ്ഞതല്ലേ?

പിന്നെ സാമ്പത്തിക ഭദ്രതയെക്കുറിച്ചു പറയുന്നു. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് അതിനെപ്പററി പരാമർശിച്ചു കഴിഞ്ഞു. സാമ്പത്തിക ഭദ്രതയ്ക്കു വേണ്ടി ആ ഭാഗത്തുനിന്ന് കോൺട്രിബ്യൂട്ടു ചെയ്ത എന്തെങ്കിലും ഐററം ഉണ്ടോ? അങ്ങനെ എന്തെങ്കിലും എടുത്തു കാണിക്കാൻ കഴിയുമോ? സാമ്പത്തിക ഭദ്രത ഈ നിലയിലാണ് വന്നിട്ടുള്ളത്. 125 കോടി രൂപ ഈ സർക്കാരിന് ഫൈനാൻസ് കമ്മീഷന്റെ, ശുപാർശയുടെ ഫലമായി അനുവദിച്ചു തന്നപ്പോൾ എന്താണു സർ, ഈ രാജ്യത്തെ ദുർബല വിഭാഗങ്ങൾക്ക് ആശ്വാസം കൊടുക്കുന്നത്. തൊഴിലില്ലായ്മ അവസാനിക്കാൻ ഉള്ള പദ്ധതി എന്താണ് ഈ സർക്കാരിനുള്ളത്. കശുവണ്ടി വ്യവസായം തകർത്തു, കയർ വ്യവസായം തകർത്തു, എന്തെല്ലാം കൊച്ചു കൊച്ചു വ്യവസായങ്ങൾ ഉണ്ടായിരുന്നുവോ അതെല്ലാം തകർത്തു. സർ, വ്യവസായത്തെക്കുറിച്ചു പരാമർശിക്കുന്ന ഭാഗം ഇതിൽ ഒന്നു വായിച്ചു നോക്കേണ്ടതാണ്. ഒരൊററ ഓട്ടമാണ്. നിൽക്കാതെ ഓട്ടമാണ്. നിന്നു പോയാൽ അവിടെയെല്ലാം കയർ തൊഴിലാളി, കശുവണ്ടി തൊഴിലാളി എന്നിവരുടെ പ്രേതം ഇവരെ പിടിച്ചു നിറുത്തും. അതുകൊണ്ട് ഓടുകയാണ്. സർ, ഇൻഡ്യയിൽ ഒട്ടാകെയുള്ള വ്യവസായത്തിന്റെ പുരോഗതിയും ഈ സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും കണക്കിലെടുത്താൽ ഈ സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതി എന്താണ്? എന്നാൽ ഈ ഗവൺമെൻറ് പലതും ചെയ്തുവെന്ന് അഭിമാനത്തോടുകൂടി പറയുന്നു. സർ, ഈ ഗവൺമെൻറ് നല്ലതു ചെയ്യണമെന്ന് ആഗ്രഹിക്കുന്നവരിൽ ഒരുവനാണ് ഞാൻ. ഞങ്ങൾ ഇപ്പുറത്തിരിക്കുന്നതുകൊണ്ടല്ല. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് അപ്പുറത്തിരുന്നപ്പോൾ ഈ രാജ്യത്തിനുചെയ്ത ദ്രോഹ പ്രവർത്തനങ്ങളുടെ ഫലമായി നമ്പൂതിരിപ്പാട് പോയേ തീരൂ എന്നു വിചാരിച്ചാണ് ദിവാകരൻ മുതൽ കരുണാകരൻ വരെ യോജിച്ചത്. അങ്ങനെ യോജിച്ച് ഈ സംസ്ഥാനത്ത് നല്ലൊരു ഭരണവും കാഴ്ചവച്ചു. ആര് എന്തൊക്കെ പറഞ്ഞാലും അന്ന് ആ സംസ്ഥാന ഗവൺമെൻറിനെ ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചു. അതാണല്ലോ 1977-ലെ തിരഞ്ഞെടുപ്പിന്റെ ഫലം. ആ ഗവൺമെന്റ് ചെയ്ത നല്ലകാര്യങ്ങൾപോലും നിങ്ങൾക്കു തുടരാൻ സാധിക്കുന്നില്ല എന്നതാണ് വാസ്തവം. ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നില്ല. അതിനിടയ്ക്ക് ജനശ്രദ്ധ തിരിച്ചുവിടാൻവേണ്ടി ചേരിയുടെ കാര്യം പറയുകയാണ് ചെയ്യുന്നത്. നമ്പൂതിരിപ്പാടിന്റെ ചേരിവരുന്നു, ഞങ്ങളുടെ ചേരിവരുന്നു എന്നൊക്കെപ്പറഞ്ഞ് ചകിരിക്കുണ്ടിൽ ഇട്ടു കളിപ്പിക്കുന്ന ഏർപ്പാടുകൊണ്ടു ഗുണമില്ല. ഒരു കാര്യം ആളുകൾക്കു ബോദ്ധ്യമായിട്ടുണ്ട്. ഈ കഴിഞ്ഞ രണ്ടുവർഷത്തെ ഈ ഗവൺമെന്റിന്റെ ചെയ്തികൾകൊണ്ട് ഈ ഗവൺമെന്റിന് ജനപിന്തുണ നഷ്ടപ്പെട്ടിരിക്കുന്നു. അതിനുശേഷം പിന്നെ എന്തിനു ചേരി അന്വേഷിച്ചുപോകുന്നു? നിങ്ങൾക്കു ജനപിന്തുണ നഷ്ടപ്പെട്ടു എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് തിരുവനന്തപുരം (ഈസ്റ്റ്) തിരഞ്ഞെടുപ്പ്. സമയക്കുറവുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഫൈനാൻസു കമ്മീഷന്റെ ശുപാർശപ്രകാരം ഇത്രയെല്ലാം മെച്ചങ്ങളും നേട്ടങ്ങളും ഉണ്ടായിട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ ചെലവുചുരുക്കൽ പദ്ധതിയുടെ ഫലമായുണ്ടായ നേട്ടങ്ങൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നിട്ട് ചെലവുചുരുക്കാൻ പോകുകയാണ്. ഏതെല്ലാം വിധത്തിൽ ചെലവുചുരുക്കാൻ സാധിക്കുമെന്നന്വേഷിക്കാൻ ഒരു കമ്മീഷനെ വയ്ക്കാൻ പോകുകയാണ്. സർ, വെള്ളോടികമ്മിറ്റി റിപ്പോർട്ട് എന്തായി? അതു നടപ്പിലാക്കുന്ന കാര്യത്തിൽ എന്തു താൽപ്പര്യമെടുത്തു? ഉദ്യോഗസ്ഥൻമാരുടെ കാര്യങ്ങളുൾപ്പെടെയുള്ള ചെലവുചുരുക്കലിനെപ്പറ്റിയൊക്കെ പരിശോധിക്കാൻ ചില സ്ഥാപനങ്ങളൊക്കെ ഉണ്ടാക്കുമെന്നു പറഞ്ഞിട്ടുണ്ട്. അതൊക്കെ ഇന്നുതന്നെ നിലവിലുള്ള സ്ഥാപനങ്ങളാണ്. അതിനുവേണ്ടി ഇപ്പോൾ ഉണ്ടാക്കാൻപോകുന്നു എന്നു പറയുന്ന സെൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയതാണ്. അങ്ങനെ യാഥാർത്ഥ്യബോധമില്ലാത്തതും തെറ്റിദ്ധാരണ പരത്താൻ പോന്നമായ ചില പ്രചരണങ്ങൾ, ചില മായാജാല പദ്ധതികളാണ് ഇത്. പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമായി പറയാം. ഏതു നല്ല പദ്ധതികൾ കൊണ്ടുവന്നാലും ഞങ്ങൾ അതിനെ അനുകൂലിക്കും. ഇപ്പുറത്തും അപ്പുറത്തുമിരിക്കുന്ന ആളുകൾ എന്തുപറഞ്ഞാലും ഈ സംസ്ഥാനത്തിന് ആപത്തുസംഭവിച്ച അവസരത്തിൽ അതിൽനിന്നു രക്ഷിക്കാൻവേണ്ടി ദിവാകരൻ മുതൽ കരുണാകരൻവരെ യോജിച്ച കാലഘട്ടത്തിൽ ഞങ്ങൾ ആദ്യമായി അധികാരത്തിൽ വരാനല്ല വെമ്പൽകൊണ്ടത്. ഈ സംസ്ഥാനത്തെ ജനങ്ങൾക്കു പ്രയോജനംചെയ്യുന്ന ഒരു ഗവൺമെന്റുണ്ടാകുമെന്നു കരുതി അതിനു സന്നദ്ധരായ കക്ഷികളുമായി ഒരു ധാരണ ഉണ്ടാക്കി. ആ ധാരണയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ചപ്പോഴും ഞങ്ങൾ ഗവൺമെന്റു രൂപീകരിക്കുന്നതിനു മുന്നോട്ടു വരികയല്ല ചെയ്തത്. ഞങ്ങൾക്ക് അധികാരമല്ല പ്രശ്നം. അച്യുതമേനോനോടു പറഞ്ഞു ഗവൺമെന്റ് രൂപീകരിക്കൂ ഞങ്ങളുടെ പിന്തുണയുണ്ട് എന്ന്. അധികാരത്തിനു ഞങ്ങൾ രണ്ടാംസ്ഥാനമേ കൊടുത്തുള്ളൂ. ഈ സംസ്ഥാനത്തെ ജനങ്ങളുടെ സ്ഥിതി എങ്ങനെ മെച്ചപ്പെടുത്താം, തൊഴിലില്ലായ്മ എങ്ങനെ പരിഹരിക്കാം എന്നിങ്ങനെയുള്ള നിരവധിനിരവധി കാര്യങ്ങളിൽ സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്.

സർ, ആർ.എസ്.എസ്.ന്റെ കാര്യം കഴിഞ്ഞപ്രാവശ്യം ഞാനിവിടെ പറഞ്ഞതാണ്. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടു പറഞ്ഞു ആർ. എസ്.

LIBRARY ARCHIVES Kerala Legislative Assembly

എസ്.നെക്കുറിച്ചു വളരെ ശക്തിയായി വാദിക്കുന്നത് അവരാണെന്ന്. ആർ.എസ്.എസ്.നെതിരായി ശക്തമായ നടപടി സ്വീകരിക്കുന്നതിന് ഞങ്ങൾ എല്ലാവരോടും ആവശ്യപ്പെടുകയാണ്. രാഷ്ട്രപിതാവായ മഹാത്മജിയുടെ വിരിമാറിൽ ഉണ്ടയൊഴിച്ച അന്നുമുതൽ ആർ.എസ്.എസ്.നെതിരായി ആരുവന്നാലും ഞങ്ങൾ സഹകരിക്കും. ഒരു കാര്യത്തിലും സഹകരിക്കുകയില്ലെന്നുപറയുന്ന നമ്പൂതിരിപ്പാടിന്റെ പാർട്ടിയുമായിപ്പോലും ഞങ്ങൾ ആ കാര്യത്തിൽ സഹകരിക്കും. ഈ രാജ്യത്തെ ഏററവും വലിയ ആപത്തായ ആർ.എസ്.എസ്.ന്റെ മൃഗീയമായ അഴിഞ്ഞാട്ടം തടയുന്നതിനുവേണ്ടി എന്തു നടപടിസ്വീകരിച്ചാലും ഞങ്ങൾ സഹകരിക്കും.

സർ, പരിപാടികൾ നടപ്പിലാക്കുന്ന കാര്യത്തിലും നല്ലകാര്യങ്ങൾ ചെയ്യുന്നകാര്യത്തിലുമൊന്നും ഏതു ഗവൺമെന്റ് ഭരിക്കുന്നു എന്നുള്ളത് ഞങ്ങൾക്കു പ്രശ്നമല്ല. പക്ഷേ ആ വക കാര്യങ്ങളൊന്നും നടത്താതെ കേവലം രാഷ്ട്രീയ പ്രചരണം നടത്തുകയാണ് ഇന്നു ചെയ്യുന്നത് ഒരുപക്ഷേ രാഷ്ട്രീയംമാത്രമേ ഉള്ളൂ എന്നാണു തോന്നുന്നത്. സർ, എനിക്കു വളരെ രസകരമായിത്തോന്നിയ ഒരു കാര്യം ഭൂവിപ്ലവമാണ്. ഭൂവിപ്ലവത്തിന്റെ പേരിൽ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് കുറെ ചിഹ്നങ്ങൾ ഇറക്കിയിട്ടുണ്ട്. അതിൽ അരിവാൾ എനിക്കു മനസ്സിലാകും. തെങ്ങ് മനസ്സിലാകും. നെൽക്കതിരും മനസ്സിലാകും. പക്ഷേ ഈ അരിവാളും ചുററികയും എന്തിനാണെന്നു മനസ്സിലാകുന്നില്ല. അരിവാളും ചുററികയും എന്റെ സ്നേഹിതൻ സി.എച്ച്. മുഹമ്മദുകോയ കൈയിലേന്തുന്നുണ്ടോ? മാണി കൈയിലേന്തുന്നുണ്ടോ? ആന്റണിയുടെ പാർട്ടിയിലുള്ള ആളുകൾ കൈയിലേന്തുന്നുണ്ടോ? കർഷകന്റെ അടയാളമായി അരിവാളും ചുററികയും കൊടുത്തിരിക്കുന്നത് ഈ സംസ്ഥാനസർക്കാരിനു നേതൃത്വം കൊടുക്കുന്ന ആളുകളുടെ ഉള്ളിലുള്ള കാഴ്ചപ്പാടിന്റെ സൂചനയാണ്. ഞാൻ അപ്പുറത്തിരിക്കുന്ന ചില സ്നേഹിതൻമാരോടു ചോദിക്കുകയാണ് ജനാധിപത്യസോഷ്യലിസ്ററ് പ്രക്രിയയിൽ വിശ്വസിക്കുന്നവരാണു നിങ്ങളെങ്കിൽ, ജനാധിപത്യത്തെ അനുകൂലിക്കുന്നവരാണു നിങ്ങളെങ്കിൽ ആവക കാര്യങ്ങളെക്കുറിച്ചു നിങ്ങൾ ചിന്തിക്കണം. അല്ലാതെ ചേരിയെക്കുറിച്ചു മാത്രം ചിന്തിച്ചാൽമതിയോ? അതിന്റെ വിശദാംശങ്ങൾ മറെറാരു ദിവസം പറയാമെന്നുള്ളതുകൊണ്ട് ഇവിടെ നിറുത്തുകയാണ്. സർ, യാഥാർത്ഥ്യബോധമില്ലാത്ത ഒരു ബഡ്ജററാണിത്. ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ എന്നുപറയുന്നത് കേവലം കിലുക്കാംപെട്ടിയാണ്. ഈ സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് യാതൊന്നും ഇതിലില്ല. യുവാക്കൾ ഉൾപ്പെടെയുള്ളവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യാതൊരു വിധ പ്രായോഗിക-പ്രാവർത്തിക നിർദ്ദേശങ്ങളും ഇല്ലാത്ത, ആളെപ്പററിക്കുന്ന ഈ ഏർപ്പാട് അവസാനിപ്പിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഈ സഭയിൽ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജററിനെക്കുറിച്ച് കഴിഞ്ഞ മൂന്നു ദിവസത്തിനിടയിൽ വളരെ പ്രയോജനകരമായ ചർച്ച നടന്നുകഴിഞ്ഞിരിക്കുകയാണ്. ഈ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ഈ ഗവൺമെന്റ് ഈ സഭയുടെയും നമ്മുടെ ജനങ്ങളുടെയും മുമ്പിൽ പ്രത്യേകമായി സമർപ്പിക്കണമെന്നുദ്ദേശിച്ച ചില പദ്ധതികളെസംബന്ധിച്ചും

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ കാര്യങ്ങൾ തീർച്ചയായും ആർക്കും ഒഴിവാക്കാൻ സാദ്ധ്യമല്ല എന്നാൽ എന്റെ അഭിപ്രായത്തിൽ ഇതിനു മുൻപു പലപ്പോഴും നടന്നത് ഇതുമായൊന്നും ബന്ധമില്ലാത്ത ചർച്ചകളും ആയിരുന്നു. ഈ തവണ അതു നടന്നില്ല. ആ കാര്യത്തിൽ പ്രത്യേകിച്ചും എനിക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായ ശ്രീ. ഇ.എം.എസ്.നോടു നന്ദിയുമുണ്ട്. പക്ഷേ അദ്ദേഹം നാളെ എന്തൊക്കെ പറയാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് ഒരു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ആ സമയത്ത് അത്തരം കാര്യങ്ങളെസംബന്ധിച്ച് ഗവൺമെന്റിന്റെ പ്രതികരണമോ ഞങ്ങളുടെ പാർട്ടികളുടെ പ്രതികരണമോ ആവശ്യമുണ്ടെങ്കിൽ അതെപ്പററി ഞങ്ങളും പറയാം. സർ, അദ്ദേഹം പറഞ്ഞ ഒരു കാര്യത്തോട് എനിക്കു പൂർണ്ണമായ യോജിപ്പാണ്. ഇപ്പോൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന സാമ്പത്തികസ്ഥിതി വളരെ ഭദ്രമാണെന്നോ സാമ്പത്തികപുരോഗതി ആശാവഹമാണെന്നോ നമ്മുടെ ജനങ്ങളുടെ ജീവിതനിലവാരം വളരെ കെങ്കേമമാണെന്നോ ഇപ്പോൾ എല്ലാം ഭംഗിയായി നടക്കുന്നു എന്നോ ഉള്ള ധാരണ ഉണ്ടാക്കത്തക്കവിധത്തിൽ ഞങ്ങളാരും ഏതായാലും ചിന്തിക്കുന്നില്ല. എപ്പോഴെങ്കിലും പറഞ്ഞതിൽനിന്ന് ഒന്നോരണ്ടോ വാക്ക് അടർത്തിയെടുത്ത്—അതു ദുരുപയോഗപ്പെടുത്തുന്നു എന്നു ഞാൻ പറയുന്നില്ല—പറയുന്നതു ശരിയല്ല. നമ്മുടെ രാജ്യത്തൊട്ടാകെ നിലനിൽക്കുന്ന സ്ഥിതിയെസംബന്ധിച്ചും കേരളത്തിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചും പുരോഗതിയെ സംബന്ധിച്ചുമൊക്കെ നമുക്കു ചിന്തിക്കാനാവും. അത് കുറെയൊക്കെ എക്കണോമിക് റിവ്യൂവിൽ താരതമ്യപ്പെടുത്തി പറഞ്ഞിട്ടുണ്ട്. ഈ ബഡ്ജററ് പ്രസംഗം വളരെ നീണ്ടു പോകാതിരിക്കാൻവേണ്ടി അതുപോലെയുള്ള ദീർഘമായ പരാമർശങ്ങൾ ഞങ്ങൾ ഒഴിവാക്കി എന്നേയുള്ളു. പക്ഷേ ഒരു വസ്തുത അവശേഷിക്കുന്നു. സഖാവ് ഇ.എം.എസ്. ഈ കഴിഞ്ഞ ദിവസം പുറത്തുനടത്തിയ പ്രസംഗം അദ്ദേഹത്തിന്റെതന്നെ പത്രത്തിൽ ഞാൻ വായിച്ചു. അദ്ദേഹം അതിന്റെ ചുരുക്കം ഇവിടെ പറയുകയും ചെയ്തു. ഞാൻ അതിനോടു നൂറുശതമാനവും യോജിക്കുന്ന ആളാണ്. അദ്ദേഹം പറഞ്ഞതുപോലെ ഇവിടെ പ്രശ്നം അടിസ്ഥാനപരമായ നയങ്ങളാണ്, അടിസ്ഥാനപരമായ പരിപാടികളാണ്, നയങ്ങളുടെയും പരിപാടികളുടെയും അടിസ്ഥാനത്തിലുള്ള കൂട്ടുകെട്ടുകളുതന്നെയാണ്. അതിനി എന്തു മുന്നണിയായാലും വേണ്ടില്ല ഏതു ചേരിയായാലും വേണ്ടില്ല അതിനു പ്രസക്തിയില്ലെന്നു തീർച്ചയായും ഞങ്ങൾ വിശ്വസിക്കുന്നു. കഴിഞ്ഞകാലത്ത് നമ്മുടെ നാട്ടിൽ നടപ്പിലാക്കിയ നയങ്ങളും പരിപാടികളും ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തിന്റെ സാമ്പത്തിക ഘടന ശക്തിപ്പെടുത്താനോ ജനങ്ങളുടെ തകർന്നടിഞ്ഞ ജീവിതത്തോതു് കാര്യമായി ഉയർത്താനോ സഹായിച്ചിട്ടില്ല. അതെല്ലാം സ്വയം വ്യക്തമായ കാര്യങ്ങളാണ്. എന്നുമാത്രവുമല്ല അദ്ദേഹംതന്നെ പുറത്തു പ്രസംഗിച്ചപ്പോൾ പറഞ്ഞതുപോലെയും ഇപ്പോൾ ഇവിടെ പറഞ്ഞതുപോലെയും ഇന്നു ദേശീയമായി തുടർന്നു വരുന്ന സാമ്പത്തികനയങ്ങൾ നമ്മുടെ രാജ്യത്തെ കൂടുതൽ നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. അവിടെയും അഭിപ്രായവ്യത്യാസമില്ല. ഈ

ചുററുപാടുകൾക്കകത്തുനിന്നു പ്രവർത്തിക്കുകയാണ് കേരളവും. ഈ പരിമിതികൾക്കകത്തുനിന്നു മുന്നോട്ടുപോകാൻ ശ്രമിക്കുകയാണ് കേരള ഗവൺമെൻറും. ഈ കാര്യങ്ങളെസംബന്ധിച്ചു തികഞ്ഞ ബോധമുള്ള ഞങ്ങൾക്ക് അദ്ഭുതങ്ങളെന്നും അവകാശപ്പെടാനില്ല. ഇന്ദ്രജാലത്തെപ്പററിയും മഹേന്ദ്രജാലത്തെപ്പററിയും മായാജാലത്തെപ്പററിയും ചെപ്പടിവിദ്യകളെപ്പററിയുമെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞു നിറുത്തി. അങ്ങനെ ഞങ്ങൾക്കാർക്കും ഒരു വ്യാമോഹവുമില്ല. ആരുടെയും കണ്ണിൽ പൊടിയിടാനൊന്നും സാധിക്കുകയില്ല. മായാജാലവും ചെപ്പടിവിദ്യയുമൊന്നും ആരും ഇവിടെ പ്രയോഗിച്ചിട്ടില്ല. ഞങ്ങളുടെ കഴിവിനനുസരിച്ച്, വളരെ വലിയ കുഴപ്പങ്ങളുടെ നടുക്കുനിന്ന്, ഇൻഡ്യയിലൊട്ടാകെയുള്ള സാമ്പത്തികബുദ്ധിമുട്ടുകളുടെ നടുക്കുനിന്ന് ചെയ്യാൻകഴിയുന്നത് ആത്മാർത്ഥമായി ചെയ്യാൻ ശ്രമിക്കുന്നു എന്നുള്ള ഒരു അവകാശവാദമേ ഉള്ളൂ. അവിടെയും കുറവുകളൊന്നുമില്ലെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. തിരുത്തേണ്ട ഭാഗങ്ങളില്ലെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല ഇതുവരെ പോന്നതിൽനിന്നും കുറച്ചൊന്നു വഴിമാറി നടക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ട്, ഇതുവരെ പോന്നതായ ഏതിനെയെങ്കിലും വിമർശിക്കുകയല്ല, കുററപ്പെടുത്തുകയല്ല. അതു ഞാനൊന്നു വിശദീകരിക്കാൻ ആഗ്രഹിക്കുന്നു.

ഇൻഡ്യയൊട്ടാകെ ഇന്നു നിലനിൽക്കുന്ന വളരെ സങ്കീർണ്ണമായ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണിത്. അതിനകത്തു ബഹുമാനപ്പെട്ട ഇ.എം.എസ്. പറഞ്ഞ ഹിന്ദു റിവൈവലിസത്തിൻെറ, ആർ.എസ്.എസ്.ൻെറ മററു പലതരത്തിലുള്ള പിന്തിരിപ്പൻ ശക്തികളുടെ മുന്നേററത്തിൻെറ, ഇൻഡ്യയിലെ കുത്തകക്കാർ മാത്രമല്ല വാതിൽ തുറന്നു വച്ചിട്ടു പുറത്തുനിന്നുള്ള കുത്തകക്കാരെപ്പോലും ക്ഷണിച്ചുവരുത്തുന്നതിൻെറയെല്ലാം ഉൾപ്പെടെ, എന്നുമാത്രമല്ല ഇൻഡ്യയെപ്പോലുള്ള ഒരു കാർഷിക രാജ്യത്ത് കാർഷിക പരിഷ്കാരം എന്നു പറയുന്നതിനോടു നമസ്കാരം പറഞ്ഞു യാത്ര പറഞ്ഞു പിരിഞ്ഞമട്ടിലാണിപ്പോൾ കഴിയുന്നത്. ഇതെല്ലാം ഉൾപ്പെടെയുള്ള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ്........................

ശ്രീ. എം.വി. രാഘവൻ: അതിൻെറ കൂടെ ഇഷ്ടദാനംകൂടി ഇരിക്കട്ടെ.

ശ്രീ. പി.കെ. വാസുദേവൻനായർ: അയ്യയ്യോ കഷ്ടം ശ്രീ. രാഘവൻ എന്താണ് ചോദിക്കുന്നത്? ഞാൻ ഇനി അങ്ങോട്ട് എന്തെങ്കിലും പറഞ്ഞു വെറുതെ വഴക്കും ദേഷ്യവും ഉണ്ടാക്കേണ്ട. അതിനുപിന്നെ ഞാൻ കഥയും ചരിത്രങ്ങളുമൊക്കെ പറയേണ്ടിവരും. അതേപ്പററിപറയാൻ ഇപ്പോൾ സമയമില്ല. റവന്യൂവകുപ്പിൻെറ ചർച്ചവരുന്നുണ്ട്, അപ്പോൾ വേണ്ടത്ര സമയമെടുക്കാം.

ഇത്രയും പരിമിതികളുടെയും സങ്കീർണ്ണതകളുടെയും നടുക്കാണ് ഇൻഡ്യയിലെ കേരളവും പശ്ചിമബംഗാളും ഉൾപ്പെടെ എല്ലാ സംസ്ഥാന ഗവൺമെൻറുകളും പ്രവർത്തിക്കുന്നത്. ശ്രീ. അശോക്മിത്രയുടെ ബഡ്ജററു പ്രസംഗം എൻെറ കൈയിൽ ഉണ്ട്. അത് വായിച്ചുനോക്കിയാൽ ഞാൻ ഈ പറഞ്ഞ വസ്തുതകൾ ഒക്കെ വളരെ ഭംഗിയായി

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹവും അവതരിപ്പിച്ചിട്ടുണ്ടെന്നു കാണാം. അവിടെയും ഒരു അഭിപ്രായവ്യത്യാസത്തിന്റെ പ്രശ്നവുമില്ല. ഇതിൽനിന്നും കരകടക്കണമെങ്കിൽ ഒരു പുതിയ ശക്തി ഉയർന്നുവരണം. എന്തുപേരുവേണമെങ്കിലും അതിനെ വിളിച്ചുകൊള്ളട്ടെ. വ്യത്യസ്തമായ നയങ്ങളുടെയും പരിപാടികളുടെയും അടിസ്ഥാനത്തിൽ ഒരു ശക്തി ഉയർന്നുവരണം. അക്കാര്യം ഞാൻ ഇവിടെ നിർത്തുന്നു. ഈ ബുദ്ധിമുട്ടുകളുടെയൊക്കെ നടുക്കുനിന്ന് കേരളാ ഗവൺമെന്റു ചെയ്യാൻ ശ്രമിക്കുന്നത് നമ്മുടെ വിഭവങ്ങൾ പരമാവധി സമാഹരിക്കുക എന്നുള്ളതാണ്. അതിൽ ഒരു വലിയ പങ്കു കേന്ദ്രത്തിന്റെ സഹായത്തോടെയേ സാധിക്കൂ. അതിന് കേന്ദ്രത്തോടു കുറെ കണക്കുകൾ പറഞ്ഞേ ഒക്കുകയുള്ളു. അക്കാര്യത്തിൽ നമ്മൾ ഒരിക്കലും തനിച്ചല്ല. എല്ലാ സംസ്ഥാന ഗവൺമെന്റുകളും ചേർന്നാണ് ആ കണക്കു പറയുന്നത്. ഞാൻ നല്ലപോലെ ഓർക്കുന്നു, നാഷണൽ ഡെവലപ്പ്മെന്റു കൗൺസിൽ യോഗത്തിലെ രംഗങ്ങൾ. ഇന്നത്തെ ഇൻഡ്യ, ജനതാഗവൺമെന്റ് ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങൾ, അവയുടെ നിറങ്ങൾ, തരങ്ങൾ ഒക്കെ. എനിക്കു വളരെ സന്തോഷത്തോടുകൂടി പറയാൻ കഴിയും ഈ പ്രശ്നങ്ങൾ അതായത് സംസ്ഥാനത്തിന്റെ സാമ്പത്തിക അവകാശങ്ങളുടെയും അധികാരത്തിന്റെയും കൂടുതൽ വിഭവങ്ങൾ അവർക്കു കിട്ടുന്നതിന്റെയും പ്രശ്നങ്ങൾ ജനതയെന്നോ മററു പാർട്ടികൾ എന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാ ഗവൺമെന്റുകളും നാഷണൽ ഡെവലപ്പ്മെന്റു കൗൺസിൽ യോഗത്തിൽ ശക്തിയുക്തം അവതരിപ്പിച്ചു. അത് ശക്തിയുള്ള ഒരു ആശയമായി മാറി. ജനപിന്തുണയുള്ള ആശയമായി മാറി. എളിയ നിലയിൽ ഈ ഗവൺമെന്റും അതിൽ ഒരു പങ്കുവഹിച്ചു. ഈ ഐക്യ കക്ഷികളും ഒരു പങ്കുവഹിച്ചു. അതിന്റെ ഫലമായി പ്രതീക്ഷിച്ചത്രയൊന്നും കിട്ടിയില്ലെങ്കിലും ചെറിയ ചില നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഒന്ന്, കേരളത്തിനുള്ളിൽനിന്നും നമുക്കു സമാഹരിക്കാൻ കഴിയുന്ന വിഭവങ്ങൾ ജനങ്ങളെ ദ്രോഹിക്കാതെ സമാഹരിക്കുന്നതിന് ഒരു ശ്രമം നടത്തി. എക്സൈസ് നികുതിയുടെ കാര്യത്തിൽ പല അഭിപ്രായങ്ങളും വേണമെങ്കിൽ പ്രകടിപ്പിക്കാം. ആളുകളെ കള്ളുകുടിപ്പിച്ചുകൊണ്ടു പണം പിരിക്കുന്നു എന്നൊക്കെ പലരും ഇവിടെ പറഞ്ഞു. ഏതെങ്കിലും ഒരു പ്രതിപക്ഷപാർട്ടിക്ക് മദ്യനിരോധനം വേണമെന്ന അഭിപ്രായമുണ്ടെങ്കിൽ അവർ പറയണം. അതൊരു ബേസിക് പോളിസിയാണെങ്കിൽ പറയണം. ഈ സഭ അക്കാര്യത്തിൽ ഏകകണ്ഠമാണെന്നാണ് എന്റെ ധാരണ.

ശ്രീ. കെ. കരുണാകരൻ: എക്സൈസിൽനിന്നും ഉണ്ടായിട്ടുള്ള വർദ്ധനവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിച്ചാൽ അറിയാം: കള്ളിൽ നിന്നല്ല കൂടുതൽ വർദ്ധനവുണ്ടാകുന്നത്. ചാരായത്തിൽനിന്നും വിദേശമദ്യത്തിൽനിന്നുമാണു കൂടുതൽ വർദ്ധനവുണ്ടാകുന്നത്. തൊഴിലില്ലായ്മ പരിഹരിക്കാത്തിടത്തോളം ഇന്നത്തെസ്ഥിതി നിലനിൽക്കട്ടെ. മനുഷ്യന്റെ എല്ലാം നശിപ്പിക്കുന്ന ചാരായത്തിന്റെ കാര്യത്തിലാണ് ഇതു വർദ്ധിച്ചുവരുന്നത്.

ശ്രീ. പി.കെ. വാസുദേവൻ നായർ: ആ ആശങ്ക ഞാൻ പങ്കിടുന്നു, അതിനോടു യോജിക്കുന്നു. ഒരു കാര്യം ചോദിക്കട്ടെ, കള്ളൊഴിച്ചു ബാക്കിയെല്ലാം നിരോധിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: തൊഴിലാളികളുടെ തൊഴിലിന്റെ പ്രശ്നമെല്ലാം തീർന്നാൽ എല്ലാം നിറുത്തുന്നതിൽ വിരോധമില്ല. കോൺഗ്രസ് പ്രസ്ഥാനം മദ്യനിരോധനത്തിനുവേണ്ടി നിലകൊണ്ടിട്ടുള്ള ഒരു പ്രസ്ഥാനമാണ്. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ചെത്തു തൊഴിലാളികൾക്കു മുഴുവൻ തൊഴിൽ കൊടുക്കാൻ നിങ്ങൾ നാളെ പദ്ധതിയുണ്ടാക്കിയാൽ മദ്യനിരോധനത്തിനു നാളെ വൈകുന്നേരം ഞങ്ങൾ തയ്യാറാണ്.

ശ്രീ. പി.കെ. വാസുദേവൻ നായർ: കോൺഗ്രസ് മദ്യവർജ്ജനത്തിനുവേണ്ടി നിലകൊണ്ടിട്ടുള്ള ഒരു പ്രസ്ഥാനമാണെന്നു എനിക്കറിയാം. മദ്യവർജ്ജനത്തിന്റെ കാര്യത്തിൽ നമുക്ക് അഭിപ്രായവ്യത്യാസമൊന്നുമില്ല. മദ്യനിരോധനത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റു സ്വീകരിച്ച നയം തികച്ചും ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നു. കേരളത്തിൽ സമാഹരിക്കാൻ കഴിയുന്ന ഒരു വിഭവത്തിന്റെ കാര്യം, ബഡ്ജററിൽ പറഞ്ഞിട്ടില്ലെങ്കിലും ഞാൻ ചൂണ്ടിക്കാണിക്കാം. വനവിഭവങ്ങളിൽ നിന്നും കൂടുതൽ ആദായമുണ്ടാക്കാൻ ഈ സഭയുടെ സഹായത്തോടുകൂടി ഗവൺമെന്റ് ഒരു ശ്രമം നടത്തി. ഒരു ബിൽ നമ്മൾ പാസ്സാക്കിയതു വളരെ നിർണ്ണായകമായിരുന്നു. അതിനെത്തുടർന്നു ഇതുവരെ നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരുന്ന റവന്യൂ നമുക്കു കിട്ടാൻ പോകുകയാണ്.

ഇലക്ട്രിസിററിയെപ്പററി പറഞ്ഞു. ശ്രീ. ഇം.എം.എസ്. പറഞ്ഞതിനെപ്പററിയൊന്നും എനിക്കഭിപ്രായവ്യത്യാസമില്ല. ഇവിടെ വേണ്ടത്ര കൊടുക്കാൻ സംവിധാനമില്ലാത്തതുകൊണ്ടുതന്നെയാണ് തമിഴ്നാട്ടിനും കർണ്ണാടകത്തിനും ഇപ്പോൾ നമ്മൾ ഇലക്ട്രിസിററി കൊടുക്കുന്നത്. ഞാൻ ഈ സഭയിൽത്തന്നെ അതു പറഞ്ഞിട്ടുണ്ട്. പുറത്തു പറയാറുണ്ട്. മിച്ചം എന്നു പറയുന്നതു വാസ്തവത്തിൽ ഒരു ഇല്യൂസറി സർപ്ലസ് മാത്രമാണ്. ശരിക്കുള്ള സർപ്ലസ്സല്ല. ഇപ്പോഴും നമുക്ക് മുഴുവനായിട്ട് ഉപയോഗിക്കുവാൻ കഴിയുന്നില്ല. സർ, അവിടെയൊന്നും ഒരഭിപ്രായവ്യത്യാസവുമില്ല. പക്ഷേ മിച്ചമുണ്ടെങ്കിൽ അതു വിൽക്കാൻ ശ്രമിക്കണം. അതു കഴിയുന്നത്ര നല്ല നിലയിൽ വിൽക്കാൻ ശ്രമിക്കണം. നമുക്ക് ആദായമുണ്ടാക്കാൻ ശ്രമിക്കണം. അതിന് ഇത്തവണ ഒരു ശ്രമം നടത്തി കുറച്ചൊക്കെ വിജയിച്ചു. ഇതെല്ലാംകൂടി ചേർന്നപ്പോൾ മുൻ വർഷങ്ങളെ അപേക്ഷിച്ചു കുറച്ചുകൂടി ഭദ്രമായ ഒരു നില ഉണ്ട് എന്നാണു പറഞ്ഞത്. അത്തരത്തിലുള്ള ഒരു സ്ഥിതി ഉണ്ടാക്കിയെടുത്തതുകൊണ്ട് എന്തുണ്ടായി? 170 കോടി രൂപയുടെ ഒരു പ്ലാൻ മാത്രമാണ് പ്ലാനിംഗ് കമ്മീഷൻ ഞങ്ങൾക്ക് അംഗീകരിച്ചുതന്നതെങ്കിൽ ഇവിടെ 265 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾക്ക് പ്ലാനിടാൻ കഴിഞ്ഞു. ഈ തുകകളെ ഒന്നും ശ്രീ. കരുണാകരൻ ചോദ്യം ചെയ്യുമെന്ന് എനിക്കു തോന്നുന്നില്ല. 170 കോടിരൂപയാണ് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചത്. ഞങ്ങളത് 265 കോടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് നല്ല കാര്യമാണ്, കേരളത്തിനൊരു നേട്ടമാണ് വികസന പ്രവർത്തനങ്ങളിൽ തീർച്ചയായും നമുക്കു കുറച്ചുമുൻപോട്ടു പോകാൻ കഴിയും. എന്നാൽ ഈ 265 കോടി പോലും പോരാ നമുക്ക്. 374 കോടി രൂപായുടെ ഒരു വാർഷികപദ്ധതിയാണ് നമുക്കുണ്ടാകേണ്ടിയിരുന്നത് അഞ്ചുകൊല്ലത്തേക്കു 2000 കോടി രൂപയുടെ ഒരു പദ്ധതിയാണ് കേരളത്തിലെ പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയത്. ആ പദ്ധതിയനുസരിച്ചാണെങ്കിൽ 1979.80 ലേക്ക് 374 കോടിരൂപ നാം ചെലവാക്കേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. അതു കഴിഞ്ഞിട്ടില്ല. വിഭവങ്ങൾ ഇല്ലാത്തതാണ് അതിനു കാരണം കേന്ദ്രത്തിന്റെ സഹായം വേണ്ടതുപോലെ കിട്ടാത്തതുതന്നെയാണ്. അതിനു കാരണം. എന്നാലും നമുക്ക് ഒരതിർത്തിവരെ നേട്ടമുണ്ടായി. ഈ വിഭവങ്ങൾ എങ്ങനെ ഉപയോഗിക്കണം എന്നുള്ളതു വളരെ നിർണ്ണായകമായ പ്രശ്നമാണ്, ഗവൺമെന്റിന്റെ ദൃഷ്ടിയിൽ. അവിടെ നമുക്കു വിയോജിപ്പുണ്ടെന്ന് എനിക്കു തോന്നുന്നില്ല. നമ്മൾ വളരെയധികം മുൻഗണന പ്രത്യുൽപ്പാദനപരമായ മേഖലകളിലെ നിക്ഷേപങ്ങൾക്കു കൊടുക്കണം. പ്രത്യുൽപാദനപരമായ മേഖലകളിലേക്കു കൂടുതൽ പണം നിക്ഷേപിക്കണം. നമ്മുടെ വിഭവങ്ങൾ അതിനുവേണ്ടി ഉപയോഗിക്കണം എന്ന നയം ഇവിടെ എപ്പോഴും പറയാറുള്ളതാണ്. ഈ പറയുന്നതുപോലെ അക്ഷരംപ്രതി നടപ്പിലാക്കാൻ വളരെ ബുദ്ധിമുട്ടുണ്ടെന്നു ഞങ്ങൾക്കറിയാം. ഇത് ഒരു എളുപ്പമുള്ള കാര്യമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. എന്നാൽ അതിനുവേണ്ടി ഞങ്ങളുടെ കഴിവിന്റെ പരമാവധി പരിശ്രമിക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതിൽ ഞങ്ങളെ സഹായിക്കണമെന്നു പ്രതിപക്ഷത്തോടപേക്ഷിക്കുന്നു. എന്നാൽ നമുക്ക് തീർച്ചയായും നമ്മുടെ ദുർബ്ബല ജനവിഭാഗങ്ങളുടെ ക്രയശക്തി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും. തീർച്ചയായും നമ്മുടെ മുഖം കാർഷിക ജനതയുടെ നേർക്കു തിരിക്കണം എന്നു നാം എപ്പോഴും പറയാറുണ്ട്. സർ, ഞങ്ങളെപ്പോലെയുള്ള പാർട്ടികൾ എത്രയോ കാലമായി പറയാറുള്ള മുദ്രാവാക്യമാണിത്. മുഖം തിരിക്കുക—ഗ്രാമങ്ങളിലേക്ക് മുഖം തിരിക്കുക—ഗ്രാമീണജനതയുടെ നേർക്ക്. ഒട്ടൊക്കെ അതു ചെയ്തിട്ടുണ്ട്. തീരെ ചെയ്തിട്ടില്ലെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ വേണ്ട പോലെ ഇപ്പോഴും ആ മുഖം നമുക്കു തിരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ഈ ബഡ്ജററു പ്രസംഗത്തിൽ സുപ്രധാനമായ ചില കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്. സർ, എന്റെ അഭിപ്രായത്തിലും ഗവൺമെന്റിന്റെ അഭിപ്രായത്തിലും സുപ്രധാനമായ പ്രഖ്യാപനം 37-ാം പേജിലുള്ള പ്രഖ്യാപനമാണ്. അതിനെപ്പററി നാലഞ്ചു മിനിട്ടെടുത്ത് പറയാൻ ഞാനാഗ്രഹിക്കുന്നു. അത് സമഗ്ര കാർഷികവികസന പദ്ധതിയെപ്പററിയുള്ള രണ്ടു പേജുകളാണ്. അവിടെ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യമെന്താണ്? ഈ കേരളത്തിലെ നാട്ടിൻപുറങ്ങളിൽ നമുക്കു വരുത്താൻ കഴിഞ്ഞ വലിയ ഒരു മാററത്തെത്തുടർന്ന് ഇനി നാം എന്തു ചെയ്യണം? കാർഷിക പരിഷ്ക്കരണനിയമം നടപ്പാക്കി. തീർച്ചയായും ഈ ഗവൺമെന്റിന് അവകാശപ്പെടാവുന്ന ഒരു കാര്യമാണ്. ഇൻഡ്യയിൽ മറെറാരിടത്തും നടപ്പാക്കാത്ത ഒരു കാർഷിക പരിഷ്കരണം ഇവിടെ നടപ്പാക്കി. ഇവിടെയിന്ന് ജന്മിയും കുടിയാനുമില്ല. ഇൻഡ്യയിലെല്ലായിടത്തും ജന്മിയും കുടിയാനും ബാക്കി നിൽക്കുന്നു. ഇവിടെ ഇന്ന് പാട്ടവും വാരവുമില്ല. ഭൂമിയുടെ ഉടമസ്ഥരായി കൃഷിക്കാർ. ആ കൃഷിക്കാർ തൊണ്ണൂറുശതമാനവും വളരെ ദരിദ്രരായ കൃഷിക്കാരാണ്. അരയേക്കറുകാരും ഒരേക്കറുകാരും ഒന്നരയേക്കറുകാരുമാണ്. അങ്ങനെയുള്ളവരെ പ്രത്യേകിച്ചു മനസ്സിൽവച്ചുകൊണ്ട്, അവരിൽ ഊന്നി നിന്നുകൊണ്ട്, ഒരു പരിപാടി നടപ്പിലാക്കാനാണു ഗവൺമെന്റു തീരുമാനിച്ചിട്ടുള്ളത്. ഈ പരിപാടിക്കുവേണ്ടി ഈയാണ്ടിൽ ഒരു കോടി രൂപയേ വകയിരുത്തിയിട്ടുള്ളു. എന്നാൽ അഞ്ചുകൊല്ലംകൊണ്ട് കേരളത്തിലൊട്ടാകെ ഈ പദ്ധതി വ്യാപിപ്പിക്കണമെങ്കിൽ, ഞങ്ങൾ ഏകദേശമായിട്ടു കണക്കാക്കിയിട്ടുള്ളതനുസരിച്ച്, 300 കോടി രൂപയുടെ ഒരു പദ്ധതിയായി ഇതു വിപുലപ്പെടുത്തേണ്ടിവരും. അതിനും ഗവൺമെന്റിന്റെ ബഡ്ജററുതുകയല്ല, സാമ്പത്തികസ്ഥാപനങ്ങളിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാ ഗവൺമെൻറിൽനിന്നും കിട്ടുന്ന സഹായങ്ങളാണു ഞങ്ങരം പ്രതീക്ഷിക്കുന്നത്. സഹായം കിട്ടുമെന്നും ഞങ്ങരം പ്രതീക്ഷിക്കുന്നു. സർ, ഈ പദ്ധതിയുടെ വിജയത്തിനാധാരമായ കാര്യം നമ്മുടെ നാട്ടിൽ സുലഭമായ ഭൂഗർഭജലം പരമാവധി ചൂഷണം ചെയ്യുക എന്നുള്ളതു തന്നെയാണ്. ഇതുവരെ നമുക്കതു കഴിഞ്ഞിട്ടില്ല. നാം വലിയ വലിയ പദ്ധതികരംക്കുവേണ്ടി പ്രവർത്തിക്കുന്നു. നല്ലതാണ്. പെരിയാർവാലിയും കല്ലടയും പമ്പയും കുററിയാടിയും മററു പല പദ്ധതികളും നമുക്കുണ്ട്. 37 കോടി രൂപ ഈ ബഡ്ജററിലും അതിനു വേണ്ടി വകയിരുത്തിയിട്ടുണ്ട്. അതെല്ലാം ഘട്ടംഘട്ടമായി എത്രയും വേഗം നാം പൂർത്തിയാക്കും. എന്നാൽ നമ്മുടെ തീരപ്രദേശത്ത് ഇഷ്ടം പോലെ ഭൂഗർഭജലമുണ്ടെന്നു സർവേയിൽ കണ്ടിരിക്കുന്നു. നമ്മുടെ ഇടനാട്ടിലും സർവേ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ധാരാളം ഭൂഗർഭജലം നമുക്കുണ്ട്. നമ്മുടെ വിദ്യുച്ഛക്തി ഉപയോഗിക്കുന്നതിനെപ്പററി ഇവിടെ പറഞ്ഞു. വിദ്യുച്ഛക്തിയും നമ്മുടെ ഭൂഗർഭ ജലവും പിന്നെ സോയിൽ ഇറോഷൻ തടയുന്നതിനുവേണ്ടിയുള്ള നടപടികളും ഇതെല്ലാംകൂടെ ചേർത്ത് സമഗ്രമായ ഒരു പരിപാടി ആസൂത്രണം ചെയ്താൽ നമ്മുടെ ചെറിയ കൃഷിക്കാരുടെ ഒരേക്കറിൽനിന്ന് അവന് ഇന്നു കിട്ടുന്നതിന്റെ ഇരട്ടി ആദായമുണ്ടാക്കാൻ കഴിയുമോ? അവന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമോ? ഇതുനമുക്കു നേടാൻകഴിയുന്നില്ലെങ്കിൽ ഈ കേരളത്തിൽ നാമിനി ഒന്നും നേടാൻപോകുന്നില്ല എന്നാണു ഞങ്ങളുടെ അഭിപ്രായം. കേരളത്തിൽ എന്തെങ്കിലും നമുക്കു നേടാൻ കഴിയണമെങ്കിൽ ലക്ഷക്കണക്കായ ദരിദ്രകൃഷിക്കാരുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. അതിനുവേണ്ടി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം. ഉൽപ്പാദനക്ഷമത വർദ്ധിക്കാതെ ഈ ഒരേക്കറുകാരൻ രക്ഷപ്പെടാൻ പോകുന്നില്ല. അവന് ഇനി ഒരേക്കറുംകൂടി കൊടുക്കാൻ ഇവിടെയില്ല. കേരളത്തിൽ അതിന്റെ സാധ്യതയേ ഇല്ല. അതുകൊണ്ട് ഭൂമിയിൽ എങ്ങനെ വരുമാനം വർദ്ധിപ്പിക്കാം? സർ, ഞാൻ കാർഷിക കാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ള ആളല്ല....................

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മോശമല്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: ബാലകൃഷ്ണപിള്ളയെക്കാരം ഭേദമാണ്, എനിക്കു സംശയമില്ല. ബാലകൃഷ്ണപിള്ളയെന്നല്ല, പ്രതിപക്ഷത്തിരിക്കുന്ന ആരോടും ആ കാര്യത്തിൽ മൽസരത്തിനു തയ്യാറാണ്. അത്രയുമൊക്കെ എനിക്ക് കൃഷിയെപ്പററി അറിയാം. അറിഞ്ഞുകൂടാഞ്ഞിട്ടല്ല. എന്നാലും ഞാനൊരു വിദഗ്ദ്ധനല്ല. നമുക്കു വിദഗ്ദ്ധൻമാരുടെ സഹായം വേണം; വിദഗ്ദ്ധൻമാരുടേതിനേക്കാരം കൂടുതൽ കൃഷിക്കാരുടെതന്നെ സഹായം വേണം. കൃഷിക്കാരുടെ സഹായവും വിദഗ്ദ്ധൻമാരുടെ സഹായവും പിന്നെ നമ്മുടെയെല്ലാവരുടേയും സാന്നിദ്ധ്യവും വേണം. ഞാൻ ഇതിനെ കാണുന്നത് അങ്ങനെയാണ്. ഈ പദ്ധതി വിജയിപ്പിക്കണമെങ്കിൽ നമ്മളെല്ലാവരും നമ്മുടെ നാട്ടിൻപുറങ്ങളിലേക്കിറങ്ങണം. തിരുവനന്തപുരത്തിരുന്ന് ഗ്രാമങ്ങളിലേക്കു മുഖംതിരിച്ചാൽ പോരാ. ഗ്രാമഗ്രാമാന്തരങ്ങളിലേക്കിറങ്ങണം. മന്ത്രിമാർതൊട്ട് പ്രതിപക്ഷനേതാക്കൻമാർതൊട്ട് ഉദ്യോഗസ്ഥൻമാർതൊട്ട് എല്ലാവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: മൺവെട്ടിയുമെടുത്തുകൊണ്ട്?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതും വേണം, അതുപോലെ പലതും വേണം. ശ്രീ. രാഘവൻ തീർച്ചയായും എന്റെകൂടെ വരുമെന്നു വിശ്വസിക്കുന്നു. മററുകാര്യത്തെപ്പററിയൊക്കെ തർക്കിച്ചാലും എനിക്കത് വിശ്വാസമുണ്ട്. ശ്രീ. കുഞ്ഞിക്കണ്ണൻ തീർച്ചയായും വരും. കർഷക സംഘത്തിന്റെ നേതാവാണദ്ദേഹം.

അങ്ങനെയൊരു പരിപാടി ഈ കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 1979-80 സാമ്പത്തികവർഷത്തിൽ നമ്മഠം 22 ബ്ലോക്കുകളിലാണ് ഇതു നടപ്പിലാക്കുക. എന്നാൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും അടുത്ത അഞ്ചുവർഷംകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക വികസനത്തെപ്പററിയും നമ്മുടെ ദരിദ്രജനവിഭാഗങ്ങളുടെ പുരോഗതിയെപ്പററിയും ആലോചിക്കുമ്പോഠം മറെറാരു മേഖലയാണ് ഞങ്ങളുടെ ദൃഷ്ടിയിൽ വന്നിട്ടുള്ളത്; പൊതുമേഖലയിൽ പ്ലാന്റേഷനുകളുടെ ഒരു ശൃംഖല അതിനെപ്പററിയും ഇതിൽ പറഞ്ഞിട്ടുണ്ട്. സർ, ഇവിടെ ഞാൻ പറയമനാഗ്രഹിക്കുന്ന ഒരു കാര്യം—നമുക്ക് ഇനി കൃഷിക്കുപയുക്തമായ ഭൂമി എവിടെയെങ്കിലും ഉള്ളത് സമാഹരിച്ച് പൊതുമേഖലയിൽ പ്ലാന്റേഷനുകഠം ഉണ്ടാക്കുകയാണു നല്ലത്; അതിൽ കേന്ദ്രീകരിക്കുകയാണു നല്ലത്. കേരളത്തെപ്പോലെ നാണ്യവിളകഠംക്ക് ഇത്രയും പററിയ ഒരു നാടു വേറെ ഇല്ലെന്നു ഞാനിവിടെ പറയേണ്ട ആവശ്യമില്ല. ഞാൻ ഈ സമഗ്രകാർഷികവികസനപദ്ധതിയെപ്പററി പറഞ്ഞപ്പോഠം പറയേണ്ടിയിരുന്ന ഒരു കാര്യമുണ്ട് സർ. ആ പദ്ധതിയിലും നമ്മഠം കേന്ദ്രീകരിക്കേണ്ടതു നാണ്യവിളകളിലാണ്. 7 ലക്ഷം ഹെക്ടർ സ്ഥലത്ത് നാം തെങ്ങു കൃഷിചെയ്യുന്നു. പക്ഷേ കേരളത്തിലാണ് തേങ്ങയുടെ ഉൽപ്പാദനത്തോത് ലോകത്തിൽവച്ച് ഏററവും കുറവ്. ഒരു തെങ്ങിൽ നിന്ന് ഒരുവർഷം കേരളത്തിൽ കിട്ടുന്ന ആദായം 30 നാളികേരമാണ്. ഇതു ശരാശരിയാണ്; ശ്രീ. ബാലകൃഷ്ണപിള്ളയുടെ മുററത്ത് ഒരു നല്ല തെങ്ങു കാണും, അതുനിറച്ച് കുല കാണും. അതുനോക്കിയിട്ടു കാര്യമില്ല. ശരാശരി ഉൽപ്പാദനം ശോചനീയമാണു കേരളത്തിൽ. വെറും 30 നാളികേരം.. തമിഴ് നാട്ടിൽ ഇതിനേക്കാഠം കൂടുതലാണ്; കർണ്ണാടകത്തിൽ കൂടുതലാണ്.

ശ്രീ. പി.പി. എസ്തോസ്: കഴിഞ്ഞ ഏഴു വർഷത്തെ പുരോഗതി ഒന്നു പറയാമോ, ആ വളർച്ചയുടെ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ശ്രീ. എസ്തോസ് എന്തിനാണിങ്ങനെ? ഞാൻ ഈ പറയുന്നതിനോടൊന്നും അഭിപ്രായവ്യത്യാസമില്ലല്ലോ. അപ്പോഠം സമാധാനമായിരുന്ന് കേഠംക്കുക. ഇത് നമ്മളെല്ലാവരുംകൂടി ആലോചിക്കേണ്ട കാര്യങ്ങളാണ്. ഈ 30 നാളികേരം 60 നാളികേരമാക്കാൻ കഴിഞ്ഞാൽ ഇപ്പോഴത്തെ 400 കോടി നാളികേരം 800 കോടി നാളികേരവും ഇപ്പോഴത്തെ 400 കോടി രൂപ 800 കോടി രൂപയുമായി വർദ്ധിപ്പിക്കാൻ കഴിയും. അത് കഴിയുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. നമ്മുടെ കാർഷികവികസനപദ്ധതികളിൽ നാണ്യവിളകഠംക്കു മുൻതൂക്കം കൊടുത്തുകൊണ്ട് പരിപാടികളിട്ടുകൊണ്ട് മുന്നോട്ടുപോകണം.

2/459—17

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: നാണ്യവിളകൾക്കു പ്രോത്സാഹനം കൊടുക്കണമെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിന്റെ അർത്ഥം നെൽകൃഷി ചെയ്യുന്ന സ്ഥലത്ത് അതു മാററി നാണ്യ വിളകൾ കൃഷിചെയ്യുന്ന നയം സ്വീകരിക്കുമെന്നാണോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: എന്നു ഞാൻ പറഞ്ഞില്ല. തീർച്ചയായും നെല്ലിന്റെ ഉൽപ്പാദനത്തിൽ ശ്രദ്ധിക്കുകതന്നെ വേണം. ഒരുകാര്യം പറയുമ്പോൾ വേറൊന്നു വിട്ടു എന്നർത്ഥമില്ല. കൂടുതൽ എംഫസിസ് ഇതിനു കൊടുക്കണമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഉദാഹരണം ഞാൻ പറയാം.

സർ, ഉദാഹരണമായി എണ്ണപ്പന കൃഷി കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയൊരു വഴി തുറന്നു കാട്ടാൻ പോകുന്നു എന്നാണ് എല്ലാ വിദഗ്ദ്ധൻമാരും പറയുന്നത്. കഴിയുന്നത്ര സ്ഥലത്ത് എണ്ണപ്പന കൃഷി ചെയ്യുകയെന്നുള്ളതാണ്. റബ്ബർ, ഏലം മുതലായവയുടെ വിപുലമായ പ്ലാന്റേഷനുകൾ ഉണ്ടാക്കണം. ഈ പദ്ധതിയിൽ തന്നെ അങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഫലമായി 54000-ൽ പരം പേർക്ക് ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ കൊടുക്കാൻ സാധിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ ഈ അടുത്ത കാലത്ത് കർഷകത്തൊഴിലാളികളുടെ ചില സമ്മേളനങ്ങളിൽ പങ്കെടുക്കുകയുണ്ടായി. ശ്രീ. പുരുഷോത്തമൻ ഇവിടെ നെൽകൃഷിയുടെ കാര്യം പറഞ്ഞു. നമ്മുടെ നെൽകൃഷിക്ക് ഉണ്ടായ അധഃപതനത്തിന്റെ ഫലമായി ഏററവും കൂടുതൽ കഷ്ടപ്പെടുന്നത് കർഷകത്തൊഴിലാളികളാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവർക്ക് 80 ദിവസത്തെ തൊഴിലാണ് ഇന്ന് കിട്ടുന്നത്. നമുക്ക്, അവർക്ക് എങ്ങനെ കൂടുതൽ തൊഴിൽ കൊടുക്കാൻ കഴിയും? ഈ കാർഷിക വികസന പദ്ധതിയെന്നു പറയുന്നത് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുകയും അതോടൊപ്പം തന്നെ ഗ്രാമീണരുടെ തൊഴിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു പദ്ധതിയാണ്. ഇത് രണ്ടിനും ഉതകുന്ന പദ്ധതിയാണ്. കാർഷിക വികസന പദ്ധതിയും പൊതു മേഖലയിലുള്ള പ്ലാന്റേഷൻ പദ്ധതിയും. ഇതാണ് മുമ്പോട്ട് പോകാൻ ആഗ്രഹിക്കുന്ന ഒരു വഴി.

സർ, ഇതോടൊപ്പം തന്നെ വ്യാവസായിക മേഖലയെപ്പററികൂടി രണ്ട് വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധാരാളം വിമർശനങ്ങൾ ഉണ്ടാകുന്നുണ്ട്. കാർഷിക വികസന പദ്ധതിയെപ്പററി പറഞ്ഞപ്പോൾ ഞാൻ ഒരു കാര്യം വളരെ ആവശ്യമായി പറയേണ്ടത് വിട്ടുപോയി. വായ്പയ്ക്കു പലിശ കുറച്ച കാര്യമാണ് അത്. അത് ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. ഇൻഡ്യാ രാജ്യത്ത് ഇത് ആദ്യമായി ആണ് ഇങ്ങനെ ചെയ്യുന്നത്. അതിന്റെ പേരിൽ അവകാശവാദങ്ങളൊന്നും ഞാൻ പ്രഖ്യാപിക്കുന്നില്ല. കേരളത്തിലെ കൃഷിക്കാർക്ക് അതൊരു അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. 3 ശതമാനം പലിശ കുറച്ചാലും ഭാരം ഉണ്ട്. കുറേകൂടി കുറച്ചാൽ നല്ലതാണ്. 5 ശതമാനമെങ്കിലും കുറയ്ക്കണമെന്ന് പല കർഷക സംഘങ്ങളും ആവശ്യപ്പെട്ടിരുന്നു. സാമ്പത്തികമായ കഴിവുകേടുകൊണ്ട് മാത്രമാണ് 3 ൽ നിർത്തിയത്. അതേസമയം നമ്മൾ കൊടുത്ത പല നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ അതിനേപ്പററി ആലോചിച്ചു. ഹ്രസ്വകാല വായ്പക്ക് മാത്രമാണ് ബാധകമായിട്ടുള്ളത്. ദീർഘകാല വായ്പക്ക് ഇത് വ്യാപകമാക്കണമെന്ന് പല നിവേദനങ്ങളും ലഭിച്ചു. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

പ്പററിയും ആലോചിച്ചു. ഈ 3 ശതമാനം പലിശ ഇളവ് കർഷകരുടെ ദീർഘകാല വായ്പ ചയ്ക്കുകൂടി ബാധകമാക്കുന്നതാണ്. അങ്ങനെ നമ്മുടെ കാർഷികമേഖലയിൽ തീർച്ചയായും കൃഷിക്കാർക്ക് ഇതൊരു നേട്ടമായിരിക്കും.

സർ, വ്യവസായ വികസനത്തിന്റെ കാര്യം പറയുമ്പോഴ് ഒരു കാര്യം വളരെ തീർച്ചയാണ്. പത്രങ്ങൾ എഴുതിയതുകൊണ്ടോ പ്രതിപക്ഷ മെമ്പർമാർ വിമർശിക്കുന്നതുകൊണ്ടോ ഏതെങ്കിലും തരത്തിൽ..............

ശ്രീ. കെ. കരുണാകരൻ: നിശ്ചിത തീയതിക്ക് അടച്ച് തീർക്കുന്ന ആളുകൾക്കേ കിട്ടുകയുള്ളോ, അതോ എല്ലാവർക്കും കിട്ടുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ കാര്യത്തെപ്പററി ശരിക്കു ആലോചിച്ചിരുന്നുവെങ്കിൽ ഇതു പറയുകയില്ലായിരുന്നു. തക്കസമയത്ത് തിരിച്ച് അടക്കുന്ന ആളുകൾക്ക് മാത്രമാണ്. അല്ലാതെ കൊടുക്കണമെന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുമെന്നു തോന്നുന്നില്ല.

സർ, പൊതു മേഖലാസ്ഥാപനങ്ങളിലെ വ്യവസായങ്ങളെപ്പററി ഈ സഭയിലും പുറത്ത് വർത്തമാന പത്രങ്ങളിലും എല്ലാം ധാരാളം വിമർശനങ്ങൾ ഉണ്ടാകുന്നുണ്ട്. ഗവൺമെൻറ് ആ വിമർശനങ്ങൾ കണക്കിലെടുത്തിട്ടുണ്ട്. ഈ പ്രസംഗത്തിൽത്തന്നെ പറയുന്നത് ''ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനെക്കുറിച്ച് അടിസ്ഥാനപരമായ ഒരു പൊതുനയം ആവിഷ്കരിക്കുക, ഇവയിലേക്ക് ആവശ്യമുള്ള ഉയർന്ന ഉദ്യോഗസ്ഥൻമാരെ തിരഞ്ഞെടുത്തു പരിശീലനം നൽകുക, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികൾക്ക് കൂടുതൽ പങ്കാളിത്തം നൽകുക എന്നീ കാര്യങ്ങളിൽ ആവശ്യമായ നടപടികൾ എടുത്തുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കാൻവേണ്ടി ഓരോ സ്ഥാപനത്തെപ്പററിയും വിശദമായ പഠനം നടത്തിവരികയാണ്'' എന്ന്. സർ, അടുത്തകാലത്ത് ഗവൺമെൻറ് എടുത്ത ഒരു തീരുമാനം ഇതിനുവേണ്ടി ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുകയെന്നുള്ളതാണ്. ഏററവും നല്ല ഒരു ഉദ്യോഗസ്ഥനെ Commissioner for Public Enterprises എന്ന പേരിൽ ഇതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. അദ്ദേഹം അതിനെസംബന്ധിച്ചുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. ഒരു കാര്യം വളരെ തീർച്ചയാണ്. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ ഇന്നത്തെപ്പോലെ നടന്നാൽ പോരാ. ഇത് ഇന്നത്തെപോലെ നടക്കുന്നത് നമുക്ക് അപമാനകരമാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. എന്നാൽ നല്ല നിലയിൽ നടക്കുന്ന സ്ഥാപനങ്ങൾ ഇല്ലെന്ന് ഞാൻ പറയുന്നില്ല. വളരെ നന്നായി നടക്കുന്ന സ്ഥാപനങ്ങളും ഉണ്ട്. അടച്ച് പിടിച്ച് എല്ലാററിന്റേയും മുഖത്ത് കരി തേക്കുന്നത് നല്ലതല്ല. ഈ രീതിയിൽ നടക്കുന്നതിന് പല കാരണങ്ങൾ ഉണ്ട്. അവയിൽ ഓരോന്നിനെപ്പററിയും പരിശോധിക്കണം. എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളും കാര്യക്ഷമമായി, ലാഭകരമായി നടക്കണം. അങ്ങനെ ലാഭകരമായും കാര്യക്ഷമമായും പൊതുമേഖലാ സ്ഥാപനങ്ങൾ നടത്താൻ കഴിയാതെ വന്നാൽ അത് അവസാനം ഈ നിയമത്തിൽ മുറുകെ പിടിച്ചവർക്ക് തന്നെ തിരിച്ചടിയായി മാറും.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കും തൊഴിലാളി പ്രസ്ഥാനത്തിനും തിരിച്ചടിയാകും. അതുകൊണ്ട് ഇനി വളരെയധികം പണിപ്പെട്ട് ഈ പൊതുമേഖലാ വ്യവസായത്തിലെ ഇന്നത്തെ കുറവ് നികത്തിക്കൊണ്ട്, നഷ്ടം നികത്തിക്കൊണ്ട് കാര്യക്ഷമമായി നടത്തുകയെന്നുള്ളതാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ള ഒരു കാര്യം.

സർ, എല്ലാററിനും തെററും കുററവും മാത്രം കാണുകയെന്നതാണ് പ്രതിപക്ഷത്തിന്റെ കടമയെന്ന് എന്റെ ശുദ്ധനായ സ്നേഹിതൻ ശ്രീ. എം. വി. രാഘവൻ തെററിദ്ധരിച്ചിരിക്കുന്നതായി തോന്നുന്നു. എല്ലാററിനേയും എപ്പോഴും കുററപ്പെടുത്തിക്കൊണ്ട് എല്ലാററിനേയും എതിർക്കണം. വേണമെങ്കിൽ എന്താണ് പ്രതിപക്ഷത്തിന്റെ പ്രവർത്തന രീതി എന്നുള്ളതിനെപ്പററി സഭയ്ക്ക് പുറത്ത് അദ്ദേഹവുമായി ഞാൻ സംസാരിക്കാം.

(ബഹളം)

സർ, അവസാനമായി എനിക്കു പറയാനുള്ള ഒരു കാര്യം ഉണ്ട്. ആദ്യം ഞാൻ നമ്മുടെ പ്രത്യുൽപ്പാദനപരമായ, മേഖലകളിൽ, കാർഷിക മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു പറഞ്ഞു. അതേ സമയം തന്നെ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് അതിന്റെ സാമൂഹ്യ സേവന രംഗം അവഗണിക്കാൻ സാധിക്കുകയില്ല. ചരിത്രപരമായി നമുക്ക് അതിൽ നല്ല പാരമ്പര്യമാണുള്ളത്. അത് ഇപ്പോഴും തുടരുകയാണ്. ആര് എന്തെല്ലാം പറഞ്ഞാലും കേരളത്തിൽ മററ് രംഗങ്ങളിൽ അതായത് സാമൂഹ്യ സേവനരംഗത്ത് സർവ്വീസിന്റേയും ശമ്പളത്തിന്റേയും കാര്യങ്ങളിൽ ഇൻഡ്യയിൽ നമ്മൾ അത്ര പുറകിലല്ല. വളരെ മുമ്പിലാണ്. അതിനെപ്പററി ധാരാളം പറഞ്ഞിട്ടുണ്ട്. അതേസമയം ഇത്തരത്തിലുള്ള സൗകര്യങ്ങൾ കിട്ടുന്ന ആളുകൾ, അവർക്ക് സമൂഹത്തിൽ ആ സൗകര്യം കിട്ടുന്നത് സമൂഹത്തെ സേവിക്കാൻവേണ്ടിയാണ്. നമ്മൾ നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളിൽ, പ്രത്യുൽപ്പാദനപരമായ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ സഹകരിച്ച് ജനങ്ങളുടെ കൂടെ നിൽക്കുന്നവരായിരിക്കണം. ബ്യൂറോക്രസിയെന്ന് നമ്മൾ സാധാരണ പറയുമ്പോൾ നമ്മുടെ മനസ്സിൽ ഒരു ധാരണയുണ്ട്. ബ്യൂറോക്രസിയെന്നു പറഞ്ഞാൽ സാധാരണ ജനങ്ങളിൽനിന്നും അകന്നു നിൽക്കുന്നവർ, ജനങ്ങളുടെ ശത്രുക്കൾ എന്നാണ്. ഇനി അങ്ങനെയൊരു ബ്യൂറോക്രസിയെപ്പററി ചിന്തിക്കാൻ സാധിക്കുകയില്ല. ബ്യൂറോക്രസിയെന്നു പറയുമ്പോൾ ഗവൺമെൻറ് സെക്രട്ടറിമാരെ മാത്രം ഉദ്ദേശിച്ച് പറയുന്നതല്ല. ആദ്യാവസാനം അവിടെയുള്ള ഗവൺമെൻറ് മെഷീനറി, അവിടെയുള്ള ഗവൺമെൻറ് ജീവനക്കാർ അവർക്കുവേണ്ടി ഈ ഗവൺമെൻറ് ചെയ്തിട്ടുള്ള നടപടികൾ അല്ലെങ്കിൽ അവർക്കുവേണ്ടി ഈ ഗവൺമെൻറ് സൗജന്യങ്ങൾ ചെയ്തു കൊടുത്തു, ഉദാരമായി പ്രവർത്തിച്ചു എന്നുള്ള രീതിയിൽ പറയുന്നതല്ല. അത് അവരുടെ അവകാശമാണ്. അവർക്ക് സംഘടനകളും പ്രസ്ഥാനങ്ങളും ഉണ്ട്. വർഗ്ഗബോധമുണ്ട്. എല്ലാം വേണ്ട കാര്യങ്ങളാണ്. എന്നാലും എനിക്ക് അവരോടൊരു അപേക്ഷയുണ്ട്. ഈ നാട്ടിലെ എല്ലാവരോടും ഞങ്ങൾക്കൊരു അപേക്ഷയുണ്ട്. നമ്മുടെ രാജ്യത്തുള്ള നിർദ്ധനരായ പാവപ്പെട്ട കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടെയും ഈ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ട് വളരെയധികം കഷ്ടപ്പെട്ട് പട്ടിണി കിടക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെയും—പൊതുവെ

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തുള്ള 62 ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന ആളുകളുടെ കാര്യം ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞു—ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു വിഭാഗമായി അവർ മുമ്പോട്ടു വരണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. അതിന് എനിക്ക് ഉദ്ധരിക്കാൻ വളരെ സന്തോഷമുള്ളത് പശ്ചിമ ബംഗാളിലെ മുഖ്യമന്ത്രി ജ്യോതിബാസു പറഞ്ഞതാണ്. അദ്ദേഹം പറഞ്ഞ കാര്യം എന്റെ പത്രത്തിൽ വന്നതല്ല.

അതിനകത്തുവന്ന ഒന്നുരണ്ടു പാരഗ്രാഫ് ഞാൻ വായിക്കാം ''മിഡ്നാപ്പൂരിൽവച്ച് ചേർന്ന സംസ്ഥാന സർക്കാർജീവനക്കാരുടെ ബന്ധസമിതിയുടെ വാർഷികയോഗത്തിൽ മുഖ്യമന്ത്രി ചെയ്ത കുറിക്കു കൊള്ളുന്നതും ഉള്ളുതുറന്നതുമായ പ്രസംഗം ജനങ്ങളെ വളരെ സന്തോഷപ്പെടുത്തിയിട്ടുണ്ട്. ജനസേവകൻമാരെന്ന നിലയിൽ സാധാരണ ജനങ്ങളുടെ താൽപ്പര്യ സംരക്ഷണത്തിനുവേണ്ടി അർപ്പണബുദ്ധിയോടുകൂടി പ്രവർത്തിക്കുവാൻവേണ്ടിയാണ് സർക്കാർജീവനക്കാരുടെ സാമ്പത്തികാവശ്യങ്ങൾ അനുഭാവപൂർവ്വം പരിഹരിച്ചത് എന്നും സംഘടനാസ്വാതന്ത്ര്യം അംഗീകരിച്ചത് എന്നും അദ്ദേഹം തദവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി. കൃത്യസമയത്ത് ഓഫീസിലെത്തി ഓരോ ദിവസത്തേയും ചുമതലപ്പെട്ട എല്ലാ ജോലികളും ചെയ്തു തീർക്കണമെന്ന ഉപദേശവും അദ്ദേഹം അവർക്കു നൽകുകയുണ്ടായി. ബന്ധസമിതിയുടെ നിയന്ത്രണം മുഴുവൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും അനുഭാവികളുടേയും കൈകളിലാണെന്നുള്ളതിനാൽ പ്രസ്തുത വേദി ഉപയോഗിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ പ്രസംഗം പ്രാധാന്യമർഹിക്കുന്നതാണ്. ജീവനക്കാർ ഈ ഗവൺമെൻറിനെ അവരുടെ സ്വന്തം ഗവൺമെൻറായ് കരുതുന്നുണ്ട് എന്നുള്ളതുകൊണ്ട് പ്രശംസനീയമായ വിധത്തിൽ പ്രവർത്തിച്ചു എന്നുള്ളതും ശരിയാണ്. സർക്കാർ ജീവനക്കാരെപ്പററി സാധാരണക്കാരുടെയിടയിൽ ഒരു പ്രത്യേകതരം മനോഭാവമാണുള്ളത്. ഓഫീസിൽ വൈകിയാണ് വരികയെന്നും, ജോലിയിൽ ശ്രദ്ധയും ജാഗ്രതയും പുലർത്തുന്നില്ലെന്നും സർക്കാർ ജീവനക്കാരെ പററി പരാതിയുണ്ട്. ഇതെല്ലാം അടിസ്ഥാനമില്ലാത്ത അഭിപ്രായങ്ങൾ ആണെന്നു ജീവനക്കാർ തെളിയിക്കേണ്ടിയിരിക്കുന്നു''. നമ്മുടെ ഉദ്യോഗസ്ഥമണ്ഡലവും ബഹുജനനേതൃത്വവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒന്നിച്ചുചേർന്നുകൊണ്ട് നമുക്കുള്ള മുഴുവൻ വിഭവങ്ങളും ഈ നാട്ടിലെ ദുർബ്ബലജനവിഭാഗങ്ങളുടെയും മററും പുനരുദ്ധാരണത്തിനു വേണ്ടി ഉപയോഗിക്കണമെന്നാഗ്രഹിച്ചുകൊണ്ടാണ് ഗവൺമെൻറ് ഈ ബഡ്ജററ് കൊണ്ടുവന്നിട്ടുള്ളത്. സ്വാഭാവികമായും ഈ ബഡ്ജററിനെ പററി പ്രതിപക്ഷ സുഹൃത്തുക്കൾക്ക് ഒന്നും പറയാനില്ലാതെ പോയതിൽ അത്ഭുതമില്ല. അവരിൽ പലരും തയ്യാറാക്കിക്കൊണ്ടു വന്ന അമിട്ട് എല്ലാം നനഞ്ഞുപോയി, അതുകൊണ്ട് അത് പൊട്ടിയില്ലായെന്നു മാത്രമേ എനിക്ക് അതേപ്പററി പറയാനുള്ളൂ.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): പറയേണ്ടമിക്കവാറും കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു കഴിഞ്ഞിരിക്കുകയാണ്. ഈ ബഡ്ജററിനെക്കുറിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ച എല്ലാ അംഗങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്. ഇത് മുഴുവനും ശരിയാണെന്നു അംഗീകരിക്കുന്നതിനുവേണ്ടി അഹന്തയോടുകൂടിയോ അഹങ്കാരത്തോടുകൂടിയോ അല്ല ഞാൻ ഈ ബഡ്ജററ് ബഹുമാനപ്പെട്ട മെമ്പർമാരുടെ അറിവിനുവേണ്ടി സമർപ്പിച്ചത്. കുററങ്ങളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുവാനും ശരിയായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിനെ അംഗീകരിക്കുവാനും ഉള്ള ഹ്യുമിലിററിയോടുകൂടിത്തന്നെയാണ് ഞാൻ ഈ ബഡ്ജററ് ഈ സഭയിൽ അവതരിപ്പിച്ചത്. ഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, മററു പല അവസരങ്ങളിൽനിന്നും വ്യത്യസ്തമായി ബഹുമാനപ്പെട്ട അംഗങ്ങളിൽ ഭൂരിപക്ഷവും ബഡ്ജററിന്റെ നാലുമൂലയ്ക്കകത്തു നിന്നുകൊണ്ടു തന്നെയാണ് വിമർശനം നടത്തിയത്. അതുകൊണ്ട് അവരോട് കൂടുതൽ നന്ദിയുള്ളവരാണ് ഞങ്ങൾ. ബഹുമാനപ്പെട്ട ശ്രീ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇവിടെ ചില വസ്തുതകൾ ചൂണ്ടിക്കാണിച്ചു. അതിൽ യാതൊരഭിപ്രായവ്യത്യാസവുമില്ല. നമ്മുടെ രാജ്യത്ത് തൊഴി ലില്ലായ്മ ഉണ്ട്; വളരെയധികം ദാരിദ്ര്യമുണ്ട്. ഇതെല്ലാം അംഗീകരി ക്കപ്പെട്ടിട്ടുള്ള വസ്തുതകളാണ്; അല്ലാതെ പുതിയ കണ്ടുപിടു ത്തങ്ങളൊന്നുമല്ല. ഒരു കൊല്ലത്തെ ബഡ്ജററുകൊണ്ട് ഇതെല്ലാം പൂർണ്ണമായും തീർത്തുകളയാവുന്നതല്ലെന്നുള്ള കാര്യത്തെക്കുറിച്ച് ശ്രീ. നമ്പൂതിരിപ്പാടിനും അറിയാവുന്നതാണ്. പിന്നെ ഈ കൊല്ലത്തെ ബഡ്ജററുകൊണ്ടാണ് ഇതെല്ലാം ഉണ്ടായതെന്നും അദ്ദേഹം സമ്മതിക്കു മെന്നു തോന്നുന്നില്ല. ചരിത്രപരമായ പല കാരണങ്ങളാലും ഇവിടെ ഉണ്ടായിരുന്ന പലതും തന്നെ വ്യാപകമായിത്തീർന്നു. അതെല്ലാം എന്തെങ്കിലും മാന്ത്രികശക്തികൊണ്ടു തീർക്കാൻ കഴിയുന്നതല്ലായെന്നും ശ്രീ. നമ്പൂതിരിപ്പാടിനുതന്നെ അറിയാം. തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നീ കാര്യങ്ങളെക്കുറിച്ചെല്ലാം അദ്ദേഹം സൂചിപ്പിച്ചത് അതിന്റെ ഗൗരവം ഗവൺമെൻറ് ശ്രദ്ധിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി യാണ്. തീർച്ചയായും ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഏററവും കാതലായ ഈ പ്രശ്നങ്ങൾക്ക് അതിൻേറതായ ഗൗരവത്തോടു കൂടി നീങ്ങുന്നുവെന്നുള്ള കാര്യത്തിൽ അദ്ദേഹത്തിന് ഞാൻ ഉറപ്പ് നൽകുകയാണ്. ഒരു കാര്യത്തിൽ സന്തോഷമുണ്ട്.

<u>ശ്രീ. എം. വി. രാഘവൻ:</u> സർ, ഒരു ചോദ്യം. സാമ്പത്തികമായി ഇന്നു ജനങ്ങൾ വളരെ ബുദ്ധിമുട്ടിലാണ്. അപ്രകാരം ബുദ്ധി മുട്ടുന്ന ആളുകൾക്ക് തൊഴിലില്ലായ്മവേതനം കൊട്ടിഘോഷിച്ചല്ലോ, എന്നിട്ട് അത് ഇപ്പോൾ എവിടെയായി, അതിനെക്കുറിച്ചുകൂടി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം.

<u>ശ്രീ. എസ്. വരദരാജൻ നായർ:</u> ഇതാണ് ധൃതിവച്ചാലുള്ള അപകടം. ഒരു കാര്യത്തിൽ സന്തോഷമുണ്ട്. എന്നാൽ എന്റെ ബഹുമാന്യ സുഹൃത്ത് സംസാരിച്ചപ്പോൾ ഒരു ചെറിയ ചിന്താക്കുഴപ്പം കാണിച്ചി ല്ലേയെന്നു എനിക്ക് സംശയമുണ്ട്. ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞത് ഗവൺമെൻറിന്റെ സാമ്പത്തിക ഭദ്രതയും എക്കണോമിക് റിവ്യൂവിൽ പറഞ്ഞത് സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിര തയും ആണ്.

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ:</u> ഇത് രണ്ടും തമ്മിൽ പൊരുത്ത മില്ലെന്നാണ് പറഞ്ഞത്.

<u>ശ്രീ. എസ്. വരദരാജൻനായർ:</u> ഇത് രണ്ടും തമ്മിൽ പൊരുത്ത മുണ്ടോ ഇല്ലയോയെന്നുള്ളത് പോകട്ടെ. സാമ്പത്തിക സുസ്ഥിരതയെ സംബന്ധിച്ച് എനിക്ക് അഭിപ്രായവ്യത്യാസമില്ല. അതുപോലെ തന്നെ ഗവൺമെൻറിന്റെ സാമ്പത്തിക ഭദ്രതയിലും ഇന്ന് ആർക്കും

LIBRARY ARCHIVES Kerala Legislative Assembly

തന്നെ വലിയ സംശയമില്ല. പക്ഷേ ഒരു കാര്യത്തിലേയുള്ളു വ്യത്യാസം. കേന്ദ്രഗവൺമെൻറിൻെറ സഹായം കൊണ്ടാണ് ഇത് സാധിച്ചതെന്നു ഒരു കൂട്ടരും അതല്ല ഞങ്ങളുടെ പൂർവ്വകാലചെയ്തികൾ കൊണ്ടാണ് ഇത് സാധിച്ചതെന്നു മറെറാരുകൂട്ടരും അവകാശവാദങ്ങൾ പുറപ്പെടുവിക്കുന്നുവെന്നുള്ളതിൽ കവിഞ്ഞ് അടിസ്ഥാനപരമായി ഇത് തെററാണെന്നു ആരുംതന്നെ പറഞ്ഞിട്ടില്ല. എന്നാൽ ശ്രീ. അടിയോടി ചില കണക്കുകൾ ഇവിടെ ഉദ്ധരിച്ചു. അതിൽ വലിയ കുഴപ്പമൊന്നുമില്ല. ശാസ്ത്രീയമായ സാമ്പത്തികഭദ്രത വേണമെങ്കിൽ അത് ഫിസിക്കൽ മെഷേഴ്സ് കൊണ്ടല്ലാതെ ആവുകയില്ലായെന്നു ഗവൺമെൻറിന് അറിയാം.

പിന്നെ പൊതുവായി ഈ സഭയ്ക്കകത്തും പുറത്തും വിമർശനമുണ്ടായത് ഇത് ഒരു തിരഞ്ഞെടുപ്പ് സ്ററണ്ട് ആണെന്നാണ്. ഇത് പറഞ്ഞ സ്നേഹിതൻമാർ അത് പരോക്ഷമായി ബഡ്ജററിനെ അനുകൂലിക്കുകയാണെന്നുള്ള കാര്യം വിസ്മരിച്ചിരിക്കുകയാണ്. അതിൻെറ അർത്ഥം പൊതുജനങ്ങളുടെ നാഡിയിടിപ്പ് ഈ ബഡ്ജററിൽ പ്രതിഫലിക്കുന്നുയെന്നാണ്. തൊഴിലില്ലായ്മവേതനത്തെപ്പററി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ചു. തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ളനടപടികൾ എടുത്തിട്ടില്ല ശരിയായ പദ്ധതികളില്ല എന്ന് ഇവിടെ പലരും പറഞ്ഞു. അത് ശരിയല്ലെന്നാണ് എൻെറ വിശ്വാസം. ആയിരക്കണക്കിന് തൊഴിലാളികൾക്ക് ഒരുമിച്ച് തൊഴിൽനൽകുന്ന ഒരു പദ്ധതി ഈ ബഡ്ജററിലുണ്ടെന്ന് ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഒരുകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. പ്ലാൻേറഷനുകളിൽ തൊഴിലാളികൾക്ക് ജോലി കൊടുക്കണം. അതുപോലെതന്നെ ഗ്രാമീണ വ്യവസായങ്ങൾക്കു മുൻതൂക്കം കൊടുത്തുകൊണ്ട് കുറെ തൊഴിലാളികൾക്ക് തൊഴിൽനൽകുന്ന ഗ്രാമീണവ്യവസായങ്ങൾക്കുള്ള ഒരു പദ്ധതി ഖാദിബോർഡിൻെറ കീഴിൽ അംഗീകരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽകൊടുക്കാൻ സാധിക്കുന്ന ബൃഹത്തായ പദ്ധതി അംഗീകരിച്ചുകൊണ്ട് മുമ്പോട്ടു പോകുന്നുവെന്ന് പറയാൻ സന്തോഷമുണ്ട്. പ്രതിപക്ഷം അത് അംഗീകരിക്കണമെന്ന അപേക്ഷയുണ്ട്. ചില അംഗങ്ങൾ ഒന്നുരണ്ട് നിർദ്ദേശം വച്ചു. ഗൗരവം അർഹിക്കുന്ന നിർദ്ദേശങ്ങളാണ്. അതിൽ ഒരു നിർദ്ദേശം ഭരണകക്ഷി അംഗങ്ങളിൽനിന്നും പ്രതിപക്ഷ അംഗങ്ങളിൽനിന്നും വന്നു. വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന പാഠപുസ്തകങ്ങളെ വിൽപ്പനനികുതിയിൽനിന്ന് ഒഴിവാക്കണമെന്ന് പറഞ്ഞു. അതെപ്പററി ബഡ്ജററിനു മുമ്പേ ആലോചിക്കാൻ സാധിക്കാത്തതിൽ സങ്കടമുണ്ട്. അത് പര്യാലോചിക്കേണ്ട ഒരു കാര്യമാണ്. സാമ്പത്തികമായ കാര്യങ്ങൾ മനസ്സിലാക്കാതെ ഉടനെ അംഗീകരിക്കുന്നത് ശരിയായിരിക്കുകയില്ലെന്നുള്ളതുകൊണ്ട് ഗവൺമെൻറിൻെറ സജീവമായ പരിഗണനയിൽ അത് ഉണ്ടായിരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾക്കു ഉറപ്പ് നൽകുകയാണ്.

ശ്രീ. ഹേമചന്ദ്രൻ തെങ്ങുകയററത്തൊഴിലാളികളെ സംബന്ധിച്ച് പറഞ്ഞു. ബഡ്ജററ് പ്രസംഗത്തിൽ അത് സൂചിപ്പിക്കാത്തതിന് കാരണം അതിന് തൊട്ടുമുമ്പു നടന്ന ഗവർണ്ണറുടെ പ്രസംഗത്തിൽ അത് സൂചിപ്പിച്ചിരുന്നുവെന്നുള്ളതുകൊണ്ടാണ്. അത് സൂചിപ്പിക്കുക മാത്രമല്ല പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുവേണ്ടി പതിനായിരം രൂപ ബഡ്ജററിൽ വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാണി ബാലവാടിയിലെ അദ്ധ്യാപകരുടെ കാര്യം പറഞ്ഞു. നാമമാത്രമായ ശമ്പളം വാങ്ങിച്ചുകൊണ്ട് സമൂഹത്തിന് വളരെ യധികം ഉപകാരപ്രദമായി ജോലിചെയ്യുന്ന വിഭാഗമാണ്. അവർക്കു കൊടുക്കുന്ന അലവൻസ് മതിയാകുന്നില്ലെന്നുള്ളത് അറിയാം. പല വകുപ്പുകളുടേയും കീഴിൽ നടക്കുന്ന നഴ്സറിസ്കൂളുകളിലുള്ള ബാലവാടികളിലെ അദ്ധ്യാപികമാർക്ക് പല നിരക്കിലുള്ള ശമ്പളം കൊടുക്കുന്നുവെന്നും മനസ്സിലാകുന്നു.

ശ്രീ. കെ. കരുണാകരൻ: പതിനായിരം രൂപ തെങ്ങുകയററ തൊഴിലാളികൾക്കുവേണ്ടി വകകൊള്ളിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതിന്റെ വിശദാംശം അറിഞ്ഞാൽ കൊള്ളാം. തെങ്ങുകയററ തൊഴിലാളികൾക്കു ഇപ്പോൾ വർക്കുമെൻസ് കോമ്പൻസേഷൻ ആക്ട് ബാധകമാണ്. അത് വിട്ടുള്ള പദ്ധതിയാണോ?

ശ്രീ. എസ്. വരദരാജൻനായർ: പ്രതിപക്ഷ നേതാവിന് കണിശമായും അറിയാം ഒരുപദ്ധതിയ്ക്ക് പതിനായിരം രൂപ പോരെന്നുള്ളത്. ഒരു ടോക്കൺ ഗ്രാൻറായി പതിനായിരം രൂപ വച്ചിരിക്കുന്നുവെന്നുപറഞ്ഞാൽ ആ പദ്ധതി അംഗീകരിക്കുകയാണെന്നും വിശദമായ പഠനം കഴിഞ്ഞതിനുശേഷം ആവശ്യമായ തുക അതിലേയ്ക്കുവേണ്ടി ചെലവാക്കുമെന്നും ആണ് അതിന്റെ സൂചനയെന്നും മനസ്സിലാകുമെന്നാണ് എന്റെ വിശ്വാസം. ഇത് മനസ്സിലാക്കിയതിനുശേഷം വെറുതെ എനിക്ക് അറിയാമോയെന്ന് അറിയുന്നതിനുള്ള ഒരു ശ്രമമായിരിക്കും.

ശ്രീ. കെ. കരുണാകരൻ: വർക്കുമെൻസ് കോമ്പൻസേഷൻ ആക്ട് വിട്ടുള്ള പദ്ധതിയാണോ എന്നാണ് ചോദിച്ചത്.

ശ്രീ. എസ്. വരദരാജൻ നായർ: വർക്കുമെൻസ് കോമ്പൻസേഷൻ ആക്ടിന് അതീതമായി അവർക്ക് എന്തെങ്കിലും സഹായധനം കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയാണ്. അവർക്ക് എന്തെങ്കിലും സഹായം ചെയ്യാൻ സാധിക്കുമോയെന്നുള്ള കാര്യം ഗവൺമെൻറ് അനുകൂലമായി പരിഗണിക്കുന്നതാണ്. പനകയററത്തൊഴിലാളികൾക്കും ഇത് ബാധകമാണ്.

ശ്രീ. ബാലൻ ചില കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പ്രസംഗിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വളരെ ബുദ്ധിപൂർവ്വമായി ചെയ്തുവെന്നാണ്. ഘടകകക്ഷികൾ തമ്മിലുള്ള ഉരസലിന്റെ ലക്ഷണമായി സംഖ്യകൾ കൊടുക്കുന്നതിൽ വ്യത്യാസംവരുത്തുന്നുവെന്ന് വലിയ കണ്ടുപിടിത്തവുമായി വന്നു. നിർഭാഗ്യവശാൽ അറിവ് കുറവായതുകൊണ്ടാണോ നോക്കാത്തതുകൊണ്ടാണോയെന്ന് ഒന്നും എനിക്കറിയില്ല. അദ്ദേഹം പറഞ്ഞു വിദ്യാഭ്യാസത്തിന് വളരെ കുറച്ചു തുകയാണ് വച്ചിരിക്കുന്നതെന്ന്. 1977-78 ൽ 145 കോടിരൂപയാണ് വകകൊള്ളിച്ചിരുന്നത്. അതിനുപകരം അടുത്തകൊല്ലം 188 കോടിരൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. അത് ഒപ്പാനും നോൺപ്ലാനും തമ്മിലുള്ള ഒരു ചിന്താകുഴപ്പമാണ്. ഇപ്പോഴും ബാലന് സംശയമുണ്ടെങ്കിൽ സൗകര്യമായിവന്നാൽ അത് പറഞ്ഞുതരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോസഫ്: കഴിഞ്ഞ ബഡ്ജററിനുശേഷം അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റെ പരിധി പതിനായിരംരൂപ ആക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. അതെപ്പററി ഒന്നും പറഞ്ഞില്ല.

ശ്രീ. എസ്. വരദരാജൻ നായർ: വളരെ ശക്തിയായി ചോദ്യരൂപേണയും പ്രസംഗരൂപേണയും മുഴങ്ങിക്കേട്ടതും നിർഭാഗ്യവശാൽ പ്രതിപക്ഷനേതാവ് ഊന്നിപ്പറഞ്ഞതും തൊഴിലില്ലായ്മവേതനത്തെ സംബന്ധിച്ചാണ്. ഒരു ചെറിയ തർജ്ജിമപിശകുകൊണ്ട് വന്നതാണ് ആ ഊഹം. അത് തെററിദ്ധാരണയാണ്. will be modified എന്നത് തർജ്ജമ ചെയ്തപ്പോൾ പകരം എന്നായി. ഈ ഗവൺമെൻറ് തൊഴിലില്ലായ്മവേതനം കൊടുക്കുന്നത് നിർത്താൻ ഉദ്ദേശിക്കുന്നില്ല. ആർക്കെല്ലാം കൊടുക്കുന്നുണ്ടോ അവർക്കെല്ലാം കൊടുക്കും. പക്ഷേ അത് പ്രായോഗികമായി നടപ്പാക്കിയപ്പോൾ നിർഭാഗ്യവശാൽ ചില പോരായ്മകൾ അനുഭവപ്പെട്ടു. നടപ്പാക്കിയെങ്കിലേ പോരായ്മ അനുഭവപ്പെടാനൊക്കുകയുള്ളു. ആ പോരായ്മകളൊന്നുമില്ലാതെ സമൂഹത്തിന് മൊത്തമായി ഗുണം വരത്തക്കവിധത്തിൽ അതിനെ പരിഷ്ക്കരിക്കണമെന്നുള്ളതിൽക്കവിഞ്ഞ് ഇത് ഉപേക്ഷിക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്തിട്ടില്ലെന്നാണ് പറയാനുള്ളത്.

ശ്രീ. എ.പി. കുര്യൻ: ആർക്കൊക്കെ തൊഴിലില്ലായ്മവേതനം കൊടുത്തോ അവർക്ക് തുടർന്നുകൊടുക്കുമെന്ന് പറഞ്ഞാൽ അർഹതയുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാർ ഇനി അപേക്ഷിച്ചാൽ കൊടുക്കുകയില്ലെന്നല്ലേ അതിന്റെ അർത്ഥം.

ശ്രീ. എസ്. വരദരാജൻ നായർ: അർഹതയുള്ളവർക്ക് കൊടുക്കുമെന്ന് പറഞ്ഞാൽ അർഹതയില്ലാത്തവർക്ക് കൊടുക്കുമെന്ന് അർത്ഥമുണ്ടെന്ന് എനിക്ക് അറിവില്ല. ഇന്നത്തെ നിയമമനുസരിച്ച് ആർക്കെല്ലാം അർഹതയുണ്ടോ അവർക്കെല്ലാം കൊടുക്കും. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ തെററിദ്ധാരണ കൊണ്ടാണോ എന്നു എനിക്കറിയുകയില്ല, റവന്യൂ ചെലവു കുറഞ്ഞുപോയി എന്നുള്ള പരാതി പറഞ്ഞു. അതു ശരിയായ കാര്യമാണോ അല്ലയോ എന്നു എനിക്കറിയുകയില്ല. മൂലധനച്ചെലവ് കൂടുന്നത് പ്ലാനിംഗിൽ നല്ല താണെന്നാണ് എന്റെ വിശ്വാസം. മൂലധനച്ചെലവു കൂടുകയും റവന്യൂ ചെലവ് കറുയുകയും ചെയ്യുന്നതാണ് ഏററവും നല്ല പ്ലാനിംഗ് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതു ചെയ്തുപോയി എന്നുള്ളത് തെററായി എന്നു പറഞ്ഞപ്പോൾ ഏതാണ് ശരിയെന്നുള്ള ആശയക്കുഴപ്പത്തിലായിരിക്കുകയാണ് ഞാനും. അതേക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചിന്തിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അവസാനമായി നിറുത്തുന്നതിനു മുൻപ് ആദ്യം സൂചിപ്പിച്ച ഒരു കാര്യം ഉണ്ട്. സർക്കാരിന്റെ സാമ്പത്തിക ഭദ്രതക്ക് കാരണം ആരാണ് എന്നുള്ളതിനെ സംബന്ധിച്ച ഒരു വിവാദത്തിലേക്ക് ഞാൻ കടക്കുന്നില്ല. ചില വസ്തുതകൾ മാത്രം ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിനു വേണ്ടി വയ്ക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: മൂന്നാമത്തെ പേജ് വായിച്ചുനോക്കിയാൽ അറിയാം, ചുരുക്കത്തിൽ 1975-നുശേഷം ഇന്നുവരെയുള്ള കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെൻറിന്റെ സാമ്പത്തിക സ്ഥിതി ഗണ്യമായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: അതിൽ കുഴപ്പം എന്താണ്? ആർക്കുവേണമെങ്കിലും അഭിമാനം കൊടുക്കുന്നതിൽ എനിക്ക് വിരോധമില്ല. അതുപോലെതന്നെ ബാങ്കിൽനിന്നു പൈസ തരുകയില്ലെന്ന വിലക്കുണ്ടായിരുന്നത് അംഗീകരിച്ചാൽമതി. അതിനുശേഷം ചില ഗുണങ്ങളുണ്ടായി എന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. അതുപോലെ മററതും അംഗീകരിച്ചാൽ മതി.

ബഹുമാനപ്പെട്ട ചില അംഗങ്ങൾ ബഡ്ജററ് എസ്ററിമേററിനെ സംബന്ധിച്ചിടത്തോളം ചില സംശയങ്ങൾ പറഞ്ഞു. വരവിനങ്ങളെല്ലാം കൂട്ടുകയും ചെലവിനങ്ങളെല്ലാം കുറക്കുകയും ചെയ്തു കൃത്രിമമായി സർപ്ലസ് കാണിച്ചിരിക്കുന്നു എന്നു അർത്ഥം വരത്തക്കവണ്ണം സംസാരിക്കുകയുണ്ടായി. പ്രതിപക്ഷ നേതാവ് അത് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരുടെ വൈദഗ്ദ്ധ്യമാണെന്നാണ് പറഞ്ഞത്. അത് ആരുടേയും വൈദഗ്ദ്ധ്യമല്ല, ആരുടേയും ചെപ്പടിവിദ്യയല്ല, വസ്തുത മാത്രം പറഞ്ഞു എന്നേയുള്ളു. സർ, ഈ കൊല്ലം തന്നെ നമ്മൾ 21 കോടി കമ്മിയിൽ അവസാനിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പക്ഷേ അവസാനത്തെ കണക്കനുസരിച്ച് നാലു കോടി രൂപ മിച്ചത്തിൽ അവസാനിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അതു പോരാഞ്ഞിട്ട് പല എസ്ററിമേററുകളും ഈ കൊല്ലംതന്നെ നടപ്പു വർഷത്തിൽ നാം പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലുണ്ടായി. അതുപോരാഞ്ഞിട്ട് അടുത്തകൊല്ലം ബഡ്ജററിൽ പ്രതീക്ഷിച്ചതിൽ കൂടുതലായി വരവുണ്ടാകുമെന്നുള്ളതിൻെറ സൂചനകളുണ്ട്. അതിനുള്ള ഏററവും ഒടുവിലത്തെ ഉദാഹരണം എന്തൊക്കെ അപവാദം പറഞ്ഞാലും എക്സൈസിനെ സംബന്ധിച്ചുള്ള കാര്യമാണ്. ബഡ്ജററിൽ നാം 50 കോടി രൂപയാണ് വരവായി എസ്ററിമേററ് ചെയ്തിട്ടുള്ളത്. ഇന്നേവരെ അതിൽനിന്ന് 55 കോടി രൂപയുടെ വരവ് സ്ഥിരമായി കഴിഞ്ഞിരിക്കുകയാണ്. എന്നു പറഞ്ഞാൽ ബഡ്ജററിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ 5 കോടി രൂപ ഇപ്പോൾതന്നെ ലേലത്തുകയിൽ ഉണ്ടായിട്ടുണ്ട്. അപ്പോൾ വരവിനങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകൊല്ലത്തേക്കാൾ 16 കോടി രൂപ കൂടുതലാണ്. അതുപോലെ തന്നെ സെയിൽസ്ടാക്സിനെ സംബന്ധിച്ചിടത്തോളവും. ഇതു രണ്ടും പ്രധാനമായ വരവിനങ്ങളാണ്. ഇതു രണ്ടും പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ കിട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഡാക്ടർ കെ. ജി. അടിയോടി: ഫാമിലി വെൽഫയർ സ്കീമിൻെറ പ്രത്യേകമായ വരവും ട്രഷറി ഡെപ്പോസിററ് വരവും റവന്യൂ വരവായിട്ടാണോ അംഗീകരിച്ചിട്ടുള്ളത്, അതോ കടമായിട്ടാണോ?

ശ്രീ. എസ്. വരദരാജൻ നായർ: ഡാക്ടർ അടിയോടി ധനകാര്യമന്ത്രിയായിരുന്നപ്പോൾ അത് എങ്ങനെ കണക്കാക്കിയിരുന്നുവോ അതുപോലെതന്നെയാണ് ഇപ്പോഴും. യാതൊരു വ്യത്യാസവുമില്ല.

പിന്നെ എല്ലാവരും അംഗീകരിക്കാവുന്ന ഒരു പൊതുതത്വം ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇവിടെ അവതരിപ്പിച്ചു. മിച്ചമുള്ളതുകൊണ്ട് നല്ല ബഡ്ജററാകണമെന്നോ പുതിയ നികുതി ഭാരമില്ലാത്തതുകൊണ്ട് നല്ല ബഡ്ജററാകണമെന്നോ നിർബന്ധമില്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറഞ്ഞു. ശരിയാണ്. പക്ഷേ മറിച്ചും മിച്ചമുള്ളതുകൊണ്ട് മോശമാകണമെന്നില്ല, നികുതിയില്ലാത്തതുകൊണ്ട് മോശമാകണമെന്നില്ല എന്നുള്ളതുകൂടി അംഗീകരിക്കണം. ഒരു ബഡ്ജററിന്റെ ഗുണദോഷങ്ങളെ സംബന്ധിച്ചിടത്തോളം വിശേഷിച്ച് വികസ്വര രാജ്യത്തെ സംബന്ധിച്ചിടത്തോളം ഗുണദോഷം നിശ്ചയിക്കുന്നത് വികസന പ്രവർത്തനങ്ങൾക്ക്, സമൂഹത്തിൽ പൊതുവായി സാമ്പത്തിക വരുമാനം ഉണ്ടാക്കുന്നതിന് എത്രത്തോളം ബഡ്ജററുകളിൽ വകകൊള്ളിച്ചിട്ടുണ്ട്, ഓരോ കൊല്ലം കഴിയുന്തോറും അതു പ്രോഗ്രസീവായി വക കൊള്ളിച്ചിട്ടുണ്ടോ എന്നുള്ള മാനദണ്ഡം അടിസ്ഥാനമാക്കിയാണ്. ഈ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഏററവും അഭിമാനത്തോടുകൂടി പറയാവുന്ന ഒരു കാര്യം അതാണ്. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകൊല്ലത്തേക്കാൾ കൂടുതലായി വക കൊള്ളിക്കുകയും അതിലേക്കുവേണ്ടി പുതുതായി നികുതിഭാരം ചുമത്താതെ ആവശ്യമായ തുക കണ്ടെത്തുകയും ചെയ്തതാണ് ഏററവും വലിയ മെച്ചം. ഉദാഹരണം വേണമെങ്കിൽ ചൂണ്ടിക്കാണിക്കാം. പ്രതിപക്ഷം അതെല്ലാം അംഗീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏതായാലും പൊതുവേ ഇതെല്ലാം അംഗീകരിച്ച സ്ഥിതിക്ക് ഒരു ബഡ്ജററെന്നുള്ള നിലയിൽ കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

സർ, എങ്കിലും അവസാനിപ്പിക്കുന്നതിനുമുൻപ് ഒരുകാര്യംകൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. അതു പറയേണ്ട എന്നാണ് ഞാൻ വിചാരിച്ചത്. എങ്കിലും അതു പറയാതിരുന്നാൽ പരോക്ഷമായിട്ടെങ്കിലും അംഗീകരിക്കുന്നതായിരിക്കുമല്ലോ എന്നു വിചാരിച്ചു പറയുകയാണ്. നിർഭാഗ്യവശാൽ ആദ്യത്തെ ദിവസം എന്റെ പുറത്ത് അൽപ്പം ചെളിവാരി എറിയാൻ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ശ്രമിച്ചു. പക്ഷേ ചെളി അദ്ദേഹത്തിന്റെ കയ്യിൽതന്നെ ഇരിക്കുകയാണ്. വേറെ ആരുടെ പുറത്തും തെറിച്ചുമില്ല, അത് അദ്ദേഹത്തിന്റെ കയ്യിൽനിന്നും പോന്നുമില്ല. ഒരു ന്യൂസ് ഏജൻസിക്ക്, ഡിസ്ട്രിക്ടിലെ ചെറുകിട പത്രങ്ങൾക്ക് സഹായം നൽകുന്നത്, ആദ്യം പറഞ്ഞു എന്റെ മകനെ സഹായിക്കാനാണെന്ന്, പിന്നീട് പറഞ്ഞു വീക്ഷണം പത്രത്തെ സഹായിക്കാനാണെന്ന്. ഏതിനാണെന്ന് അറിയുകയില്ല. ഏതായാലും ബഹുമാനപ്പെട്ട സ്നേഹിതനോട് എനിക്കു പറയാനുള്ളത് ആരേയും സഹായിക്കാൻ വേണ്ടിയല്ല. വളരെയധികം ചർച്ചകൾക്കു ശേഷം അതിന്റെ എല്ലാ വശങ്ങളും നോക്കിയതിനുശേഷംമാത്രം എടുത്ത ഒരു തീരുമാനമാണ്. വേണമെങ്കിൽ തീയതി പറഞ്ഞ് എന്റെ നേരിട്ടുള്ള ഉത്തരവാദിത്വത്തിൽനിന്നും എനിക്കു മാറാം. ഞാൻ അങ്ങനെ മാറുന്നില്ല. ശരിയായി വിശകലനം ചെയ്ത് എന്തുദ്ദേശത്തോടുകൂടി അതു ചെയ്യുന്നോ, ആ ഉദ്ദേശം സഫലീകരിക്കണമെന്ന ആഗ്രഹത്തോടും ഉദ്ദേശത്തോടുംകൂടി തന്നെയാണ് അത് അംഗീകരിച്ചിട്ടുള്ളത്. എന്നിട്ട് ഒരു എക്സ്പിരിമെന്റ് എന്നുള്ള നിലയിൽ രണ്ടു സെൻററുകളിൽ മാത്രം അതു നടത്തിയാൽ മതിയെന്നാണ് വച്ചിട്ടുള്ളത്. അതിലുള്ള മെച്ചം, അഥവാ ഗവൺമെൻറിനെ ആ തീരുമാനം എടുക്കാൻ പ്രേരിപ്പിച്ചത് ഗവൺമെൻറിന്റെ ഭാഗത്തുനിന്നായാലും ചെറുകിട പത്രങ്ങളുടെ ഭാഗത്തുനിന്നായാലും ഉണ്ടാവുന്ന ലാഭമാണ്. ഇന്നുള്ള ഒരു ന്യൂസ് ഏജൻസിയും മലയാളത്തിൽ ന്യൂസ് തരുന്നില്ല. ഇംഗ്ലീഷിൽ വരുന്ന ന്യൂസ് ചെറുകിട പത്രങ്ങൾക്കു കൊടുത്താൽ ഒന്നുകിൽ അത് ഗവൺമെൻറിൽനിന്നും തർജ്ജിമചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം. അല്ലെങ്കിൽ ചെറുകിട പത്രങ്ങൾ തർജ്ജിമ ചെയ്യുന്നതിന് ആളെ വയ്ക്കണം. ഇതു രണ്ടുമല്ലാതെ മലയാളത്തിൽ കൊടുക്കാവുന്ന ഒരു രീതി വേണ്ടതുകൊണ്ടുതന്നെയാണ് ഈ ന്യൂസ് ഏജൻസിക്ക് അംഗീകാരം നൽകിയത്. ബഹുമാനപ്പെട്ട പുരുഷോത്തമന്റെ അറിവിനുവേണ്ടി ഞാൻ പറയാം. വേറെ എങ്ങും ഇങ്ങനെ ഇല്ലെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. വക്കം പുരുഷോത്തമന്റെ നേതാവു ഭരിക്കുന്ന കർണ്ണാടകത്തിലും, പുരുഷോത്തമന്റെ നേതാവു ഭരിക്കുന്ന ആന്ധ്രാപ്രദേശിലും, അവിടത്തെ മുഖ്യമന്ത്രിമാർതന്നെ ഇതിനെ അംഗീകരിക്കുകയും നമ്മേക്കാൾ കൂടുതൽ വിപുലമായ രീതിയിൽ അതിനുവേണ്ട സഹായം നൽകുകയും ചെയ്യുന്നു എന്ന് ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: മററ് യു. എൻ. ഐ. യും പി.ടി.ഐ.യും എല്ലാ ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സ് പ്രദേശങ്ങളിലും വളരെ ചെറിയ റേററിൽ ചെറുകിട പത്രങ്ങൾക്ക് കൊടുക്കാമെന്ന് ഒരു പ്രൊപ്പോസൽ നൽകുകയും അത് പരിഗണനയിൽ ഇരിക്കുകയും ചെയ്യുമ്പോൾ ഞാൻ ഉന്നയിച്ച രീതിയിൽ അല്ലെങ്കിൽ ചില പത്രങ്ങൾ എഴുതിയിരുന്ന രീതിയിൽ ഈ ഏജൻസിയുടെ റെപ്രസന്റേററീവായി അവിടെ ജോലി ചെയ്തിരുന്ന മകൻ ഉൾപ്പെടെയുള്ള ആളുകൾ അല്ലെങ്കിൽ വീക്ഷണത്തിന്റെ ഇപ്പോഴത്തെ എഡിററർ സി.പി. ശ്രീധരൻ ചീഫായ ഏജൻസി, അവരുടെ ഇൻഫ്ളുവൻസുകൊണ്ടാണ് കൊടുത്തത് എന്നാണ് പത്രത്തിൽ എഴുതിയിരുന്നത്, അതാണ് ഞാൻ വായിച്ചത്.

ശ്രീ. എസ്. വരദരാജൻനായർ: ഈവക ആരോപണങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. വസ്തുതകൾക്കു മറുപടി പറയാം. പി.ടി.ഐ. യെക്കുറിച്ചും യു.എൻ.ഐ.യെക്കുറിച്ചും മിനിഞ്ഞാന്ന് ശ്രീ. പുരുഷോത്തമൻ പറഞ്ഞതാണ്. അവ നൽകുമെന്നും പറഞ്ഞു. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, അവർ ഇംഗ്ലീഷിലേ തരൂ. പോരാഞ്ഞിട്ട് ഉച്ചയ്ക്ക് 12 മണിയ്ക്കുമേൽ രാത്രി 10 മണിക്കകം അവരുടെ ആഫീസിൽ ചെന്ന് കവർ മേടിച്ച് ഡിസ്ട്രിബ്യൂട്ട് ചെയ്യണമെന്നുള്ളതായിരുന്നു അവരുടെ വ്യവസ്ഥ. നേരെമറിച്ച് നമ്മുടെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഡിസ്ട്രിക്ട് ആഫീസിൽ ടെലിപ്രിൻറർ മുഖേന റോമൻലിപിയിലുള്ള അഖിലലോക വാർത്തകൾ ഉൾപ്പെടെയുള്ള വാർത്തകൾ......

ശ്രീ. വക്കം പുരുഷോത്തമൻ: ഈ ഏജൻസിക്ക് ഇൻറർനാഷണൽ ലിങ്കൊന്നുമില്ലല്ലോ. ടെലിപ്രിൻറർ ആഫീസൊന്നുമില്ല. യു. എൻ. ഐ.യിൽ ടെലിപ്രിൻറ് ആഫീസ് ഒക്കെ ഉള്ളതാണ്.

ശ്രീ. എസ്. വരദരാജൻനായർ: പുരുഷോത്തമന്റെ അറിവിനുവേണ്ടി പറയുകയാണ്. ഇൻറർനാഷണൽ ന്യൂസ് ഏജൻസി എന്നു പറയുന്ന അഖിലലോക ന്യൂസ് ഏജൻസിയുമായി അവർക്കു കരാറുണ്ട്. ഞാൻ കൂടുതൽ പറയുന്നില്ല. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ഈ സഭയിലെ അംഗം, കുറച്ചുകാലമായിട്ടെങ്കിലും എന്നെ നേരിട്ടറിയാവുന്ന ബഹുമാനപ്പെട്ട അംഗം ഈ രീതിയിലുള്ള ഒരാരോപണം എന്നിൽ വയ്ക്കാൻ ശ്രമിക്കുമായിരുന്നില്ല എന്നാണ് ഞാൻ വിശ്വസിച്ചിരുന്നത്. തീർച്ചയായും ഇതിൽ എന്തെങ്കിലും കാപട്യം ഉണ്ടായിരുന്നെങ്കിൽ എന്റെ ബഡ്ജററ് സ്പീച്ചിൽ ഒളിച്ചൊക്കെ പറയാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു. അതൊന്നും പറയാതെ ഇന്ന

LIBRARY ARCHIVES Kerala Legislative Assembly

ന്യൂസ് ഏജൻസിക്ക് ഇന്ന രീതിയിൽ നടത്താൻപോകുന്നു എന്നു പറഞ്ഞാൽതന്നെ ആർക്കെങ്കിലും കുശുകുശുപ്പുണ്ടാകുമെങ്കിൽ അത് ആർക്കും ഉണ്ടാകേണ്ട എന്നു വിചാരിച്ചുതന്നെയാണ്. പക്ഷേ നിർഭാഗ്യവശാൽ 133 അംഗങ്ങൾക്കും തോന്നാത്ത ഒരു ദോഷം...........

(ബഹളം)

ശ്രീ. വക്കം പുരുഷോത്തമൻ: ഞാൻ പത്രത്തിൽവന്നത് വായിക്കുകയാണ് ചെയ്തത്.

ശ്രീ. എസ്. വരദരാജൻ നായർ: എനിക്ക് യാതൊരു വിരോധവുമില്ല. സഹതാപമുണ്ട് എന്നതിൽക്കവിഞ്ഞ് യാതൊന്നുമില്ല. ഇത്രയുംതന്നെ പറയുകയില്ലായിരുന്നു. തെററിദ്ധാരണ ഉണ്ടാകരുതല്ലോ എന്നു വിചാരിച്ചു പറഞ്ഞതാണ്. അതുകൊണ്ട് ഈ ബഡ്ജററ് വളരെയധികം തർക്കങ്ങളൊന്നും കൂടാതെ പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. ഇതിനുവേണ്ടി ശ്രമിച്ച ഡിപ്പാർട്ടുമെൻറിലെ എല്ലാ ഉദ്യോഗസ്ഥൻമാരോടും ഈ അവസരത്തിൽ ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു. വേണ്ട നിർദ്ദേശങ്ങളെല്ലാംതന്ന ബഹുമാനപ്പെട്ട അംഗങ്ങളോടെല്ലാം നന്ദി പറയുന്നു. തീർച്ചയായും എല്ലാ സഹായവും ഈ ബഡ്ജററിന് ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും കൂടുന്നതുമാണ്.

1979 മാർച്ച് 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.56 ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

21.3.1979-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 75 [609] കാണുക.

(i) Hereafter direct recruitment may be restricted only to posts to which direct recruitments are made. for eg: Assistant Grade II.

(ii) If the Government are very particular to recruit persons to promotion posts then the minimum age limit may be fixed as the average age which a person in the feeder category of the promotion post to which special recruitment is made, gets promotion for eg: when special recruitment is made to the promotion post of Section Officer then the minimum age for special recruitment may be fixed as the average age at which a Senior Grade Assistant (feeder category) gets promotion as Section Officer.

(iii) In order to safeguard the interests of the present employees who have been adversely affected by the present large number recruitment to the posts of Section Officer/Under Secretary we would request that these persons may be treated as separate category for seniority purposes to the next higher posts of Under Secretary/Deputy Secretary. They may be given promotions to the next higher posts of Under Secretary/Deputy Secretary in the ratio of 1:50 and 1:20 respectively. Though this may look fantastic when we analyse the things we will find that this will not very seriously affect the direct recruits. In a year an average 20 to 25 persons are promoted as Under Secretaries. Hence, these direct recruits have only to wait for two years more than the regular employees to get promotion as Under Secretary. These direct recruits are already enjoying undue benefits by getting appointed to the promotion posts at a very young age and waiting for 2 years more will not in any way seriously affect their future prospects in the Secretariat. Further we want this ratio to be applied only at one stage ie. in the case of direct recruit Section Officers the ratio need be applied only at the time of their promotion as Under Secretary. The possibility of their occupying all the higher posts simultaneously can also be avoided.